സുഭാഷിതരത്നാകരം.

കെ. സി. കേശവപിള്ളയാൽ
ഉണ്ടാക്കപ്പെട്ടതു്.

പകർപ്പവകാശം രജിസ്റ്റർചെയ്തിരിക്കുന്നു.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം
വ്യാജമുദ്രിതമാകുന്നു.

"കേരളഭൂഷണം" അച്ചുകൂടം.
കൊല്ലം പറവൂർ.

൧൦൭൮.

സുഭാഷിതരത്നാകരം.

ഈ കെ. സി. കേശവപിള്ളയാൽ
ഉണ്ടാക്കപ്പെട്ടതു്.

"കേരളഭൂഷണം" അച്ചുക്കൂടം.
കൊല്ലം പറവൂർ.

൧൦൭൩.

മുഖപ്രസംഗം.

"ചില നീതിവാക്യങ്ങൾ" എന്ന പേരോടുകൂടി തുടർച്ചയായി ഞാൻ "ഭാഷാപോഷിണി"യിൽ എഴുതിക്കൊണ്ടിരുന്ന സദാചാരശ്ലോകങ്ങൾ വായനക്കാരിൽ പലരും കണ്ടിരിക്കുമല്ലൊ. എന്നാൽ ആവക ഏതാനും ശ്ലോകങ്ങൾ ആദ്യമായി ആ പത്രത്തിലേയ്ക്കു അയച്ചപ്പോൾ വീണ്ടും തുടർച്ചയായി ആ മാതിരി ശ്ലോകങ്ങളെ എഴുതുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. "ഭാഷാപോഷിണി" അവയെ സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തുകയും, വീണ്ടും ആ പ്രകാരമുള്ള സുഭാഷിതശ്ലോകങ്ങളെ അയച്ചുകൊടുക്കണമെന്നു എന്നോടാവശ്യപ്പെടുകയും ചെയ്തപ്പോൾ എനിക്കു ഇതിൽ സ്വല്പം ഉത്സാഹം തോന്നുകയും, ആ മാതിരി ശ്ലോകങ്ങളെ പല സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നും യഥാവസരം തർജ്ജമചെയ്തു ഞാൻ ആ പത്രത്തിലേയ്ക്കു അയയ്ക്കുകയും ചെയ്തുതുടങ്ങി. ഇങ്ങനെയിരിക്കെ ഒരു ദിവസം (൧൦൮൯ മീനം-൨൧-ാംനു-) കൊല്ലം ജില്ലാക്കോടതിയിൽ ഒന്നാം ജഡ്ജി മ. രാ. രാ. കെ. പി. ശങ്കരമേനോൻ, ബി. ഏ; ബി. എൽ; എഫ്. എം. യൂ. അവർകൾ പ്രസംഗവശാൽ ഈ ശ്ലോകങ്ങളുടെ ആവശ്യകതയെക്കുറിച്ചു എന്നോടു പ്രസ്താവിച്ചു.

"ഇങ്ങനെയുള്ള സദാചാരശ്ലോകങ്ങൾ ബാല്യത്തിൽ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കേണ്ടതു വളരെ ആവശ്യകമാകുന്നു. ഞാൻ ഇംഗ്ലീഷ് പഠിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ഗുരുനാഥനായ ഡാക്ടർ ഹാർവി എനിക്കു ഇങ്ങനെയുള്ള പല സദുപദേശങ്ങളും പറഞ്ഞുതന്നിട്ടുണ്ടു്. അക്കാലത്തു ഞാൻ അവയെ അത്ര സാരമുള്ളവയായി തീരെ ഗണിച്ചിരുന്നില്ല; എന്നാൽ ഇപ്പോൾ അവയിൽ ഒരെണ്ണത്തിനു ഒരായിരം പവൻ വിലയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ നിങ്ങൾ ഈ ഉദ്യമത്തിൽ നിന്നും പിൻവാങ്ങരുതു്."

ഇത്യാദിയായിരുന്നു അദ്ദേഹം എന്നോടുപദേശിച്ചതു്. ഒരം

അഭിനന്ദനം പ്രകൃതവിഷയത്തിൽ എനിക്ക് അത്യുത്സാഹത്തെ ഉണ്ടാക്കിയ അവസരത്തിൽ കേരളകാളിദാസനായ മഹാമഹിമ ശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ, സി. എസ്. ഐ; എഫ്. എം. യു; എം. ആർ. ഏ. എസ്; എഫ്. ആർ. എച്ച്. എസ്. തിരുമനസ്സുകൊണ്ട് ൧൦൮൦. മീനം. ൧൧-ാംനു- കല്പിച്ചയച്ച ഒരു തിരുവെഴുത്തിൽ,

"ഭാഷാപോഷിണിയിൽ കാണുന്ന "നീതിപദ്യങ്ങൾ" വളരെ ശ്ലാഘ്യങ്ങളായിരിക്കുന്നു. എല്ലാം ചേർത്തു പ്രത്യേകം ഒരു പുസ്തകമായി അവശ്യം അച്ചടിപ്പിക്കേണ്ടതാണ്"—

എന്നു പ്രസ്താവിച്ചിരുന്നു. അന്നുമുതൽക്ക് ഈ ശ്ലോകങ്ങളെ എല്ലാം ഒരു പുസ്തകമാക്കി അച്ചടിപ്പിക്കുന്നതിലേയ്ക്കായി ഞാൻ യഥാവസരം പ്രയത്നിച്ചുതുടങ്ങി. "ഭാഷാപോഷിണി"യുടെ പ്രേരണയും മുൻപറഞ്ഞ മഹാന്മാരുടെ പ്രോത്സാഹനവും ഇല്ലായിരുന്നെങ്കിൽ ഇപ്രകാരം ഒരു പുസ്തകം ഉണ്ടാകയില്ലായിരുന്നു എന്നു തീർച്ചയാണ്. പിന്നീട് ഇതിലേയ്ക്കായി ഞാൻ പല സംസ്കൃതഗ്രന്ഥങ്ങളേയും നോക്കി യുക്തമെന്നു തോന്നിയ ശ്ലോകങ്ങളേക്കൂടി തർജ്ജമചെയ്തു ചേർത്തു. വളരെ നാൾ മുൻപുതുടങ്ങി കണ്ണിൽ കിട്ടുന്ന സഭാചാരശ്ലോകങ്ങളെ എല്ലാം അപ്പഴപ്പോൾ ഭാഷപ്പെടുത്തിവന്നതുനിമിത്തം എല്ലാറ്റിന്റേയും മൂലഗ്രന്ഥനാമധേയങ്ങൾ കൂടി അവിടവിടെ ചേർക്കുന്നതു സർവ്വഥാ അസാദ്ധ്യമാകയാൽ അതിലേയ്ക്കായി തുനിഞ്ഞിട്ടില്ല. ഇവയ്ക്കു പുറമേ ഓരോ അവസരങ്ങളിൽ എഴുതീട്ടുള്ള ചുരുക്കം ചില ഇംഗ്ലീഷ് പദ്യങ്ങളുടെ തർജ്ജമകളും, ഈ പുസ്തകത്തിൽ ചേർക്കത്തക്കവയായ സമസ്യാപൂരണങ്ങൾ സ്വകീയകൃതികൾ മുതലായവയും കൂടി ഇതിൽ ചേർക്കയും, അവയെ പ്രത്യേകം അടയാളങ്ങളെക്കൊണ്ട് അവിടവിടെത്തന്നെ വേർതിരിച്ചു കാണിക്കയും ചെയ്തിട്ടുണ്ട്. എല്ലാ ശ്ലോകങ്ങളേയും അകാരാദിക്രമേണ വിഷയവിഭാഗം ചെയ്തു സമാഹരിച്ചതിന്റെ ശേഷം അവയുടെ ഗുരുലഘുത്വം അനുസരിച്ചു രണ്ടു പ്രകരണങ്ങളാക്കി വേർതിരിച്ചും, സംഖ്യാപരിച്ഛിന്നസജാതീയപദാർത്ഥങ്ങളേക്കുറിച്ചുള്ള ശ്ലോകങ്ങളെ പ്രത്യേകം ഒരു പരിശിഷ്ടമായിട്ടും ചേർത്തിരിക്കുന്നു. ഇതിനു പുറമേ ഒരുവിധം സംക്ഷിപ്തമായ ഒരു വ്യാഖ്യാനവും അടിയിൽ എഴുതിച്ചേർത്തിട്ടുണ്ട്. വിസ്ത

രഭയംനിമിത്തം ശ്ലോകംപ്രതി അർത്ഥവിവരണം ചെയ്യാതെ, അത്യാവശ്യകമെന്നു തോന്നിയ ചില ഭാഗങ്ങളുടെ വിവരണം മാത്രമേ അതിൽ എഴുതീട്ടുള്ളു.

ഈ പുസ്തകം ഇപ്രകാരം തയ്യാറാക്കുന്നതിനു മുമ്പായി, ഇതിലെ ഏതാനും ശ്ലോകങ്ങൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഒന്നാംഫാറത്തിലേയ്ക്കു ഈയാണ്ടത്തെ മലയാളപാഠമായി നിയമിക്കപ്പെടുകയാൽ ഇതിൽനിന്നു ചില ശ്ലോകങ്ങളെ "നീതിവാക്യങ്ങൾ" എന്നു പേരോടുകൂടി പ്രത്യേകം ഒരു പുസ്തകമായി അച്ചടിപ്പിച്ചിട്ടുണ്ട്.

"വിദ്യാവിനോദിനി" പത്രാധിപരും, ഭാഷാപരിഷ്കരണത്തിൽ അത്യന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പണ്ഡിതന്മാരിൽ ഒരാളും ആയ ടി. കെ. കൃഷ്ണമേനോൻ, ബി. ഏ; എം. ആർ. ഏ. എസ്. അവർകൾ ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ പല വിധത്തിൽ പ്രോത്സാഹിപ്പിക്കയും, എന്റെ ആവശ്യപ്രകാരം ഇതിന് ഒരു ഇംഗ്ലീഷ് അവതാരിക എഴുതി അയച്ചുതരികയും ചെയ്തതിലേയ്ക്കു അദ്ദേഹത്തിനും, ഈ ഉദ്യമത്തെ അഭിനന്ദിച്ച്, ഇതിനെ അച്ചടിപ്പിക്കുന്നതിനു സൌജന്യപൂർവ്വം ദ്രവ്യസഹായവും ചെയ്ത മഹാമഹിമശ്രീ റാണിലക്ഷ്മീഭായി അവറുകൾ മൂത്തതമ്പുരാൻ, സി. ഐ. തിരുമനസ്സുകൊണ്ട്, അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ ബി. ഏ. തിരുമനസ്സുകൊണ്ട്, വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്, മൂത്തകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ട്, രവിവർമ്മത്തമ്പുരാൻ എം. ഏ. തിരുമനസ്സുകൊണ്ട്, അരുമനശ്രീനാരായണൻതമ്പിഅവർകൾ, വലിയകൊട്ടാരംനിത്യച്ചിലവിൽ കാര്യക്കാർ ശങ്കരൻതമ്പിഅവർകൾ, പ്രാക്കുളം സി. പത്മനാഭപിള്ള അവർകൾ മുതലായ മഹാജനങ്ങൾക്കും ഞാൻ സവിനയം വന്ദനം പറഞ്ഞുകൊള്ളുന്നു.

൧൦൮൫-കർക്കടകം-൨൭.
കൊല്ലം — പരവൂർ.

കെ. സി. കേശവപിള്ള.

INTRODUCTION.

The question of a moral text-book has been agitating the public mind ever since the inception of the present system of education in India. In these days, this agitation has been growing in volume and in intensity. We hear, on all sides, not only from Indians but from Englishmen as well, pious denunciations against a system of instruction which is divorced from all religious or moral training; and prayers are made to Government in public reports and in private petitions to introduce the teaching of morality in all its educational institutions. The Education Commission was not slow to point out this defect and to suggest the desirability of preparing "a text-book, based on fundamental principles of natural religion, such as may be taught in all Government and non-Government Colleges."

That there is room for reform in the present system of education it would be absurd to deny; but it would be a sad calumny to suppose that all these years of English education have not tended to improve the tone of mind and character of the Indian nation. The pure and lofty ideas and images with which the minds of our students are daily stored in schools and colleges cannot but act as a safeguard against all that is pernicious and as an incentive to them to strive after and, in some way, to realise great and noble things.

But, when I say this, I do not minimise the utility of moral text-books. Such books inculcating lofty, moral sentiments will be powerful aids to secular education in helping its recepients to elevate themselves to higher levels and to live manly, generous lives.

It is in this spirit that I welcome the *Subhâshitharathnâkaram* of Mr. K. C. Keṣava Piḷḷai.

Mr. Keṣava Piḷḷai is an accomplished product of that system of Vernacular education in Travancore which manifests the practical wisdom and the love of Malayalam of its enlightened sovereigns. To the public of Malabar he requires no introduction at my hands. As a Sanskrit scholar, a poet and a graceful writer of Malayalam prose, he has already made his mark in the literary history of his country. And his *Bhâshâ Nârâyanîyam* will serve as a memorial to his worth and work, more forcible, more durable than any 'storied urn or animated bust'. Such a man who has besides been a teacher for more than a decade is, it will be readily granted, eminently fitted to write a moral text-book like *Subhâshitharathnâkaram.*

This book is divided into two parts: one is suited to the students of lower forms, while the other is intended for the use of those of higher classes. 108 topics are treated of in 706 *ṣlôkams*. The appendix also contains much useful information. To enhance the value of the book, the *ṣlôkams* are intelligently annotated, and an exhaustive index is given. In the preparation of this book, Mr. Keṣava Piḷḷai has laid under contribution many important works in Sanskrit and several familiar quotations in English.

In Fact this 'sea of nice sayings' is a veritable sea of aphoristic gems. It glorifies God and His wondrous ways; it treats of female education, chastity, sanitation, exercise, obedience to one's parents and teachers and a willing recognition of constituted authority; it touches 'the great and eternal commonplaces of human occasion', such as gratitude, kindness, riches, poverty and death; it warns us against

cruelty to animals, envy, covetousness and 'all those darling vices of fallen men'. "It concerns life, manners, society, human nature, our aims, our ideals and all besides that is most animated and most interesting in man's busy chase after happiness and wisdom."

There is a good deal of truth in the wellknown sentiment of Immerman that "morality sticks faster when presented in brief sayings than when presented in long discourses." Men like Solomon, Socrates, Thucydides, Epictetus, Tacitus, Marcus Aurelius, Dante, Bacon, Goethe and Schopenhauer have paid their homage to the practical worth of aphorisms by themselves making a great many of them. No less a recent writer than Mr. John Morley says that they are "the true salt of literature, and that those books are most nourishing which are mostly stored with them."

Thus, I venture to firmly believe that these pithy, pregnant *slôkams* of Mr. Kêṣava Piḷḷai will be studied and appreciated by every student conversant with Malayalam, that they will go to produce a race of honest, patriotic citizens 'great in faith and strong against the grief of circumstance', whose plain living and high thinking will make themselves felt in the house, in the class-room, the office and the workshop and that, "like unseen angels, they will follow them as they fare across this rough, bleak desert of the world, will stay their feet from stumbling, will fill their ears with hopeful music and clothe the sky above them in cheerful sunshine."

West Todtakadt House.
Ernakulma.
29th of May 1900.

T. K. Krishna Menon.

ഇംഗ്ലീഷ് ഗ്രന്ഥകാരികളുടെ

തർജ്ജമ.

ഇൻഡ്യയിൽ ഇപ്പോൾ നടന്നുവരുന്ന വിദ്യാഭ്യാസരീതിയുടെ പ്രത്യേകകാലംമുതൽക്കേ, സന്മാൎഗ്ഗബോധകമായ ഒരു പാഠപുസ്തകത്തിന്റെ നിൎമ്മാണത്തെപ്പററിയുള്ള ആലോചന ജനക്ഷേമകാംക്ഷികളായുള്ളവരുടെ മനസ്സിനെ വ്യാപൃതപ്പെടുത്തിക്കൊണ്ടിരുന്നിട്ടുണ്ട്. ഒരു ആലോചനയ്ക്ക് ഇതുവരെ സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഗൌരവവും വലിപ്പവും അസാമാന്യമായിട്ടുള്ളതാകുന്നു. മതസംബന്ധങ്ങളോ സദാചാരവിഷയങ്ങളോ ആയ പാഠങ്ങൾക്ക് സ്ഥാനം നൽകാത്ത ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി നാട്ടുകാരും ഇംഗ്ലീഷുകാരും ഒന്നുപോലെ എല്ലായിടത്തും ആക്ഷേപം പുറപ്പെടുവിച്ചുവരുന്നതായി നാം അറിയുന്നുണ്ട്; എന്നുമാത്രമല്ല, എല്ലാതരം പാഠശാലകളിലും സന്മാൎഗ്ഗബോധകങ്ങളായ പാഠങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തുകൊടുത്താൽ കൊള്ളാമെന്ന്, അദ്ധ്യക്ഷന്മാർ റിപ്പോൎട്ടുകളിലും ജനസഭകളിലും ഗവൎമ്മെന്റിനോടു പ്രാൎത്ഥിച്ചുവരുന്ന പ്രകാരം കാണുന്നും ഉണ്ട്. ഈ ആവശ്യകത, വിദ്യാഭ്യാസവിഷയമായി ചെയ്യേണ്ട പരിഷ്കാരങ്ങളെപ്പററി അഭിപ്രായം പറവാൻ ഇൻഡ്യാഗവൎമ്മെന്റിനാൽ നിയമിക്കപ്പെട്ട "എഡ്യുക്കേഷൻകമ്മിഷ"ന്റെ ദൃഷ്ടിയിലും പെടാതിരുന്നില്ല. "ഗവൎമ്മെന്റുഭരണത്തിൽ ഉൾപ്പെട്ടവയും ഉൾപ്പെടാത്തവയും ആയ എല്ലാ പാഠശാലകളിലും ഉപയോഗിക്കത്തക്കവണ്ണം, സ്വാഭാവിക ന്യായത്തിന്മേൽ സ്ഥാപിതമായുള്ള പൊതുമതത്തെ അനുസരിക്കുന്ന സദാചാരവിഷയമായ ഒരു പാഠപുസ്തകം," നിൎമ്മിക്കേണ്ട ആവശ്യകതയെ അവരും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ പരിഷ്കരിക്കേണ്ടതായ അംശങ്ങൾ ഇതരങ്ങളുള്ളതിനെ സമ്മതിക്കാതിരിക്കുന്നതു ധൈൎയ്യമായേ ഗണിക്കപ്പെടുകയുള്ളു. ഏറിയോരു കാലമായി നടക്കപ്പെട്ടുവരുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം ഇൻഡ്യാനിവാസികളുടെ മനസ്സ് ബുദ്ധിയേയും നടത്തയേയും പരിഷ്കരിപ്പാൻ പ്രയോജകീഭവിച്ചിട്ടില്ലെന്നു പറയുന്നതും വ്യസനകരമായ ഒരു ദൂഷണമായിരിക്കും; എന്തുകൊണ്ടെന്നാൽ, പാഠശാലകളിൽനിന്നു നമ്മുടെ വിദ്യാൎത്ഥികൾക്കു ലഭിക്കുന്ന ഉൽകൃഷ്ടങ്ങളും പരിശുദ്ധങ്ങളും ആയ വിചാരങ്ങൾ ദോഷകരമായ സകലത്തിനേയും തടുക്കുന്നതിനും മഹത്തുക്കളും ശ്രേഷ്ഠങ്ങളും ആയ കാൎയ്യങ്ങളെ സാധിക്കുന്നതിനു വേണ്ടി പ്രയത്നിപ്പാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും മതിയാകാതെവരുവാൻ സംഗതിയില്ലല്ലോ.

ഇത്രയും പറഞ്ഞതിനാൽ സൻമാൎഗ്ഗപ്രതിപാദകങ്ങളായ പാഠപുസ്തകങ്ങളുടെ പ്രയോജനത്തെ ഞാൻ വേണ്ടുംവണ്ണം വിലമതിക്കുന്നില്ലെന്നു വിചാരിക്കരുത്. ഉൽകൃഷ്ടങ്ങളായ സന്മാൎഗ്ഗധൎമ്മങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ

ഇംഗ്ലീഷ് അവതാരികയുടെ തർജ്ജിമ.

അവയെ പരിശീലിക്കുന്ന യുവാക്കളെ ഉയർത്തി വിശിഷ്ടതരമായ മാർഗ്ഗത്തിൽ കാലക്ഷേപം ചെയ്യാൻ പ്രേരിപ്പിക്കുന്നതുകൊണ്ടു", ലൌകികപ്രധാനമായ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു ഒരു വലിയ സഹായമായിത്തീരുന്നതാണ്. ഈ വിചാരത്തിന്മേലാകുന്നു കെ. സി. കേശവപിള്ള അവർകളുടെ "സുഭാഷിതരത്നാകര"ത്തിനു ഞാൻ സ്വാഗതം പറയുന്നതു്.

കേശവപിള്ള അവർകൾ, പരിഷ്കാരതൽപരന്മാരായ തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭാഷാസ്നേഹത്തെയും ലൌകികപരിജ്ഞാനത്തെയും പ്രത്യക്ഷീകരിക്കുന്നതായ മലയാളഭാഷാഭ്യസനസമ്പ്രദായത്തിന്റെ ഒരു പൂർണ്ണഫലം ആകുന്നു. കേശവപിള്ള അവർകളുടെ യോഗ്യതയെപ്പറ്റി മലയാളികളോടു ഞാൻ ഒന്നും പറഞ്ഞിട്ടാവശ്യമില്ല. തന്റെ സംസ്കൃതപാണ്ഡിത്യവും കവിത്വവും ഗദ്യമെഴുത്തിൽ ഉള്ള ലാളിത്യവും കൊണ്ടു സ്വദേശസാഹിത്യത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ കേശവപിള്ള അവർകൾ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. കേശവപിള്ള അവർകളുടെ "ഭാഷാനാരായണീയം" സജീവതുല്യങ്ങളായ മയശിലകളെയും ചരിത്രപ്രസിദ്ധങ്ങളായ മറ്റു സ്മാരകവിശേഷങ്ങളെയും അപേക്ഷിച്ചു് ബലവത്തരവും അധികം ശാശ്വതവും ആയ ഒരു യോഗ്യതാസ്മാരകമാകുന്നു. അദ്ധ്യാപകവൃത്തിയിൽ പത്തു കൊല്ലത്തിൽ അധികം കഴിച്ചുകൂട്ടിയിട്ടുള്ള ഏതാദൃശനായ ഒരു പുരുഷൻ "സുഭാഷിതരത്നാകരം" പോലെ സന്മാർഗ്ഗപ്രതിപാദകമായ ഒരു പുസ്തകം നിർമ്മിക്കുന്നതിന് അസാമാന്യയോഗ്യതയുള്ള ഒരാളാണെന്ന് എല്ലാവരും സമ്മതിക്കുന്നതായിരിക്കും.

പ്രസ്തുതപുസ്തകം രണ്ടു ഭാഗമായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിൽ പ്രഥമഭാഗം താഴ്ന്ന തരം വിദ്യാർത്ഥികളുടെ ഉപയോഗത്തിനു ചേർന്നതും, ദ്വിതീയഭാഗം ഉയർന്ന ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ഈ പുസ്തകത്തിൽ ആകപ്പാടെ [illegible] വിഷയങ്ങളെ സംബന്ധിക്കുന്ന [illegible] ശ്ലോകങ്ങൾ ഉണ്ടു്. ഒടുവിൽ ചേർത്തിട്ടുള്ള പരിശിഷ്ടത്തിലും ആവശ്യവിജ്ഞേയങ്ങളായ അനേകസംഗതികൾ അടങ്ങിയിരിക്കുന്നു. ഇതിൽ ചേർത്തിട്ടുള്ള യുക്തിയുക്തമായ വ്യാഖ്യാനവും ദീർഘമായ അനുക്രമണികയും ഇതിന്റെ ഉപയോഗയോഗ്യതയെ വർദ്ധിപ്പിക്കുന്നു. ഇതിന്റെ രചനയിൽ കേശവപിള്ള അവർകൾ പ്രധാനപ്പെട്ട പല സംസ്കൃതഗ്രന്ഥങ്ങളെയും സാരവത്തുകളായ അനേകം ഇംഗ്ലീഷ് സുഭാഷിതങ്ങളെയും വേണ്ടുംവണ്ണം ഉപയോഗിച്ചിട്ടുണ്ടു്.

ഈ "സുഭാഷിതരത്നാകരം" വാസ്തവത്തിൽ, സുഭാഷിതങ്ങളാകുന്ന രത്നങ്ങളുടെ ഒരു ആകരം തന്നെ ആകുന്നു. ദൈവത്തിന്റെ മഹിമ, അദ്ദേഹത്തിന്റെ വിസ്മയനീയങ്ങളായ ശക്തിവിശേഷങ്ങൾ, സ്ത്രീവിദ്യാഭ്യാസം, പാതിവ്രത്യം, ദേഹസൌഖ്യത്തിനുള്ള മാർഗ്ഗങ്ങൾ, വ്യായാമം, മാതാപിതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും നേർക്കുള്ള ഭക്തി, അധികൃതന്മാരായവരോടുള്ള ഹൃദയപുരസ്സരമായ അനുസരണം മുതലായി പല വിഷയങ്ങളും ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മനുഷ്യജീവിതത്തിൽ സഹജങ്ങളായുള്ള സമ്പത്തു്, ദാരിദ്ര്യം, മരണം എന്നീ അവസ്ഥകളും, അത്യന്താവശ്യകങ്ങളായ നന്ദി, ദയ മുതലായ ഗുണവിശേഷ-

ങ്ങളും ഇതിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ജന്തുക്കളോടുള്ള ക്രൗൎയ്യം, പണത്തിലുള്ള അതിമോഹം, അസൂയ മുതലായ നികൃഷ്ടങ്ങളായിരിക്കുന്ന ഗുണങ്ങളെ പ്രത്യേകം നിഷേധിച്ചിട്ടും ഉണ്ട്. "പ്രസ്തുതപുസ്തകം പ്രകൃതത്തിൽ, ജീവിതം, ജനസമുദായം, ദേശാചാരം, മനുഷ്യസ്വഭാവം, നന്മകളായിരിക്കേണ്ടുന്ന ഉൽകൃഷ്ടാദൎശങ്ങൾ, എന്നുവേണ്ട, ജ്ഞാനക്ഷേമസമ്പാദനാൎത്ഥം മനുഷ്യനാൽ ചെയ്യപ്പെടുന്ന പ്രയത്നത്തിൽ സരസവും ഉത്സാഹജനകവും ആയി എന്തെല്ലാം ഉണ്ടോ അതിനെ എല്ലാംപറ്റി പ്രസ്താവിക്കുന്നു."

"ലോകത്തിന്റെ സ്വീകരണത്തിനായി പ്രതിപാദിക്കപ്പെടുന്ന സദാചാരന്യായങ്ങൾ വിസ്തരിച്ചു പ്രസംഗിക്കപ്പെടുമ്പോഴേക്കാൾ സംക്ഷേപിച്ചു പറയപ്പെടുമ്പോഴാണ് ബലവത്തരമായി മനസ്സിൽ പതിയുന്നതു" എന്നുള്ള ഇന്നർമാൻ എന്ന മഹാന്റെ പ്രസിദ്ധോക്തിയിൽ വളരെ വാസ്തവം ഉണ്ടെന്നുള്ളതിനു സംശയമില്ല. തത്വപദങ്ങളായ സംക്ഷിപ്തഭാഷിതങ്ങൾക്കു ലോകത്തിൽ കാണാറുള്ള മഹത്തായ ഫലത്തെ സാളമൺ, സാക്രട്ടീസ്, ത്യൂസിഡിഡീസ്, എപ്പിക്ടീറ്റസ്സ്, ടാസിറ്റസ്സ്, മാൎക്കസ്സ് ഓറീലിയസ്സ്, ഡാന്റി, ബെക്കൺ, ഗെഥെ, ഷോപ്പൻഹോവർ എന്നീ മഹാന്മാരെല്ലാം ആദരപുരസ്സരം അംഗീകരിച്ചിട്ടുണ്ടെന്നുമാത്രമല്ല, അവർ തന്നെ ഇപ്രകാരമുള്ള അനേകം ഭാഷിതങ്ങൾ നിൎമ്മിക്കയും ചെയ്തിട്ടുണ്ട്. അവയെപ്പറ്റി പ്രസിദ്ധനായ മിസ്റ്റർ മാൎലി താഴെ പറയുന്നപ്രകാരം അഭിപ്രായപ്പെടുന്നു: "ഇപ്രകാരമുള്ള സുഭാഷിതങ്ങൾ ഒരു ഭാഷയിലെ കൃതികൾക്കു ആസ്വാദ്യതയെ നൽകുന്ന ഒരു ഉപകരണമാകുന്നു, അവ ഒരു പുസ്തകത്തിൽ എത്രമാത്രം ഉണ്ടായിരിക്കുന്നുവോ അത്രയ്ക്കും അതു ചോരണഹേതുവായി ഭവിക്കയും ചെയ്യും."

ആകയാൽ, സ്വല്പപദങ്ങളിൽ അന്തൎഗ്ഗതങ്ങളായുള്ള കേരളപിള്ളാവർകളുടെ ഈ ശ്ലോകങ്ങൾ, ഭാഷാപരിചയമുള്ള എല്ലാ വിദ്യാൎത്ഥികളാലും പഠിച്ചു ബോധിക്കപ്പെടുകയും, അവരെ സത്യവാദികളും, സ്വദേശസ്നേഹികളും, ദൈവവിശ്വാസംകൊണ്ടു മഹത്തുക്കളും, യാദൃച്ഛികങ്ങളായ ദുഃഖങ്ങളെ നേരിടുന്നതിൽ ധൃഷ്ടന്മാരും, തങ്ങളുടെ ഒഴിവുള്ള കാലക്ഷേപവും ഉയൎന്ന വിചാരങ്ങളുംകൊണ്ടു വീട്ടിലും, ക്ലാസ്സുമുറിയിലും, പണിശാലയിലും, കച്ചേരിസ്ഥലത്തും ഒന്നുപോലെ ശോഭിക്കുന്നവരും ആയ പ്രജകളാക്കിത്തീൎക്കയും ചെയ്യുന്നതുകൂടാതെ, ഭീതവും ദുസ്സഹവും ആയുള്ള ഒരു മരുഭൂമിയാകുന്ന ഇഹലോകത്തിൽ കൂടിയുള്ള അവരുടെ യാത്രയിൽ അദൃശ്യന്മാരായ ദേവദൂതന്മാരെപ്പോലെ അവരെ അനുഗമിച്ചു കാൽ തെറ്റി വീഴാതെ കാക്കുകയും, ശ്രേയസ്സൂചകങ്ങളായ ശബ്ദങ്ങളെക്കൊണ്ടു അവരുടെ കൎണ്ണങ്ങളെ പൂരിപ്പിക്കയും, അവരുടെ ഉൾപ്രദേശത്തിലുള്ള അന്ധകാരത്തെ സന്തോഷമയമായ ജ്യോതിസ്സുകൊണ്ടു ആവരണംചെയ്യുകയും ചെയ്യുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പടിഞ്ഞാറെ തോട്ടുങ്കൽ വീട്;
എറണാകുളം.
[illegible] 12 ൧൯൦൦.

ടി. കെ. കൃഷ്ണമേനോൻ.

വിഷയാനുക്രമണി.

പരിശിഷ്ടം.

സംഖ്യാപരിചിഹ്നിതസജാതീയപദാർത്ഥങ്ങൾ.

വിഷയം	വിഷയം
൧	ചതുര്യുഗം
ബ്രഹ്മം	ചതുർവർഗ്ഗം
൨	ചതുർവ്യൂഹങ്ങൾ
ഗുണദോഷാദി	ചതുർവേദങ്ങൾ
൩	വിദ്യാവസ്ഥാചതുഷ്ടയം
അഗ്നിത്രയം	വൃദ്ധചതുഷ്ടയം
അവസ്ഥാത്രയം	സാധനചതുഷ്ടയം
ഋണത്രയം	മോക്ഷചതുഷ്ടയം
കർമ്മത്രയം	൫
കാരണത്രയം	ഉപാസനപഞ്ചാംഗം
കാലത്രയം	ജ്യോതിഷപഞ്ചാംഗം
ഗുണത്രയം	പഞ്ചകർമ്മേന്ദ്രിയങ്ങൾ
തപസ്ത്രയം	പഞ്ചകർമ്മേന്ദ്രിയവിഷയങ്ങൾ
താപത്രയം	പഞ്ചകോശങ്ങൾ
ത്രയി	പഞ്ചഗവ്യം
ത്രിദോഷം	പഞ്ചജ്ഞാനേന്ദ്രിയങ്ങൾ
ത്രിവർഗ്ഗം	പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ
ത്രിസന്ധ്യ	പഞ്ചപാതകം
ദേഹത്രയം	പഞ്ചപിതാക്കൾ
മധുത്രയം	പഞ്ചപ്രാണങ്ങൾ
മൂർത്തിത്രയം	പഞ്ചബാണങ്ങൾ
രീതിത്രയം	പഞ്ചഭൂതങ്ങൾ
ലോകത്രയം	പഞ്ചമഹായജ്ഞങ്ങൾ
വൃത്തിത്രയം	പഞ്ചമാതാക്കൾ
ശാന്തിത്രയം	പഞ്ചമൂലം
ശരീരത്രയം	പഞ്ചരത്നം
സ്വരത്രയം	പഞ്ചലോഹം
൪	പഞ്ചാമൃതം
കവിചതുഷ്ടയം	വൈദികപഞ്ചാംഗം
ചതുരാശ്രമങ്ങൾ	സ്നാനപഞ്ചാംഗം
ചതുരുപവേദങ്ങൾ	൬
ചതുരുപായങ്ങൾ	വേദാംഗഷൾക്കം
ചതുരംഗങ്ങൾ	ശമാദിഷൾക്കം

സങ്കേതവിവരണം

൧.	ആ.	ചി.	= ആസന്നമരണചിന്താശതകം.
൨.	രം.	സ്തോ.	= രംഗരാജസ്തോത്രം.
൩.	കാ.	യാ.	= കാശിയാത്ര.
൪.	രാ.	മാ.	= രാഘവമാധവം.
൫.	ല.	ക.	= ലക്ഷ്മീകല്യാണം.
൬.	ശാ.	വി.	= ശാന്തിവിലാസം.
൭.	ഇം.	ത.	= ഇംഗ്ലീഷ് തർജ്ജിമ.
൮.	സ്വ.		= സ്വകീയകൃതി.

ഇവയിൽ ൧ മുതൽ ൬ വരെ ഉള്ളവ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള എന്റെ കൃതികളാകുന്നു. അവയിൽനിന്ന് ഇതിൽ എടുത്തു ചേർത്തിട്ടുള്ള ശ്ലോകങ്ങളെ ആ സങ്കേതങ്ങൾ സൂചിപ്പിക്കുന്നു. ൭-ാം നമ്പർ ഇംഗ്ലീഷുപദ്യങ്ങളുടെ തർജ്ജിമകളാണ്. ൮-ാം നമ്പർ ഏതെങ്കിലും ഒരു പ്രത്യേകപദ്യത്തെ കേവലം ആസ്പദമാക്കാതെ എന്നാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഈ അടയാളങ്ങളും കൂടാതെ, നാലാമത്തെപ്പാദം മുഴുവനുമോ അതിന്റെ ഏതെങ്കിലും അംശമോ ഉദ്ധരണി (" ") കൊണ്ട് അടയാളപ്പെടുത്തപ്പെട്ടു കാണുന്നവ സമസ്യാപൂരണങ്ങളും ശേഷമുള്ളവയെല്ലാം മറ്റോ സംസ്കൃതപദ്യങ്ങളുടെ തർജ്ജിമകളും ആകുന്നു.

ഗ്രന്ഥകർത്താ.

ശ്രീ

സുഭാഷിതരത്നാകരം.

മങ്ഗളാചരണം.

സദാനന്ദം വളർത്തുന്ന സദാചാരരതസ്സുവാൻ
സദാനന്ദമയൻ ദേവൻ സദാ മേ തുണയാകണം.

ഒന്നാം പ്രകരണം.

അതിഥിസൽക്കാരം.

൧. ബാലനോ വൃദ്ധനായാലോ യുവാവോ ഗൃഹമെത്തിയാൽ
പരിചിൽ സൽക്കരിക്കേണം; ഗുരുവാണു ഗൃഹാഗതൻ.

൨. ഗേഹത്തിൽ വന്നവൻതന്നെ വെറുപ്പിച്ചിട്ടയപ്പവൻ
അവന്നു പുണ്യമേകീട്ടു താൻ ഗ്രഹിക്കുന്നു ദുഷ്കൃതം.

൩. ശത്രുവും തൻഗൃഹേ വന്നാൽ വഴിപോൽ സൽക്കരിക്കണം
മുറിക്കുന്നവനും വൃക്ഷം തണലേകുന്നതില്ലയോ?

അതിതം.

൪. അതിദാനാൽ ബദ്ധൻ ബലി;—
അതിലോഭത്താൽ സുയോധനൻ നഷ്ടൻ;
അതികാമാൽ പൌലസ്ത്യൻ
ഹതനായ്;—തി സർവ്വത്തിലും വർജ്ജ്യം.

അന്തഃകരണം. (സ്വ.)

൬. ഈശ്വരാജ്ഞകളെന്തെല്ലാമെന്നതാൎക്കറിയാം ഭുവി
എന്നാളു സംശയം തെല്ലും തോന്നീടരുതു ചൊല്ലുവൻ.

൭. അകൃത്യം ചെയ്യുതിന്നായിത്തുനിയുന്ന ദശാന്തരേ
'അരുതെ'ന്നൊരു ശബ്ദം തന്നുള്ളിൽനിന്നുളവായ് വരും.

൮. അന്തഃകരണമെന്നത്രേയിതിൻനാമം ധരിക്കണം;
ഉള്ളിൽ വാഴുന്നൊരീശൻറയാജ്ഞയാണിതു നിൎണ്ണയം.

൯. ഈശവിശ്വാസമുണ്ടായാലിതുണ്ടായ് സ്ഥിരമായ് വരും;
ഇതിനെ സ്വീകരിക്കായ്കിലിതു മെല്ലെ കുറഞ്ഞുപോം.

൰. അമരക്കാരനില്ലാത്ത കപ്പലെന്ന കണക്കിനേ
നിരാശ്രയതമസ്സിങ്കൽ മഗ്നനാം പുരുഷൻ തദാ.

൰൧. അന്തഃകരണമോതുന്ന പന്ഥാവിൽ തന്നെ വാഴ്കിൽ
സന്താപരഹിതം ജന്മസാഫല്യം സിദ്ധമായ് വരും.

അഭ്യാസം.

൰൨. അതിദുഷ്കരമായാദ്യം തോന്നീടുന്നൊരു വൃത്തിയും
അഭ്യാസപൌനഃപുന്യത്താലതിസൌകൎയ്യമാൎന്നിടും. (സ്വ.)

൰൩. അഭ്യസിക്കുക ശാസ്ത്രങ്ങളും; പുണ്യകൎമ്മങ്ങളും ചെയ്യുക;
ഇവയാൽ വാസ്തവജ്ഞാനം വിളങ്ങുന്നു മനുഷ്യനിൽ.

൰൪. അഭ്യാസംപോലെ ലോകത്തിലില്ലൊന്നും സുഖസാധനം;
അതിനാൽ നല്ല മാൎഗ്ഗത്തിലതിനെച്ചെയ്ക സൎവ്വദാ.

൰൫. ശാസ്ത്രം വളരെ;—യായുസ്സോ സ്വല്പം; വിഘ്നമനേകമേ;
ഗ്രഹിക്ക സാരമതിനാൽ പാലു പോലന്നമംബുവിൽ.

൰൬. എഴുതുക വായിച്ചീടുക
നോക്കുക വൃദ്ധരോടുടനെ ചോദിക്ക
ഇവയാൽ മതി വിലസുന്നു
രവിരശ്മികളാൽ സരോരുഹം പോലെ.

ആരോഗ്യത.

൪൬. രോഗസംഭവഹേതുക്കളറിഞ്ഞിട്ടവയേതുമേ (സ.)
വരാതെ സൂക്ഷ്മമായ് ദേഹം പരിപാലിക്ക ബുദ്ധിമാൻ.

൪൭. ചുരുക്കിച്ചൊല്ലുവൻ നിത്യമരുജായി വസിക്കുവാൻ
ശുചിത്വം മിതഭോഗം കേളിവയെ സ്വീകരിക്കണം. (സ.)

൪൮. ഉണ്ടായ മാത്രയിൽ തന്നെ നശിപ്പിച്ചില്ലയെങ്കിലോ
ശത്രുവും രോഗവും പിന്നെക്കൊല്ലും നല്ലംഗവാനെയും.

അഹംകാരം.

൪൯. ആത്മാഭിമാനമേവൎക്കും വേണമൌചിത്യസംയുതം;
മൎയ്യാദാലംഘനം തെല്ലും സംഭവിക്കരുതായതിൽ. (സ.)

൫൦. അഹംകാരമയം മേഘം പരിജൃംഭിച്ചിടും വിധൌ
ആത്മശ്രേയാകുന്ന കടകപ്പാലപ്പൂവു വിടൎന്നിടും.

൫൧. അല്പം ബോധമുദിക്കിലു-
നല്പം മനസാ ഗൎവമുളവാകും;
നിറയാതുള്ള കുടത്തിൽ
സതതമിളകാതിരിക്കുമോ സലിലം?

൫൨. സരിഗമകവും കേട്ടി-
ട്ടാനന്ദിക്കേണ്ടതായ പാളണവും
കേട്ടാൽ നിസ്സാരമിതെ-
ന്നധമൻ ചൊല്ലുന്നതിവ ഗൎവിഷ്ഠൻ. (സ.)

ആഡംബരം.

൫൩. നിസ്സാരമാം പദാൎത്ഥത്തിന്നുണ്ടാമാഡംബരം പരം;
ഓട്ടിലുണ്ടായിടും നാദം സ്വൎണ്ണത്തിങ്കൽ വരാ ദൃഢം.

ആത്മപ്രശംസ.

൧൪. മറ്റുള്ളവർ പുകഴ്ത്തീടിൽ ഗുണിയാം ഗുണഹീനനും;
സ്വയം പുകഴ്ത്തിയാലിന്ദ്രൻ പോലും നിസ്സാരനായ്ത്തീരും.

൧൫. മൂഢനാം പുരുഷൻതന്നെപ്പുകഴ്ത്തീടുവതാരവൻ?
തന്നെത്താനേ പുകഴ്ത്തുന്നതാലവനെങ്ങനെ ഇഷ്ടനാം?

ആത്മസംയമനം.

൧൬. മനോഭൂമിയിലുണ്ടാകും ദുർവ്വിചാരതൃണങ്ങളെ
സത്വരം ഛേദിച്ചീടും ഖഡ്ഗമാത്മസംയമനം മഹത്. (സു.)

൧൭. ആത്മസംയമനം നിത്യം ചെയ്തീടുന്ന മഹാമതി
രാജ്യം പിടിച്ചടക്കുന്ന വീരനെക്കാളുമുത്തമൻ. (ഇം. ത.)

ആലസ്യം.

൧൮. അലസന്നു വരാ വിദ്യ;—അവിദ്യന്നു വരാ ധനം;
അധനന്നു വരാ മിത്രം;—അമിത്രന്നു വരാ സുഖം.

൧൯. വിദ്യാഭ്യാസാദിയിൽ തെല്ലുമാലസ്യം സ്വീകരിക്കൊലാ;
വിളവുണ്ടെങ്കിലും ഭൂമി കള ചേർന്നാൽ ക്ഷയിച്ചുപോം.

൨൦. മെയ്യിൽ മേവുന്നൊരു മഹാരിപു താൻ മടി നിർണ്ണയം;
ഒടുവിൽ സുഖമേകീടുമുത്സാഹം തന്നെ മിത്രമാം.

൨൧. മടിയന്മാരാം കുമാര്യാ
പാറിനുള്ളോരു വൃദ്ധിയും നോക്കി
സമയം സഫലമതാക്കുക
ദാനാദ്യുദ്യമനങ്ങൾകൊണ്ടു താൻ മതിമാൻ.

൨൨. ഒരുവനൊരുൽക്കർഷം ത-
ന്നുടെ നൈപുണികൊണ്ടു വന്നിടുന്നേരം
ഭാഗ്യത്താലതു വന്നെ-
ന്നൽഘോഷിക്കുന്നു മാന്യരല്ലാ ജനം. (സു.)

൧൧. സ്വല്പം പരപ്പുള്ളോരു നാവിളക്കാ-
നല്പപ്പൂവിലേറാം മടിയാന്നു മൂഢൻ
അല്പേതരക്ലേശമൊടംഗമെല്ലാം
കല്പിച്ചിടുന്നു പല വേലകൾക്കായ്.

ആശ.

൧൨. ആശയാം ചങ്ങലയ്ക്കുള്ളോരവസ്ഥാ പരമത്ഭുതാ;
അതിൽ പെട്ടവനോടീടുന്നു;—നില്ക്കുന്നാപാദൻ കുപമിൽ.

൧൩. ആശയില്ലെങ്കിലാരാണു ദരിദ്രൻ? ധനിയാരഹോ!
അതിനു വശനായെന്നാൽ ദാസ്യം തലയിൽ വന്നിടും.

൧൪. തൃഷ്ണയാലന്ധനായ് നീയും തൃഷ്ണേ! വാഴുന്നു സന്തതം
ഭോഗി സന്തതിയില്ലാതെ താൻ വൃദ്ധനെന്നിവർ മൂവരിൽ.

൧൫. അവൻ വിദ്വാ,നവൻ ധീര,നവൻ താൻ കൃതകൃത്യനാം,
ഏവനാശയെ വെന്നിട്ടു വാഴുന്നിഹ നിരാശനായ്.

൧൬. ആശയ്ക്കു ദാസരായുള്ളോരെല്ലാർക്കും ദാസരായിടും;
ആശയെദ്ദാസിയാക്കുന്നോർക്കെല്ലാരും ദാസരായ്വരും.

ഇച്ഛ.

൧൭. വ്രണം കൊതിക്കുന്നിതു മക്ഷികൌഘം;
ധനം കൊതിക്കുന്നിതു ഭൂപരെല്ലാം;
രണം കൊതിക്കുന്നിതു നീചവർഗ്ഗം;
ശമം കൊതിക്കുന്നിതു സജ്ജനങ്ങൾ.

ഉത്സാഹം.

൧൮. ഉത്സാഹിതൻകരത്തിങ്കൽ പിടിക്കും കമലാലയാ;
മടിയന്റെ കരത്തിങ്കൽ പിടിക്കും കമലാഗ്രജാ.

൧൯. മനസ്സുകൊണ്ടുവന്നീടിൽ മാൎഗ്ഗവും മുന്നിൽ വന്നിടും;
എനിക്കശക്യമെന്നുള്ളതൊരിക്കലുമൊഴിയൊല്ലാ. (സ.)

൬൨. വൃഥമായ് നാം കഴിച്ചീടുമോരോരോ മാത്രനേരവും
തിരിയെക്കിട്ടുകയില്ലെന്നും നമ്മൾ ജീവിച്ചിരിക്കിലും.(ഇം.ത.)

൬൩. ഫലമില്ലാതെ വെറുതേ ചിലവാക്കുന്ന മാത്രകൾ
അധികം ബോധമുള്ളോർക്കു മതിയിൽ ദുഃഖമേകിടും.(ഇം.ത)

൬൪. ഉദ്യമം സാഹസം ധൈര്യം ബുദ്ധി ശക്തി പരാക്രമം
ഇവയാറുമിരുന്നീടിൽ വിധി ദാസ്യം വഹിച്ചിടും.

൬൫. ഏകാഗ്രതയും ക്ഷമയും
കൈക്കൊണ്ടതിയത്നമാചരിക്കാതെ
ഗണനീയമൊരുൽകർഷം
പ്രാപിപ്പാനാർക്കുമാവതല്ല ദൃഢം. (സു.)

൬൬. അത്യുത്സാഹം സതതം
വിദ്യയിലേവന്നു സംഭവിക്കുന്നു,
അവനാണൊടുവിൽ പണ്ഡിത-
മണിയായ് തീരുന്നതെന്നു കരുതേണം. (സു.)

൬൭. പൌരുഷം വിധിയുമൊത്തിടുംവിധൌ
പൌരുഷം സകലഹേതുവാകയാൽ
ഭൂരിഭാഗ്യമുളവാക്കുവാനതി-
പ്പൂരുഷർക്കു "ഗതിയെന്നുറച്ചു ഞാൻ".

ഉപദേശം.

൬൮. ഓരോരോ സാരവാക്യങ്ങൾ നേരെ സന്തതമോതുകിൽ
ഏറീടും ദുർവിചാരങ്ങൾ മാറുകില്ലെന്നുവന്നിടാ. (ല. ക.)

൬൯. ഹിതോപദേശം കേട്ടിട്ടു വഴിപോലാചരിക്കണം;
വിദുരോക്തിയെ നിന്ദിച്ചു നശിച്ചാൻ കൌരവൻ പുരാ.

ഏഷണി. (സു.)

൭൦. ഏഷണിക്കിഷ്ടരായുള്ളോൻ ഗുണത്തെ സ്തുതിചെയ്കിലും
അതു നിർവ്യാജമാണെന്നു ബുധന്മാർ വിശ്വസിക്കൊലാ.

൩൮. ഒരുവന്റെ സമീപത്തിൽ സൂക്ഷിക്കാതുരചെയ്കിലും
അവനില്ലാതിരിക്കുമ്പോഴും കരുതിത്തന്നെ ചൊല്ലണം.

ഐകമത്യം.

൩൯. സാരമില്ലാത്തതും ഭൂരി ചേരുകിൽ കാര്യസാധകം;
നാരു ചേർന്നുള്ള കയറാൽ പാരിൽ കെട്ടുന്നു ദന്തിയെ.

൪൦. വരിയായുള്ളൊരു ഗമനം
ഭോജ്യാഹരണമുദാത്തമിവയാലേ
കരുതുകെറുമ്പുകൾ പോലും
കാണിച്ചീടുന്നിതൈകമത്യഗുണം. (സു.)

ഔദാര്യം.

൪൧. ദാരിദ്ര്യം വരുമെന്നോർത്തു മൂഢൻ നല്കില്ല തെല്ലുമേ;
ദാരിദ്ര്യം വരുമെന്നോർത്തു ബുധൻ നല്കുന്നു ശക്തിപോൽ.

൪൨. പരോപകാരം കൈവല്യമിവയെത്തൂക്കി മാധവൻ
ആദ്യത്തിലധികത്വം കണ്ടവതാരങ്ങളാർന്നു താൻ.

൪൩. ഇല്ല വിദ്യാസമം നേത്രം; ഇല്ല സത്യസമം തപം;
ഇല്ല രാഗസമം ദുഃഖം; ഇല്ല ദാനസമം സുഖം.

൪൪. ദാതാവിന്നും യാചകന്നുമുള്ള ഭേദത്തെ നല്കുമ്പോൾ
മേലും കീഴുമിരിക്കുന്ന കൈകളാൽത്തന്നെയോർത്തിടാം.

൪൫. കർണ്ണൻ ത്വക്കും, മാംസം
ശിബിയും, ജീമൂതവാഹനൻ പണ്ട്
ജീവനെ,—യസ്ഥി ദധീചിയു-
മേകി; മഹാത്മാക്കളെന്തു നല്കില്ലാ?

കോപം.

൪൬. അനർത്ഥമൂലം കോപം താൻ; കോപം സംസാരബന്ധനം;

ധർമ്മക്ഷയകരം കോപം; കോപം വർജ്ജിക്ക സർവ്വദാ.

൩൪. കോപം നിയതം പശ്ചാ-
ത്താപത്തിൻ താതനെന്നു കരുതേണം;
കോപമടക്കീടുന്നതി-
നാ ബാല്യാൽ നല്ലപോലെ ശീലിക്ക. (സ്വ.)

൩൫. ക്രോധം താൻ യമനെന്നിഹ
ബോധം ചേർന്നുള്ള സുജനമരുളുന്നു;
ക്രോധം താൻ നിഷ്കൃഷ്ടസു-
ബോധസഹസ്രാംശുവിന്നു ദുർദ്ദിനവും. (സ്വ.)

ക്ഷമ.

൩൬. പുരുഷാഭരണം രൂപം; രൂപാഭരണമാം ഗുണം;
ഗുണാഭരണമേ ബോധം; ബോധാഭരണമാം ക്ഷമാ.

൩൭. ക്ഷമാ ബലമശക്താനാം; ശക്താനാമാഭരണം ക്ഷമാ;
ക്ഷമാ വശീകരണമാം; ക്ഷമയാൽ സാദ്ധ്യമൊക്കെയും.

൩൮. ക്ഷമായുധമിയന്നോനിൽ ദുഷ്ടനെന്തൊന്നു കാട്ടിടും?
വെള്ളത്തിൽ വീണിടും വഹ്നി താനേതന്നെ നശിച്ചുപോം.

൩൯. ക്ഷമാതുല്യം തപസ്സില്ല; സന്തോഷസമസൌഖ്യവും;
ഇല്ല തൃഷ്ണാസമം രോഗം; ഇല്ല ധർമ്മം ദയാസമം.

൪൦. ഉണ്ടായീടിന കോപത്തെയുരഗം തൊലി പാമ്പു പോ
ക്ഷമയാൽ സംഹരിച്ചീടുന്നവനേ പുരുഷൻ ഭുവി. (ൽ

ഗുണം.

൪൧. സ്പൃഹണീയം ഗുണം തന്നെ, രൂപമല്ല നിനയ്ക്കിലോ;
മണമില്ലാത്ത പൂവിന്റെ കാന്തി നോക്കുന്നതാരവൻ?

൪൨. ഗുണവാന്റെ ഗുണോൽക്കർഷമതിയായി വിളങ്ങിടും;
ദോഷമാകിലുമാകാം സൌരഭ്യമോരോന്നു.

൩൯. മർത്ത്യർക്കു ഗുണങ്ങളുണ്ടായാലതു താനേ വിളങ്ങിടും;
കസ്തൂരി നാറിടുന്നെന്നു സത്യംചെയ്യാൽ ഫലിച്ചിടാ.

൪൦. എല്ലാപ്പക്ഷികളും സ്വൈരം നല്ലോണം സഞ്ചരിക്കവേ
തത്തേ! നീ കൂട്ടിൽ വാഴുന്നതോർത്താൽ നിൻസൂക്തിതൻ (ഫലം.

൪൧. ഗുണങ്ങൾക്കുള്ള ഭേദങ്ങൾ ഗുണജ്ഞൻ താനറിഞ്ഞിടും;
പിച്ചിമല്ലികൾസൌരഭ്യഭേദം കണ്ണറിയുന്നിതോ?

൪൨. സ്ഥിരമാം ഗുണിതൻശീലം ഖലബാധയാ നശിച്ചിടാ;
രത്നദീപപ്രഭാജാലം വായുവേഗാലൊടുങ്ങുമോ?

൪൩. ഉച്ചസ്ഥാനത്തിനാലല്ല മെച്ചം ഗുണഗണങ്ങളാൽ;
മേടമേലിരുന്നാലും കാകൻ ഗരുഡനാകുമോ?

൪൪. ഗുണഗ്രാഹികളില്ലെങ്കിൽ ഗുണിയും ദോഷമാർന്നിടും;
ഗുണയുക്തം പുഷ്പമേകം കിണറ്റിൽ മുഴുകുന്നിതേ.

ഗുരുഭക്തി.

൪൫. സൂര്യസന്നിധിമാത്രത്താൽ സൂര്യകാന്തം വിളങ്ങിടും;
ഗുരുസന്നിധിമാത്രത്താൽ ശിഷ്യബോധമുദിച്ചിടും.

൪൬. ഒരിക്കൽ പോലുമേ തന്റെ ഗുരുവിൻദൂഷി കേൾക്കൊലാ;
കർണ്ണങ്ങൾ തന്നെ പൊത്തേണം;-മല്ലെങ്കിൽ പോക വല്ലേടം

൪൭. ഗുശബ്ദമന്ധകാരം താൻ; രുശബ്ദം തന്നിരോധകം;
ഇരുട്ടു നീക്കീടുകയാൽ ഗുരുവെന്നുരയ്ക്കുന്നിതേ.

൪൮. ഗുരുപാദാരവിന്ദാർക്കദീപ്തിക്കു സമയം വരെ
വിദ്യയാകുന്ന നളിനി വിലസുന്നില്ല തെല്ലുമേ.

൪൯. മാതാ പിതാ ദേശികനെന്നിവർക്കു
മോദം വളർത്തീടുക സർവ്വകാലം;
പ്രമോദമീ മൂവരുമാർന്നുവെന്നാൽ
സമാപ്തമെന്നോർക്ക തപസ്സശേഷം.

ജന്മം.

൧൧. ശരീരങ്ങളനിത്യങ്ങൾ;—ഐശ്വൎയ്യം നശ്വരം ധ്രുവം;
അടുത്തുണ്ടെപ്പൊഴും മൃത്യു; നേടേണ്ടതിഹ പുണ്യമാം.

൧൨. അനിത്യം ദേഹം;—മറ്റുള്ളതുമനിത്യം താൻ ധനാദിയും; (ൻ
അവയാൽ നിത്യമാം പുണ്യം നേടുവോൻ തന്നെ ബുദ്ധിമാ

൧൩. മൃത്യുഭീതിയതില്ലാതെ ശരീരസുഖമല്ല നാം
ചെയ്യയാത്മഹിതം സൎവ്വം;പ്രാണനാശേ ചെയ്യുന്നതെന്തു നാം?

൧൪. സ്വൎണ്ണ കോടി കൊടുത്താലും സ്വല്പമായുസ്സു കിട്ടുമോ?
വ്യൎത്ഥമായതു പോയെന്നാലെന്തു ഹാനിയതിൽപരം?

൧൫. വിദ്വാനും മൂഢനും ശക്തിയുള്ളോനും ശക്തിഹീനനും
ആഢ്യനും ദീനനും പാരിൽ മൃത്യുവിന്നൊക്കെയൊന്നുപോൽ

൧൬. ജാതിയോ തൊഴിലോ തന്റെ ഗുണമോ കൊണ്ടൊരുത്തനും
നേടാവില്ലൈശ്വൎയ്യം പോൽ ജന്മം പേരിന്നു മാത്രമാം.

ദയ.

൧൭. അറിവില്ലാതെയൊരുത്തൻ
ചെയ്യുന്ന തെറ്റിന്നു മാപ്പു നൽകേണം;
എല്ലാ വിഷയങ്ങളിലും
നല്ല പരിജ്ഞാനമാൎക്കുമില്ലല്ലോ.

ദുൎജ്ജനം.

൧൮. ജീവനത്തിന്നു താണീടും, കൈവന്നാലതു പൊങ്ങിടും,
ഏവം ഖലൻ ഘടീയന്ത്രഭാവം പേറുന്നു പാരിതിൽ.

൧൯. നന്മതിന്മകളിൽ നല്ലോരന്നം നന്മയെ ചെയ്യുവേ
മലത്തെപ്പന്നിയെന്നോണം ഖലൻ തിന്മ ഗ്രഹിച്ചിടും.

൨൦. ഖലന്മാർ വിവാദിക്കുമ്പോഴും മൌനം വിദ്വാന്നു ഭൂഷണം;
കാകകോലാഹലത്തിങ്കൽ കുയിൽനാദം വിളങ്ങുമോ?

൯൦. ദുഷ്ടനാകുന്ന സർപ്പത്തിൻവധമത്യുത്തമമത്രയും!
കടിക്കുന്നേകകല്പത്തിൽ; മരിക്കുന്നന്യനഞ്ജസാ.

൯൧. മിത്രലോകാന്തമാംഘോരചേഷ്ടകളും ഖലസ്വഭാവവും
മേന്മേൽ സൽകൃതിയേറ്റാലും കൌടില്യം കൂട്ടുമേറ്റവും.

൯൨. കഷ്ടത്തിന്നും ദുഷ്ടന്നും ഹാ! സാദൃശ്യം പരമത്ഭുതം;
മധുരംകൊണ്ടു കോപിക്കും; ക്രൂരംകൊണ്ടു ശമിച്ചിടും.

൯൩. സർപ്പം ക്രൂരം, ഖലൻ ക്രൂരൻ; സർപ്പാൽ ക്രൂരതരൻ ഖലൻ;
മന്ത്രത്തിലമരും സർപ്പം;—അമരാ ഖലനൊന്നിലും.

൯൪. ഇഷ്ടം ചൊല്ലുകിലും തെല്ലും ദുഷ്ടൻ വിശ്വാസ്യനല്ലതാൻ;
അവന്റെ നാവിൽ മധുവുണ്ടുള്ളിലോ ഘോരമാം വിഷം.

൯൫. കസ്തൂരിമാനിനുള്ളോരു ഗന്ധമൊന്നൊഴിയെട്ടത്തുടൻ (ക്കിലോ
ദുഷ്ടന്റെ നാവിൽ ചേപ്പൻ താൻ വിധാതാവായ് ഭവി

൯൬. വിദ്വാനെന്നാകിലും ദുഷ്ടാത്മാവായിടിൽ ത്യജിക്കണം;
മണി ചൂടുന്നവെന്നാലും ഫണി പാരം ഭയങ്കരൻ.

൯൭. ദുഷിക്കുന്നോനതിഥിയെന്നിവർ ബന്ധുക്കൾ രണ്ടു പേർ;
ഹരിക്കുമൊരുവൻ പാപമന്യൻ സൽകൃതസുഖം തഥാ.

൯൮. മദനാശനമാം ശാസ്ത്രം ദുഷ്ടർക്കു മദമേകിടും, (ൾ.
ഇരുൾ നീക്കും പ്രകാശം താൻ മൂങ്ങകൾക്കിരുളെന്നപോ

൯൯. സദ്വംശജനമായാലും ഖലനാം വില്ലുമൊന്നുപോൽ
ഗുണം ലഭിക്കിലോ ശീഘ്രം പരഹൃത്തു പിളർന്നിടും.

൧൦൦. ദുർജ്ജനം ഫണിയീ രണ്ടും ജന്മനാ കുടിലം ദ്വയം;
തന്മുഖാക്ഷേപമേറ്റീടാൻ ക്ഷമയേ ശക്തമായ് വരൂ.

൧൦൧. സ്നേഹത്താലുപചാരങ്ങൾ ചെയ്തിടുംതോറുമേറ്റവും
തീയെന്നപോലവേ ദുഷ്ടൻ സന്താപത്തെ വളർത്തിടും.

൧൦൨. പരസൽകീർത്തിയാം തീയാൽ വെന്തുവെന്തധമൻ സദാ
തൽപദം ലഭ്യമാകാഞ്ഞു നിന്ദിക്കുന്നിതസൂയയാൽ.

൧൦൩. ദുർജ്ജനത്തിൻവിശിഷ്ടതാം പരോപദ്രവഹേതുവാം;
വ്യാഘ്രത്തിന്നുപവാസത്തിൽ പാരണം പശുമാരണം.

൧൦൪. ഗുണം പിറകിലാക്കിട്ടു തീക്ഷ്ണതം മനസിൽ വച്ചുതാൻ
ചെലവാണി ഉളവാക്കുന്ന ജനകഷ്ടങ്ങളെ സൂചിപോൽ.

൧൦൫. മണൽക്കൂട്ടം ചൂടുംപോലെ ചുടുകില്ല ദിനേശനും;
നീചൻ ദുസ്സഹനാമന്യഭക്തനാം പദമേല്ക്കിലോ.

൧൦൬. ദുഷ്ടൻ കാണിച്ചിടും സ്നേഹമൊട്ടും താൻ വിശ്വസിക്കൊ
കാര്യസിദ്ധി കഴിഞ്ഞാലവന്നേകം കണ്ണീർ വരുത്തിടും.(ലാ;

൧൦൭. ദുഷ്ടൻ ചെയ്യുന്ന ദുർവൃത്തം സാധുക്കൾക്കുപദ്രവം;
രാവണൻ സീതയെക്കട്ടു; ബന്ധമായിതു സാഗരം.

൧൦൮. ദുഷ്ടൻ ദുഷ്ടനെ വിട്ടു-
ശിഷ്ടനെയതിയായുപദ്രവിക്കുന്നു;
മുള്ളു പിളർക്കും മൃദുവെ;-
കൊള്ളുകയില്ലാണതറിക കഠിനത്തിൽ.

൧൦൯. മധുരം ഭക്ഷിച്ചിട്ടും
മൻപേ, പിന്നെപ്പിളർന്നിടും മണ്ണാ,
തണ്ടുകിയും ചെല്ലേ വ-
നനായും കൊളുകെന്നപോലവേ ദുഷ്ടൻ.

൧൧൦. ഹിതമുപദേശിച്ചാലും
ദുഷ്ടന്റെ ചിത്തത്തിലിഷ്ടമുളവാകാ;
അനിശം മഴയേററാലും
പാറയതോ! സസ്യയോഗ്യമായ്വരുമോ?

൧൧൧. സുകൃതമിയന്നിടുകിലും
ദുഷ്ടത ചെയ്യുകിൽ നശിക്കുമൈശ്വര്യം;
എണ്ണയിലെരിയും ദീപം
വായുവന്നതാൽ നശിച്ചിടുന്നല്ലോ.

൧൧൨. അതിസുന്ദരമാം കാവ്യേ
തിരയും ദോഷങ്ങളെ മാത്രമിഹ ദുഷ്ടൻ,
അതിസുന്ദരമാം മെയ്യിൽ
മക്ഷിക നിത്യം വ്രണങ്ങളെന്നതു പോൽ.

൧൧൩. പൊല്ലാത്തവനോടു ചേർന്നാൽ
നല്ലവനും പാരമല്ലലുണ്ടാകും;

കൊല്ലൻതന്നടി കൊള്ളു-
ന്നല്ലോ ലോഹസ്ഥനായ പാവകനും.

൪൪. വെണ്ണീറണിക്കൊണ്ടൊരുവെള്ളവേ നൽ-
കണ്ണാടി പോൽ ശ്രീമദമുള്ള ദുഷ്ടൻ
ഹസിച്ചിടുന്തോറുമമന്ദരോഷം
ലസിച്ചിടുന്നു സുജനം നിതാന്തം.

ധനം.

൪൫. ഉത്തമം സ്വാൎജ്ജിതം വിത്തം; മദ്ധ്യമം ജനകാൎജ്ജിതം;
അധമം സോദരദ്രവ്യം; സ്ത്രീവിത്തമധമാധമം.

൪൬. സമ്പാദിക്ക ധനം, പിന്നെപ്പാലിക്കുക, വൎദ്ധിക്കുക;
വരവെന്യേ ഭുജിച്ചീടിൽ തീരും മേരുവതും ക്രമാൽ.

ധൎമ്മം.

൪൭. കൎത്തവ്യങ്ങളുറപ്പിക്കു-യകൎത്തവ്യങ്ങളാം തള്ളുക:
ഏവമുള്ള സദാചാരം ധൎമ്മമെന്നു ധരിക്കണം. (സു.)

൪൮. ധൎമ്മത്തിൻ സൂക്ഷ്മസാരത്തെച്ചൊല്ലാം കേട്ടു ധരിക്കണം;
തനിക്കനിഷ്ടമായുള്ളതന്യന്മാൎക്കും വരുത്തൊലാ.

൪൯. എല്ലാരും സുഖമാകാംക്ഷിച്ചല്ലോ ചെയ്യുന്നു സൎവ്വവും;
സുഖമോ ധൎമ്മജാതം താൻ; ധൎമ്മം ചെയ്യുതിനാൽ സദാ.

൫൦. ധൎമ്മശാലി നൃപൻ ചോരനിന്നാൽവർ ധനപുത്രരാം;
ഭൃത്യ പുത്രനെ നിഗ്രഹിക്കിൽ കോപിക്കും മാറു ഭൃവതും,

ന്യായം.

൫൧. ന്യായസ്ഥനു സഹായിപ്പാനായും പക്ഷിമൃഗാദിയും;
ന്യായം വിട്ടാനെത്തള്ളിപ്പോയിടും സഹോദരൻ.

പരിഹാസം.

൧൨൧, പ്രിയബന്ധുവിലോ തന്റെ ശത്രുവായുള്ളവങ്കലോ
ഹേതുവുണ്ടാകിലും ഹാസ്യം ചെയ്തിടരുതൊരിക്കലും.

൧൨൨. ഉന്നതസ്ഥാനമാന്നാലും നിന്ദിച്ചീടായ്ക പൂജ്യരെ;
നഹുഷൻ ശക്രനായ് പണ്ടു നശിച്ചാഗസ്ത്യനിന്ദയാൽ.

പശ്ചാത്താപം.

൧൨൩. സൎവ്വകാൎയ്യത്തിലും നന്നായ് സാവധാനതയുള്ളവൻ
പശ്ചാത്തപിക്കയെന്നുള്ളതുണ്ടാകില്ലയൊരിക്കലും. (സു.)

൧൨൪. കഴിഞ്ഞ കാൎയ്യത്തെയോൎത്തു ദുഃഖിക്കാ ബുധനായവൻ;
വിദ്വാനും മൂഢനും തമ്മിലുള്ള ഭേദമിതേ ഭുവി.

പിതൃഭക്തി.

൧൨൫. ബുദ്ധിമാൻ പിതൃവാക്യത്തെക്കൈക്കൊള്ളണം ബുദ്ധിമുട്ടിലും;
കൊടുങ്കാട്ടിൽ നടന്നല്ലോ രാമൻ തൻപിതൃശാസനാൽ.

൧൨൬. പിതാവിന്റെ നിയോഗത്തെയതിലംഘിച്ചിടും പുമാൻ
അധമാധമനാകുന്നിതവനെക്കാൺക പാപമാം. (സു.)

ഭക്ഷണം.

൧൨൭. ഉണ്ണുന്ന സമയത്തിങ്കൽക്കണ്ണു നന്നായ്ത്തുറക്കണം; (സ്വ
ദനസമഗ്നിക്ക പറാസ്സാൻ നല്ലേന്നം മന്ത്രവൃത്തിയാൽ.

൧൨൮. വയറിന്റൎദ്ധമന്നത്താൽ, പാനത്താലതിലൎദ്ധവും
നിറയ്ക്ക; വായുചാരികൾക്കായ് നാലാം ഭാഗമൊഴിക്കുക.

൧൨൯. അതിഭക്ഷണശീലതപൂണ്ടവൻ തന്റെ പല്ലിനാൽ
ശവക്കുഴി കുഴിക്കുന്നു തനിക്കെന്നു നിനയ്ക്കണം. (ഇം. ത.)

൧൩൦. നമ്മുടെയായുസ്സായി-
ട്ടുന്നൊരു വൃക്ഷത്തിനോൎത്തു കണ്ടീടിൽ

മിതപഥ്യാശനശീലം
കൊടിയൊരു നാരായവേരു താൻ നൂനം. (സ.ച.)

ഭൂഷണം.

൧൱൨. കൈകൾക്കു ഭൂഷണം ദാനം; സത്യം താൻ കണ്ഠഭൂഷണം;
കർണ്ണത്തിൻഭൂഷണം ശാസ്ത്രം; ഭൂഷണം നിഷ്പ്രയോജനം.

൧൱൩. ധീരൎക്കു ഭൂഷണം വിദ്യാ; ഭൂദാരൻ മന്ത്രിഭൂഷണം;
സ്ത്രീകൾക്കു ഭൂഷണം ഭൎത്താ; ശീലം സൎവ്വവിഭൂഷണം.

മദ്യപാനം.

൧൱൪. മദ്യത്താൽ വരുമുന്മാദം; ഉന്മാദാൽ പാപവൃത്തിയും;
പാപവൃത്ത്യാ നരകവും; മദ്യം തള്ളുക തള്ളുക.

൧൱൫. നന്മയെല്ലാമകററീടും മധു സേവിക്കൊലാ പുമാൻ;
മധുപാവലി വംശത്തെ നശിപ്പിക്കുന്നതില്ലയോ?

൧൱൬. ഏത്രയോ മിതമായിട്ടും മദ്യപാനം തുടങ്ങൊലാ;
തുടങ്ങുകിൽ വളൎന്നീടും; വളൎന്നാൽ നാശവും ഫലം. (സ.ച.)

മൎയ്യാദ.

൧൱൭. തന്നാൽ മാന്യന്മാൎതൻ-
മുന്നിൽ, ബഹുമാനമെന്നിയേ വാഴ്ക,
ചാഞ്ഞു കിടക്കുക, മൂളി-
പ്പാടുക, ശ്രുത്തും വിളിക്കയിവയരുതേ. (സ.ച.)

൧൱൮. അതിഗുണമിയലുന്നോൎക്കും
ക്ഷിതിയിൽ ചില ദോഷഭാഗമുണ്ടാകാം;
എന്നാലതിനെച്ചൊല്ലി-
ട്ടന്നു മൎയ്യാദയല്ല തെല്ലും കേൾ.

മഹാമനസ്കത.

൧൬൯. അതിബലനാം രിപുവിനെയും
മതിഗുണ, മനഃകരുണ, നല്ലൊരുപകാരം
ഇവയാൽ വെട്ടേ വെല്ലു-
ന്നവനോർത്തീടുകിൽ മഹാമനസ്കൻ താൻ. (സു.)

൧൭൦. പ്രത്യുപകാരം ചെയ്യോൻ
നഹി നഹി പൂർവോപകാരിയോടു തുല്യൻ;
ഒരുവൻ പകരം ചെയ്യു-
ന്നപരൻ ചെയ്യുന്നു ഹേതുവില്ലാതെ.

൧൭൧. കോപത്തെശ്ശാന്തതയാൽ,
നന്മകളെക്കൊണ്ടു ദുർജ്ജനത്തെയും,
ലുബ്ധനെയൌദാര്യത്താൽ,
നേരാൽ വ്യാജത്തെയും ജയിക്കേണം.

മിത്രം.

൧൭൨. അപ്രിയം ചെയ്കിലും പാർക്കിൽ പ്രിയൻ താൻ പ്രിയനാ(യവൻ;
ഗ്രഹം ദഹിപ്പിച്ചുവെന്നാലും തീയിലാർക്കാണനാദരം?

൧൭൩. കണ്ണാടിയിൽ ഛായ പോലെ കാണുമ്പോഴും യാതൊരു(ത്തനിൽ
സുഖദുഃഖങ്ങളും പകരുന്നൂ ബന്ധുവവൻ ധ്രുവം.

൧൭൪. അന്യദേശം ഗമിച്ചോനും രോഗിക്കും ധനഹീനനും
അതിദുഃഖിതനായോനും മിത്രദർശനമൌഷധം.

൧൭൫. കൈകൾ ദേഹത്തിനെന്നോണം കണ്ണിന്നിമകൾപോ(ലെയും
ഹിതം പെട്ടെന്നു ചെയ്തീടുന്നവനേ മിത്രമായുള്ളു.

൧൭൬. സ്ഥാനത്തിൽ നില്ക്കും പദ്മത്തിന്നർക്കപാഥികൾ ബാ(ന്ധവർ;
സ്ഥാനത്തിൽനിന്നു വേർപെട്ടാലവർ ശത്രുക്കളായ്‌വരും.

൧൭൭. ബന്ധുത്വം വേണ്ടവൻതന്നിൽ വാഗ്വാദം ധനബന്ധവും
മറവിൽ ഭാര്യയെക്കാൺകയിവ മൂന്നും നടത്തൊലാ.

൧൩൮. അറിയാം ശൂരനെപ്പോരിൽ, ദുർഭാഗ്യേ ഭാര്യതന്നെയും,
അന്ത്യകർമ്മത്തിൽ മകനെ,—ആപത്തിൽ ബന്ധുതന്നെയും

൧൩൯. കാണുമ്പോഴും തൊടുമ്പോഴും കേൾക്കുമ്പോളോർക്കുമ്പോഴും
ആരെന്നാളും ദ്രവിപ്പിക്കും, സ്നേഹമായതു താൻ ധ്രുവം.

൧൪൦. തേജസ്സു വർദ്ധിച്ചു വരും ദഹിക്ക—
ന്നേരത്തു വർദ്ധിക്കുതകും സമീരൻ,
ദീപത്തിലല്ലോ തിരിനെക്കെടുക്കും;
കൃശന്നു മിത്രം വിപരീതമത്രേ.

൧൪൧. സുഖത്തിലുണ്ടാം സഖിമാരനേകം,
ദുഃഖം വരുമ്പോൾ പുനരാരുമില്ല;
ഖഗങ്ങൾ മാവിൽ പെരുകും വസന്തേ,
വരാ ശരത്തിങ്കലതൊന്നു പോലും.

൧൪൨. കരിമ്പിനല്ലോ തലപ്പുതൻനിന്നും
ചുവട്ടിലോളം രസം കണക്കേ
നിനയ്ക്കണം സജ്ജന മൈത്രി പാരിൽ;
നേരേ മറിച്ചാം ഖലമൈത്രി നൂനം.

മുൻകരുതൽ.

൧൪൩. ആപത്തിൻപരിഹാരങ്ങൾ മുൻപേതന്നെ നിനയ്ക്കണം;
കുഴിക്കുമാരുമോ കൂപം പുരയ്ക്കഗ്നി പിടിക്കവേ?

൧൪൪. നാളെയാകട്ടെ വരുമെന്നറിയാവല്ലൊരുത്തനും;(കർമ്മം
ഇന്നേ ചെയ്യുന്നിതാൽ ധീമാൻ നാളെച്ചെയ്യേണ്ട വൃത്തി

൧൪൫. നിനച്ചിടാതൊന്നു നടത്തൊലാ താൻ;—
നനർത്ഥമുണ്ടാമവിവേകമൂലം;
തനിച്ചു സമ്പത്തു, കൊതിച്ചു ഭവ്യം,
നിനച്ചുചെയ്യോനെ വരിച്ചിടുന്നു.

മൂഢൻ.

൧൫൬. സ്വയം സുബുദ്ധിയില്ലെങ്കിൽ ശാസ്ത്രത്താലെന്തഹോ! (ഫലം?
കണ്ണില്ലാതുള്ളവൻതന്നിൽ കണ്ണാടി വിഫലം ധ്രുവം.

൧൫൭. കാവ്യശാസ്ത്രവിനോദത്താൽ കാലം പോകുന്നു സത്തുക (ൾ
വ്യസനം കലഹം നിദ്രയിവയാൽ മൂർഖരും തഥാ.

൧൫൮. പുസ്തകത്തിലെഴും വിദ്യ, പരൻ കൈക്കൊണ്ട വിത്തവും
ആവശ്യപ്പെട്ടിടുന്നേരമുതകാ തെല്ലു പോലുമേ.

൧൫൯. സൽകുലത്തിൽ ജനിച്ചാലും മൂഢനാൽ ഫലമെന്തുവാൻ?
ദുഷ്കുലേ ജാതനായാലും വിദ്വാനഖിലവന്ദ്യനാം.

൧൬൦. ഉപദേശത്തിനാൽ മൂർഖൻ കോപിച്ചീടുമടങ്ങിടാ;
വിഷമായ്ഭവിച്ചീടും പാലും പാമ്പു കുടിക്കിലോ.

൧൬൧. ദ്രോഹിയാം മൂർഖരോടൊത്തു മേവീടുന്നതിലും ഇലോം
ഭേദം കിരാതരോടൊത്തു വനത്തിങ്കൽ വസിപ്പതാം.

൧൬൨. ബുധദ്വിജസമീപത്തിൽ നിത്യം ഖലൻ വസിക്കിലും
അധമൻ രാഗസംബന്ധമൊഴിയുന്നില്ലൊരിക്കലും.

൧൬൩. കോപിച്ച ശത്രുവിൽ ദ്വേഷം വച്ചുദാസീനനാം പുമാൻ
പുല്ക്കാട്ടിൽ തീ കൊളുത്തിട്ടു കാറ്റുവാക്കിൽ കിടന്നിടും.

൧൬൪. അന്തസ്സാരവിഹീനന്മാർക്കെന്തിനായ് സജ്ജനാഗമം?
മലയാദ്രിയിൽ നിന്നാലും മുള ചന്ദനമാകുമോ?

൧൬൫. ഗന്ധാന്വേഷണചാപല്യം
നീചപ്രവണതയും നിനച്ചു സദാ
പാപനിദാനമതാകും
മൂഢസാന്നിദ്ധ്യം വെടിഞ്ഞു നടക്കണം.

൧൬൬. ഉത്തമജന്മമുപഹിന്ദ്രിയ-
സൌഖ്യവും സാധുവായ് ലഭിച്ചിട്ടും
നിജഹിതമറിയാത്തുള്ളോൻ
കഷ്ടമക ദുഃഖമാത്മഹത്യ ചെയ്യുന്നോൻ.

൫൮. യൌവനകാലം ദ്രവ്യം
വകതിരിവില്ലായ്മ കേശവ പുത്രപദവി
ഓരോന്നുമനൎത്ഥദമാം;—
എല്ലാം ചേൎന്നീടിലെന്തു ചൊല്ലേണ്ടൂ?

൫൯. മഹിതസദസ്സിൽ ചെന്നാൽ
മൌനം മന്ദന്മാൎക്കാഭരണം;
മിണ്ടീടാഞ്ഞാൽ മാത്രം
മേളംകണ്ടിൽകാകകളെക്കാരറിവൂ?

൬൦. കണ്ടിട്ടില്ലാ മൂൎഖനെ, വല്ലപ്പോഴും
കണ്ടിടിലൊന്നിച്ചു വസിച്ചിടൊല്ലാ;
വസിക്കിലോ ചൊല്ലരുതൊന്നുമവനോടു;
ചൊല്ലീടുകിൽ ചേൎന്നു ചൊൽക സൎവ്വം.

ഭക്തി.

൬൧. ഭക്തികൊണ്ടല്ലോ ബലമെന്നു ചൊല്ലേണം നല്ല ഭക്തിയതാൽ;
വധുവും ബന്ധുവും ഭാരം മണ്ണിലുമതി മറിച്ചിടാം.

യോഗ്യത.

൬൨. വസ്ത്രം വപുസ്സു വചനം വിദ്യാ വിനയമിങ്ങനെ
വകാരമഞ്ചുമില്ലെങ്കിൽ നിസ്സാരൻ ഭുവി പൂരുഷൻ.

ലുബ്ധൻ.

൬൩. ധനമാൎജ്ജിച്ചീടും ഭാഗ്യമിച്ചവനാകിലും മധു
ലുബ്ധന്മാരാകിലും ദ്രവ്യമിവരെല്ലാം നശിച്ചുപോം.

൬൪. അസമത്തിന്റെ വൈരസ്യം ലുബ്ധന്റെ ധനസഞ്ചയം.
ഭിക്ഷുവിൻകൈകളെന്നതന്നീ മൂന്നുംലോകത്തിൽനിഷ്ഫലം

൬൫. കൊടുത്തീടുന്നതും ത്യാഗ്യ ഭുജിച്ചീടുന്നതും ധനം;
അല്ലാതതു മരിക്കുമ്പോഴന്യന്മാർ കൈക്കലാകിടും.

൪൫. ലോഭം തന്നെ നിനച്ചീടിൽ പാരിൽ ദുരിതകാരണം;
ദ്വേഷക്രോധാദിദോഷത്തിന്നതു താൻ ബീജമായതും.
(തഥാ;

൪൬. ലോഭത്താൽ കോപമുണ്ടാകും; കോപത്താൽ ദ്രോഹവും
ദ്രോഹത്താൽ നരകംതന്നിൽ ചേരും പണ്ഡിതനാകിലും.

൪൭. അമ്മയച്ഛൻ മകൻ ഭ്രാതാവെന്നല്ലുത്തമബാന്ധവൻ
സ്വാമിയെന്നിവരേയും ഹാ! കൊല്ലും ലോഭമെഴും പുമാൻ.

൪൮. പ്രായേണ ധനികൾക്കത്രേ ധനത്തിലധികാഗ്രഹം;
രണ്ടു കോടിയെഴും വില്ലു ലക്ഷത്തിന്നായ് നമിച്ചിടും.

൪൯. ലുബ്ധനെപ്പോലെ ദാതാവില്ല മറ്റാരുമേ ഭുവി;
തീരെത്തൊടാതെ നൽകുന്നിതവനന്യർക്കു തൻധനം.

൫൦. വിവേകം തെല്ലുമുണ്ടാകില്ലത്യാശാവിവശന്നു കേൾ;
തായാലറിയാ ചോരമവൻ സാപരാധന്നിയും.

വാക്ക്.

൫൧. കാര്യമാലോചിയാതുള്ള വാഗ്മിതൻ ഭാഷണം വൃഥാ,
ലാക്കു തെററിയ വില്ലാളിതന്റെ വല്ഗിതമെന്നപോൽ.

൫൨. വചോമാധുര്യമുള്ളോന്നു വശമാം സർവലോകവും;
കുയിലിൻപഞ്ചമം കേട്ടാലലിയാത്തവനാരുവാൻ?

൫൩. ചോദിക്കാതെയു, മന്യായമായ് ചോദിച്ചാലുമതെല്ലാം,
അറിവുണ്ടെങ്കിലും ധീമാൻ മൂകനെപ്പോൽ വസിക്കണം.

൫൪. യോഗ്യമാം സമയത്തിങ്കൽ ഹിതമായ് മിതമായ് പരം
മാധുര്യസഹിതം സത്യം പ്രസന്നം ചെയ്യു ഭാഷണം.

൫൫. വാണി മംഗളയതെങ്കിലും ചെവി-
ക്കാണിയാമസമയോക്തയാകിലോ;
പ്രാണവേദനയിലിന്ത കൗതുകം
"വീണവായനയിലുത്ഭവിക്കുമോ?"

വിദ്യ.

൧൫൬. കലമല്ലേ പകല്ക്കുള്ളു കലയാം കാരണം ദ്വയം; (ൻ.
പല വാനോർകളുള്ളപ്പോഴും കലാവാൻ ശിവനാൽ ധൃത

൧൫൭. നക്ഷത്രഭൂഷണം ചന്ദ്രൻ; വനിതാഭൂഷണം പതി;
ഭൂമിക്കു ഭൂഷണം ഭൂപൻ; സർവ്വത്തം വിദ്യ ഭൂഷണം.

൧൫൮. ഏതുകില്ലന്യനായുള്ളോൻ; കൊടുത്തീടിൽ വളൎന്നിടും;
ഒടുങ്ങാ കല്പകാലത്തും; വിദ്യ പോലെന്തു മററഹോ!

൧൫൯. ശസ്ത്രവും ശാസ്ത്രവും പാർത്താലറിയേണ്ടതെങ്കിലും
വാൎദ്ധക്യേ ഹാസ്യമാം ശസ്ത്രം; ശാസ്ത്രമെന്നും വിളങ്ങിടും.

൧൬൦. സ്നേഹം സ്വാതന്ത്ര്യമത്സര സുഖാനുഭവശീലവും
ഗർവ്വമാലസ്യമെന്നേവം വിദ്യാൎത്ഥിക്കുള്ളതാറു കേടം.

൧൬൧. നിമേഷകാലവും വ്യർത്ഥം നയിച്ചീടാതിരിപ്പവൻ
വിദ്യയെദ്ദാസിയാക്കുന്നു യോഗി മുക്തിയെയെന്നപോൽ.

൧൬൨. അഹാൎയ്യത്വമനർഘത്വമക്ഷയത്വമിവററിനാൽ
സർവ്വദ്രവ്യങ്ങളെക്കാളും വിദ്യയാം ദ്രവ്യമുത്തമം.

൧൬൩. വിദ്യയിൽ വിനയമുളവാം;
സദ്യസ്സമ്മതി വരുത്തിടും വിനയം;
സമ്മതിയാൽ ധനം,—അതിനാൽ
ധർമ്മം, ധർമ്മത്തിനാൽ വരും സുഖവും.

൧൬൪. നല്ല വിദ്യ വശമായിരിക്കിലി-
ങ്ങില്ല കുക്ഷി നിറവാനിടാൻ പണി;
രാമ രാമ ഇതി ചൊല്ലിയന്നമ-
ങ്ങൊരാളും ഭക്ഷിപ്പതില്ലയോ?

വിദ്വാൻ.

൧൬൫. വിദ്വാൻ ചെയ്തിടുമധ്വാനം വിദ്വാൻ തന്നെയറിഞ്ഞിടും;
മലടിക്കീററുനോവിൻറെയറിവുണ്ടാവതെങ്ങനെ?

൯൬. ഹന്ത, ഒരു ഹംസമിരിക്കേണ്ടോരാം സരസ്സിന്നുളവാം പ്രഭ
തീരം തിങ്ങി നിരന്നുള്ള ബകപങ്ക്തികളാൽ വരാ.

൯൭. യാതൊന്നു വിദ്വാൻപാദത്തിൻപൊടിയാൽ പരിപാവ
അതേ ഭവനം;-മല്ലെന്നാൽ കേറാം തരു ലപ്പൃമാം. (നം,

൯൮. പാദങ്ങൾകൊണ്ടു ലോകത്തിൽ ശാരദാശ്രമമേറവും
സ്പഷ്ടമാക്കിച്ചമയ്ക്കുന്ന കലായോരു തൊഴുന്നു ഞാൻ.

൯൯. മഹാനുഭാവസംസർഗ്ഗം മഹത്താം നാംകളവാരം;
മുത്തുപോൽ വിലസീടുന്നു പത്മപത്രസ്ഥിതം ജലം.

൧൦൦. അത്ഭുതംസാരസാമർത്ഥ്യം ശാസ്ത്രജ്ഞന്മാരെത്രയും!
അന്യരെയോഗത്തിൽനിന്നിട്ടവർ ബോധിത്ത്യാനിരും.

൧൦൧. ആദിത്യാദികളാലും ആർ ചന്ദ്രാദികളിലും
സൂരിവാക്യങ്ങളിലോളും ഗുരുവിട്ടു നശിച്ചിടാ.

൧൦൨. പ്രമാണം ദൈവമെന്നോ തൻയത്നമെന്നോ നിനച്ചിടാ,
കവി ശബ്ദാർത്ഥങ്ങളെപ്പോൽ വിദ്വാൻ രണ്ടുമെടുത്തിടും.

൧൦൩. വിദ്വാനില്ലാത്ത ദിക്കിങ്കൽ ശ്ലാഘ്യനാമല്പബുദ്ധിയും;
മരമില്ലാത്ത ദേശത്തിലാവണക്കാണു വൃക്ഷം.

൧൦൪ ജനങ്ങളുരുത്തീടുന്ന നന്മതിന്മകൾ കേട്ടുടൻ (ൽ.
വിദ്വാൻ നന്മയെടുക്കും,പാൽ നീരിൽനിന്നന്നമെന്നപോ

൧൦൫. വിദ്വത്ത്വം നൃപാലത്വമിവ തുല്യങ്ങളല്ല താൻ;
സ്വദേശേ പൂജ്യനാം ഭൂപൻ;വിദ്വാൻ സർവ്വത്ര പൂജ്യനാം.

൧൦൬. കണ്ഠിൽ കട പിടിച്ചോനിൽ മത്തുണ്ണികളെന്നപോൽ
ബുദ്ധിയാൽ ശൂന്യനാമോനിലെത്തിടാ ഭിപ്രസന്നായം.

൧൦൭. സത്യം തപം ജ്ഞാനമഹിംസ പിന്നെ
വിദ്വൽപ്രണാമം സുമനോജ്ഞശീലം
ഇതൊക്കെയും ചേർന്നവനാണു വിദ്വാൻ;
പഠിച്ചവൻ കേവലമല്ല വിദ്വാൻ.

വിനയം.

൧൦൮. ഒഴിഞ്ഞിട്ടുള്ള പാത്രങ്ങളുണ്ടാക്കുന്നു മഹാരവം; (സു.)
നിറഞ്ഞുള്ളോരു പാത്രത്തിലുണ്ടാകാ ശബ്ദഡംബരം.

൧൦൯. ബന്ധുതാം കൂപ്പമേവുന്നോർ
ബന്ധം വിട്ടൊന്നു പൊൽകിലും
ഹന്ത! കേട്ട സമാധാനം
ചിന്തിച്ചോതായ്ക യോഗ്യമോ? (ല. ക.)

൧൧൦. വാർദ്ധക്യമരണാവസ്ഥാവിവിധാർത്തിവിചാരണാ
വിനയത്തിന്നു നല്ലോരു ജനയിത്രി നിനയ്ക്കണം. (സു.)

൧൧൧. വിനയം കൂടാതുള്ളോരു
വിദ്യ നിതാന്തം വിശിഷ്ടയെന്നാലും
വിലസീടാതെ വിശേഷണ-
വിഷയമതായിബ്ഭവിച്ചിടും നൂനം.

൧൧൨. വിദ്യയും വിനയവും കലരുന്നോർ
വന്ദ്യരാകുമഖിലർക്കുമജസ്രം;
സ്വർണ്ണവും മണിയുമായിടചേർന്നാൽ
കണ്ണിനാർക്കു കിലതിമോദം?

൧൧൩. മരങ്ങളും താഴുന്നു ഫലങ്ങളാലേ;
ഘനങ്ങളും താഴുന്നു ജലങ്ങളാലും;
ധനങ്ങളാൽ സാധുജനങ്ങളും; കേൾ,
ഗുണങ്ങളുള്ളോർകളിതിന്നുമത്രേ.

വ്യായാമം.

൧൧൪. ശരീരായാസമുണ്ടാകും കർമ്മം വ്യായാമമായതും;
അതു ചെയ്തിട്ടു ദേഹത്തെ മർദ്ദിച്ചീടുക വേണ്ട പോൽ. (യാം

൧൧൫. വ്യായാമം ശക്തിപോൽ ചെയ്കിലംഗികൾക്കതു വൃദ്ധി
ബലം കവിഞ്ഞുള്ളാരംഭം ക്ഷയം തന്നെ വരുത്തിടും.

൧൧൬. യഥാക്രമം യുക്തിപൂർവം വ്യായാമമനുവാസരം
ചെയ്തീടിൽ ദേഹലഘുതോന്മേഷകൃദ്ബലദായകം. (സു.)

൨൪൭. ഗ്ലാഡ്സ്റ്റൻ വ്യായാമാർത്ഥം
വിറകുകൾ വെട്ടുന്ന വൃത്തിയാണല്ലോ;
ലാഘവകരമെന്നാലും
ലാഘവകരമല്ലിതെന്നു കരുതേണം. (സ്വ.)

ശകുനം.

൨൪൮. യാത്രയ്ക്കു ശകുനം ജീവൻ, ഗാർഗ്ഗ്യൻ ചൊല്ലുന്നുഷസ്സിനെ,
ജനാർദ്ദനൻ വിപ്രവാക്യം, മാണ്ഡവ്യൻ താൻ മനോജയം.

൨൪൯. ഇതിൽ മാണ്ഡവ്യന്റേല്ലോരു മതമാണു മഹത്തമം; (സ്വ.)
മനോനിശ്ചയമാണല്ലോ പാർക്കിൽ സർവ്വാർത്ഥസാധകം.

ശത്രു.

൨൫൦. എന്തെല്ലാമാകിലും സാക്ഷാൽ ശത്രുതന്നോടിണങ്ങൊലാ;
വെള്ളം ചൂടുപിടിച്ചാലും കെടുത്തീടുന്നിതഗ്നിയെ.

൨൫൧. വനത്തിൽ മേവിട്ടു തപസ്സു ചെയ്യും
മുനിക്കുമോർത്തീടുകിലസ്ഥലത്തിൽ
മിത്രങ്ങളും വൈരികളും ക്രമേണ
മദ്ധ്യസ്ഥരായുള്ളവരും ഭവിക്കും.

ശാന്തി.

൨൫൨. ശാന്തസ്വഭാവമേവങ്കൽ സ്ഥിരമായ് വിലസുന്നു കേൾ,
അവനേ മാന്യനായുള്ളോനവൻ താൻ കൃതകൃത്യനാം.

൨൫൩. യെവനേ ശാന്തിയുള്ളോനെല്ലാന്തനെന്നുരചെയ്യണം;
ധാതുശോഷിക്ഷയത്തിങ്കൽ ശാന്തിയില്ലാത്തതാർക്കഹോ!

൨൫൪. സന്തോഷാമൃതസംതൃപ്തശാന്തസ്വാന്തന്നെഴും സുഖം
അങ്ങുമിങ്ങുമഴന്നീടും ധനലുബ്ധന്നു കിട്ടുമോ?

൨൫൫. കീഴ്പ്പെട്ടു നോക്കീടുന്നോനിലതൃപ്തിയണയാ ഭുവി;
മേല്പെട്ടു നോക്കീടുന്നാകിൽ ദരിദ്രൻ ദൃഢമേവനും.

൧൧൬. അന്നദിവസമനൎത്ഥം വല്ലതും മിക്കവാറും
മനുജനു സഹജം താൻ വന്നുകൂടുന്നതോൎത്താൽ;
ക്ഷമയൊടതിനെയെല്ലാം സാവധാനം സഹിച്ചി-
ട്ടമരുകയതു നൂനം പൌരുഷം ധൎമ്മസാരം. (ഇം. ത.)

സജ്ജനം.

൧൧൭. സത്തായീടിന ശീലത്താൽ ജയിക്കാം മൂന്നു ലോകവും;
സത്സ്വഭാവിക്കു ലോകത്തിൽ സകലം സാധ്യമാം സദാ.

൧൧൮. പരാനുഗ്രഹതാൽപര്യം സഹജം സത്തുക്കൾക്കിഹ;
തൻമെയ്യ് തണുപ്പിപ്പാനല്ല ചന്ദനങ്ങടെയുത്ഭവം.

൧൧൯. ശിഷ്ടസംഗമഹോ! കഷ്ടം; ദുഷ്ടസംഗം ഗുണം തുലോം;
ശിഷ്ടർതൻവിരഹത്തിങ്കൽ സ്പഷ്ടം പൊട്ടുന്നു നെഞ്ചകം.

൧൨൦. തനിക്കുള്ളോനന്യനായോനെന്നു ഭേദം നിനപ്പവൻ
അല്പനാണു;-ഉത്തമന്മാൎക്കീ ഭൂമി തന്നെ കുടുംബമാം.

൧൨൧. സമ്പത്തും ദുഷ്ടരായുള്ളോൎക്കൊടുവിൽ ദുഃഖഹേതുവാം;
സുഖത്തിലവസാനിക്കുമാപത്തും സത്തുക്കൾക്കഹോ!

൧൨൨. ഉത്തമൻ ചെയ്തിടും കൎമ്മം തന്നെ ചെയ്തിടുമന്യരും;
അവനുള്ള പ്രമാണം താൻ ലോകങ്ങൾക്കും പ്രമാണമാം.

൧൨൩. പ്രസാദം വദനത്തിങ്കൽ കാരുണ്യം ദൎശനത്തിലും
മാധുൎയ്യം വാക്കിലും ചേൎന്നുള്ളവനേ പുരുഷോത്തമൻ.

൧൨൪. അധമൻ ധനമിച്ഛിക്കും; ധനമാനങ്ങൾ മധ്യമൻ;
ഉത്തമൻ മാനമിച്ഛിക്കും; മാനമത്രേ മഹാധനം.

൧൨൫. വജ്രത്തിലും കഠിനമായ് പൂവിലും മൃദുവായിടും
മഹാന്മാരുടെ ചിത്തത്തെയറിഞ്ഞീടുവതാരഹോ!

൧൨൬. ദുൎജ്ജനം മൺകുടംപോലെ ഭേദിക്കാം, ചേൎക്കുവാൻ പണി;
സജ്ജനം പൊൻകുടംപോലെ ചേൎക്കാം ഭേദിക്കദുൎഘടം.

൧൨൭. സംഗദോഷത്തിനാൽ ഭേദം സത്തുക്കൾക്കു വരാ ദൃഢം;
സൎപ്പങ്ങൾ ചുററിയെന്നാലും ചന്ദനം വിഷമാൎന്നിടാ.

൧൩൮. പരകാന്താദേഹയേ സ്പൃഷ്ടൻ, ഏകാന്തസമയത്തിലും;
സമ്പത്തിലും ക്ഷതിയിലും മഹാന്മാരൊരുപോലെയാം.

൧൩൯. കോപിപ്പിക്കുകിലും തെല്ലുമിളകാ സാധുമാനസം;
ചൂട്ടെരിച്ചു പിടിച്ചീടിൽ കടൽവെള്ളം തിളയ്ക്കുമോ?

൧൪൦. പരോപദേശസാമർത്ഥ്യം സമ്പാദിപ്പാനെളുപ്പമാം;
സ്വയം ധർമ്മമനുഷ്ഠിക്കുന്നവനത്രേ മഹാൻ ഭുവി.

൧൪൧. അടി കൊണ്ടിട്ടു കീഴ്പ്പെട്ടു പോകിലും പന്തുയർന്നിടും;
സാധുവൃത്തരെഴും താഴ്ച ദീർഘമായ് നിലനിന്നിടാ.

൧൪൨. ക്ലേശക്ഷോഭം സഹിച്ചീടാനുത്തമൻ തന്നെ ശക്തനാം;
ശാണോല്ലേഖനമേറ്റിടാൻ മണി താൻ, മണലല്ല കേൾ.

൧൪൩. സജ്ജനം ദുഷ്ടസംഗത്താൽ സ്വഭാവത്തെ വെടിഞ്ഞിടാ
കാകസംസർഗ്ഗമുണ്ടായാൽ കുയിലിന്നൊച്ച മാറുമോ?

൧൪൪. മഹാനുപദ്രവിച്ചീടുന്നവനും ഗുണമേകിടും;
ദഹിക്കും ബാഡവാഗ്നിക്കും തൃപ്തിയേകുന്നു സാഗരം.

൧൪൫. ഉപകാരികളിൽ സാധുവെന്നാലെന്തുള്ളു സാധുത?
അപകാരികളിൽ സാധുവായവൻ തന്നെ സാധുവാം.

൧൪൬. സാധാരണതരുവെന്നോ-
ർത്തീ ഞാൻ തടവും രചിച്ചതില്ല തവ;
ചമ്പക! സംപ്രതി മണമിയ-
ലും പൂവാൽ നീ തന്നു മമ നാണം.

൧൪൭. സാധുഗുണാമൃതമോതാൻ
സാമർത്ഥ്യം സജ്ജനത്തിനേയുള്ളൂ;
പുതുമാമ്പൂമധുവുണ്മാൻ
കൗശലത കുയിലിന്നു തന്നെയോർക്കേണം.

൧൪൮. സത്തുക്കളുടെ മനമത്രേ-
യത്യന്തം കഠിനമെന്നു ചൊല്ലേണം;
വജ്രവുമപ്പൂനിയാ-
ലൊട്ടുമതിൽ ഭേദമേശുകില്ലല്ലോ.

൩൪൯. ദുഷ്ടനെ മുൻപേ നിൎത്തി-
    ദ്ദുഷ്ടജനത്തെജ്ജയിക്കണം സുജനം;
    ബാണനെ വെൽവാനായ് സുമ-   .
    ബാണപിതാവും ജരത്തെ വിട്ടല്ലൊ.

സത്യം.

(ബാലാൽ

൩൫൦. സത്യം ചൊൽവതിനായ് തന്നൊരു കാരികരിയെ നാം
    അന്യഥാ വിനിയോഗിക്കിൽ സഹിക്കാ ജഗതീശ്വരൻ.

(സാ.)

൩൫൧. അശ്വമേധസഹസ്രത്തെസ്സത്യത്തോടൊത്തു തൂക്കവേ
    വൈശിഷ്ട്യമധികം കണ്ടു സത്യത്തിന്നു പിതാമഹൻ.

(യം;

൩൫൨. സത്യവും പ്രിയവും ചൊൽക; ചൊൽകൊലാ സത്യമപ്രി
    കള്ളമായ് പ്രിയവും ചൊല്ലായ്ക;-തേ ധൎമ്മം സനാതനം.

൩൫൩. വിദ്യയാലും തപസ്സാലുമാത്മാ, ബോധത്തിനാൽ മതി,
    ജലത്താൽ ദേഹവും, നേരാൽ മനസ്സും ശുദ്ധമായിടും.

൩൫൪. സത്യം മാതാ, പിതാ ജ്ഞാനം, ധൎമ്മം ഭ്രാതാ, കൃപാ സഖി,
    ശാന്തി ഭാൎയ്യാ, ക്ഷമാ പുത്രനേവമാറെന്റെ ബാന്ധവർ.

൩൫൫. നേത്രശുദ്ധവഴിയേ നടക്കണം;
    വസ്ത്രശുദ്ധമുദകം കുടിക്കണം;
    സത്യശുദ്ധവചനം കഥിക്കണം;
    ചിത്തശുദ്ധനിലയാചരിക്കണം.

സദാചാരം.

൩൫൬. ശ്രീയുമായുസ്സുമെന്നല്ല സൎവ്വത്ര ശുഭകീൎത്തിയും
    പുരുഷന്നു ലഭിക്കുന്നു സദാചാരത്തിനാലിഹ.

൩൫൭. വിഹാരാഹാരസംശുദ്ധ്യാ ഹൃദയം ശുദ്ധമായ് വരും;
    ശുദ്ധമാം ഹൃദയത്തിങ്കൽ സ്വയമീശൻ വിളങ്ങിടും.

൨൬൮. പ്രാണൻ പോവാൻ തുടൎന്നാലും കൎത്തവ്യത്തെ നടത്തണം
പ്രാണൻ പോവാൻ തുടൎന്നാലുമകൎത്തവ്യം നടത്തൊലാ.

൨൬൯. ദുഷ്ടസംഗം ത്യജിക്കേണം; സാധുസംഗം ഗ്രഹിക്കണം;
പുണ്യം രാപകൽ ചെയ്യേണം; മരണം നിത്യമോൎക്കണം.

൨൭൦. ദാനത്താൽ സുഖമുണ്ടാകും, ബുദ്ധിയും വൃദ്ധസേവയാൽ,
അഹിംസയാൽ ദീൎഘമായുസ്സെന്നു ചൊല്ലുന്നു സൂരികൾ.

൨൭൧. ആയുസ്സു ധനമുൽകൃഷ്ടസ്വഭാവം നല്ല സന്തതി
ഇവയെല്ലാം ലഭിച്ചീടും സദാചാരമതൊന്നിനാൽ.

൨൭൨. ദാരിദ്ര്യമാമയം ദുഃഖമിവയാലാൎത്തരായിടും
ജനങ്ങളെ യഥാശക്തി സഹായിക്കുക സൎവ്വദാ.

൨൭൩. നമുക്കുണ്ടാകുമാപത്തു സൎവ്വം സൂക്ഷ്മമോൎക്കിലോ (സ്വ.)
നമ്മൾചെയ്യുമൊരോവൃത്തിദോഷത്താൽതന്നെന്നിസ്സംശയം.

൨൭൪. മധുരാന്നാദിവസ്തുക്കളശിച്ചീടൊല്ലയേകനായ്;
ആകാ സൎവ്വത്ര വിശ്വാസ;-മാകാ സൎവ്വത്ര ശങ്കയും.

൨൭൫. പിപീലികാദിയെപ്പോലുമാത്മതുല്യം നിനയ്ക്കണം;
സത്തുക്കളായുള്ളവരെസ്സൎവ്വദാ സൽക്കരിക്കണം.

൨൭൬. ജനനത്തിൻസ്വൎഗ്ഗതം പാൎത്തിട്ടോരോരോ തക്കമൊത്തപോ
പ്രവൎത്തിച്ചീടുകണം മോദം പരാരാധനദക്ഷനായ്. (ൽ

൨൭൭. ദയയും ദാനവും ദേഹമനോവാഗ്ദമവും സദാ
സ്വാത്മബുദ്ധി പരാത്മത്തിലിവയാം സജ്ജനവ്രതം.

൨൭൮. അല്പം പകലുമെപ്പൊഴും കഴിച്ചീടുന്നതൊന്നിതി
എല്ലാനേരവുമോൎമ്മിച്ചീടുന്നവൻ ദുഃഖിയായ്വരാ.

൨൭൯. പശുവോ സൽപുമാനോ ഞാനായതിന്നെത്തുവൃത്തിയാൽ
എന്നേവം പരിശോധിക്ക നാൾതോറും നിജവൃത്തിയെ.

൨൮൦. തനിക്കു ശത്രുവാരെന്നുമാൎക്കു താൻ ശത്രുവെന്നതും
അവമാനം രാജകോപമിവയും വെളിവാക്കൊലാ.

൨൮൧. ധൎമ്മാൎത്ഥകാമങ്ങളെന്യേ കൎമ്മമൊന്നും തുടങ്ങൊലാ;
അന്യോന്യബാധ കൂടാതെയാചരിക്കയവറ്റെയും.

൧൱൨. വിദ്യയിൽ പുത്രനെച്ചേൎക്ക, കന്യയെസ്സൽകുലത്തിലും;
ധൎമ്മത്തിൽ ബന്ധുവെച്ചേൎക്ക, വ്യസനേ രിപുതന്നെയും.

൧൱൩. മദമില്ലാത്തവൻ ശ്രീമാൻ; തൃഷ്ണയില്ലാത്തവൻ സുഖി;
വിശ്വാസമുള്ളവൻ മിത്രം; വിജിതേന്ദ്രിയനേ പുമാൻ.

൧൱൪. സത്യം മാത്രം നിന്നുടെ
വാക്കിനലങ്കാരമെന്നു കരുതേണം;
നിത്യം നിന്നുടെ വേഷം
ക്ഷമമായ് വിനയം കലൎന്നിരിക്കേണം. (സു.)

൧൱൫. ശ്രേയസ്സന്യനു വന്നാൽ
ഭൂയസ്സമോദമാൎന്നു വാഴേണം;
ആയുസ്സനുദിനമൊരുപോൽ
പോയിസ്സഹസാ നശിപ്പതോൎക്കേണം. (സു.)

൧൱൬. അന്യന്നു ദുഃഖമെന്തേ വരുത്തിടാതെ
ദുഷ്ടന്റെ ഗേഹത്തിലണഞ്ഞിടാതെ
ക്ലേശത്തെയാത്മാവിനു നൽകിടാതെ-
യുണ്ടാവതൊട്ടെങ്കിലതേറ്റമേറം.

൧൱൭. യാചിച്ചിടുന്നവനെ വല്ലതുമേകിടാതെ
മോചിക്കയും പരിഹസിക്കയുമൊട്ടുമാകാ;
ക്രോധിച്ചിടും രിപുവിലും ശുഭമേകുവാനായ്
മോഹിച്ചു തന്നെ മരുവീടുക ശാന്തിപൂൎവ്വം.

സംസൎഗ്ഗം.

൧൱൮. ധനയൌവനസംയുക്തനായവൻ സാധുസംഗമം
ഇല്ലായ്കിലതിചാപല്യം കാട്ടും "കപി കണക്കിനെ".

൧൱൯. ഗുണവാനോടു ചേൎന്നിടിൽ വലിപ്പം വരുമല്പനും;
പൂമാലയിൽ കലൎന്നുള്ള നാരും മേവുന്നു മൌലിയിൽ.

൧൱൰. ദുൎജ്ജനസംസൎഗ്ഗത്താൽ
സജ്ജനവും ഹന്ത! ദുഷ്ടരായിടും;

ലവണം പെരുകലൎന്നാൽ
സുമധുരജലവും ദുഷിച്ചിടുന്നില്ലേ?

൨൱൮. നല്ലവരോടൊത്തു വസിക്കം
നിൎമ്മലജനമോടു ചേൎന്നുവെന്നാകിൽ
കലുഷസലിലവുമതിജവ-
മമലിതമാകമില്ല കില്ലേതും. (രാ. മാ.)

൨൱൯. കാകൻ കറുത്തോൻ; കുയിലും കറുത്തോൻ;
ഭേദം നിനച്ചാലിതവൎക്കില്ലാ;
വസന്തകാലം വഴിപോലണഞ്ഞാ-
ലറിഞ്ഞിടാമായവൎതൻവിശേഷം.

൨൱൰. സന്തോഷമായ ഫലിനത്തിന്റെ ഭാവമെന്നും
സൌശീല്യശാഖിയതിന്നുമദന്തിയെന്നും
സൽബോധമാകിന വിളക്കിന വായുവെന്നും
സത്തുക്കളും ദുൎജ്ജനസമാഗമമോതിടുന്നു.

സഹായം.

൨൱൰൧. സഹായമില്ലാതെ കാൎയ്യം സാധിക്കില്ല സമൎത്ഥനും;
ഉമി വേൎപെട്ടുവെന്നാകിലരി തെല്ലും മുളച്ചിടാ.

൨൱൰൨. നിസ്സാരനും കാൎയ്യലാഭം നൽസഹായത്തിനാൽ വരും;
മലയാറാഴിയെത്തുന്നു കായലോടു കലൎന്നുടൻ.

൨൱൰൩. പ്രതിബന്ധമുള്ള കാൎയ്യം
സാധിക്കുന്നതു സഹായവാനത്രേ;
കണ്ണുണ്ടെങ്കിലുമിരുളിൽ
കാണുവാൻ കഴിവില്ല ദീപമില്ലെങ്കിൽ.

സഹോദരൻ.

൨൱൰൪. ദേശം തോറും ലഭിച്ചീടും ഭാൎയ്യയും ബന്ധുവൎഗ്ഗവും;
കാണുകില്ലതുപോലൊക്ക സോദരന്മാരെയെങ്ങുമേ.

സ്വഭാവം.

൨൨൭. മനസ്സിലുള്ള ഭാവത്തെയല്ലാൽ പ്രത്യക്ഷമാക്കിടും
മനുജർക്കുള്ളോരാകാരം മറഞ്ഞിടാ മറച്ചാലും.

൨൨൮. അന്യോപദേശം ചെയ്യുമ്പോൾ സർവ്വരും സുജനങ്ങളാം;
തൻകാര്യം വന്നടുക്കുമ്പോൾ സൌജന്യത്തെ മറന്നു
(പോം.

൨൨൯. ഉണ്ടാകുമൽപലം മത്സ്യമാംസലെന്നിതുകൾക്കഹോ!
വെച്ചേറെ ഗന്ധമാകുന്നു ജലമൊന്നിച്ചുവെങ്കിലും.

൨൩൦. നളിനങ്ങൾക്കു ചുവപ്പും
സുജനത്തിന്നിഹ പരോപകാരിതയും
ഖലനു ദയാഹീനതയു-
മുലകിൽ നിനച്ചാൽ സ്വഭാവസിദ്ധം താൻ.

ശ്രീ

സുഭാഷിതരത്നാകരം.

രണ്ടാം പ്രകരണം.

അതിതപം.

൧. അതിപരിചയമൂലം ഹന്ത! വൈരസ്യമാകും
മതിയതിലുളവാകും സംശയം ലേശമില്ല;
മതിമുഖി! മൃഗനാഭികളുള്ള സൌരഭ്യമെല്ലാൻ
കൊതിയൊടുമപ്പെൺമാരംവാണിജന്നോക്കിലുണ്ടോ? (രാ. മാ.)

൨. പുതുമതിയെ വണങ്ങുന്നോവരും, പൂർണ്ണനായി-
ട്ടുദിതമിയലവനുണ്ടായാലുമോർക്കില്ല പിന്നെ;
അതിപരിചയമാകും മാനമില്ലാതെ തീരും;
പുതിയതിലിഹ വിർക്കും കൌതുകം മികവാകും.

അരോഗത.

൩. ഇഷ്ടാഹാരവിഹാരസേവ, സുവിചാ-
രത്തിന്നു പിൻപുള്ളതാം
ചേഷ്ടാ, ദുർവിഷയപ്രസക്തിയെയുപേ-
ക്ഷിച്ചീടുകെന്നിത്തരം
ശിഷ്ടാചാരഗണം യഥാക്രമമനു-
ഷ്ഠിക്കുന്നവർകൾ പരം
തുഷ്ടിക്കാസ്പദമാമരോഗത വിള-
ങ്ങീടുന്നു സർവ്വാത്മനാ. (സു.)

൪. ഈ വിശപ്പത്തികൾ, നന്നായുണ്ടാകിൽ, മനുജ-
ർക്കീശാനുഗ്രഹത്താൽ

ൎക്കെവന്നീടുന്ന ഭാഗ്യങ്ങളിലതിമഹിതം
രോഗഹീനത്വമത്രെ;
ഹാ! വൎദ്ധിക്കും മഹാദുസ്സഹഗദനിരയാൽ
ഗ്രസ്തരായന്യസൌഖ്യം
ജീവിച്ചീടുന്നതേക്കാൾ "മരണമതു ഭവി-
ക്കുന്നതാണിന്നു ഭാഗ്യം".

൭. കീലം പോയ് പാദമൂന്നാക്കുതിരയതിരയം
കോലുമക്കാലൊടിഞ്ഞി-
ട്ടാലസ്യം പൂണ്ടു സേനാപതിയുമടനഗ-
ത്ത്യന്തരം പിന്തിരിഞ്ഞു
ത്ത്വാലംബം വിട്ടു നേരം ഭടതതി ഭയ-
പ്പെട്ടു പോർ വിട്ടവൎകൊ-
ട്ടോലോലം രാജ്യവും പോയിതു; സകലമിതിൻ-
മൂലമക്കീലമല്ലോ.

അഹങ്കാരം.

൮. ഏതാനും ദിവസംവരെയ്ക്കു നിലനി-
ന്നീടുന്നതാണെന്നതും
സ്ത്രീതാഹംകൃതിഭാരമുള്ളിലതുലം
താരുണ്യമാൎന്നീടവേ
വീതാശങ്കമഹോ! നികൃഷ്ടത വരു-
ത്തീടുന്ന പാപങ്ങളെ
ശ്രീതാവും ജനനം കലൎന്ന ജനവും
ചെയ്യുന്നതത്യത്ഭുതം.

ആഡംബരം.

൧. ആഡംബരമില്ലവനെ-
സ്സൂരികൾ പോലും സമാദരിച്ചീടും;

മലിനാംബരമാം കാലേ
സൂൎയ്യാലോകനമതും ലഭിച്ചീടാ.

ആത്മപ്രശംസ.

൮. നിജഗുണവിസ്മരണത്താൽ
ചിലന്തി കീഴ്പ്പെട്ടഹോ! പതിക്കുന്നു;
വീണ്ടുമതില്ലാതാകി-
ട്ടുന്നതമാം പദത്തിലെത്തുന്നു.

ആശ.

൯. നിസ്സാരവും സിദ്ധിയായ്കിലത്യാശയെ വളൎത്തിടും;
സസാരവും സിദ്ധമാകിലനാസ്ഥയെ വരുത്തിടും. (സ. ച.)

൧൦. വേഴാമ്പൽ വേനലതിലുററൊരു ദാഹമാൎന്നും
ഊഴിസ്ഥമാകിയ ജലത്തെ നിനച്ചിടാതെ
കേഴുന്നു കാർനിര വെടിഞ്ഞൊരു വിണ്ണിൽ നോക്കി;
മാഴ്കും വിശേഷവിധിയിൽ കൊതിയുള്ളവൻ താൻ.

ഈശ്വരൻ.

൧൧. പ്രതിമയിലല്ലീശ്വരനെ-
ക്കാണുവതാത്മാവിലാണു യോഗിജനം;
പ്രതിമകൾ വച്ചിട്ടുള്ളതു
സാധാരണലോകഭാവനയ്ക്കത്രേ.

൧൨. മായാമയം സൎവ്വമിപ്രപഞ്ചം
മനുഷ്യമോഹത്തിനു സ്ഥാനമത്രേ;
മിഥ്യാഭമം താൻ സുഖദുഃഖഭാവം;
സത്യം പരം ദൈവമതൊന്നു മാത്രം. (ഇം. ത.)

൧൩. ആരാണു വിണ്ണിലനിശം ക്ഷിതിഗോളമേവം
നേരായി നിൎത്തുവതു നിസ്തുലശക്തിയോടെ?

ആരാണു നേത്രസുഖദങ്ങളാം വിചിത്രവസ്ത്ര-
ധാരങ്ങളാം മണ്ണിൽ വിളയിപ്പതു നിഷ്പ്രയാസം? (സ്വ.)

൧൪. ഉണ്ടാക വർദ്ധന ഭവിക്കു നശിക്കയേവ-
മെണ്ണറ്റ വസ്തുവിനു;-മെങ്കിലുമിപ്പരിത്രി
വീണ്ടും ദിനംപ്രതി പരം നവയൌവനശ്രീ
പൂണ്ടിങ്ങു കണ്ടിടുവതാരുടെ ശക്തിമൂലം? (സ്വ.)

൧൫. നിഷ്കൃതമായ നിയമത്തൊടു മാത്രമാഴി-
തന്നിൽ കവിഞ്ഞു കയറുന്ന കരയ്ക്കു നിത്യം;
എണ്ണീടുവാനൊരുവനും കഴിയാത്ത ശക്ത്യാ
മണ്ണീവിധം സദയമാരു ഭരിച്ചിടുന്നു? (സ്വ.)

൧൬. തന്നോടു ചേർന്നൊരു പദാർത്ഥസമൂഹമെല്ലാം
തന്നെച്ചുറ്റിരിഞ്ഞു ചിതറാതിരിപ്പതിന്നായ്
ആകർഷണാത്മകതയാമൊരു ശക്തി ഭൂമി-
ക്കേകുന്നതിന്നു കരുണാകരനാരരുളിച്ചു? (സ്വ.)

൧൭. ഒന്നായി വീഴുകിൽ നശിക്കുമിതാകെയേകീ-
ട്ടൊന്നാരു തോയമഖിലം ഘനപങ്ക്തി വിണ്ണിൽ
നന്നായ് നിറുത്തിയതിലുള്ള ജലത്തെയോരോ
ബിന്ദുക്കളായിവിടെ വീഴ്ത്തുവതാരു സൂക്ഷ്മം? (സ്വ.)

൧൮. നല്ലോരു വെണ്മ കലരും മണലിൽ സ്വയം നൽ-
പ്പുല്ലങ്കുരിച്ചു വിലസുന്നതിനെന്തു മൂലം?
ചൊല്ലാർന്നിടും ഹരിതവർണ്ണവുമായതിങ്കൽ
കല്യാണശില്പരുചിരത്വവുമാരു നൽകി? (സ്വ.)

൧൯. മാലേറ്റിടുന്ന വെയിലോടിഹ ലോകരെല്ലാം
ജോലിത്തിരക്കുകൾ കഴിച്ചുടൻ വിശ്രമിപ്പാൻ
ചേലിൽത്തുടങ്ങുമൊരു യാമിനിയിങ്കലോമൽ
പാലൊത്ത നൽക്കുളുർനിലാവിനെയാരു നൽകി? (സ്വ.)

൨൦. പാരാകെ ഭൂമിയഖിലം ബത! ഭസ്മമാക്കാൻ
പോരുന്ന ഘോരകരനാം രവിതന്നെ വാനിൽ
പാരിന്നു രക്ഷയരുളുന്നതിനുന്ന സമ്യഗ്-
ദൂരത്തിലാരധികസുസ്ഥതയോടു നിർത്തി? (സ്വ.

൨൧. മന്നിങ്കലിങ്ങതിസഹസ്രകവത്സരത്താൽ
വന്നെത്തിടും ദ്യുതിയെഴും ബഹു താരജാലം
ചെമ്മേ വിഹായസി പരത്തി മഹാവിശാലം
ബ്രഹ്മാണ്ഡമേവമഖിലവാക്കിയതാരു പാർത്താൽ? (സ്വ.)

൨൨. ചൊണ്ണുന്ന മിൻകണങ്ങൾ വിട്ടിഹ നമ്മൾ ചെയ്യും
ഗോളാസനങ്ങളിൽ പലതിങ്കലുമിങ്ങമര്യം
ഉണ്ടായിടേണ്ടൊരു വിപത്തുകൾ ലക്ഷമാവു-
മുണ്ടായിടാതെ പരിപാലനമാരു ചെയ്തു? (സ്വ.)

൨൩. സൌഖ്യത്തെയും പവനതിൻമഹിമാതിരേക-
മുമ്പൊക്കൊണ്ടിടുന്നതിനു താന്തകംപ്രകാരം
ദുഃഖത്തെയും നിയതമായ് വിഭജിച്ചു നമ്മൾ
നോക്കുന്ന ദിക്കുകളിലൊക്കെയുമാരു ചേർത്തു? (സ്വ.)

൨൪. ദോഷങ്ങളും ചെയ്യുതിനു നാം തുനിയുമ്പൊഴത്ര-
വേഷം കലർന്നതിതെന്നകതാരതിങ്കൽ
ഭാസിച്ചിടുന്ന വിധമായ് സഹസാ നിതാന്തം
ഭാസിപ്പതാരുടയ ദിവ്യതയാണു ചൊല്ലും? (സ്വ.)

൨൫. തെറ്റിത്തിരിഞ്ഞു ഭരവ്യതി കഴിച്ചിടുന്നോൻ,
കൊണ്ടാടി മേവുമഖിലാവനിപാലനേവം
കണ്ടാലുമം മഹിയിൽ വാഴ്ത്തുതിനുള്ള വാഞ്ഛ-
യുണ്ടായിടുന്നിതൊരുപോലെ;-യിതാരു നൽകി? (സ്വ.)

൨൬. ജ്ഞാനം ജനിക്കിൽ മതി വന്നിടുമെന്ന തത്വ-
ജ്ഞാനം കലർന്ന നരനും മതിമീതിപൂർവം
നാനാസ്വഭാവസകലമൊടിപ്രപഞ്ച-
സ്ഥാനാദി നൽകിടുവതേതൊരു ദിവ്യശക്തി? (സ്വ.)

൨൭. അന്നാൾവരെയ്ക്കു ദാസീമണി വാണതെന്താ-
ണെന്നേതുമുള്ളിലറിയാതെതൊരു ഗോവിന്ദനോർത്താൽ
തന്നോമനപ്രജ ജനിപ്പതിനേരമമ്മ-
ക്കുന്നോരു തൽപ്രണയമാരു കൊടുത്തിതപ്പോൾ? (സ്വ.)

൨൮. ശൃംഗാരയോനികളിലൊന്നു ലേശമുള്ളിൽ
തങ്ങാതെയുള്ള മൃഗപക്ഷിമൃഗാദികൾക്കും

തങ്ങൾക്കെഴും കലവിദ്യയിലി വരുത്തീട്ടൊന്നോ-
രംഗക്രിയയ്ക്കുരിയ കൈതളകമാരു നൽകി? (സ്ഥാ.)

൯. സ്ത്രീപുംസസംഗതിയപത്യമതിപ്പതിന്നാ-
ണല്ലാതെയാതൊരുതരത്തിനായ നീതിവാക്യം
ബോധിച്ചിടാതനുസരിപ്പതിനുള്ള ശീലം
തിര്യക്കുകൾക്കു, മാറ്റു ചിന്തമിതാരു നൽകി? (സ്ഥാ.)

൧൦. ദൂരസ്ഥലത്തിലമരുന്നൊരു പഞ്ചസാര
സാരത്തെയാന്ന നിജനാസികകൊണ്ടറിഞ്ഞു
നേരെയതിങ്കലണയുന്നതിനുള്ള ശക്തി-
യാരാണു നൽകിയതെറുമ്പുകളിൽത്തരംപോൽ? (സ്ഥാ.)

൧൧. നാശം വരാതെ ഭുവനം നിലനില്പതിന്നു-
ള്ളാശാവശേന ജനനത്തിനു തക്കവണ്ണം
നാരീനരത്വം നിയതങ്ങളനേ സവിജാതു-
രാശിക്കു ചേർത്തിടുവതാരിഹ ഭേദഹീനം? (സ്ഥാ.)

൧൨. ഉർവ്വീരുഹങ്ങളിലുമുമ്പനവസ്ഥയൊത്ത-
ഭാവം കലർന്നധികസൂക്ഷ്മതയാർന്ന ബുദ്ധ്യാ
വീക്ഷിച്ചിടുംപൊഴുതപാരകൃപാവിലാസ-
ശ്രീയാർന്ന വിശ്വപതിതന്റെ സ്പൃഹയോ കാണാം. (സ്ഥാ.)

൧൩. ജഗത്തിൽ ദുഷ്ടന്മാർ ചിലർ; ചിലരഹോ!
സത്തുക്കളു;-തിൻ-
നിമിത്തം താനാണവർക്കൊരു മഹാ-
കർമ്മഗതി പോൽ;
കിമർത്ഥം നിർമ്മിച്ചു വിധാതാവതെഴും
സൃഷ്ടി?;-യിതിലെ-
സ്സത്തത്വം ദൈവത്തിന്നൊഴികെയറിയാ-
വല്ലൊരുവനും. (സ്ഥാ.)

൧൪. കത്തീടുന്ന കഠോരമാം വെയിൽകൊ-
ണ്ടേറ്റം തളർന്നുള്ളവ-
നെത്തീടും ജലപാനകാലസുഖമാ-
സൈരാജ്യം സഹിക്കുന്നതോ?

ഇത്ഥം സൌഭാഗ്യമതിൻമഹാത്മ്യമറിവാൻ
ദുഃഖങ്ങളും വ്യക്തമായ്
പൃഥ്വീവാസിജനങ്ങളിൽ സകലലോ-
കേശൻ കൊടുക്കുന്നിതേ. (ആ. ചി.)

൫൧. ഒട്ടേറീടും പ്രപഞ്ചത്തിനു പല പരിണാ-
മാദികാര്യങ്ങളും പാർത്താൽ
ദൃഷ്ടാദൃഷ്ടങ്ങളായുണ്ടു;-വയുടെ ശരിയാ-
യുള്ള ഹേതുക്കളെല്ലാം
സ്പഷ്ടം ചൊല്ലാവതല്ലെങ്കിലുമതിനൊരുവൻ
നാഥനായില്ലയെന്നായ്
കഷ്ടം! ചൊല്ലുന്നു ലോകേ ചില"രിതു കഠിനം
തന്നെ സന്ദേഹമില്ലാ".

൫൨. പൊയ്യല്ലേ ദൈവമുണ്ടെന്നൊരു മൊഴി; ഭുവനം
സംഭവിച്ചു സ്വഭാവാ-
ലിയ്യുല്ലോകത്തിന്റെ സ്ഥൈര്യം പാർ;-മിതി ദുർമ്മുഖർ-
ഘോഷണം ചെയ്യുവോരും
മെയ്യിൽ ദുസ്സാധ്യമാകുന്നൊരു കഠിനഗദം
വന്നുചേരുന്ന നേര-
ത്തയ്യയ്യോ! ദൈവമേ! നിൻഭയമതുളകെ-
ന്നോതിടും വീതശങ്കം. (സ്വ.)

൫൩. ഇല്ലാ ദൈവമശേഷമായ ഭുവനം
താനേ സ്വഭാവത്തിനാ-
ലപ്രയാസേന ഭവിച്ചതാണെ വഴിപോ-
ലെന്നോതുമീ നിങ്ങളും,
അല്ലാ, കണ്ടിതു ദൈവതത്വമഖിലം
വേണ്ടുംവിധം ഞാൻ, സദാ
ചൊല്ലാമായതു സൂക്ഷ്മമെന്നു ചിലരും
ചൊല്ലുന്നു കില്ലെന്നിയേ. (സ്വ.)

൫൪. എന്നാലീ വക രണ്ടു പക്ഷവുമഹോ!
വിശ്വാസ്യമല്ലെന്നു താ-

ന്നെന്നാലോചനതന്നിലുള്ള ദൃഢമാം
　　സിദ്ധാന്തസാരം സഖേ!
നന്നായ് സൂക്ഷ്മതരം പ്രപഞ്ചമഖിലം
　　പാർത്താലിദം യുക്തമാ-
ണെന്നാരും പറയും കുതർക്കരുചിയി-
　　ല്ലെന്നാകിൽ നിസ്സംശയം. (സ.)

൩൯. ഭൂതക്കണ്ണാടി വച്ചിട്ടൊരു ജലകണമി-
　　ങ്ങുറ്റു ശോധിച്ചുവെന്നാൽ
ചേതസ്സിൽ ചേർന്നിടുന്നോരത്ഭുതതരമാ-
　　ശ്ചര്യമെന്തോന്നു ചൊൽവൂ?;
ഉത്തങ്കം വിട്ടു കാണാമതിലനവധില-
　　ക്ഷം ചെറുപ്രാണിവർഗ്ഗം
ശ്രീതങ്കം മട്ടു നീന്തിപ്പുരികൊടു ബത! ജീ-
　　വിച്ചു മേവുന്ന ഭാവം. (സ.)

൪൦. അപ്പോൾ മേല്പെട്ടു നോക്കീടുകിലനവധി ന-
　　ക്ഷത്രജാലങ്ങൾ കാണാം;
കെല്പേറും സൂര്യനേക്കാൾ വലിയതുമവയിൽ
　　കണ്ടിടാം വേണ്ടുവോളം;
കല്പിക്കാവല്ല ഗോളസ്ഥിതിഗതികളെയെ-
　　ന്നായ് മടങ്ങുന്നു പാരിൽ
ചൊല്ലൊണ്ടും പണ്ഡിതന്മാരുടെ പടുധിഷണാ-
　　ഗ്രങ്ങൾ ഭംഗങ്ങളോടേ. (സ.)

൪൧. വാക്കിന്നും ഹൃദയത്തിന്നും വിഷയമ-
　　ല്ലാതുള്ള മാഹാത്മ്യമോ-
ടാക്കം വിസ്മയമേകുമീയനവധി-
　　ബ്രഹ്മാണ്ഡഭാണ്ഡങ്ങളെ
നീക്കം വിട്ടു രചിച്ചു ഹന്ത! നിലനി-
　　ർത്തീടും മഹാശക്തിയെ-
പ്രാജ്ഞന്മാരിഹ ദൈവമെന്നു മൊഴിയാൽ
　　ചൊല്ലുന്നിതെല്ലാവരും. (സ.)

൫൨. അല്ലല്ലാ, പരമാണുസംഹതികൾതൻ-
സംയോഗഭേദങ്ങളാ-
ലെല്ലാമിങ്ങനെയായ് ചമഞ്ഞിരുവതാ-
ണെന്നോതിടുന്നാകിലോ
ചൊല്ലീടാം ജഡഭാവമാർന്നോരവയിൽ
സംയോഗമുണ്ടാകുവാൻ
കില്ലില്ലോർക്ക വേണമപ്പൊഴൊരുവൻ
ചൈതന്യവാനായ് സഖേ! (സു.)

൫൩. വേണ്ടാ, യോഗമതും സ്വഭാവഭവമാ-
ണെന്നാകിൽ വേർപാടുമീ-
യുണ്ടാകുന്നൊരു യോഗവും ബത! വിരോ-
ധം ചേർന്ന ധർമ്മങ്ങളാം;
രണ്ടും കൂടിയിരിക്കയില്ലൊരിടമാ-
ണെന്നല്ലതോ നിർണ്ണയം;
വീണ്ടും വേണ്ടിവരുന്നവശ്യമതിനാൽ
മുൻചൊന്ന ദൈവം പരം. (സു.)

൫൪. ഉണ്ടെന്നല്ലൂ പാർക്കിലേവമറിയാ;-
മല്ലാതെ തദ്വൈഭവം
വേണ്ടുംവണ്ണമറിഞ്ഞിടുന്നതിനു നാ-
മാളല്ലതെല്ലും സഖേ!;
കണ്ടാലും, നരവിഗ്രഹാന്തരമതിൽ-
ത്തത്തുന്നണുപ്രാണിയി-
കണ്ടീടുന്നൊരു കൃമിഗോളനിവയെ-
ക്കാരെന്നതിന്നെങ്ങനെ? (സു.)

൫൫. യാതൊന്നിൽ ദൈവമൊന്നെന്നധികവിശദമായ്
ചൊല്ലീടുന്നശ്രുതം,
യാതൊന്നിൽ ദൈവമാർക്കും സ്ഫുടതരമപരി-
ച്ഛേദ്യനെന്നോതിടുന്നു,
യാതൊന്നാസ്തിക്യമാണ്ടോരതിബഹുമതിയോ-
ടാചരിക്കുന്നു നിത്യം,

യാതൊന്നേകുന്നു നിശ്ശേഷസമസ്തസമഗ്രണം
തന്മതം മന്മതം താൻ. (സ്വ.)

൨൬. നാനാവസ്തുക്കളുണ്ടെങ്കിലുമരിയ ഹരി-
ഭക്തന്മാണിക്യങ്ങൾ-
ക്കാനന്ദത്തെക്കൊടുക്കുന്നതിനുതകിടുവോ-
ന്നെന്നു ലോകപ്രസിദ്ധം;
നൂനം തദ്ഭക്തന്മെല്ലാടവുമിഹ ബഹുവായ്
ചേർത്തതൊന്നോർത്തുവെന്നാൽ
മാനം വിട്ടുള്ള ദിവ്യപ്രഭുവിനുടെ കൃപാ-
വൈഭവത്തെ ഗ്രഹിക്കാം. (സ്വ.)

ഉത്സാഹം. (പരിശ്രമം)

൨൭. പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയല്ലോ
മനുഷ്യനെപ്പാരിലയച്ചതീശൻ. (ഇം. ത.)

൨൮. നമുക്കെഴും വേലകളെത്ര തന്നെ
നിസ്സാരമായ് തോന്നുകിലും മനസ്സിൽ
ഉത്സാഹമോടായവ സൂക്ഷ്മബുദ്ധ്യാ
സമ്പൂർണ്ണമായ് തന്നെ നടത്തിടേണം. (ഇം. ത.)

൨൯. ആലസ്യദുർബ്ബാധയകറ്റി നിത്യം
യത്നിക്ക വേണ്ടുന്നൊരു വേലയിങ്കൽ;
പ്രവൃത്തിയില്ലാതെ വസിച്ചിടുമ്പോൾ
പ്രസക്തി ദുർമ്മാർഗ്ഗമതിൽ ഭവിക്കും. (സ്വ.)

൩൦. ജയം ലഭിച്ചീടുവതിന്നു മുൻപിൽ
പലപ്പൊഴും തോൽവികൾ വന്നുചേരാം;
എന്നാലതിൽ തെല്ലുമലഞ്ഞിടാതെ
യത്നിക്കണം നൂതനശക്തിയോടേ. (സ്വ.)

൧൬. പലപ്പോഴും വന്ന പരാജയത്തെ
ക്ഷമിച്ചു വീണ്ടും ചൊടിയോടു നിത്യം
ശ്രമിച്ചൊടുക്കം ബഹുമാന്യരായ
മഹാത്മരന്മാർകളസംഖ്യരത്രേ. (ഇം. ത.)

൧൭. ശ്രേഷ്ഠർ ചേൎന്നുള്ള മഹത്ത്വമെല്ലാം
പെട്ടെന്നു താൻ കിട്ടിയതല്ല പാരിൽ;
ഇതരർ ശയ്യമേലിങ്ങുറങ്ങീടുമ്പോഴും
തിട്ടം ശ്രമപ്പെട്ടവരൊട്ടനേകം. (ഇം. ത.)

൧൮. പാരിന്തട്ടിൽനിന്നധികതരോജനദ്ദൂരദേശേ
വൎത്തിച്ചീടും ഗ്രഹവിശേഷമറിഞ്ഞിടുന്നു;
ധൂൎത്തല്ലഹോ! കൃതകവൃഷ്ടിയുമുണ്ടി;-തെല്ലാം
പാൎത്താൽ "പ്രയത്നമതുകൊണ്ടു വരാത്തതില്ല."

൧൯. ഭാരതൽകല്പകവൃക്ഷമെന്നു സതതം
സത്തുക്കളോതുന്നതിൽ
പ്രേമത്തോടു പകൎന്നിടുന്നതു ഗ്രന്ഥം
നൽസാരമുത്സാഹമാം;
കാമം ദുൎല്ലഭമായിടുന്ന സമയം
പാഴായ്ക്കഴിക്കും ജള-
ന്മാരാം ഗാഢമതികളലസരിട്ട-
ന്നെന്നാകിൽ നന്നാണതും. (സു.)

൨൦. പണ്ടുള്ളോർ തേടി വച്ചുള്ളൊരു ധനനിരയിൽ
കൈകടത്തിക്കളിക്കാ-
തുണ്ടാക്കി സ്വപ്രയത്നപ്രചുരതയതിനാ-
ലന്നവസ്ത്രാദിയെല്ലാം
വേണ്ടുന്നോരപ്പുലത്തിങ്കലുമൊടു മരുവീ-
ടും നരന്മാരജസ്രം
"രണ്ടില്ലേ പക്ഷ" മിക്കോണിയിലയി സുമതേ!
"പാൎക്കിൽ ഭാഗ്യവാന്മാർ."

൨൧. നോക്കേണ്ടാ ഭാവിയായുള്ളതിനെ, യതധികം
ശ്രേഷ്ഠമെന്നാലു;-മപ്പോ-

ലോകർക്കൊരു തെല്ലുപോലും മനമതിൽ മുതമാം
മൻകഴിഞ്ഞതുമിതും നീ;
തൽകാലം തന്നെ ജീവിപ്പതു; ഗൃഹമതിൽ യ-
ത്നിക്ക; യത്നിപ്പതോ നൽ-
ശ്രേഷ്ഠന്തിരുവടിയേകും ഭുവനപതിയെ മൻ-
നിർത്തിയും തന്നെ വേണം. (ഇം. ത.)

൫൧. വന്നീടും ദൗർവിധ്യാരം ചിലകുറി വലുതാ-
യുള്ളൊരാപത്തു ലോക-
ർക്കു;-ന്നാളാശ്വാസമേകാൻ ഖേദ! തലയിലെഴു-
ത്തെന്നതൊന്നാക്കിവച്ചു;
എന്നാൽ സർവേശസങ്കല്പനായിഹ സകല-
ത്തിന്നുമാം ഹേതുവോർത്താ;-
ലെന്നാലും യത്നമെന്ന്യേ വിധി സകലവുമെ-
ന്നോർക്ക മൂഢതയല്ലോ. (സ.)

൫൨. ദാരോദാരാ ലേഖനങ്ങൾക്കടനടി മറുകു-
ത്തെഴുകിയും, പത്രമെല്ലാം
നേരേ വായിച്ചറിഞ്ഞും, നവനവകവിതാ-
സാരമെല്ലാം ഗ്രഹിച്ചും,
മാരാളുത്സാഹമാർന്നും ദിനമനു കൃതകൃ-
ത്യതയാളുന്നതിനായി-
ട്ടേറീടും "ദുഃഖമല്ലോ ഹരി ഹരി! പരമാ-
നന്ദമിപ്പാരിടത്തിൽ".

ഋണം.

൫൩. ഋണവും പാപവും ചെയ്യും സമയം സുഖമായിടും;
പരിണാമം മഹാദുഃഖകരമായേവരും ധ്രുവം.

൫൪. ഋണം ഭാരമതായീടും വ്രണമെന്നു നിനയ്ക്കണം;
ഋണം സർവ്വകരംകൂടാൻ ക്ഷണനം മതിയതിന്നൊട്ടോ!(സ.)

൫൫. കാലൻ പ്രാണികൾക്കന്ത്യകാലമെന്നേകമാത്രമേ വഴിയോ
ഇല്ലേതും കാലനിയമമെന്നതെന്നെറ്റോ നിശ്ചയം. (ൻ;

൱൨. കടത്തിൽ പെട്ടിടും ധനമതു പല-
    പ്പോഴുമഖിലം
നശിച്ചീടും; സ്നേഹത്തെയുമതു നശി-
    പ്പിക്കുമതുപോൽ;
കടം കൊണ്ടാലധ്വാനവുമഹഹ! മ-
    ന്ദിക്കും;-മതിനാൽ
കൊടുക്കൊല്ലാ വാങ്ങീടുകയുമരുതോ-
    ർത്താലിഹ കടം. (ഇം. ത.)

ഔചിത്യം.

൱൩. അവസരമില്ലാതുള്ളൊരു
നവരസമാം വാക്യവും കഥിക്കുന്നോൻ
സാക്ഷാൽ വാചസ്പതിയെ-
ന്നാകിലുമവമാനമാർന്നിടും നിയതം.

ഔദാര്യം.

൱൪. ദാതാവത്രേ ലോക-
പ്രീതിദ, നല്ലാതെ വിത്തപതിയല്ലോ;
വാരിദഗതിയല്ലാതി
വാരിധിയെപ്പാരിലാരു കാമിപ്പൂ?

൱൫. സമ്പാദനപരനാമീ-
ശംഖനിധി വാണിടുന്നു പാതാളേ;
ഗാംഭീര്യത്തോടു ദാതാ-
വംബുദനതാൻ മുഴങ്ങിടുന്നുപരി.

൱൬. യാചന കേട്ടാൽ മോദം;
ദാനം ചെയ്തിട്ടു പൂർണ്ണസന്തോഷം;
അവനെക്കണ്ടാ, ലഥവാ
കേട്ടാലും സ്വർഗ്ഗസൌഖ്യമുണ്ടാകും.

൯൭. അൎത്ഥികളുടെ ദീനോക്തികൾ
കേൾക്കാതാകാരമാത്രമതിനാലെ
ഇഷ്ടമറിഞ്ഞേകുന്നവ-
രത്രേ ലോകേ മഹാനുഭാവന്മാർ.

൯൮. ദാതാ നീചൻ സേവ്യ;-ന-
സേവ്യൻ ഫലഹീനനാം മഹാനമിഹ;
ദാഹമിയന്നോനാഴിയെ
വിട്ടു ഗമിക്കുന്നു കൂപസന്നിധിയിൽ.

൯൯. ഉപകാരം ചെയ്യാതൊരു
നരനെക്കാൾ നന്നു തൃണമതേ പാരിൽ;
പശുകുലപാലനവും രണ-
ഭീരുജനാവനമതും തൃണം ചെയ്യും.

൱. മരിച്ചുപോകുമ്പൊഴുതൎത്ഥമെല്ലാം
ത്യജിച്ചിടും ലോഭിയുദാരനേറം;
മരിച്ചുപോയീടിലുമൎത്ഥമേതും
വിടാത്ത ദാതാവതിലോഭിയത്രേ.

൱൧. കണ്ടാലുമാദിത്യനുദിച്ചുടൻ നൽ-
ത്തണ്ടാരിനായ് ശ്രീഭരമേകിടുന്നു;
ഉണ്ടാം സമൃദ്ധിക്കു സ്വഹസ്തത്തിൽ നന്മ-
യുണ്ടാക്കുകത്രേ ഫലമോൎത്തിടുമ്പോൾ.

൱൨. വേഴാമ്പലേറ്റമഴലേന്തിയുഴന്നു വെള്ളം
നാലഞ്ചു തുള്ളി മുകിൽതന്നൊടിരന്നിടുന്നു;
അൻപോടതൂഴി മുഴുവൻ മഴയാൽ നനച്ചു-
ന്നു;-ഹോ! വലിപ്പമുടയോരുടെ കൊടുപ്പു കേമം.

കലഹം.

൱൩. കണ്ടിക്കാർവേണിമാരെന്നൊരു വികൃതപരം
സാദ്ധ്യമെന്നിപ്രകാരം

രണ്ടിക്കാതും പ്രപഞ്ചങ്ങളെരിയിപ്പതാ-
ണ്ടാക്കി ദണ്ഡായ്ക്കുവേണ്ടി;
മണ്ടിക്കൊള്ളുന്ന സീതാവിഷയമദനമാൽ-
കൊണ്ടുമന്ന്യായതൃഷ്ണ-
കണ്ടില്ലാൽ വസ്തുയാലും ദശമുഖനാളുവാ-
യില്ലയോ മല്ലനേകം? (സു.)

കവി. (കവിത.)

൧൪. നല്ല കാവ്യം ചമച്ചുള്ള കവീന്ദ്രന്മാർ മൃതരാകിലും
കാലത്തിലൊരുന്നാളവർതൻ കാവ്യദേഹം നശിച്ചിടാ.

൧൫. കവി കാവ്യം ചമയ്ക്കുന്നു; പുകഴ്ത്തുന്നതു പണ്ഡിതൻ;
മരം മലർ പൊഴിക്കുന്നു; മണമേല്ക്കുന്നു മാരുതൻ.

൧൬. കവിസൃഷ്ടിയിൽ മോദിപ്പോൻ കവിതാ, നന്യനല്ലെടോ!
തിങ്കൾക്കാന്തികളാൽക്കൂപം കടൽപോൽകവിയുന്നിതോ?

൧൭. പരന്റെ ഹൃദയേ പാരിപ്പൂരിടുകനമനല്പമായ്
ഏല്ക്കാതിൽ കവിതൻവാക്കും ധാനുഷ്കശരവും വൃഥാ.

൧൮. ശ്ലോകം ശ്ലോകമതായീടും സജ്ജനൈസ്സഭാതലേ;
അസൽസഭയിലെന്നാലോ ലകാരം തത്ര ലുപ്തമാം.

൧൯. സാഹിത്യാസ്വാദവാനന്ദം ബ്രഹ്മാനന്ദസമം മതം;
അത്രമതില്ലാതെയാക്കുന്നപരോരാശിതശോച്യതാൻ. (സു.)

൨൦. മഥിച്ചു നോക്കിടുന്നേരം രസാമൃതപയോധര
ഉദിച്ചിടുന്നില്ലെന്നാകിൽ കാവ്യമുൽകൃഷ്ടമായ്വരാ.

൨൧. രസമൃതത്തിൻശക്തിയാൽ തന്നെ സർവ്വദാ നവയൌവനാ
കാവ്യവിദ്യാ ശ്രുതിഗതാ മൃതന്നും ജീവിതപ്രദാ.

൨൨. പ്രതിഭാജലസമ്പൂർണ്ണമായീടും കവിമാനസേ
ലോകങ്ങളാകുമന്നങ്ങൾ വിളയാടുന്നു സർവ്വദാ.

൨൩. പദ്യം ഹൃദ്യതയാർന്നാൽ
കവിയല്പനുവെങ്കിലെന്തഹോ! ദോഷം?

ഭിക്ഷുകരസ്ഥിതമായോ-
രിക്ഷുവിനുണ്ടോ രസം നശിക്കുന്നു?

൪൫. കവീശ്വരന്മാരുടെ വാക്കിലാരസ
വിജ്ഞാന്തികൾക്കേക രസമുണ്ടാവില്ല;
ചന്ദ്രാംശുവേററാലലിയുന്ന വൃത്തി
ചന്ദ്രാശ്മജാലങ്ങളിൽ മാത്രമത്രേ.

൪൬. പദങ്ങളാം മൺപുള്ളവ തന്നെയെല്ലാ-
മർത്ത്യങ്ങളിലും പാർക്കിലപ്രകാരം;
എന്നാകിലും ബന്ധനകൗശലത്താൽ
നന്നായ് നവത്വം കലരുന്നു കാവ്യം.

൪൭. ദോഷങ്ങളാം ചോരണിയുന്നതിന്നു
മോഹിച്ചിടും ദുർജ്ജനസൈരിഭങ്ങൾ
കവീന്ദ്രവാക്യാമൃതസിന്ധുവിങ്കൽ
കാമം ലഭിക്കാഞ്ഞു വലഞ്ഞിടുന്നു.

൪൮. പാലത്തിന്നു കവിസൂക്തിയൊത്തവി-
ച്ചാലതിങ്കലലിയാത്ത പൂരുഷൻ
മാലതീപരിമളം വിളങ്ങവേ
നാസികാബിലമടച്ചിടും ധ്രുവം.

൪൯. കരിണി നൃപതി പോലും ലാളനം ചെയ്യുമാറു-
ള്ളൊരു വരകളഭത്തെപ്പെററിടുന്നേരെ നാളാൽ;
കിരിയുവതിയനേകം ദുർഗ്ഗം പത്രജാലം
കരുതുകിലതിവേഗാലുത്ഭവിപ്പിച്ചിടുന്നു.

൫൰. സാക്ഷാൽ വാസനയൊന്നിടും കവികളെ-
ന്നോണം വചസ്സിൻഗുണം
സൂക്ഷ്മം പാർത്തു രചിച്ചിടുന്നവരുമി-
പ്പാരിൽ ചുരുക്കം ദൃഢം;
അക്ഷീണം കൃതി തീർപ്പതിന്നുമതില-
ല്ലല്ലോരു മാറെറത്രയോ-
നിക്ഷിപ്പാനൊരാശകരി ജനനാ-
ലുണ്ടാകണം ദിവ്യമായ്. (ഇം. ത.)

൯൧. ഈ ലോകത്തെ വെടിഞ്ഞു ദേവപുരിയിൽ
ചേലോടന്നമരുന്നതെങ്കിലും
പാലൊലും നിജസൂക്തിയാലനിശമി-
ങ്ങാലോലകൌതൂഹലം
മാലോകൎക്കു വളൎത്തിടും കവികളെ-
ക്കാലോചിതസ്തോത്രമോ-
ടാലോചിക്കുകിലേവനങ്ങലിയാത-
ത്താലോമനിക്കാ ഭുവി?

൯൨. മെല്ലേ വച്ചുമൊരോ പദം, ചുഴലവും
ശബ്ദങ്ങളെത്തേടിടും,
നല്ലോരൎത്ഥഗണം കൊതിച്ചിടും, മലം-
കാരങ്ങളും കൈക്കൊണ്ടിടും,
ദോഷമേലാത്ത സ്വൎണ്ണമൊക്കെയുമെടു-
ത്തിടും തരത്തിൽ സദാ
ദോഷാന്വേഷണതൽപരൻ കവിവരൻ
ചോരന്നു തുല്യൻ ധ്രുവം.

൯൩. ഓരോ സാരോപദേശാവലികളെ സരസമായ്
സന്തതം ഹന്ത! നൽകും,
നേരോടേ മാനസാന്തേ നിരുപമതരമാ-
കുന്നൊരാനന്ദമേകും,
വേരോടജ്ഞാനമെല്ലാം കളയും, മതിശുഭം
ചേൎക്കുമേ മേൽക്കുമേലി-
ങ്ങാരോമൽക്കാന്തി തേടും കവിത ഭുവി തരാ-
നുള്ളതെന്തുള്ളൂ പാൎത്താൽ? (സ്വ.)

കൃതഘ്നത.

൯൪. അധമൻ ഞാൻ ജന്തുക്കളി-
ലിതി ഖേദിക്കേണ്ട സാധു ശ്വാനക! നീ;
അതിനീചൻ നിന്നെക്കാൾ
കൃതഘ്നനെന്നുള്ള ശ്വാനകൻതാനല്ലോ.

൯൭. കാൎയ്യം ലഭിച്ചോൻ യജമാനനേയും
സഭാൎയ്യനാൎയ്യഷ്ടുവനമഭയേയും
അപത്യമി സായവപ്പം കാന്തനേയും
ഗതാമയൻ വൈദ്യനെയും ദ്വഷിക്കും.

കൃതജ്ഞത.

൯൮. ബാലത്വപത്തിങ്കലല്പം സലിലമതു കൊടു-
ക്കുന്നതാഹന്ത! ചിന്തി-
ച്ചാലസ്യം വിട്ടു ഭാരം നിജശിരസി വഹി-
ച്ചിട്ടു മൎത്ത്യൎക്കനല്പം
നാളികേരങ്ങളേകുന്നമൃതസദൃശമാം
ജീവനം; ജീവനെത്ത-
ന്നോളം സത്തുക്കളിൽ ചെയ്യുന്ന ഗുണമവർ തെ-
ല്ലും മറക്കില്ല പാരിൽ.

൯൯. പാലാദ്യം തൻകലാൎന്നുള്ളോരു ജലമതിനായ്
നൽകി സൎവ്വം ഗുണൌഘം;
പാലിൻതാപത്തെ വീക്ഷിച്ചഥ സലിലവുമ-
ഗ്നിയിലല്ലോ! നശിച്ചു;
പാലും മിത്രാൎത്തി കണ്ടിട്ടനലനിലണവാ-
നാഞ്ഞു വീണ്ടും ജലത്തെ-
ച്ചാലേ കൈക്കൊണ്ടടങ്ങീ; കരുതുക വഴിപോൽ
സത്തൎക്കുൻമൈത്രിയേവം.

കോപം.

൱. രോഗങ്ങൾക്കാകരം ദേഹം; കാമിനീ കലഹാകരം;
നാശങ്ങൾക്കാകരം കോപം;- മാരോ പരിഭവാകരം.

൱൧. കോപത്തെസ്സതതം ജയിച്ചുടനട-
ക്കീടുന്ന വിദ്വജ്ജനം;
കോപത്താൽ ജിതമായിടുന്നൊരപരം
നിസ്സാരമാകും ജനം;

ഏവം തോറെറാരു വസ്തുവോടു സഹസാ
തോല്ക്കുന്നൊരാൾക്കുള്ള ദുർ-
ഭാവം ചേരുന്നൊരു വൈരസ്യമതികഠം-
ക്കെറേതാറും ചെയ്യുന്നഹോ!

ഗർഭരക്ഷ. (സ്വ.)

൯൯. ഗർഭം ധരിച്ച സമയം മുതലക്കയായെ-
ന്നൽപ്പുല്ലപത്രമിഴിയുള്ളിലുറച്ചിടേണം;
അക്കാലമായവളിലുള്ളൊരു വൃത്തിയെല്ലാം
പിൻകാലമുള്ള ശിശുവിലും നിഴലിക്കുമല്ലോ.

൧൦൦. ഭക്ഷിക്കൊലാ ലഹരി നിർമ്മദാം ഗുരുത്വം
തീക്ഷ്ണത്വമെന്നിവ കലർന്ന പദാർത്ഥമേതും;
ഭക്ഷിച്ചുകൊൾക മിതമായ് ശുചിയായ് ശരീരം
രക്ഷിച്ചിടാനുതകിടും ലഘുവായ ഭോജ്യം.

൧൦൧. ശീലിക്കണം വിമലമായ് മൃദുവായ വസ്ത്രം;
പാലിക്കണം ശുചിതയോടനിശം സ്വഗാത്രം;
ശീലിക്കണം വിമലവായുവുമായ വസ്ത്രം;
ശീലിക്കൊലാ നനവെഴും വസനാദി മെയ്യിൽ.

൧൦൨. ആയാസമേറുമതൊന്നിലുമെങ്കിലും താൻ
വ്യായാമമായവിധമായ് നിറവേററിടേണം;
ഭീയാർത്തിയെന്നിവയെ നൽകുമവസ്ഥയൊന്നും
ധീയാൽ തൊടാതെ പരിതുഷ്ടി കലർന്നു വാഴ്ക.

൧൦൩. രാവിൽ പയോജമിഴി നിദ്രയൊഴിഞ്ഞുവെന്നാ-
ലാവിർഭവിക്കുമതിദോഷമതോർത്തിടേണം;
ആകാ മലർന്നു ശയനം, പകൽ നിദ്രചെയ്യ;-
യാകാ വിപത്തിവളുമകത്തു കലക്കമേതും.

൧൦൪. കൊള്ളാത്ത വസ്തുവിലുമാശയനല്പമായി-
ട്ടുള്ളത്തിലേറി വിളയാട്ടകിലായതല്പം
പുള്ളിക്കുരംഗമിഴി പഥ്യസമേതമയ്യോ-
കൊള്ളാമൊരിക്കൽ നിജതാപമകററുവാനായ്.

൧൦൩. അഭ്യംഗസൌഖ്യമതിദൃഷ്ടി കലൎന്നു നിത്യ-
മഭ്യംഗവും സമുചിതം നിറവേററിടേണം;
ഗൎഭങ്ങളാൎന്ന സതിമാർ പറയുന്ന യുക്തി-
ഗൎഭങ്ങളായ വചനങ്ങളുമോൎത്തിടേണം.

൧൦൪. ഉണ്ടായി ഹന്ത! മലബന്ധമതെന്നുവന്നാ-
ലുണ്ടാം പ്രസൂതിയിലനല്പതരപ്രയാസം;
തണ്ടാർദളാക്ഷിയതിനാൽ നിജകോഷ്ഠശുദ്ധി-
യുണ്ടാക്കിടും വിധി യഥാവിധി ചെയ്തിടേണം.

൧൦൫. സത്യം പ്രസന്നത ദയാ ശമമേവമാദി
കൃത്യം വിടാതനുസരിച്ചു വസിച്ചിടേണം;
സത്യസ്വരൂപി സകലേശ്വരനെസ്സഭക്ത്യാ
നിത്യം ഭജിക്കണമതാണതിയായ ധൎമ്മം.

൧൦൬. ഈവണ്ണമുള്ള വിധി സൎവ്വമുമാചരിച്ചു
മേവുന്നുവെങ്കിൽ വിഷമസ്ഥിതിയെന്നതൊന്നും
കൈവന്നിടാതെ സുഖമായ് ശുഭമാമപത്യ-
മാവിൎഭവിക്കുമതിനില്ല വിവാദലേശം.

ഗാംഭീൎയ്യം.

൧൦൭. വാട്ടുന്നൊട്ടേടമെവൻ; വിബുധതതി മഥി-
ക്കുന്ന മന്ഥാചലത്താൽ;
പെട്ടെന്നെത്തുന്നൊരേടം നദികൾ;-ളനിമിഷ-
ഗ്രാഹവൃന്ദപ്രചാരം
കെട്ടില്ല;-ഒപ്പം ഹരിക്കുന്നവക;-മിഹ വണി-
ക്കും ചരിക്കുന്നിതെന്നാ-
ലിട്ടും ലംഘിച്ചതില്ലസ്ഥിതിയെയുദധി; ഗാം-
ഭീൎയ്യമഹോ! വിശിഷ്ടം.

ഗുണം.

൧൧൦. ഗുണമില്ലാത്തവനും തന്നുടെ
ഗുണമറിവതു പാരിലന്യനാലത്രേ;
കണ്ണുകൾ നിജമഹിമാനം
കാണ്മതു കണ്ണാടിതന്നിലാണല്ലോ.

൧൧൧. ഗുണവാന്മാർ വലയുന്നു;
സൌഖ്യം പ്രായേണ നിർഗ്ഗുണർക്കത്രേ;
കൂട്ടിലടയ്ക്കും കിളിയെ; യ-
ഥേഷ്ടം കാകൻ ചരിച്ചിടുന്നു സദാ.

൧൧൨. പിണങ്ങൊലാ ചെറുതൊരുത്തനോടും;
പിണങ്ങുകിൽ തൻസമനോടു തന്നെ
പിണങ്ങിടേണം; കുറവല്ലയെന്നാൽ
ഗുണങ്ങളുള്ളോർക്കണുതും പോകും.

൧൧൩. നല്ലോരു മാന്യതയെഴുന്ന ഗുണം പുമാനിൽ
തെല്ലോളമെങ്കിലുമിരിക്കിലമന്ദമോദം
സല്ലോകമായതരുളും; ഗുണഹീനനായോ-
നല്ലോ സ്വയം ബത! പുകഴ്ത്തുവതോർത്തുകണ്ടാൽ. (സു.)

൧൧൪. ഉണ്ടാകും കൌതുകം ഗുണങ്ങളിയലു-
ന്നോനിൽ ഗുണജ്ഞർക്കതു;
ഉണ്ടാകില്ലതു നിർഗ്ഗുണം ഗുണലവം
തീണ്ടാതവർക്കേതുമേ;
വണ്ടാരാൽ വിപിനത്തിൽനിന്നു സരസം
തണ്ടാരിലെത്തുന്നു;-തിൻ-
തണ്ടോടൊത്തു വസിച്ചിടുന്ന തവള-
യ്ക്കുണ്ടോ രസം തെല്ലതിൽ?

൧൧൫. ശിഷ്ടന്മാർവദനത്തിൽ നല്ല ഗുണമാം
ദോഷം; തഥാ നൽഗുണം
ദുഷ്ടന്മാർക്കുമുഖത്തു ദോഷമതുമാ-
മാശ്ചര്യമില്ലിങ്ങിതിൽ;

പെട്ടെന്നപ്പുജലം കുടിച്ചു ഘനമേ-
കീടുന്നു ശുദ്ധം ജലം;
തിട്ടം പാലു കുടിച്ചു പന്നഗവുമേ-
കീടുന്നു ഘോരം വിഷം.

൫൫. നന്മയൊട്ടധികമാന്ന പൂതഭാവ-
ങ്ങൾ ചേരുമൊരു ദോഷവും
നന്മയിൽ പ്രണയമുള്ള ലോകരൊരു
കാൎയ്യമാക്കിയുരചെയ്തിടാ;
വെണ്മയേററമിയലും മൃഗാങ്കന്റെ
ബിംബമദ്ധ്യഗതമങ്കവും
സമ്മദാകലതയോടു തന്നെയിഹ
നോക്കിടുന്നിതു സമസ്തരും.

ഗുരുഭക്തി.

൫൬. അദ്ധ്യാപകൻതൻപദഭക്തി കേട്ടി-
ട്ടോത്താരു കണ്ടാലു മഹത്ത്വമെന്താ;
ശാണോപലത്തിൻറ വരാന്നു രത്നം
ക്ഷോണീശമൂർദ്ധാവിൽ വിളങ്ങിടുന്നു.

൫൭. വൈദേഹിതൻനൂപുരമിങ്ങു കണ്ടേൻ
മോദേന ഹേ ലക്ഷ്മണ! നോക്കിടാനീം;
അന്വേഷണംചെയ്യുക മററു ഭൂഷാ-
വൃന്ദത്തെയും നീയിഹ കാനനത്തിൽ.

൫൮. അറിഞ്ഞുകൂടാ മമ കങ്കണാദി-
ഭൂഷാഗണം ശ്രീരഘുനാഥ! തെല്ലും;
അറിഞ്ഞിടുന്നേനനിശം പദാബ്ജം
നമിക്കയാൽ നൂപുരമൊന്നു മാത്രം.

൫൯. ഗുരുജനമുരചെയ്യും ശാസനം കേൾപ്പതിന്നാ-
യ്ത്തരകുതുകം പൂണ്ടെപ്പൊഴും വാണിടേണം;

ദുരിതനിര വരുത്തും ദുഷ്ടമാൎഗ്ഗേണ പോയി-
ട്ടരുതരുതു പാരം ദുസ്സഹം തന്നെ നൂനം. (സ.ച.)

ഗൃഹസ്ഥവൃത്തി.

൧൨൧. ന്യായാൎജ്ജിതം ദ്രവ്യമിയന്നു തത്വ-
ജ്ഞാനത്തൊടാഗന്തുകമിത്രമായി
ശാസ്ത്രജ്ഞനായ് സത്യവചസ്സുമായ
ഗൃഹസ്ഥനത്രേ ഭുവി മാനനീയൻ.

൧൨൨. അന്നാളോളം സചിത്ര്യാ ബുധനു മഹിതയാം,
വൃത്തിയും ശുദ്ധയാകും,
നന്നായ് വൈദഗ്ദ്ധ്യമോലും കവിതയുമുളവായ്
വന്നിടും വേണ്ടവണ്ണം,
എന്നാ പാകത്തിനായിട്ടരിന ഗൃഹിണീ
വീട്ടിലും കൂട്ടി വന്നി-
ട്ടിന്നല്ലും നാസ്തി തൈലം നഹി ലവണവുമി-
ല്ലെന്നു ചൊല്ലുന്നതില്ലേ.

ഗ്രഹണം.

ചന്ദ്രഗ്രഹണം.

൧൨൩. രാഹുവെന്നു പറയുന്നൊരു ഭൂമി-
ച്ഛായ ചെന്നിഹ മയൂഖകളാലേ
ഓഷധീശനുളവായിതു പാരം
രോഷമാൎന്ന വധുവിൻ മുഖസാമ്യം. (സ.ച.)

സൂൎയ്യഗ്രഹണം.

൧൨൪. പാരം കാന്തി തനിക്കു വേണ്ടവിധമായ്
നല്കി പ്രകാശിക്കുമ-
ബ്ജൻതൻപ്രഭയെത്തരത്തിലൊരുനാ-
ളപ്പം മറച്ചീടുവാൻ

ദ്ദുരന്തികൾ വസിച്ചിടുന്ന ശരീരിതാ-
നാളാസ്ഥയന്നോർക്കിലി-
പ്പാരിൽതന്റ്പ്രളവിന്നു ജോഷനിരയെ-
ഭൂഷൻ വന്നുതുന്നപോൽ. (സ. ച.)

ജന്തുഹിംസ. (സ. ച.)

൨൱൫. ഉൽകൃഷ്ടമാം ധമ്മമഹിംസയെന്നു
നിസ്തൃഷ്ണമോതുന്നു മഹാജനങ്ങളും;
ശ്രദ്ധാശയം ചേൎന്നൊരു ബുധന്മാരുള്ള
സിദ്ധാന്തസാരത്തെയുമോർത്തിടേണം.

൨൱൬. കാളിക്കേറ്റവുമിഷ്ടമാണിതു കഴി-
ച്ചീടുന്നതെന്നന്ധരാ-
മേളിക്കുന്നൊരു മൂഢബോധമതിനാൽ
സാധുക്കളാം ജന്തുക്കളെ
ചീളെന്നങ്ങനെ വെട്ടിവെട്ടി രുധിരം
പായിപ്പതോൎത്തീടുകിൽ
കാളും ദുഃഖകരം പരം ദുരിതമാ-
ണെല്ലാതെയില്ലേതുമേ.

൨൱൭. കോഴിയാടുമുതലായ ജന്തുനിര-
യെപ്പിടിച്ചു കൃപയെന്നിയേ
പാഴിൽ വെട്ടുവതുകൊണ്ടു ദേവിയുടെ
നൽപ്രസാദമുളവാകിലോ
ഊഴിതന്നിൽ നിജപുത്രസന്തതിവ-
ധത്തിനാൽ ജനനിയായിടും
കേഴമാനിനിയിലും വിഷമതി-
യായ മോദമതു നിശ്ചയം.

ജീവകാരുണ്യം. (സ്വ.)

൱൨൮. ജീവകാരുണ്യമുണ്ടായാലീശഭക്തി വളൎന്നിടും; (ശം.
ഭക്തിയാൽ ജ്ഞാനമുണ്ടാകും; ജ്ഞാനം മോക്ഷത്തെയും ത

൱൨൯. ജീവകാരുണ്യമില്ലാതെ കേവലം സ്വാൎത്ഥബുദ്ധിയായ്
മേവിടുന്ന പുമാൻ ഭാരം ഭുവിനേകുന്നു നിഷ്ഫലം.

൱൩൦. വസ്തുതസ്സ്വാൎത്ഥതൽപരന്മാരും സിദ്ധിച്ചുള്ളവനെങ്കിലോ
നിത്യവും ജീവകാരുണ്യമത്യന്തം സ്വീകരിക്കണം.

൱൩൧. എല്ലാവരെയുമാത്മപോൽ വഴിപോലെ രക്ഷി-
ച്ചെല്ലാടവും വിലസിടും ഭുവനൈകനാഥാ!
കല്യാണമോടഖിലജന്തുഗണത്തിലാത്മ-
തുല്യാധികപ്രിയതയേകണമേ ഗുണാബ്ധേ! (ഇ. ന്യാ.)

ജീവിതം.

൱൩൨. സമാനിടും വചനം,
സതിയായ് സാപത്യയായിടും ഭാൎയ്യ,
ദാനസമേതം ധനമിവ-
യുള്ള പുമാൻതന്റെ ജീവിതം സഫലം.

൱൩൩. എല്ലാവരും പാൎക്കിലൊന്നുപോലെ-
യല്ലൽപ്പെടാനായിഹ സൃഷ്ടരത്രേ;
കൃപാലുവായോന്യപരാൎത്തിയിങ്ക-
ലല്ലാത്തവൻ തദ്വ്യസനത്തിലും കേഠം. (ഇം. ത.)

ദാരിദ്ര്യം.

(വ

൱൩൪. സൽകുലം വിദ്യ സൌശീല്യം ശൌൎയ്യം സൌന്ദൎയ്യമെന്നി
നോക്കിക്കന്യയെ വിദ്വാൻ പോൽ വിധിയേകും ദരിദ്രത.

൱൩൫. നരകത്തെദ്ദുഃഖമെന്നിങ്ങുരചെയ്യുന്ന മാനവർ;
ദാരിദ്ര്യാധികമാം ദുഃഖമില്ല കാലത്രയത്തിലും.

൧൨൩. തരികെന്നരചെയ്യുന്നോരുള്ള ദുഃഖം ഗ്രഹിക്കുകിൽ
ദാതാവവന്നു നല്കീടും സ്വമാംസം കൂടെ നിശ്ചയം.

൧൨൪. മുന്നോട്ടാശ വലിക്കുന്നു, പിന്നോട്ടങ്ങനെ നാണവും;
അവസ്ഥീടയിലൂഞ്ഞാൽപോലാടുന്നർത്ഥികമാനസം.

൧൨൫. ദക്ഷിണാശയിൽ വർത്തിച്ചു കരം നീട്ടുന്നസൂര്യനും
കുറഞ്ഞീടുന്നു തേജസ്സു; പരന്റെ കഥയെന്തഹോ!

൧൨൬. മലിനൻ വ്യാധിതൻ മൂഢൻ പ്രവാസീ നിത്യസേവകൻ
അഞ്ചുപേരിവർ ജീവിച്ചു വാഴ്കിലും മൃതതുല്യരാം.

൧൨൭. ദാരിദ്ര്യമാർന്നവരെയായവർതൻശരീരേ
ചേരുന്ന മാംസമതു കൂടെ വെടിഞ്ഞിടുമ്പോൾ
ദാരങ്ങളും ബന്ധുസുതസഞ്ചയമെന്നിതെല്ലാം
ദൂരെ ത്യജിച്ചിടുവതത്ഭുതമോ നിനച്ചാൽ?

൧൨൮. മുൻചേഷ്ടയുള്ളതു തന്നെയിന്ദ്രിയഗണം,
സംസാരവും, ചേതു, മൽ-
കമ്പം വിട്ടോരു ബുദ്ധിശക്തിയുമഹോ!
പാർത്തീടിലെന്നാകിലും
വൻചേതം ധനമൊന്നു മാത്രമകല-
ത്തായുന്ന നേരം പുമാ-
നവനോ! പുനരന്യനെന്നതുകണ-
ക്കായ് വന്നിടുന്നത്ഭുതം!

൧൨൯. ശ്രേഷ്ഠന്മാരോടടുത്താൽ കുറയു,മധമരോ-
ടെപ്പോഴും ചേർന്നു വാഴും,
കൂട്ടീടും യോഗ്യരായുള്ളവരിലധികമീ-
ർഷ്യാഭരം, സൽസദസ്സിൽ
വാട്ടം ചേർക്കും, സ്വകൃത്യങ്ങളുടെ വഴി പിഴ-
പ്പിച്ചകൃത്യത്തിലാക്കും
മൌഢ്യത്തിൻ ജ്യേഷ്ഠനോ ഹേ! പറയുകനുജനോ
ഹന്ത! ദാരിദ്ര്യദുഃഖം. (സ്വ.)

൧൩൦. ഉണ്ടാകിൽത്തൻഗൃഹത്തിൽത്തരമൊരു വഴിമേൽ
ബുദ്ധിമുട്ടെന്നതൊട്ടും

വേണ്ടാ, കിട്ടും വിത്തം; ധനരഹിതന്നു താ-
ന്നൂട്ടിലും കിട്ടുകില്ലാ;
കൊണ്ടാടേണ്ടുന്ന പിച്ചിക്കുസുമതതിയതി-
ന്നെന്നിയേ കിംശുകത്തി-
ന്നുണ്ടാമോ കണ്ടിവാർകേശികൾമുടിമന്നമേ-
ല്പുന്ന ഭാഗ്യം നിനച്ചാൽ? (സ്ര.)

൫൯൧. വേണ്ടോളം ദ്രവ്യസമ്പത്തൊടു, കൊടിയ ദരി-
ദ്രാർത്തി ബോധിച്ചിടാതേതാ-
നുണ്ടോ മാറത്തുള്ളവക്ഷോജഫലിനരുടെ വലി-
പ്പം ഗ്രഹിപ്പാനെളുപ്പം?
രണ്ടോ മൂന്നോ മറികാവ്യവുമൊരുവിധമു-
ള്ളിൽക്കടത്തിക്കൃതിക്കായ്-
കൊണ്ടോരോന്നോർത്തു ചൊല്ക്കുന്നവരുടെ പണി ബോ-
ധിക്കുമോ സൽകവീന്ദ്രൻ? (സ്ര.)

൫൯൨. നിന്ദിക്കുന്നമ്മ;-യൊന്നും സഹജനരുളുകി-
ല്ലാ;-ഭരിക്കില്ല പുത്രൻ;
നന്ദിക്കുന്നില്ല താതൻ; പ്രിയതമ വിമുഖി;
ഭൃത്യനും കോപിയത്രേ;
എന്നോടർത്ഥത്തെ യാചിച്ചിടുമിതി നിനവാൽ
കാണുമേയില്ല മിത്രം;
നന്നായാരക്ഷിക്ക നിത്യം ധനചയ;-മതിനാൽ
സർവ്വരും വശ്യരത്രേ.

ദുർജ്ജനം.

൫൯൩. പ്രതികൂലം പ്രവർത്തിക്കും ദ്രോണിയും ദുഷ്ടവാണിയും;
ലോകപ്രതാരണത്തിന്നായാരു തീർത്തിതു ദാരുണാ?

൫൯൪. ക്ഷയിക്കുംതോറുമെത്തീടും മിത്രാന്തികമതിൽ ക്രമാൽ,
അകലും വൃദ്ധിയിൽ ദോഷാകരൻ കേൾ മലിനാശയൻ.

൫൯൫. വിശിഖവ്യാലശസ്ത്രങ്ങൾക്കന്ത്യവസ്തുക്കൾകൊണ്ടു താൻ
നിർമ്മിതന്നു പരപ്രാണഹരണം ഖലനല്ലയോ?

൧൬൯. നവവല്ക്കങ്ങളുരിഞ്ഞതാൽ
ശിവനുപദേശിപ്പതിന്നു ഇനിയുന്നു,
വസനവുമശനവുമന്നാൽ
വൈശ്രവണനെയും ഹസിച്ചിടുന്നു ഖലൻ.

൧൭൦. പാത്രമപാത്രമതാകും
സ്നേഹഗുണങ്ങൾക്ക നാശവും ചെയ്യും
അമലേ മലമുണ്ടാക്കും
ദീപത്തിൻജ്വാല പോലെ ഖലമൈത്രി.

൧൭൧. ബഹുധാന്യഖണ്ഡനത്തെ
സ്വമുഖത്താൽത്തന്നെ ചെയ്തു സന്തതവും
പതനസ്വഭാവമിയലും
ഖലനും മുസലത്തിനും നമസ്കാരം.

൧൭൨. തലയതിൽ വച്ചെന്നാലും
സ്നേഹത്താൽ നിത്യമുപചരിച്ചാലും
മടവാർകുഴൽപോൽ നീചൻ
കൌടില്യത്തെ ത്യജിക്കയില്ലേതും.

൧൭൩. വിശ്വസിച്ചുപകരിച്ച നിർമ്മല-
സ്വാന്തനിൽ ദുരിതമാചരിച്ചിടും
ദുഷ്ടനാകിയ പുമാനെയംബ! ഹേ
ഭൂമി! നീ ബത! വഹിപ്പതെങ്ങനെ?

൧൭൪. കല്ല്യാമൃതം സുകവിരസം വെടിഞ്ഞു
ദോഷങ്ങൾ കാണ്മാൻ വലയുന്നു ദുഷ്ടർ;
പൂങ്കാവിലെത്തിയൊട്ടകത്തിൻ-
നോട്ടങ്ങൾ മുള്ളുള്ള മരങ്ങൾ കാണ്മാൻ.

൧൭൫. അന്യന്നു മോദമുളവാക്കിന നന്മയൊന്നും
തന്നിൽ പെടാഞ്ഞൊരതിതുച്ഛനതായ മർത്ത്യൻ
അന്യന്റെ ദോഷമുളി സ്വജനത്തിനേറെ-
മന്യൂനമോദമരുളുന്നതിനന്നിടുന്നു.

൧൭൬. മല്ലാസനൻ ഖലനെ നിർമ്മിതിചെയ്തതിങ്കൽ
വില്ലുകളില്ല ഗുണമേ സ്വജനത്തിനുള്ളൂ;

അല്ലികളൊന്നിട്ടിരട്ടു കരുട്ടുകല്ലു-
മില്ലെങ്കിലക്കമണികൾക്കു മഹത്വമുണ്ടോ?

൫൭. ഉടൽ കഴുകുവതിന്നും പൂരണം പൂണ്മതിന്നും
വടിവൊടു ജലപാനത്തിന്നുമൊന്നിന്നുമല്ലാ,
സ്ഫടികവിമലതോയേ ചേർ കലക്കാൻ സരസ്സി-
ന്നുടയ നടുവതിങ്കൽ കാസരം മുങ്ങിടുന്നു.

൫൮. മേലക്ഷേമം വരുവതിനെയോ-
ർക്കാതെകണ്ടാത്മരാജ്യാ-
ബാലക്ഷേമം കരുതിയിതരോ-
പദ്രവം ചെയ്തു നിത്യം
ശീലക്ഷേപം ശിവശിവ! ഗണി-
ക്കാതെ മേവും നരൻതൻ-
കാല "ക്ഷേപം വളരെയെളുതെ-
ക്കുമീ വിഷ്ടപത്തിൽ."

൫൯. പുല്ലും നൽജലവും പ്രമോദമിവയാൽ
കാലം കഴിച്ചെത്രയും
നല്ലോണം മരുവും മൃഗങ്ങൾക്കു ബാധവും
സത്തുക്കളും സർവ്വദാ;
വല്ലാതായവരോടു വേദനമഹോ!
കൈവന്നാനാം ദുഷ്ടനാം
ചൊല്ലാമേറെ വിരോധമെന്തു സഖേ!
നിഷ്കാരണം കേവലം.

൬൦. ഏറ്റം ദുസ്സഹമായിടും ചുടുചുളെ-
ക്കത്തുന്ന നോവേകിടും,
മാറീടും നിജഭാവവും, ബത! മറ-
ച്ചീടും സദ്ബോധത്തെയും,
പാറിക്കുന്നിതു ജീവഹാനിയെയുമി-
ങ്ങത്യന്തഘോരം വിഷം
ചീററം ചേർന്നിടുമദ്വിജിഹ്വരിലെഴും
ദുർവ്വാക്കു പോലോർക്കുകിൽ. (സു.)

൱൫. ധൂമം വല്ലവിധത്തിലും ജലദമായ് -
ത്തീൎന്നിട്ടു വഹ്നിക്കെഴും
ധാമം വൎഷജലങ്ങൾകൊണ്ടഥ നശി-
പ്പിക്കുന്നി; വണ്ണും പരം
കേമത്തം ചലനം കലൎന്നു, വളരും
ഗൎവ്വത്തിനാൽ നീതിയെ-
ക്കാമം ഹന്ത! വെടിഞ്ഞു തൻകുലമതിൻ-
നാശം വരുത്തുന്നു താൻ.

൱൬. മാവല്ലോരുടെ മൎമ്മസന്ധികളും പിള-
ൎന്നീടും ദ്വിജിഹ്വാത്മജ-
ണ്ടു, റ്റിട്ടങ്ങനെ രക്തമെപ്പൊഴുതുമ-
ന്നേഷിച്ചു തോഷിച്ചിടും,
മാറീടും കുടിലത്വമോടു തെളിവി-
ല്ലാതുള്ള മാൎഗ്ഗങ്ങളിൽ
ചാരം സൎപ്പവുമോൎക്ക ദുൎജ്ജനവും
ജ്യേഷ്ഠാനുജന്മാർ സഖേ! (സ.)

൱൭. മാവല്ലോരുടെ നന്മ കണ്ടധികമായ്
പാരിട്ടസൂയാഭരം
തെറ്റെന്നായവരെദ്ദുഷിക്കുവതിനായ്
മറ്റും പ്രയത്നിച്ചുടൻ
പൊറ്റം ശങ്ക വെടിഞ്ഞു കൃത്രിമവച-
സ്സൂരോതുവാനെപ്പൊഴും
ചാരം ദുൎജ്ജനൊരിക്കലും ഗുണഗണം
പാറില്ല തെറ്റില്ലിതിൽ. (സ.)

൱൮. സന്തോഷത്തെ വെടിഞ്ഞ ദാന,-മുപകാ-
രത്തെ മറന്നീടുക,-
ത്യന്തം ദുഷ്ടരെ വാഴ്ത്തിയോതുക, മഹാ-
ന്മാരെപ്പഴിച്ചീടുക,
സന്താനേ സൽകഥ കേൾപ്പതിങ്കൽ മടിയെ-
ന്നിച്ചൊന്നതെല്ലാം തിക-

ച്ചേൎന്നീടുന്നവനാണു ദുഷ്ടമതിയീ
ലോകത്തിൽ നിസ്സംശയം.

൬൫. ഗന്ധം വന്നരികത്തണഞ്ഞു മധുരം
ശബ്ദിച്ചു മേവും, തരം
മന്ദിക്കാതഥ നോക്കി നിഷ്ഠുരനായ്
മൎമ്മങ്ങളം ഭേദിച്ചിടും,
ഗന്ധാക്ഷം കലരാതെയെത്തുമകലെ-
പ്പായികിലും വീണ്ടുമീ
മന്നിൽ ദുഷ്ടജനം നിനയ്ക്കിൽ മശകം-
തന്നോടു തുല്യം സഖേ!

൬൬. നേരം ധൎമ്മവും വെടിഞ്ഞു നരനെ
ക്രോധാഗ്നിയേറിക്കവി-
ഞ്ഞോരാൽ വന്നണയുന്ന രോഗിവരനെ-
ക്കാളും ഭയന്നീടണം;
ഘോരൻ രോഗിവരൻ കടിക്കിലൊരുവൻ
മാത്രം നശിക്കുന്നിതു;-
ക്രൂരൻതന്നുടെ ദുഷ്ടവൃത്തിയിൽ നശി-
ച്ചീടുന്നനേകം ജനം.

൬൭. സ്പഷ്ടം താൻ ഗുണദോഷമൊക്കെ വഴിപോൽ
ശിഷ്യൎക്കവമോതിടിലും
ദുഷ്ടാത്മാവിയലുന്ന ബോധലവവൎ-
വൈശദ്യമേറും ജനം
കഷ്ടം! മൂഢപരമ്പരാഗതദുർ-
വ്യാപാരമൊട്ടെങ്കിലും
“വിട്ടീടുന്നതസാദ്ധ്യമെന്നു ദൃഢമായ്-
ത്തോന്നുന്നിതെന്നാശയേ.”

൬൮. ദുഷ്ടന്മാരൊടു നല്ല മാൎഗ്ഗമുപദേ-
ശിപ്പാൻ തുനിഞ്ഞീടൊലാ
ശിഷ്ടന്മാരൊരുനാളും;- മനതിൽ മഹാ-
ദോഷങ്ങളും രോഷമുളവാം;

ദുഷ്ടത്വം വിടുകില്ല ദുഷ്ടരൊരുത്തിനെ-
ന്നല്ലോ! സദാ ദുഗ്ദ്ധം-
സ്സിക്തം,' ചൊലമ സൃഷ്ടിചെയ്ത വഴിപോൽ
ഘോഷിക്കുമെല്ലാടവും. (സ.)

൨൯. ആരോ നല്ലുപദേശമൊട്ടുവളരെ-
ച്ചൊല്ലിപ്പഠിപ്പിക്കിലും
പാരിൽ ദുർമ്മതിയായവൻ സുമതിയായ്-
ത്തീർന്നീടുകില്ലെന്നുമേ;
ചാതുശ്ശ്രീസലിലങ്ങളാൽ പലവിധം
ഭംഗ്യാ കുളിപ്പിക്കിലും
സാരത്വം കലരുന്ന നൽക്കുതിരയായ്-
ത്തീർന്നീടുമോ ഗർദ്ദഭം?

൩൦. വൻകാറ്റേറ്റിളകിപ്പുകന്നു വലുതായ്-
ക്കത്തുന്ന ദാവാനലൻ
ഹുങ്കാരത്തൊടഹോ! ദഹിപ്പിച്ചിടുമൊരി-
ക്കാണുന്ന വൃക്ഷങ്ങളിൽ
എൻകാർമേഘപതേ! ഭവാൻ മഴ പൊഴി-
ക്കില്ലെങ്കിലോ വേണ്ട; നി-
ശ്ശങ്കാലേശമിവററിൽ വജ്രഹതിയേ-
ല്പിക്കുന്നതെന്തിന്നെടോ?

൩൧. തന്നിൽ ചേർന്നൊരു ദോഷമേറെ വലുതാ-
ണെന്നാകിലും കാണുകി-
ല്ല,-ന്യൻതന്നുടെയല്പദോഷമതിലും
ചേരുന്ന ദിവ്യേക്ഷണം,
തന്നെത്താനതിയായ് പുകഴ്ത്തു,-മപരാ-
ന്നുള്ളോരു മാഹാത്മ്യമോ
ചൊന്നീടാ ലവലേശമീവക മഹാ-
ഴ്ചന്റെ ചട്ടങ്ങളാം.

൩൨. തീക്ഷ്ണാതതാപമിയന്നിടുന്നവരായ-
ണെന്നാൽ ജനിപ്പിച്ചൊര-

സ്സാക്ഷാൽ തൻജനകന്റെയാത്മദേഹനം
ചെയ്യീടുമെന്നിങ്ങനെ
സൂക്ഷ്മം താനറിയിച്ചുകൊണ്ടു ജനക-
ത്വം ചേർന്ന വേണ്ടപ്പൂജം
വീക്ഷിച്ചീടുക കാട്ടുതീയിഹ ദഹി-
ച്ചീടുന്ന പാടേ ജവാൽ. (സ്വ.)

൫൬. മെത്തും ഹന്ത! തമസ്സിൽ മോദമിഹ, സൂ-
ര്യ്യാലോകവൈമുഖ്യമോ-
ടൊത്തിട്ടങ്ങനെ ദുർവ്വചോമലമതി-
ത്തീടും സ്വാപക്രാന്തരാൽ,
എത്തീടും നിജപക്ഷപാതമവലം-
ബം വിട്ടു മാർഗ്ഗത്തിലാ-
യിത്ഥം "പാവലിനൊത്തവൻമലമവാ-
ങ്കാവാതത്തിന്നൊത്തുവാൻ?"

൫൭. ഇല്ലേതും ഹാനി സാമ്യത്തൊടുമകമറിവാ-
മഗ്നിയാൽ ശുദ്ധമാകും
കല്യർക്കീ ദുഷ്ടവാക്യാൽ, ശ്രുതിയുടെ കരയാ-
ലിന്ദുവിന്നെന്നപോലെ;
ചൊല്ലാം;-മെന്നാൽ യമൻതന്നുടെ കഠിനഭട-
ന്മാർകഠം കല്പാന്തമോളം
ചൊല്ലേറും നാരകേ ചേർത്തിവരെയതിരുഷാ
ദുഃഖമേല്പിക്കമേറാം.

൫൮. പാന്ഥാ! താനാര്?; ഞാനോ ഖലകലവനാ-
ണി;-ക്കൊടുങ്കാട്ടിൽ വാഴ-
ന്നെന്തേ?; സിംഹാദിയാകും മൃഗകലമിഹ മാം
തിന്മതിന്നാഗ്രഹത്താൽ;
എന്തിന്നീ നല്ല ദേഹം കളവതു? ബത!; മ-
ദ്ദേഹമാംസം ഭുജിച്ചി-
ട്ടേന്തീടും മർത്ത്യമാംസാശനരസമൊടതെ-
ല്പ്രാരെയും കൊല്ലുമല്ലോ.

ദുരഭിമാനം.

൧൬൨. സന്താനത്തിന്റെ മേലിലങ്ങൊരുപേ-
 ക്ഷ്യാനുള്ള വസ്തുക്കളെ-
ച്ചിന്തിക്കാതെ കൊടുത്തു ഹന്ത! വില വാ-
 ങ്ങിക്കൊണ്ടു കല്യാണവും
അന്തമ്മോദമൊടേ നടത്തിയൊടുവിൽ
 ദാരിദ്ര്യമാർന്നീടുവാ-
നെന്തായാലുമൊരുങ്ങിടുന്നതു മഹാ-
 മൌഢ്യം മഹാസങ്കടം. (ല. ക.)

൧൬൩. കല്യാണം വന്നിടുമ്പോളുള്ള ബഹു വിഭവ-
 ത്തോടു തോഷിച്ചു ഘോഷി-
ച്ചില്ലെന്നാൽ നമ്മെയെല്ലാവരുമിഹ സതതം
 നിർണ്ണയം നിന്ദചെയ്യും
ഉല്ലാസത്തോടിവണ്ണം കരുതിയധികമായ്
 ദ്രവ്യനാശം വരുത്താ-
നില്ലേതും ശങ്ക കഷ്ടം! കടവുമതിന്നു വാ-
 ങ്ങീടുവാൻ പേടിയില്ലാ. (ല. ക.)

ദുഷ്കവി. (ദുഷ്കവിത.)

൧൬൪. അകവിതചത്തിനാലില്ല ദുരിതി ശിക്ഷയധർമ്മവും;
കുകവിതചമഹോ! സാക്ഷാൽ ദുരിതിയെന്നാണു സമ്മതം.

൧൬൫. പദം വയ്പാൻ മിടുക്കില്ല, ജനനീരാഗമേകിടും,
ബാഹുലാലാപനാകും ദുഷ്കവി ബാലകസന്നിഭൻ.

൧൬൬. ഉറക്കൊമ്പിളനേരിടിന ബാധ നടക്കും,
ചിക്കെന്നു ശബ്ദശ്രുതിദോഷമേകും,
തീക്കാറ്റിൽ വേഗത്തിൽ വളർന്നുകൂടും
"ദുഷ്കാവ്യവും കുട്ടയുമൊന്നുപോലെ."

൧൬൭. കല്പാന്തത്തോളമേറെ മഹിമയൊടു വിള-
 ങ്ങുംവിധം സൽകവീന്ദ്ര-

ർത്തിപ്പാരിങ്കൽ ഭവിക്കും വിശദതരയശ-
സ്സിങ്കലുള്ളാഗ്രഹത്താൽ
കെല്പേറുന്നായവർക്കുള്ളോരു കൃതിയിലെഴും
സൽപദം സ്വല്പബന്ധ
ച്ചേർപ്പാനപ്പോൾ കഴിക്കും "മനുജരുടെ ചരി-
ത്രം" വിചിത്രം "നിനച്ചാൽ."

൧൫൨. ശ്ലോകം സൽഭാവമോലും പ്രതിഭയൊടു ചമ-
ച്ചിട്ടു ദിക്കെട്ടുമേറ്റം
ശ്ലോകം നേടുന്ന ശ്രീമതികൾ സഹി-
ക്കും കവിശ്രേഷ്ഠരായി
ശ്ലോകം തങ്ങൾക്കുമുണ്ടാകണമിതി കൊതിയാ-
ലഹ്യ നിർവിണ്ണരായോർ
ശ്ലോകം "കത്തി" ക്കറിയ്ക്കു "നിതിനൊരു കറവു-
ണ്ടാകിലുണ്ടാം ഗുണങ്ങൾ."

ദേശസഞ്ചാരം.

൧൫൩. ദേശസഞ്ചാരവും വിദ്വൽസേവയും ചെയ്തു മേവിടും
നരന്റെ ബുദ്ധി വെള്ളത്തിലെണ്ണ പോലെ വിശാലയാം.

൧൫൪. അന്നങ്ങൾ സത്തുക്കൾ ഗജങ്ങളും കേൾ
ദേശം വെടിഞ്ഞിട്ടു ഗമിച്ചിടുന്നു;
മൃഗങ്ങൾ കാകങ്ങൾ കമത്ത്യരും ഹാ!
സ്വാദിക്കിൽ മേവീട്ടു മരിച്ചിടുന്നു.

൧൫൫. പാരം സൂക്ഷ്മതയോടു വിസ്തൃതതരം
വർണ്ണിച്ചു ചൊല്ലീടിലും
പാരേ കാണുന്നപോലെ വസ്തുഗതി ബോ-
ധിപ്പാൻ പ്രയാസപ്പെടും;
നേരോടായതുകൊണ്ടു വേണ്ടവിധമായ
ദേശാടനം ചെയ്യുകിൽ
ചേരും ബുദ്ധിവികാസപാകസുപരി-
ഷ്കാരങ്ങൾ സാരങ്ങളായ്. (സ്വ.)

ദോഷം.

൧൯൩. അനുചിതകർമ്മാരംഭം
സംഘവിരോധം മഹാനിൽ മത്സരവും
പ്രമദാജനവിശ്വാസവു-
മിവ നാലും നാശകാരണം നൂനം.

൧൯൪. ദോഷം ബോധിച്ചു സൂക്ഷ്മം മതവുമവനില-
ദ്ദോഷമേറെപ്പൂവികി-
ല്ലീ;-ഞാൻതെറ്റായവഴികൾ പെട്ടകിലതു നട-
പ്പോന്റെ കാൽമാററമത്രേ;
ദോഷം വന്നാലതിങ്കൽ പ്രിയതയൊടതിനെ-
സ്സാധുവാക്കാൻ ശ്രമിക്കിൽ
ദോഷൻ താനെന്ന നാമം ബുധനമതുള്ളിട-
ന്നല്പരായോരു പോലും.

൧൯൫. നാനാബോധങ്ങളുണ്ടെങ്കിലുമിഹ നിജദോ-
ഷപ്രബോധം മഹാന്മാർ
മാനിച്ചീടുന്നതാണിങ്ങു, ശുഭവഴി തട-
ത്തിടു, മെന്നല്ല നിത്യം
ശീലിക്കിൽ ചിത്തശുദ്ധിപ്രദ,-മറിയുകിൽ നീ-
ങ്ങീടുമദ്ദോഷമെല്ലാം
മേലെന്നേകുന്ന മോദത്തെയു; മിതു സുജന-
ങ്ങൾക്കു കല്പദ്രുവത്രേ.

ധനം. (ലക്ഷ്മി.)

൧൯൬. വയോവൃദ്ധൻ തപോവൃദ്ധൻ ജ്ഞാനവൃദ്ധനുമങ്ങനെ
ധനവൃദ്ധന്റെ വാതുക്കൽ കാത്തുനിൽക്കുന്നു സർവ്വദാ.

൧൯൭. ഗുണമില്ലവരെക്കണ്ടാൽ ബന്ധിക്കും തന്നെയെന്നഹോ!
ശങ്കിച്ചു മാൻപേട പോലെ ലക്ഷ്മിയോടുന്നു ദൂരവേ.

൧൯൮. ഗോവിന്ദൻ ഗോക്കളോടൊത്തു കളിച്ചെന്നോർത്തു താൻമ
ഗോസമന്മാരൊടൊത്തിന്നും കളിക്കുന്നു പതിവ്രതാ. (കം

൯൨. സംശയം വേണ്ട, താൎക്ഷ്യ സമുദ്രജലജന്തു താൻ;
ഭേദിക്കും ധീവരന്മാരെ;—ഇജ്ജഡൌഘംതന്നിൽ മുങ്ങിടും.

൯൩. ശരിയായുരചെയ്യാലും
ദരിദ്രവാക്യം ശ്രവിക്കയില്ലാരും;
പരുഷം കപടവുമാട്ടേ
പ്രഭുവിൻവാക്യം സമസ്തസംപൂജ്യം.

൯൪. ശ്രോത്രം നേത്രം വാക്കിവ
ലക്ഷ്മി ലഭിപ്പിച്ചിടുന്നതത്ഭുതമോ?
വിഷസോദരിയായിട്ടവൾ
കൊല്ലുന്നില്ലെന്നതോൎക്കിലത്ഭുതമേ.

൯൫. കുടിലാ ലക്ഷ്മി വസിക്കു-
ന്നിടമതിൽ വാഗ്ദേവി വാഴ്കയില്ലറിക;
ശ്വശ്രുവിനും വധുവിന്നും
വിശേഷത്തിൽ സൌഹൃദം ചുരുക്കം താൻ.

൯൬. ഖഗങ്ങൾ വൃക്ഷത്തിനെയെന്നപോലെയും
നദങ്ങളസ്സാഗരമെന്നപോലെയും
വധുക്കൾ ഭൎത്താവിനെയെന്നപോലെയും
ഗുണങ്ങളെല്ലാം ധനമാശ്രയിച്ചിടും.

൯൭. അതേ ഗേഹം, യാതൊന്നതിൽ മഹതിയാം
ലക്ഷ്മി വിലസു-
ന്നു;—അതേ ലക്ഷ്മി, യാതൊന്നിനെയനുഭവി-
ക്കുന്നു സുജനം;
അതേ ലോകത്തിങ്കൽ സുജന, മെത്ര സ-
ദ്വിദ്യയണയു-
ന്നു;—അതേ വിദ്യാ, യാതൊന്നഖിലപതിയിൽ
ഭക്തിസഹിതാ.

൯൮. പൂമാതേ! ഹന്ത! നീ മൂഢനാം ധനമതുള-
ന്നീ;— ശ്രീയോ സൂരിമാരിൽ?;
പ്രേമം മൂഢൻകലില്ലാ ചപലതയുമെനി-
ക്കിപ്പൊഴും തെല്ലുമില്ലാ;

ഠരം മന്നിൽ സൂരിമാരെസ്സകലരുമൊരുപോൽ
സാദരം സൽകരിക്ക-
ന്നാ;- മന്ദന്നില്ല മററിങ്ങൊരു ഗതി;-യതിനാൽ
ഞാൻ കൊടുക്കുന്നു വിത്തം.

ധൎമ്മം.

൯൯. ചിലരോടുന്നു സമ്പത്തിന്നന്യർ കാമത്തിനും സദാ;
ഇഷ്ടമേകുന്ന ധൎമ്മത്തിലില്ലുത്സാഹമൊരുത്തനും.

൧൦൦. മരിച്ചിടുംനേരവുമാത്തു പിൻപേ
തിരിച്ചിടും ധൎമ്മമതാണു ബന്ധു;
മററുള്ളതെല്ലാമിഹ ദേഹനാശം
പററുന്ന കാലത്തു നശിച്ചിടുന്നു.

൧൦൧. അശക്തനത്രേ ബലശാലിതാനും,
ദരിദ്രനത്രേ ധനവാനുമപ്പോൾ,
മൂഢാശയൻ പണ്ഡിതനും ജഗത്തിൽ,
ധൎമ്മാശയില്ലെന്നുവരുന്നതാകിൽ.

൧൦൨. ധൎമ്മം തന്നെ നിനക്കുലിലീശ്വരന്നു സ-
ന്തോഷപ്രദം സർവ്വദാ;
ധൎമ്മം വിട്ടു നടന്നവൎക്കു സുഖമു-
ണ്ടായീല മാലെന്നിയേ;
ധൎമ്മം ശൎമ്മമശേഷമേകുവതിനും
പാത്രം ജഗത്തിങ്കലു;-
"ധൎമ്മത്തെപ്പൃഥുസങ്കടത്തിലുമപേ-
ക്ഷിക്കൊല്ല മല്ലേക്ഷണേ!"

൧൦൩. അല്ലേയെൻചിത്തമേ! നീ സുഖമതിലധികം
സർവ്വദാ കാംക്ഷയുള്ളോ-
ന്നല്ലേ?-യെന്നാൽ സുഖത്തിന്നടയൊരു വലുതാം
ബീജമെധൎമ്മമത്രേ;
ചൊല്ലേറും ധൎമ്മമീശസ്സ്മരണമൊടിഹ ത-
ന്നാൽ മനോദുഃഖമുണ്ടാ-

കൊല്ലാ മറാക്കമെന്നല്ലൊരു ശപഥമനാ-
ഷ്ഠിക്കയാണൊക്ക നന്നായ്. (൧൩൦-ശ്ലോ.)

ധൈൎയ്യം.

൨൦൪. യുഗാന്തവായുവേഗത്താലിളകും പർവ്വതങ്ങളും;
അതിദുഃഖത്തിലും ചെറ്റും കലുങ്ങാ ധീരമാനസം.

൨൦൫. ക്ഷയിക്കുന്നില്ലയേവന്റെ ബുദ്ധിയാപത്തിലൊന്നിലും,
അതിൻമഹിമയാൽത്തന്നെയവൻ തീൎക്കുമതൊക്കെയും.

൨൦൬. അല്പകാൎയ്യം തുടൎന്നാലുമധികം വ്യഗ്രനാം ജളൻ;
മഹാരംഭത്തിലും തെല്ലുമിളകുന്നില്ല ബുദ്ധിമാൻ.

൨൦൭. ക്രൂരമാം ദൈവയോഗത്താൽ ഘോരദുഃഖം വരും വിധൌ
മഹാന്റെ ഹൃദയം ധൈൎയ്യവജ്രകഞ്ചുകമാൎന്നിടും.

നിയമം.

൨൦൮. നിത്യം നടത്തുന്നതിനുള്ള നാനാ-
കൃത്യങ്ങളിൽ പെട്ടു കുഴഞ്ഞിടാതെ
ഓരോന്നിനും തൻസമയം പകുത്തു
ക്രമപ്പെടുത്തീട്ടു നടക്ക സൗഖ്യം.

പത്ഥ്യം.

൨൦൯. പത്ഥ്യമില്ലെങ്കിൽ രോഗിക്കു ഫലമെന്തൌഷധത്തിനാൽ?
പത്ഥ്യമുണ്ടെങ്കിൽ രോഗിക്കു ഫലമെന്തൌഷധത്തിനാൽ?

൨൧൦. അപത്ഥ്യവാന്റെയായുസ്സു യാതൊന്നു ചിലവൃദ്ധിയും,
അതത്രേ കാകതാലീയമതു തന്നെ ഘുണാക്ഷരം.

പരഗൃഹഗമനം.

൨൰൧. കാൎയ്യമില്ലാതെയന്യന്റെ ഗൃഹത്തിൽ പോയിടുംനരൻ
കൃഷ്ണപക്ഷേന്ദുവെപ്പോലെ ലഘുവായിവരും ക്രമാൽ.

പരാക്രമം.

൨൰൨. കാലുകൊണ്ടു ചവിട്ടുമ്പോഴം മെഴലിമേലേറിടും പൊടി
നിന്ദിക്കിലും സ്വസ്ഥനായിട്ടുന്നോനെക്കാളുമുത്തമം.

൨൰൩. കളിയായ് ശത്രുമൂൎദ്ധാവിൽ ചവിട്ടീടാതെകണ്ടു താൻ
നിരാലംബനായായ് കീൎത്തി വിണ്ണിലേറുന്നതെങ്ങനെ?

പരീക്ഷ.

൨൰൪. ആപത്തിങ്കൽ ബന്ധുപരീക്ഷാ;
യുദ്ധത്തിങ്കൽ ശൂരപരീക്ഷാ;
വിനയത്തിൽത്താൻ വംശപരീക്ഷാ;
യുവതിപരീക്ഷാ ധനഹീനനിലും.

പരോപകാരം.

൨൰൫. ഗ്രന്ഥകോടികളാലുക്തം ശ്ലോകാൎദ്ധത്തിൽ പറഞ്ഞിടാം;
പരോപകാരമേ പുണ്യം; പാപം താൻ പരപീഡനം.

൨൰൬. സ്വയം പാരമുഴന്നുംകൊണ്ടന്യതാപം കെടുക്കയാൽ
സ്വവംശജാതം സുജനം വ്യജനം പോലെ ശോഭനം.

൨൰൭. ഭജിച്ചിടും വൈരിയിലും മഹാന്മാർ
ഇണച്ചിടും സംശയമില്ലതെല്ലും;
സപത്നിയാമഗ്നിസരിത്തിനേയും
സിന്ധുക്കളുംബോധിയിലാക്കിടുന്നു.

൨൰൮. മാൎത്താണ്ഡനന്നാളിനിതന്നെ വിടുൎത്തിടുന്നു,
രാത്രീശനാമ്പൽനികരത്തെയുമപ്രകാരം,

അൎത്ഥിച്ചിടാതെ ജലമബ്ദമേകിടുന്നു;
സത്തുക്കളന്യൎക്കു ഗുണം സ്വയമേവ ചെയ്യും.

൧൧൯. മാവുള്ളവൎക്കു ഹിതനായ സുമാനുഷൻ താ-
നററീടിലും കരുതുകില്ല വിരോധമേതും;
ഛേദം മുറിക്കുമൊരു വെണ്മഴുവിൻമുഖത്തിൽ
തെറെറന്നു ചന്ദനമരം മണമേററിടുന്നു.

൧൨൦. പാരിൽ ക്ഷീണതയാൎന്നവൎക്കു പരമാ-
നന്ദം കൊടുക്കും ഫലം
പാരം നല്കിടു, മന്ത്രീയഗതി മു-
ട്ടിച്ചീടുകില്ലൊട്ടുമേ,
പേരാളുന്ന പരോപകാരമതിനും
പ്രാണൻ വെടിഞ്ഞിട്ടുമി-
ന്നാരികേളമഹീരുഹോത്തമനഹോ!
ശിഷ്ടന്നു ദൃഷ്ടാന്തമാം. (സു.)

൧൨൧. തൻകാൎയ്യത്തെ വെടിഞ്ഞുമന്യരുതകു-
ന്നോനെത്രയും സത്തമൻ;
തൻകാൎയ്യത്തെ വിടാതെയന്യരുതകു-
ന്നോനിങ്ങു സാമാന്യനാം;
തൻകാൎയ്യത്തിനിഹാന്യകാൎയ്യഹനനം
ചെയ്യുന്നവൻ രാക്ഷസൻ;
വ്യൎത്ഥം ഹന്ത! പരാൎത്ഥനാശകനു പേ-
രെന്തെന്നറിഞ്ഞീല ഞാൻ.

൧൨൨. പൊന്നിൻകുണ്ഡലമല്ല ശാസ്ത്രമതു താൻ
കൎണ്ണത്തിൽ നൽഭൂഷണം;
മിന്നും കങ്കണമല്ല ദാനമതു താൻ
പാണിക്കു നൽഭൂഷണം;
ചിന്നീടും കൃപകൊണ്ടലിഞ്ഞവൎകൾതൻ-
ദേഹത്തിൽ നൽഭൂഷണം
നന്നായുള്ള പരോപകാരമതു താ-
നല്ലേതുമേ ചന്ദനം.

൧൧൩. ചോട്ടിൽ ചുററികിടക്കുന്നാഹിനിര, ശിഖരാ-
തോറുമേറുന്ന പക്ഷി-
ക്കൂട്ടം മേവുന്നു, ശാഖാവിതതിയിൽ നിവസി-
ക്കുന്നു ശാഖാമൃഗങ്ങൾ,
മറ്റോലും പുഷ്പജാലങ്ങളിലളികൾ വിള-
ങ്ങുന്നഹോ! ചന്ദനോർവീ-
രുട്ടിങ്ങന്യോപകാരത്തിനു സുജനമതിൻ-
ദ്യുതിയെന്നോതിടുന്നു.

പാതിവ്രത്യം.

൧൧൪. കായക്ലേശം പരം ചെയ്തിട്ടിഹ പുരുഷന്മാർനേടും
ഫലത്തെ നാരിയാളുന്നു ഭർത്തൃശുശ്രൂഷയൊന്നിനാൽ.

൧൧൫. ഗൃഹമല്ല ഗൃഹം പാർത്താൽ; ഗൃഹം ഗൃഹിണിയാം ധ്രുവം;
ഗൃഹിണീഹീനമായുള്ള ഗൃഹം കാന്താരസന്നിഭം.

൧൧൬. അന്യഗുണങ്ങളനേകം
തന്നിൽ വിളങ്ങുന്നവളെന്നുവന്നാലും
തന്നുടെ പതിയിൽ വഴങ്ങീ-
ടുന്നില്ലെന്നാകിലധമയാം തന്വീ.

൧൧൭. മിതമായ് നല്കും താതൻ;
മിതമായ് മാതാ; മിതം സുതൻതാനും;
അമിതം നല്കീടും തൻ-
കമിതാവിനെയേവളാദരിച്ചീടാ?

൧൧൮. പാമ്പിന്റെ രത്നം കൊതിയന്റെ വിത്തം
സതീകുചം കേസരിതന്റെ കേശം
ഇവററിലന്യന്റെ കരപ്രചാരം
മരിക്കിലല്ലാതെ ഭവിക്കയില്ലാ.

൧൧൯. പാതിവ്രത്യമതായിടുന്നൊരു മഹാ-
ധർമ്മം പയോജാക്ഷികൾ-
ക്കാതങ്കാപഹമായ നല്ല ഗുണമാ-
ണെന്നുള്ളതോ നിശ്ചയം;

ഭേദം വിട്ടു നിനച്ചുകാൺകിലിതുപോ-
ലില്ലേകപതീവ്രതം
നീതിശ്രീ കലരുന്ന പുരുഷവരാ-
ന്മാരും ധരിച്ചീടണം. (സ്വ.)

൧൩൧. പാരം വ്യാകുലനെങ്കിലും പ്രിയതമൻ
ഗേഹത്തിൽ വന്നെത്തിടും
നേരം തന്നെ മനം തെളിഞ്ഞു സരസം
സന്തുഷ്ടനാകും വിധം
ഓരോരോ വക സംഭരിച്ചു ഭവന-
ശ്രീയേസ്സദാ ചാതുരീ-
സാരോക്തികളുണ്ണം വളർത്തുമവൾതാൻ
യോഷാവിഭൂഷാമണി. (സ്വ.)

൧൩൨. പ്രാണാധീശതയാർന്നിടും കണവനിൽ
പ്രാണാധികപ്രേമവും,
കാണാതൊട്ടുമിരുന്നിടാൻ മടിയതും,
ക്ഷീണാർത്ഥനായ് വല്ലഭൻ
താണാലും സ്ഥിരഭക്തിയും, ജരയിലും
കേണാർത്തിയേകാസ്ഥയും
ചേണാർന്നുള്ള പതിവ്രതാചരണമെ-
ന്നാണാപ്തവാണീ ദൃഢം. (സ്വ.)

൧൩൩. കാതിൽക്കത്തുന്ന കാന്തിപ്രചുരിമ കലരും
തോടയോ മോടിയാളു-
ക്കോതിബ്ബന്ധിച്ച കുന്തൾക്കുലമതിൽ വിലസും
മാലതീമാലതാനോ
പാതിത്തിങ്കൾപ്രകാരം തടവുമളികമോ
കാന്തിയേറുന്നതില്ല-
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണി താൻ
ഭൂഷണം യോഷമാരിൽ. (സ്വ.)

൧൩൪. പഞ്ചാരേ! പാല്പുഴമ്പേ! പരുത്തമൊഴി! പാ-
ലികമാർ പോകിലേവം

പഞ്ചാരപ്പൂത്രമോതിപ്പകലിരവു മിതൃ-
ക്കായ് നടക്കം വിടക്കം
തഞ്ചാരതന്ന്യസംഗം കലതമൊരുവളെ-
ക്കാന്തയായ് ഹന്ത! വച്ചാൻ
തഞ്ചാറില്ലിച്ചൂയെന്നച്ചുതു മതി സതിയാം-
കളെരുതൽകഷ്ഠമോക്കാൻ. (സു.)

പുത്രൻ.

൧൩൪. ദുഷ്ടനാം പുത്രനെക്കാളും പുത്രനില്ലായ്മയുത്തമം;
ദുഷ്ടപുത്രൻ സദാ താതന്നാൎത്തി വളൎത്തിടും.

൧൩൫. മട്ടകത്തികളിച്ചോമൽപ്പൂഞ്ചിരികൊണ്ടൽ പൂണ്ടിടും
പുത്രനെത്തൻഗൃഹേ കാണ്മാൻ പുണ്യവാനേ തരംവരൂ.

൧൩൬. അങ്കാലങ്കാരമണിയാമപത്യത്താലെഴും ശുഭ
ഹാരാദികളണിഞ്ഞാലും നാരിയാംക്കു ലഭിച്ചിടാ.

൧൩൭. മതിമാനെങ്കിലൊരുത്തൻ
മതി പുത്രൻ നൂറു മൂർഖരെക്കാളും;
മതിമതിയിങ്ങിഹ കളവാൻ
മതി മാത്രം; താരനിരകളാലെന്തേ?

൧൩൮. ധൂളിയണിഞ്ഞു ദിഗംബര-
നായ് തുപ കൈവിട്ടു മടിലനായ് മേവും
സുതനെയ്യും ലഭിനെപ്പോൾ
കാണുന്നതിധന്യനായിടുന്ന പുമാൻ

൧൩൯. കുംഭം കളിക്കുന്നിതു വെള്ളമല്ലം;
കുംഭോത്ഭവൻ സിന്ധുവിനെക്കുടിച്ചു;
നന്നായ് ജനിച്ചുള്ള സുതൻ സഹൃത്യാ
തന്നച്ഛനേക്കാൾ കവിയുന്നുവല്ലോ.

൧൪൦. താപം നൽകില്ല പാത്രത്തിനു, മലവുമതി-
ചിച്ചിടുന്നില്ല തെല്ലും,

ലോപം സ്നേഹത്തിനും നൽഗുണതതിയതിനും
ചേറുമേ ചേർക്കില്ലാ,
ക്ഷോഭം ദുര്വ്യവസാനം വരികിലുമുളവാ-
കില്ല, നിസ്തുല്യമാകും
ദീപം സദ്വംശസത്മത്തിനു ശുഭനിരയാൽ
വല്ലഭൻ നല്ല പുത്രൻ.

പുനർജ്ജന്മം. (ആ. ചി.)

൨൬൯. അല്ലാ! ഭൂമിയിതിൽ ജനിച്ചു മരണം
പുക്കാൽ പുനർജ്ജന്മമൊ-
ന്നില്ലാ നിശ്ചയമെന്നമിന്നു ചിലരോ-
തീടുന്നതോർക്കേണമോ?;
എല്ലാമിബ്ഭുവനത്തിലാണനുഭവി-
ച്ചീടുന്നതു, ല്ലാതെ മ-
റ്റില്ലാ മാറ്റമതെന്നമിങ്ങൊരു മതം
ചൊല്ലുന്നുവല്ലോ ബുധം.

൨൭൦. മേലിൽ സംഭവമില്ലയെന്നുവരികിൽ
ജന്മങ്ങളും മുൻപുള്ളതാ-
കാലത്തിങ്കലുമില്ലയെന്നതു നിന-
യ്ക്കേണം മഹാജ്ഞങ്കിലും
ചേലിൽ ഗൌരവലാഘവങ്ങളും ജനത-
യ്ക്കുണ്ടാകയാലുണ്ടു ത-
ന്മൂലം പൂർവ്വജന്മസ്സതെന്നു ചിലരോ-
തീടുന്നതോർക്കുന്നു ഞാൻ.

൨൭൧. ചൈതന്യത്തെ വെടിഞ്ഞു ചേഷ്ടയുമപേ-
ക്ഷിച്ചിട്ടുറങ്ങീടുവോൻ
ചെയ്യുള്ളോരഖിലാത്മവൃത്തിയുണരും
നേരത്തിലോർക്കുന്നപോൽ
ചെയ്തീടും ബഹുകൃത്യമോടു മരണം
പ്രാപിച്ചവൻ തന്റെ മുൻ-

ചൊല്ലിക്കാശ്രയമാം പുനർജ്ജനിയിലെ-
ന്നാകുന്നതിൻയുക്തി പോൽ.

൨൮൮. 'വായ്ക്കും വാസനയേകനിൽത്തലയഹോ!
താഴ്ത്തീട്ടലം വാഴ്ത്തുവോ-
ന്നായ്ക്കണ്ടെന്നു വരുന്നതാകിലവനാ-
യീടുന്നൊരോമൽഫലം
കായ്ക്കും കാലമതിൽ കലന്നു വിലസു-
ന്നൊരു ചിത്ര്യവും ശുഭമായ് -
ത്തായ്ക്കും താതനുമുള്ള ബീജമതുമായ് -
ത്തീരുന്നതിൻകാരണം.

൨൮൯. മുൻപേയുള്ളൊരു ജന്മമെന്നതു പരം
നല്ലോരു ശാല്യാദിയാം,
പിൻപേയുള്ളതപത്യസഞ്ചയവുമി-
ദ്ദേഹം നശിക്കും വിധൌ
അൻപേലും കൃമികീടഭസ്മപരമാ-
ണപാത്ര്യങ്ങളും മാത്രമാം'
വൻപേറും ചിലരീ വിധത്തിലുമഭി-
പ്രായപ്പെടുന്നുണ്ടു പോൽ.

൨൯൦. എന്നാലിമ്മതമേതുമേ ശരിയതായ്
വന്നീടുകില്ലെന്നു താ-
നിന്നാലോചന മാനസത്തിലുളവാ-
കുന്നുണ്ടു മേ; പിന്നെയും
നന്നായുള്ളൊരു ദിവ്യനേത്രമിയലും
നാനാമുനിശ്രേഷ്ഠരി-
ങ്ങൊന്നായ് ചൊല്ലിയ ചൊല്ലിനിപ്പ്രപഴതെ-
ന്നല്ലാതെ ചൊല്ലാവതോ?

൨൯൧. കീഴിട്ടേറെ മുഷിഞ്ഞ മുണ്ടകലെ കള-
ഞ്ഞത്യന്തശോഭാവഹം
മാറീടുന്നു നവീനമായ വസനം
മർത്ത്യാളി നിത്യം ഭുവി;

മാറീടാതതുപോലെ ജീവനിരയും
ഗാത്രങ്ങളെപ്പുത്തനായ്
പേറീടുന്നു ജഗത്തിലെന്നു പറയു-
ന്നോരോ പുരാണങ്ങളിൽ.

൨൮൨. തർക്കം വിസ്മയമിങ്ങു സൂക്ഷ്മതരമായ്
പാർക്കുമ്പൊളൂഹിക്കാമതിൽ
ചേർക്കും ചേഷ്ടകൾ ചെയ്തു ചേലൊടഖിലം
നോക്കിബ്ഭരിക്കും പരൻ
ചീർക്കും നൽക്കരുണാവശൻ ജഗതിയിൽ
പാർക്കും സ്വമാഹാത്മ്യമ-
ഓർക്കുന്നോർക്കനാശ്രയതാപരമ താ-
ന്നോർക്കിൽ സഹിക്കുന്നതോ?

൨൮൩. ഇത്യേവം ഹൃദി നിശ്ചയിച്ചു പലരും
ലോകത്തിലത്തുംഗസൌ-
ഹിത്യേ വാഴുകിലും പുരാണമൊഴിപോ-
ലുള്ളോരു ജന്മാന്തരം
പ്രത്യേകം ചിലരേറെ ദുഷ്കരികൾ പറ-
ഞ്ഞിട്ടില്ലെന്നു ചൊല്ലും വിധൌ
സത്യേ കല്പിതമല്ലയോ പരമതെ-
ന്നുണ്ടാസ്സുതം സംശയം.

പ്രപഞ്ചം.

൨൯൦. നിങ്ങടെ തത്ത്വജ്ഞന്മാർ
സ്വപ്നത്തിൽ പോലുമോർത്തിടാത്തവയായ്
ദ്യോവിലുമിഹ ഭൂവിലുമു-
ണ്ടനവധി വസ്തുക്കൾ കേൾ ഹൊറേഷ്യോവേ! (ഇം. ത.)

൨൯൧. ദുഃഖങ്ങൾ വന്നു വലുതായണയുന്ന നേര-
മുൾക്കാമ്പിലോർക്കുമതിലേറിയൊരീശപാദം,
സൌഖ്യത്തിലോ മതിമറന്നു വസിക്കു;-മെന്നാൽ
ദുഃഖങ്ങൾ വന്നിടുവതാണു ഗുണം ജഗത്തിൽ. (സു.)

൨൱൭. പുഷ്പശ്രീ പൂണ്ടിടും നല്ലമലതരമഹാ-
കാന്തിയേന്തുന്നൊരത്നൌ-
ഘം തന്നെയേറെയാഴിയ്ക്കടിയിലിരുളിലാ-
ഴത്തിൽ വാഴുന്നിതേറ്റം;
കഷ്ടം! വൻഘോരദുർഗ്ഗാടവികളിലതുപോൽ
പൂക്കളൊട്ടല്ല പൂക്ക-
ന്നിഷ്ടം തൽസൌരഭം നിഷ്ഫലമഥ മരുഭൂ-
വായുവിൽ പോയിടുന്നു. (ഇം. ത.)

ഭക്ഷണം.

൨൱൮. സരസവിരസഗേഹേ പോകൊലാ ഭക്ഷണാർത്ഥം;
വിരസസരസഗേഹേ പോയിടാം കഷ്ടപക്ഷേ;
വിരസവിരസഗേഹേ ക്ഷുത്തിലും പോയിടൊല്ലാ;
സരസസരസഗേഹേ തന്നെ പോയിടവേണം.

൨൱൯. പൂർത്ത്യാ വിൺമൃതമൂന്നാ ഹൃദയമമലമായ്
ദോഷവും സ്വസ്ഥമായി-
ട്ടുദരത്വം തേടലിന്നായ് പവനനനുസരി-
ച്ചീടവേ ക്ഷുത്തിനാലേ
ഉൾത്തീക്ഷ്ണത്വം ശരീരം വിശദകരണമായ
ലാഘവം പൂണ്ടിടുമ്പോ-
ളുണ്ടുകൊണ്ടീടേണമന്നം വിധിനിയമിതമ-
ക്കാലമാണിഷ്ടമേറ്റം.

ഭാര്യ.

൨൱൰. ശീലഭാരമെഴും ഭാര്യാ, പുഷ്പഭാരമെഴും ലതാ,
അർത്ഥഭാരമെഴും വാണിയിവ വൈശിഷ്ട്യമാർന്നിടും.

൨൱൰൧. അമൃതം സൽഗുണാ ഭാര്യ; യമൃതം ബാലഭാഷിതം;
അമൃതം രാജസന്മാനം;-മമൃതം മാനഭോജനം.

൨൫൭. ഭാൎയ്യയുണ്ടാവതുവരെപ്പാതി വസ്തുവതാം പുമാൻ;
ശിശുക്കളില്ലാത്ത ഗൃഹം ശ്മശാനസമവും ദൃഢം.

൨൫൮. അനുകൂലാ വിമലാംഗീ
കുലജാ കുശലാ സുശീലയെന്നേവം
അഞ്ചു ലകാരം ചേരുന്നൊരു
ഭാൎയ്യയെയതിപുണ്യവാൻ ലഭിക്കുന്നു.

൨൫൯. ദേഹപോഷണമതിന്നു തണ്ഡുലമാം;
ദേഹതോഷണമതിന്നു ഭാൎയ്യയാം;
ദേഹഭൂഷണമതിന്നു വിദ്യയും;
ദേഹശോഷണമതിന്നു ചിന്തയും.

൨൬൦. ബിലത്തിന്നകത്തും പുറത്തും വസിക്കും
മഹാസൎപ്പമാൎജ്ജാരകന്മാൎക്കു മദ്ധ്യേ
അകപ്പെട്ടൊരാഖുപ്രവീരന്നു തുല്യം
ഭയപ്പെട്ടിടും ഭാൎയ്യ രണ്ടുള്ള മൎത്ത്യൻ.

ഭൂഗോളം.

൨൬൧. ദൂരാൽ വന്നണയുന്ന കപ്പലിനെഴും
നല്ലാമരം മുൻപില-
ത്തീരേ നിന്നിഹ കണ്ടിടാമഥ ക്രമേ!
കാണാം ക്രമാൽ കപ്പലും;
ആരോമൽക്കളവാണി! നമ്മളെ നിവസി-
ച്ചീടും മഹിക്കുള്ളൊരാ-
കാരം പാരമുരുണ്ടതെന്നതിതിനാ-
ലോൎക്കാം വിതൎക്കം വിനാ. (കാ. യാ.)

൨൬൨. നീക്കം വിട്ടൊരഹസ്സിലൊന്നു തിരിയു-
ന്നീ ഭൂമിഗോളം മഹാ-
രേകത്ര്യാ താ;-നതുകൊണ്ടു രാത്രി പകലും
സൎവ്വത്ര ചേരുന്നതോ!
പാൎക്കിൽ ഭൂമിയിതിന്റെ നേർമറുപുറ-
ത്തായിട്ടു മേവും നര-

നോക്കി "പശ്ചിമദിക്കിൽനിന്നിഹ ഭവി-
ച്ചീടുന്നു സൂൎയ്യോദയം."

൨൱൫. ചുഴലവുമൻപതുനാഴിക
വിസ്താരം വായ്പുവുന്ന മേദിനിയിൽ;
അതുവരെയുള്ള പദാൎത്ഥ-
വ്രജവും മഹിയോടു ചേൎന്നു ചുററുന്നു. (സ.പ.)

൨൱൬. ഇന്ദുമണ്ഡലത്തോടു കൂടിയന-
ന്ത്യംകൊണ്ടീ മഹാമഹീഗോളം
അറിക മഹത്തരമാകും
ദിനകരഗോളത്തെയൊന്നു ചുററുന്നു. (സ.പ.)

൨൱൭. എണ്ണാനെത്താതവണ്ണം ഹാ! ബഹുബഹുദൂ-
രാന്തരത്തെക്കടന്നീ
വിണ്ണിൽ കാണുന്ന ഗോളാവലി നിയതമതേ
ദ്ദ്രവൃത്തത്തിലോരം
തിണ്ണം ചുററുന്നതേകം മഹിയോടിനമി-
ങ്ങൊന്നു ചുററുന്നതത്രേ
നണ്ണുമ്പോൾ സംഭവിക്കാവതു ദൃഢമിഹ; മ-
റെറതു ദുസ്സാധമല്ലോ. (സ.പ.)

മഞ്ഞ്.

൨൱൮. ഉത്ഥാനസ്ഥാനമാൎന്നുള്ളൊരു ജലമാഴും
ശീതമേറായിടുമ്പോൾ;
മെത്തീടും മൂടൽ തട്ടുംപൊഴുതിലുടനലി-
ഞ്ഞൊന്നാകവേ നിൎഗ്ഗമിക്കും;
ഇത്ഥം പ്രാലേയമേവം ചില മലകളിൽ നി-
ന്നഭിവിക്കുന്നൊരാററിൽ
കത്തും വേനൽക്ക വെള്ളം പെരുകിയൊഴുകുമ-
ന്നീരഭാഗങ്ങളിൽ തിങ്ങി. (സ.പ.)

മദ്യപാനം.

൨൩൭. ദേവിപ്രീതി വരുത്തുവാനിതധികം
നന്നെന്നു തന്നല്ലെ പ-
ണ്ടാവിശ്വോദരിതാസ്വദിച്ചു മഹിത-
ശ്രീരേവതീകാന്തനും
ഏവം ചൊല്ലി മദം കലൎന്നനുദിനം
മദ്യം സ്വദിക്കുന്ന ദുർ-
ഭാവം താൻ "രസമെന്നുറച്ചു സരസ-
ശോക്കിന്നു കൂപ്പുന്നു ഞാൻ."

൨൩൮. തീരെത്തീയും സ്വബോധം, വിവിധദുരിതകൃ-
ത്യങ്ങളും നിത്യം ഭവിക്കും,
ദാരിദ്ര്യം വന്നുകൂടും, സകലരുമൊരുപോൽ
നിന്ദചെയ്യും നിതാന്തം,
ആരോഗ്യം സൌഖ്യമോജസ്സിതുകളും സപദി തീ-
ന്നീടുമിത്യാദിയായു-
ള്ളോരോ ദോഷം നിനച്ചാലഹഹ! മദിര സേ-
വിക്കുവാനാൎക്കു തോന്നും? (സ.

മരണം.

൨൩൯. ബന്ധുവിൻമരണത്തിങ്കൽ ദുഃഖിക്കുന്നിതു മാനുഷർ;
കാലന്തന്നെ ഗ്രസിക്കുന്നതാലോചിക്കുന്നതില്ലഹോ!

൨൪൦. ശരീരികൾ ദിനംതോറും മരിക്കുന്നതു കാൺകിലും
ശേഷം പേർ നിജദേഹത്തെ നിത്യമാശ്ശുരുന്നഹോ!

൨൪൧. പെട്ടെന്നജ്ഞാതനായ് സ്വാന്തം പൊട്ടുമാറതിയായിട്ടും
മഹാമോദം മഹാദുഃഖമിവയാൽ മൃതി വന്നിടാം. (സ.)

൨൪൨. അരികേ മരണം നിത്യം
മരുവുന്നോരളെന്തു മർത്ത്യനിഹ സൌഖ്യം?;
കടുവാ മുന്നിലിരിക്കെ-
പ്പശുവിനു രുചി പുല്ലുതിന്നുകയുണ്ടാമോ?

൧൬൮. ദ്വാരമൊൻപതെഴുമിശ്ശരീരമാ-
 യോരു കുംഭമതിലിങ്ങു ജീവനാം
 വാരി നില്പതു വിചിത്രം;-മാറ്റു പോയ്-
 തീരുമെന്നതു വിചിത്രമായ് വരാ.

൧൬൯. ദേഹശക്തിഭരവും പ്രതാപവും
 ദേഹികൾക്കു നിഴൽപോലെയസ്ഥിരം;
 ഒന്നുമില്ല വിധിയെത്തടുക്കുവാൻ;
 വന്നിടുന്നു മൃതി ഭൂമിപാലനും. (ഇം. ത.)

൧൭൦. ശാസ്ത്രം പാർക്കിലനന്തമാം; സമയമോ
 പായുന്നു വേഗത്തൊടി;
 ഗാത്രത്തിൽ ബഹുധൈര്യപുഷ്ടിസഹിതം
 മേവുന്നതെന്നാകിലും
 നിത്യം ഹൃത്തു, പൊതിഞ്ഞ വാദ്യമതുപോ-
 ലാഹാ! ശ്മശാനസ്ഥല-
 പ്രസ്ഥാനത്തിലെഴുന്ന ശബ്ദമതുതാൻ
 നൂനം മുഴക്കുന്നിതേ. (ഇം. ത.)

൧൭൧. കാലരാത്രോ ദിവസങ്ങൾ പോകുമളവിൽ
 തീരുന്നു ഘോരത്തിലു-
 പ്പോ;-താൻ വന്നണയുന്നു ഘോരതരമാ-
 യീടുന്നൊരാ മൃത്യുവും;
 നേരേവം നിരൂപിച്ചു നല്ലവനിവൻ
 താനെന്നു മാലോകരെ-
 ല്ലാരും ചൊൽവതിനുള്ള കൃത്യ "മതിനാ-
 ണോർക്കേണ്ടതെല്ലാവരും."

൧൭൨. ഇല്ലോർത്താൽ മൃതി;-യപ്രകാരമിവിടെ-
 ത്തോന്നുന്നതെന്തെന്നതും
 ചൊല്ലീടാം;-മൊരു മാറ്റമായതു; നശി-
 ച്ചീടുന്നൊരീ ജീവിതം
 ചൊല്ലേറുന്നൊരു ദിവ്യസൌഖ്യവസതി-
 ക്കാസന്നഭൂവാണ;-തിൽ

ചെല്ലാൻതെല്ലൊരു കാൎയ്യമില്ല മൃതിയെ-
ന്നോൎക്കുന്നു സാധാരണം. (ഇം. ത.)

൨൬൭. കാലൻ കോപമിയന്നു വന്നു കയറാൽ
പെട്ടെന്നു കെട്ടീടുമ-
ക്കാലത്തിങ്കലണഞ്ഞിടുന്നു മൃതിയെ-
ന്നോൎക്കുന്നു സാധാരണം;
കാലാഘ്രാനസമേതനായൊരു പുമാ-
നുണ്ടോ? പുരാണങ്ങളിൽ
കാലത്തെച്ചിലർ കാലനെന്നു ചിത്രമായ്
ഖണ്ഡിച്ചു വൎണ്ണിച്ചതോ? (ആ. ചി.)

൨൬൮. സൂൎയ്യൻതന്നുടെ പുത്രനാണു സമന-
സ്സാകുന്നൊരക്കാലനെ-
ന്നാൎയ്യന്മാരതിദീൎഘദൎശികളഹോ പറ-
ഞ്ഞിട്ടുണ്ടതിസ്പഷ്ടമായ്;
കാൎയ്യം നേരതു; രാത്രിയും പകലുമു-
ണ്ടാകുന്നതോൎക്കുമ്പോഴ-
സ്സൂൎയ്യൻ കാലമതിന്നെഴും ജനകനാ-
ണെന്നും വരുന്നില്ലയോ? (ആ. ചി.)

൨൬൯. ഓരോരോ ദിനമായ് നശിച്ചുവരുകൊ-
ണ്ടായുർദ്രുമത്തിന്നെഴും
വേരോരോന്നു മുറിക്കയും, സമുചിതം
വീക്ഷിച്ചുടൻ ശിക്ഷയെ
ആരോ ധൎമ്മിയായവന്നരുളുകയും
പോരെന്നിയേ ചെയ്കയാൽ
നേരോടന്തകദണ്ഡധാരിതയുമി-
ക്കാലത്തിലായില്ലയോ? (ആ. ചി.)

൨൭൦. പോകം പൊന്മണിനിത്യദീപ്തിയിരവായാൽ
പോരാന്താരേശനെ-
പ്പിക്കെന്നോരമധഃകരിച്ചധികമാ-
മൌജ്ജ്വല്യഭാരത്തൊടേ

നിൽക്കും വെൺകളിമേടമേൽ മണമെഴും
പൂമെത്തയിൽ പള്ളികൊ-
ണ്ടൻപോടൻപിൽ സുഖമേററിടും നൃപതിയും
നിത്യം വസിക്കുന്നിതോ? (ആ. ചി.)

൨൱൨. പാരം നീളമിയന്ന നൽക്കട്ടമയും
നാരംഗചാരുപ്രഭാ-
പൂരം ചേൎന്ന തനുപ്രഭാവവുമലം
നീരന്ധ്രരോമാഭയും
സാരം യൌവനമാമവസ്ഥയഖിലം
നേരം നശിക്കും; പരി-
വാരം രോഗസമൂഹമാൎന്നഥ വരും
ഘോരം ജവാൽ മൃത്യുവും. (ആ. ചി.)

൨൱൩. ഒന്നിന്നും വഴിപോലെ പാൎക്കിലണുവും
നാശം ഭവിക്കുന്നതി-
ല്ലെ;-ന്നാൽ വൃദ്ധിയുമില്ല; പിന്നെ വിവിധാ-
വസ്ഥാവിശേഷങ്ങളാൽ
ഒന്നൊന്നായിഹ മാറിമാറിയഖിലം
കാണുന്നതാണെന്നു താൻ
നന്നായിന്നരുളുന്നുണ്ടു ചില ധീ-
രന്മാർ മഹാന്മാർ ഭുവി. (ആ. ചി.)

൨൱൪. പാനംചെയ്തുകളഞ്ഞാജ്ജലധിയു; മെതിരായ്
സൃഷ്ടിയുണ്ടാക്കിയന്യൻ;
ന്യൂനം ശസ്ത്രങ്ങളസ്ത്രങ്ങളുമൊരു വടിയാ-
ലേകനില്ലായ്മചെയ്തു;
ആലോചിച്ചീടിലാരിന്നവരൊടു കിടയാം
ദേവഭൂദേവസംഘേ?
കാലൻ കീടങ്ങളെപ്പോലവരെയുമെളുതായ്
ഹന്ത! നിൎമ്മൂലിയാക്കി. (ശാ. വി.)

൨൱൫. ഏതൊന്നത്യന്തധൈൎയ്യാൽ മരുവതിനു ബലം?
പാൎക്കിലീ മെയ്യുതന്നോ

ബന്ധുശ്രീയോ മിടുക്കോ പെരുകിന ധനമോ
ഹന്ത! വൈദുഷ്യമോ താൻ?;
അന്ത്യശ്വാസത്തെയോ നാമിഹ വിടുവതുപാ-
ന്ത്യത്തെയോയെന്നു ചിന്തേ
ചിന്തിക്കവോളം മറന്നീശനെയൊരു നിമിഷം
പോലുമേ വാഴമോ നാം? (ശാ. വി.)

൧൮൯. മോഹിക്കത്തക്ക വംശോന്നതിമതി, പുനരു-
ദ്യൽപ്രതാപപ്രഭാവം,
ദേഹത്തിൻകാന്തി സമ്പത്തുകളിവ തരുമാ-
ഡംബരം താനശേഷം
ഹാഹാ! നീക്കാവതല്ലാതൊരു ദശയതിനെ-
ക്കാത്തിരിക്കുന്നു; പാർത്താൽ
മാഹാത്മ്യത്തിന്റെ നാനാപദവി ചുടലയിൽ
ചെല്ലുവാനുള്ളതത്രേ. (ഇം. ത.)

൧൯൦. നൂറാണായുസ്സു മർത്ത്യർക്കിഹ നിയതം;- അതിൽ
പാതിയും രാത്രികളിൽ
തീരുന്നു; പാതി പിന്നീടതിലുമ കഴിയും
ബാല്യവാർദ്ധക്യകാലേ;
ഓരോ സേവാദിയാൽ തീർന്നിടുമതനപരം
രോഗമൃത്യാർത്തിയോടും
നീരോളംപോലെഴും ജീവിതമതിലിവിടെ
പ്രാണികൾക്കെന്തു സൌഖ്യം?

മഴവില്ല്.

൧൯൧. അഴകുള്ളുദകങ്ങളിലെതിർ-
വഴി നല്ലോരർക്കരശ്മി നിഴലിച്ചാൽ
മഴവില്ലുണ്ടാം;- അതിനുട-
നഴിവില്ലാതാവതിനു കഴിവില്ലാ. (സ്വ.)

മാതാവു്.

൱൯൧. വളരെക്കാലമേ തന്നാലേററം ലാളിതനായിട്ടും
മകന്റെ മൃത്യുദുഃഖങ്ങളും കാണാതുള്ളവൾ ധന്യയാം.

൱൯൨. ഇല്ല മാതൃസമം ദൈവ;- മില്ല താതസമൻ ഗുരു;
കർമ്മണാ മനസാ വാചാ തൽപ്രിയം ചെയ്ക സന്തതം.

൱൯൩. പെററീടുമ്പൊഴുതുറെറാരാർത്തി യചികേ-
ടും ദേഹശുശ്രൂഷതാപവും
പററീടുന്നൊരു വത്സരം മലഭരം
ചേർന്നുള്ളൊരശ്ലീലവും;
മററും ഗർഭമാർത്തിയൊന്നിനു മഹാ-
നെന്നാകിലും നന്ദനൻ
പാററാ പ്രത്യുപകാരമേകുവതിനാ;
മാതാവിനെക്കൈതൊഴാം.

മിത്രം.

൱൯൪. പലവിധമുള്ളൊരു ഭേദം
കലരും നൽപ്രേമസൌഹൃദരേഖകളെ
ഉലകിതിൽ മററാം രാജണാ-
പലമതിലത്രേ പരീക്ഷണംചെയ്യൂ.

൱൯൫. പ്രത്യക്ഷമായി പ്രിയമേററമോതി-
പ്പരോക്ഷമായ് ദൂഷണമാചരിക്കും
സുഹൃത്തിനെദ്ദൂരെ വെടിഞ്ഞിടേണം
മുഖത്തു പാലാർന്ന വിഷഘടംപോൽ.

൱൯൬. മദ്ധ്യാഹ്നത്തിനു മുൻപിലുള്ള നിഴൽപോ-
ലാരംഭകാലത്തു താ-
നത്യന്തം വലുതായ് ക്രമേണ കുറയും
ദുഷ്ടർക്കെഴും സൌഹൃദം;
മദ്ധ്യാഹ്നത്തിനു പിൻപിലുള്ള നിഴൽപോ-
ലാരംഭകാലത്തിലി-

ങ്ങത്യന്തം ചെറുതായ് ക്രമേണ വലുതാം
സത്തർക്കെഴും സൌഹൃദം.

൯൫. ഒന്നിച്ചാരാൽ വസിച്ചും കളികളൊടു ഭുജി-
ച്ചും ഹസിച്ചും കഥിച്ചും
നന്ദിച്ചും വിശ്വസിച്ചും സുബഹു പരിചയി-
ച്ചുള്ള മര്‍ത്ത്യങ്കൽനിന്നും
ഒന്നിച്ചീടും പ്രിയത്വം കലരുമൊരു മന-
ത്താർ പരം വേർപെട്ടതാൻ,
നിന്ദിച്ചീടേണ്ട ദൌഷ്ട്യം പെടുകിലുമൊരുവ-
ന്നാവതോ ചാവതോളം.?

മൂഢൻ.

൯൬. മൂഢന്നു വിദ്യ വിഷമാം;മജീർണ്ണേ ഭോജനം വിഷം;
വിഷം സഭ ദരിദ്രന്നു; പാരശ്രീ ചലന്നം വിഷം.

൯൭. വാനരൌഘവിവാഹത്തിൽ ഗർദ്ദഭം തന്നെ ഗായകൻ;
അവർതമ്മിൽ പുകഴ്ത്തുന്നിതഹോ! രൂപമഹോ! സ്വരം.

൯൮. തവളകൾ കളകളബഹളം
ലഹളകൾ കൂട്ടുന്ന മേഘകാലത്തിൽ
കുയിലുകൾ മൌനം വഴിപോ-
ലിയലുകയോർത്താലതീവ യുക്തം താൻ.

൯൯. ഗാത്രത്തെ നൽപ്പൊന്മയമാക്കിയാലും
കൊക്കിങ്കൽ മാണിക്യമണിഞ്ഞിയാലും
പത്രങ്ങൾതോറും മണി കെട്ടിയാലും
കാകന്നു ഹംസപ്രഭ സംഭവിക്കാ.

൧൦൦. നിറയും മദമോടു താൻ മഹാനാ-
ണറിയും സർവ്വമെന്നു നാണമെന്യേ
പറയുന്നവനില്ല പൂർണ്ണബോധം;
"നിറകുംഭങ്ങൾ തുളുമ്പുകില്ല നൂനം."

൧൨൭. കാകെ! കരഞ്ഞിടുക നീ; തവ കുറ്റമെത്തും
പാൎക്കിലൊട്ടില്ല; വിധി തന്നെ വിഗൎഹണീയൻ;
വാക്കിന്നു മാധുരിയെഴും കുയിലോടു നിന്നെ-
യ്യൊപ്പമുള്ള മാവിലവനിങ്ങനെ ചേൎത്തുവല്ലോ.

൧൨൮. കൊക്കം പിളൎന്നു പരുഷധ്വനി പൂണ്ടു കാകൻ
ഭിക്ഷയ്ക്കു മണ്ടു;-വനൊരിക്കലുമില്ല തൃപ്തി;
അക്കഞ്ജസന്തതിയിൽ വാണു തൃപ്തിയെന്നും
കൈക്കൊണ്ടിടുന്നു കളകോമളമായ ഹംസം.

൧൨൯. ബോധിപ്പിക്കാം സുഖമൊടറിവി-
ല്ലാതെയുള്ളോരെ നന്നായ്;
ബോധിപ്പിക്കാമതിസുഖമൊടേ
നല്ല സാരജ്ഞരേയും;
ബോധം ചെറ്റുള്ളതിലതിമദം
പൂണ്ട ദുൎബ്ബുധിതന്നെ-
ബ്ബോധിപ്പിക്കുന്നതിനു വിധിയും
തെല്ലുമാളല്ല നൂനം.

൧൩൦. മൎത്ത്യന്നു നിനയ്ക്കിലോ സഹജമാ-
യിടും വിവേകം പരം;
മറ്റേക്കണ്ണറിവാൻ സത്തുക്കളുമാ-
യൊത്തുള്ള സംസൎഗ്ഗമാം;
ഉറ്റോരീ നയനങ്ങൾ വിട്ട പുരുഷൻ
ലോകത്തിലന്ധൻ ധ്രുവം;
തെറ്റെന്നെങ്കിലുമാപതിക്കിലവനിൽ
പാറില്ല കുറ്റം സഖേ!

൧൩൧. മറ്റുള്ളോരിൽ വിളങ്ങിടും ഗുണഗണം
കാണില്ലഹോ! ലോകർ, മ-
ക്കുറ്റം ലേശവുമില്ലയെങ്കിലുമുടൻ
കാണുന്നു വേണ്ടോളവും;
തെറ്റീടാതിരുതൻകലോ ദൃഢതരം
നേരെ മറിച്ചായിതും;
മുറ്റും മൂഢതയാകുമഞ്ജനമതിൻ-
മാഹാത്മ്യമോൎത്താലിദം.

൧൦൩. കാട്ടിൽ പോയ്ക്കരയുന്നതും കുരുടനെ-
ക്കണ്ണാടി കണ്ടീടുവാൻ
കാട്ടീടുന്നതുമെണ്ണയിട്ടു ശുനിതൻ-
പുച്ഛം നിവർത്തുന്നതും
നാട്ടിത്താമരയെ സ്ഥലത്തിൽ വളമി-
ട്ടീടുന്നതും മൂഢനെ-
പ്പാട്ടിൽ ചെന്നു ഭജിക്കയെന്നതിഹ യാ-
തൊന്നാണതായ് വന്നിടും.

൧൦൪. വാചാലന്റെ വചസ്സിലും സുകവിതൻ-
ഭാഷാമൃതത്തിങ്കലും
സ്വല്പപ്രജ്ഞരെഴും ജനത്തിന രസം
തുല്യം നിനച്ചീടുകിൽ;
പോത്തന്മാർക്കു വനത്തിലക്കരുമനി-
ക്കൂട്ടങ്ങൾതൻശബ്ദത്തിലും
ചൊല്ലേറും കുയിലിന്റെ ശബ്ദമതിലും
തുല്യാ മനോവൃത്തി താൻ.

൧൦൫. ശങ്കിക്കാതിഹ കാക! നീ മധുവൊലി-
ത്തേന്മാവിൽ വാണീവിധം
‘ക്രോംക്രോ’മെന്നു കരഞ്ഞിടായ്ക; കുയിലെ-
ന്നോർത്തീടുവൻ നിന്നെ ഞാൻ;
താൻ കൂടും സ്ഥലവൈഭവാൽ ഗുണമെഴും;
നേപാളഭൂപാലിക-
ത്തിങ്കൽത്തങ്ങിന പങ്കവും കരുതിടും
കസ്തൂരിയെന്നാരുമേ.

൧൦൬. ശാണിച്ചും മതിയും പിന്നെയുമടവലേ-
ഹിച്ചുമേറേ ചവച്ചും
നാണിക്കാതുള്ള വൈരസ്യമൊടു രുചി കള-
ഞ്ഞെന്നതിൽ കേണിടൊല്ലാ;
ചേണേറും രത്നമേ! നിന്നുടെയകമതു ക-
ണ്ടീടുവാൻ കീടസംഘ-
ക്കോണാൽ നിന്നെപ്പൊടിക്കാഞ്ഞതു പരമുപകാ-
രം നിനക്കെന്നറിക.

൱൭൦. കിട്ടീടും ഭോജ്യമെല്ലാമനുദിനമൊരുപോൽ
ഭുക്തിചെയ്യുന്നു, വെള്ളം
മുട്ടാതുൾക്കൊണ്ടിടുന്നു, നിശകളിൽ നിയതം
നിദ്രയും ചെയ്തിടുന്നു,
തിട്ടം പോററുന്നു കുഞ്ഞുങ്ങളെ, യബലകളോ-
ടും രമിക്കുന്നു, ബോധം
മുട്ടാതുള്ളോർ നിനച്ചാലിഹ ഭുവി മൃഗപ-
ക്ഷ്യാദിയോടൊക്കുമല്ലോ. (ശാ. വി.)

൱൭൧. പൊട്ടിപ്പായും മദാംഭസ്സതിലിളകിയളി-
ശ്രേണി ചേരുന്ന ദന്തി-
ശ്രേഷ്ഠന്മാർ യാതൊരേടത്തധികഭയവശാൽ
ശങ്കിയാനില്ല തെല്ലും;
ഒട്ടേറം ശങ്കയുള്ള ഗ്ഗുഹയതിലിഹ സിം-
ഹം മരിച്ചോരു നേരം
പെട്ടെന്നങ്ങൊത്തുകൂടിക്കുറുനരിനിര കൂ-
കുന്നിതാശ്ചര്യമത്രേ.

൱൭൨. നീയാർ ചൊല്ലൂ?;- ഹംസം; തവ പുരമെവിടം?;
മാനസം; മാനസത്തിൽ
ചൊല്ലേന്തൊന്നുണ്ടു?; പൊൻതാമരകളമൃതി-
നൊക്കുമംഭസ്സുമുണ്ടു്;
പിന്നെന്തൊന്നുണ്ടു?; വാനോർയുവതികൾ വിലാസം
രത്നഭൂവുണ്ടു;- തെല്ലാം
പോട്ടേ, നത്തക്കയുണ്ടോ?; നഹി; യദി ബാഹ്നി-
സ്സാരമെന്നാർ ബകങ്ങൾ.

മോക്ഷം.

൱൭൩. ശമം വിചാരം സന്തോഷം സാധുസംസർഗ്ഗമിങ്ങനെ
ദ്വാരപാലകർ നാലുണ്ടു മോക്ഷദ്വാരത്തിലോർക്കണം.

൱൭൪. ബ്രഹ്മത്തെ വഴിപോലുള്ളിലറിഞ്ഞീടുകയെന്നിയേ
കർമ്മമോ പ്രജയോ മററോ മോക്ഷസിദ്ധി വരുത്തിടാ.

യശസ്സ്.

൧൧൫. അഞ്ചു ഭൂതങ്ങൾകൊണ്ടുള്ള മൂൎത്തിതാൻ ക്ഷണഭംഗുരാ;
കീൎത്തിയാം മൂൎത്തി പാരത്തിടിൽ കല്പാന്തംവരെ നിന്നിടും.

൧൧൬. അന്യനിൽ ചേൎന്നിടും ലക്ഷ്മി;—യന്യനിൽ ചേൎന്നിടും മഹീ
അനന്യാശ്രയയായ് നില്ക്കും കീൎത്തിതന്നെ പതിവ്രതാ.

൧൧൭. എന്തിന്നു രക്ഷിപ്പതനിത്യമാം മെയ്?;
നിത്യം യശസ്സാ;—യതു രക്ഷചെയ്യു;
മരിച്ചുപോയീടുകിലും മനുഷ്യൻ
യശശ്ശരീരത്തിൽ വിളങ്ങിടുന്നു.

യുക്തി.

൧൧൮. യുക്തിയുള്ള വചനങ്ങൾ ബാലനോ
തത്തയോ പറവതും ഗ്രഹിച്ചിടാം;
യുക്തിഹീനമൊഴിയെ ഗ്രഹിക്കൊലാ
ദേവദേശികനുരച്ചവെങ്കിലും.

രാജനീതി.

൧൧൯. സദാചാരങ്ങളെക്കൊണ്ടു പരിശുദ്ധൻ പ്രതാപവാൻ
ധാൎമ്മികൻ നീതികുശലൻ ശോഭിക്കുന്നു മഹീവരൻ.

൧൨൦. അഭ്യസിപ്പിക്കണം ഭൂപനൈശ്വൎയ്യത്തിന്നു പുത്രരെ;
കുമാരന്മാർ മൂഢരായാൽ കുലമാശു നശിച്ചുപോം.

൧൨൧. നരപതി ധൎമ്മം ചെയ്യുകിൽ
പ്രജകളുമതുപോലെ ചെയ്തിടും ധൎമ്മം;
പാപം ചെയ്കിലുമതുപോൽ;
പ്രജകൾക്കെല്ലാം പ്രമാണമവനീശൻ.

൧൨൨. നല്ലോണം പ്രഭുവിന്നു വേണ്ടതുരചെ-
യ്യാറില്ല സഭാകുശലിതർ;

ചൊല്ലേറും പുഷ്ടവും ഹിതങ്ങളുമാവ-
ത്തികാഴ്ചയിൽ നിന്ദ്യൻ ഉദയം;
എല്ലാനാളിലുമൈകമത്യമൊടു വാ-
ണീടും നൃപാമാത്യരിൽ
കില്ലെന്ന്യേ വിലസുന്ന പുഷ്ടിതരമായ്
വൻപൊത്ത സമ്പത്തുകൾ.

ലുബ്ധൻ.

൧൱൧. സ്തുതിക്കമത്യന്തധനപ്രഭാവം
ധരിക്കിലും സാധുജനാർത്ഥിയിങ്കൽ
കരിക്കലും തെല്ലലിയാത്ത മർത്ത്യം-
"നിരിക്കിലും ചത്തതിനോടുതുല്യം."

൧൱൨. നന്നായ് വേണ്ടവിധം നിബദ്ധതരമാ-
യീടുന്ന തൻമുഷ്ടിയോ-
ടെന്നും കോശമതിൽ കിടക്ക;- മറ്റുപോൽ
മാലിന്യമാലംബമാം;
ഇന്നേവം മരുവും കൃപാണകൃപണ-
ന്മാരിൽ ചുഴിഞ്ഞോർക്കുകിൽ
ചേർന്നീടുന്നൊരു ഭേദമല്പതരമാ-
മാകാരമാത്രത്തിനാൽ.

൧൱൩. ധാരാളം വേണ്ട സമ്പത്തുകൾ പലവിധമു-
ണ്ടെങ്കിലും, ശങ്ക കൈവി-
ട്ടാരാനും വന്നിരന്നീടുകിലവനു കൊടു-
ക്കാതെയും തങ്ങളൊന്നും
നേരായ് നിത്യം ഭുജിക്കാതെയുമമരുകിലി-
ങ്ങായവർക്കും ദരിദ്ര-
ന്മാരായോർക്കും "നിനച്ചീടുകിലിഹ വിലിളയില്ലെ-
ന്നതരം ഹന്ത! ചൊൽവാൻ?"

൧൱൪. നേരത്രേ ശാസ്ത്രമെന്നോർക്കുകിൽ മുതലതിലും
യാചകർക്കായ് കൊടുക്കാം;

നേരല്ലെന്നോർക്കിലെല്ലാം സുഖമതനുഭവി-
ച്ചീടുവാനായ് ത്യജിക്കാം;
തീരെക്കൈവെച്ചിടാതങ്ങതു പുരുഷനിയിൽ
ശ്രദ്ധമായ് സംഗ്രഹിക്ക-
ന്നോരാ വൃത്തിക്കെഴും കാരണമതു നിരൂ-
പിച്ചിട്ടു കാണുന്നതില്ലാ. (ശാ. വി.)

വശീകരണം.

൨൭൬. ലോകത്തെയൊരു കർമ്മത്താൽ വശമാക്കാൻ കൊതിക്കി
പരനിന്ദയിൽനിന്നിട്ടു നിവർത്തിപ്പിക്ക നാവിനെ. (ലോ

വാക്ക്.

൨൭൭. വാങ്മാധുര്യം സർവസന്തോഷപാത്രം;
വാക്പാരുഷ്യം സർവവൈരസ്യപാത്രം;
ചെയ്യുന്നുണ്ടോ കോകിലം നന്മ നമ്മിൽ?;
ചെയ്യുന്നുണ്ടോ ഗർദ്ദഭം ദോഷലേശം?

൨൭൮. നേരിട്ടെതിർക്കുമൊരു വാഗ്മിയെയും ക്ഷണത്തിൽ
നേരോടടക്ക, മിളപോലെ മൃദുലഭാഗേ
ചേരുന്ന മന്ദനെയുമുന്നതനാക്കിവയ്ക്കും;
സൂരിക്കെഴുന്ന മൊഴിതന്നുടെ മട്ടിവണ്ണം.

൨൮൦. ചേർത്തീടുന്നില്ല മർത്ത്യർക്കഴക വളകളും, നൽ-
ച്ചന്ദ്രതുല്യപ്രകാശം
വീശീടും ഹാരജാലം, കുളി, കുറി, കുസുമം,
കേശമിത്യാദിയൊന്നും;
ചാർത്താൻ സംസ്കാരമേറും മൊഴി പാരഴകാം
പുരുഷർക്കു;—ന്യഭൂഷാ-
സാർത്ഥം സർവം നശിക്കുന്നു; നിശമിഹ വചോ-
ഭൂഷണം ഭൂഷണം താൻ.

വിദ്യ.

൩൩൧. ഉന്നതത്വം കലരാത്ത വിദ്യ, കൎണ്ണകം
ചേൎക്കുന്ന വൃത്താന്ത,മ-
ത്യാനന്ദപ്രദമായിരുന്ന മഹിതം
കസ്തൂരികാസൌരഭം
താനേ മൂന്നിവ തൈലബിന്ദുനികരം
തോയത്തിലെന്നോൎണ്ണമ-
ന്യൂനം താൻ തടവെന്നിയേ ഭുവി പര-
ന്നീടുന്നിതെല്ലാടവും.

൩൩൨. പൊന്നും നന്മണിജാലവും ധനവും
ദ്രവ്യങ്ങളും തേടി വ-
ച്ചെന്നാലും നിലനിൽക്കയില്ലവ;-യിതിൽ
സന്ദേഹമില്ലോൎത്തമേ;
ഗിന്നീടുന്നൊരു വിദ്യകൊണ്ടു വഴിപോ-
ലാൎജ്ജിക്ക പാരം യശ-
"സ്സെന്നെന്നേയ്ക്കുമതൊന്നു തന്നെ നിലനി-
ൽക്കും നിങ്ങളിതോൎക്കുവിൻ."

൩൩൩. കാവ്യാസ്വാദേച്ഛയുള്ളോരിഹ കലിസമയ-
ത്തിങ്കലോരം ചുരുക്കം;
താവും ദോഷൈകദൃക്കോടവരിലധികരും
മത്സരഗ്രസ്തരത്രേ;
ദൈവാൽ ശേഷിച്ച ശുദ്ധാത്മകരതയുടയൊ-
രഞ്ചാറു പേരെങ്കിലെന്നും
നിൎവ്യാപാരം വസിപ്പോരവർ പര;-മതിനാൽ
തീൎന്നു വിദ്യാവിനോദം.

൩൩൪. ചിന്തിക്കുന്നോരു നേരം ചിതമൊടു ഹൃദയ-
ത്താരതിൽത്തോന്നുമാറായ്
ചന്തത്തോടേ പഠിച്ചുള്ളൊരു മഹിമയെഴും
വിദ്യയേ വിദ്യയാവൂ;
എന്താണെന്നുള്ള ബോധം ഗുരുവിധുമുഖ തൻ-
പുസ്തകത്തിങ്കലും വ-

ച്ചന്തസ്സോഷാൽ വസിക്കുന്നവനെയവനിയിൽ
സൂരിയെന്നാരു ചൊല്ലും?

൱൰൫. എപ്പോളല്പജ്ഞനായിട്ടധികമദവശാ-
ലന്ധനായ് ഞാൻ ഗജം പോ,-
അപ്പോൾ സർവ്വജ്ഞനാണെന്നകമലരിൽ മഹാ-
ഗർവ്വും സംഭവിച്ചു;
എപ്പോളോരോന്നു പേരാന്നൊരു വിബുധസമീ-
പത്തിൽനിന്നിങ്ങറിഞ്ഞു,-
അപ്പോൾ ഞാൻ മൂഢനാണെന്നറിവുടനുളവായ്;
ഗർവ്വും പോയ് ജ്വരംപോൽ.

വിദ്വാൻ.

൱൰൬. സൂകവിതങ്ങൾ വിളയും സൂരികൾക്കു തൊഴുന്നു ഞാൻ;
യന്മധ്യഗതമായ് നീചകാവ്യവും പൂജ്യമായിടും.

൱൰൭. കീർത്തിയെഴും സുമനസ്സുകൾ
പാർത്താലീരണ്ടിലൊന്നിൽ മരുവുന്നു,
എല്ലാരുടെയും തലയിൽ,ല-
തല്ലായ്കിൽ കാനനാന്തരത്തിൽ.

൱൰൮. വിഷത്തെയും ചന്ദ്രനെയും ശിവൻപോൽ
ഗ്രഹിച്ചുടൻ ദോഷഗുണങ്ങൾ വിദ്വാൻ
പൂർവ്വത്തിനെക്കണ്ഠതടത്തിൽ നിർത്തും,
പരത്തിനെത്തൻതലകൊണ്ടു വാഴ്ത്തും.

൱൰൯. കൈതക്കകത്തുള്ളൊരു ചാരുപുഷ്പം
മണത്തിനാൽ വണ്ടറിയുന്നപോലെ
വിദ്വാൻ പരന്മാരുടെ ഗൂഢതത്ത്വ-
ഭ്രൂഭാവത്തിനാൽത്തന്നെയറിഞ്ഞിടുന്നു.

൱൨൰. പറഞ്ഞ കാര്യം പശുവും ഗ്രഹിച്ചിടും;
ഹയാദി ഭാരങ്ങളെടുപ്പതില്ലയോ?;
പറഞ്ഞിടാതെയുമറിഞ്ഞിടും ബുധൻ;
പരേംഗിതജ്ഞാനമതിന്നു ബുദ്ധികൾ.

൨൩൫. ഖണ്ഡിക്ക വഹ്നിയതിലിട്ടതിതാപമേററി-
ട്ടണ്ഡികളെന്നിവയിലില്ലൊരു ദുഃഖവും മേ;
കുന്നിക്കെഴുന്ന കരുവോടു സ്വവർണ്ണമാക-
മെന്നെക്കലർത്തിയിഹ തൂക്കുവതാണു കഷ്ടം!

൨൩൬. ഉള്ളിൽ കോപമതിക്കിലക്കമലജൻ
തണ്ടാർവനത്തിന്നക-
ത്തുള്ളോരന്നമതിൻവിലാസവിഭവം
മാത്രം നശിപ്പിച്ചിടും;
വെള്ളത്തോടു കലൎന്ന പാൽ മുഴുവനും
മാറാതെ വേറാക്കിയും-
ക്കൊള്ളുന്നോരതിനുള്ള കൌശലമവൻ
തള്ളീടുകില്ലേതുമേ.

൨൩൭. പോകട്ടേ തുരഗാദിവാഹനമതിൻ-
മേലേറി മൂഢവ്രജം;
പോകട്ടേ ധനഹീനമാം ബുധജനം
കാലാൽ നടന്നങ്ങനേ;
കാകന്മാർ വലുതായ പർവ്വതമതിൻ-
മേലേറി മേവീടിലും
ശ്രീ കോലും പുളിനസ്ഥലത്തിൽ മരുവും
ഹംസാളിയോടൊക്കുമോ?

൨൩൮. പെട്ടെന്നങ്ങനെ സാഹസത്തിൽ നിപതി-
ച്ചീടാതെ വിദ്വാൻ സദാ
കിട്ടും കാര്യമതിന്റെ തത്ത്വമഖിലം
ചിത്തത്തിലോൎക്കും ക്രമാൽ,
തിട്ടം തത്ത്വമറിഞ്ഞു യുക്തിയൊടനു-
ഷ്ഠിക്കും പ്രമാദം വിനാ,
മുട്ടാതന്യഹിതത്തൊടാത്മഹിതവും
നന്നായ് നടത്തും ദൃഢം.

൨൩൯. ശോഭിക്കുന്നില്ല തെല്ലും കരടപടലിതൻ-
മദ്ധ്യഭാഗത്തു ഹംസം;
ശോഭിക്കുന്നില്ല തെല്ലും കവനാദിനിതൻ-

മദ്ധ്യഭാഗത്തു സിംഹം;
ശോഭിക്കുന്നില്ല തെല്ലും ഛവി കഴുതകൾതൻ-
മദ്ധ്യഭാഗത്തിലശ്വം;
ശോഭിക്കുന്നില്ല തെല്ലും ജളജനതയതിൻ-
മദ്ധ്യഭാഗത്തു വിദ്വാൻ.

വിധി.

൨൮൫. ഗ്രഹിക്കണം വന്നണയുന്നതെല്ലാം;
ത്യജിക്കണം പോരാത്തതുമപ്രകാരം;
രസിക്ക ദുഃഖിക്കയുമെന്തിനോർത്താൽ?
വിധിക്ക നീക്കം വരികില്ല തെല്ലും.

൨൮൬. ശ്രീരാമൻ പോയ് വനത്തിൽ; ബലിനിയമിതനായ്;
പാതാളം പുക്കൊരുന്നും;
പോരാടിത്തീർന്നു വൃഷ്ണിവ്രജമഥ; നളനും
രാജ്യവിഭ്രഷ്ടനായി;
കാരാഗാരത്തിൽ വാണാൻ ദശമുഖ,-നടലിൽ
ചാകയും ചെയ്തു;പാർത്താൽ
പാരാകെക്കാലലീലാവശഗമതു മറി-
ച്ചാക്കുവാനാർക്കു ശക്യം?

വിനയം.

൨൮൭. സ്വാന്തത്തിന്നേറ വിനയപ്രദയായ വിദ്യ,
താൻതന്നെയമ്മ തനയന്നു വിഷംകണക്കേ
ചിന്തും മദം ബത! നരന്നതുകൂന്നുവെന്നാ-
ലെന്താണു ചെയ്ക? ദൈവമോടതു ചൊല്ലിടേണ്ടു?

൨൮൮. വലിപ്പം വന്നിട്ടുന്നതിനു കൊതിയു-
ള്ളോരു പുരുഷൻ
ലഘുത്വം കൈവിട്ടിട്ടനിശമധികം
താഴണമഹോ!

വലസ്സും ദ്വാരം മദ്ദരമണെ-
ഞങ്ങടനെ സമ-
ജ്ജ്വലിക്കുന്നെന്നാകിൽ കല്യാണമതു;-
ല്ലെങ്കിൽ വിഷമം. (രാ.മാ.)

൱൭൰. ശ്രീ വർദ്ധിച്ചോരു ഗേഹം, നിപുണത കലരു-
ന്നിന്ദ്രിയൈശ്വര്യം, ബലശ്രീ
മേവും ദേഹം, നവം യൌവനം, മവിരളമാം
ദ്രവ്യമിച്ചൊന്നതെല്ലാം
കൈവന്നല്ലോരു കാലത്തിലുമിഹ കടലാ-
ടിയ്യെഴും പൂവിനെപ്പോ-
ലെവൻ ചിത്തം നമിക്കുന്നിതു വിനയഗുണാ,-
ലായവൻ തന്നെ ധന്യൻ. (ശാ. വി.)

വിവാഹം.

൱൭൧. കുലവും വിദ്യയും പ്രായം ശീലം ദ്രവ്യം സ്വരൂപവും
ദേശവും ക്രമമായ് നോക്കി വേണം വേളികഴിക്കുവാൻ.

വൃദ്ധൻ.

൱൭൨. എല്ലോരും വൃദ്ധരാമെന്നൊരു വകതിരിവി-
ല്ലാതെ ചോരത്തിളപ്പാൽ
ചൊല്ലാവാക്യം വയസ്സേറിന സുകൃതികളിൽ
ചൊല്ലുവോർ മൂഢരത്രേ;
എല്ലാം നന്നായറിഞ്ഞിട്ടുപശമപരിപാ-
കങ്ങളോടീശഭക്ത്യാ
നല്ലാനന്ദാൽ വസിക്കും ശമികളുടെ ജാ-
ഡ്യം നരയ്യും തൊഴുന്നേൻ. (സു.)

വ്യാജം.

൩൫൨. വേദശാസ്ത്രപുരാണാദിബോധമല്ല സമർത്ഥതാ;
വരവികൾ കവിഞ്ഞുള്ള ചിലവില്ലായ്മയാണതു്.

വ്യായാമം.

൩൫൩. ദേഹമേദസ്സുതുടങ്ങി മേനിയിലെഴും
ദോഷങ്ങളെല്ലാം കള-
ഞ്ഞുന്മേഷം ബലവും ദൃഢതയുമലം
വ്യാപാരസാമർത്ഥ്യവും
ചെമ്മേ കാന്തിയുമേകിടും മഹിതമാം
വ്യായാമമീ ജീവിത-
ത്തിന്മേലാഗ്രഹമുള്ളവന്നനുദിനം
കർത്തവ്യമത്രേ ദൃഢം. (ല.ക.)

ശബ്ദശാസ്ത്രം

൩൫൪. ശസ്ത്രപ്രയോഗകലയെ ഗ്രഹിയാതെ ഘോര-
യോധാക്കൾ ചേർന്ന രണഭൂമിയിലെന്നപോലെ
ശബ്ദാനുശാസനവിധങ്ങളറിഞ്ഞിടാതെ
വിദ്വത്സദസ്സിലണയുന്നതശക്യമത്രേ.

ശാന്തി.

൩൫൫. നല്ലോരായസയന്ത്രവൃന്ദമതിനാൽ
ദുർഭേദമാം പാറയും
മെല്ലെ കാൺക പിളർന്നിടുന്ന തരുവിൻ-
വേരങ്ങു ചേരും വിധൌ;
ചൊല്ലാമായതുപോലെ ശാന്തതയതാ-
ർന്നീടും ഗുണംകൊണ്ടു മ-
റ്റെല്ലാ ദുർഘടവും കടന്നു ജയമാ-

ന്നീടാം പ്രയാസം വിനാ. (സു.)

൩൱൫൯. അൻപേറും വേദപാരായണമതിലധികം
ത്രുഷ്ണയുണ്ടാകിലെന്തേ?
മൻപേ കേൾക്കാത്തതും കേട്ടതിനൊടു സമമാ-
യിട്ടു ബോധിക്കിലെന്തേ?
വൻപന്മാരോടു വാദിച്ചവരെ ലഘുതരം
താൻ ജയിച്ചാലുമെന്തേ?
ശംഭോ! വൈരാഗ്യമോടേ മനുജനു ഹൃദയേ
ശാന്തി വന്നില്ലയെന്നാൽ. (ശാ.വി.)

സംഗീതം.

൩൱൬൦. പശുവും ശിശുവും പാമ്പും പാട്ടിൻഗുണമറിഞ്ഞിടും;
അതിൻെറ ഗന്ധമില്ലാത്തുള്ളവൻ മനുജഗർദ്ദഭം.

൩൱൬൧. സാക്ഷാൽ വാസനയൊന്നുണ്ടു സംഗീതത്തിനു നിർണ്ണയം;
അതില്ലാത്തുള്ള പുരുഷനഭ്യസിക്കിൽ ഫലം വരാ. (സു.)

സജ്ജനം.

൩൱൬൨. മഹാസത്വപ്രതായാ നിത്യം സാധുവും സരിദീശനും
ഗോത്രസ്ഥിതിയിളക്കാതെ താഴ്ന്നു പൂണ്ടു വസിച്ചിടും.

൩൱൬൩. അഞ്ജലിഗതസുമജാലം
മണമിയലൈക്കരങ്ങളൊന്നുപോലേകും;
സുമനസ്സുകളുടെ വൃത്തിയ-
താശ്ചര്യം വാമദക്ഷിണാഭേദാ.

൩൱൬൪. വിധുവോ മധുവോ പിന്നെ-
സ്സുധയോ നിശ്ശേഷവസുധയോ വ്യർത്ഥം,
ഹൃദയഹരചരിതമിയലും
സുജനം നയനായനത്തിലെത്തീടിൽ.

൩൱൬൫. അഗുണികളറിയാ ഗുണിയെ;-
ഗുണി ഗുണികളിലിഞ്ഞു മത്സരഗ്രസ്തൻ;

ഗുണവും പരഗുണരാഗവു-
മണയും സുജനം ചുരുക്കമോർത്താലും.

൧൱൰൪. സജ്ജനസംഗമതതിതേ;
സംഗമിരിക്കിൽ പ്രിയതാമങ്ങതതേ;
പ്രിയതയിലതതേ വിരഹം;
വിരഹത്തിൽ ജീവിതാശയതതതേ.

൧൱൰൫. വദനം പ്രസാദസദനം,
സദയം ഹൃദയം, സുധാസമം വാക്യം,
കരണം പരോപകരണം,
പറയുന്നിവ പുരുഷന്റെ പാരമ്യം.

൧൱൰൬. ഉപദേശിച്ചീടാഞ്ഞില്ല-
ഗുരുഭക്ത്യാ സേവ്യരാണ സത്തുക്കൾ;
അവർതൻസ്വൈരാലാപവു-
മറിവരുളും ശാസ്ത്രമായ് ഭവിക്കുന്നു.

൧൱൰൭. മതി വർദ്ധിക്കുന്നമൃതം;
ഫണി വർദ്ധിക്കുന്നു ഘോരമായ വിഷം;
സുജനം ഗുണമരുളുന്നു;
ദുർജ്ജനമരുളുന്നു ദോഷജാലം താൻ.

൧൱൰൮. മഹിതം സൽഗുണം പരരുടെ
കണ്ണിൽ ചെന്നുചേർന്നിട്ടുതോറും
അറിക സ്വവംശജമാകും
സുജനം വില്ലെന്നപോൽ നമിക്കുന്നു.

൧൱൰൯. നിനയ്ക്ക സൂചിക്കെഴുമഗ്രമൂല-
ഭാഗങ്ങൾപോൽ ദുർജ്ജനസജ്ജനങ്ങൾ;
രന്ധ്രത്തെയുണ്ടാക്കിടുമൊന്നു നിത്യം;
ഗുണത്തിനാൽ മറ്റതുടൻ മറയ്ക്കും.

൧൱൨൰. പരന്റെ ഗുണലേശം പോലുമുൽകൃഷ്ടമാക്കി-
ക്കരുതിയുമൊരുപോതും കള്ളമില്ലാതെകണ്ടും
ദുരിതനിര വെടിഞ്ഞും ദൈവഭക്ത്യാ വസിക്കു-
ന്നൊരു സുകൃതിജനങ്ങൾക്കായി ഞാൻ കൈതൊഴുന്നേൻ

(൯ (സു.)

൯൫. പാരം ദ്രവ്യശിരിക്കിലും കുമതി താൻ
സംസേവ്യനല്ലേതു;-മ-
ല്ലേതാളും ഗുണശാലിയല്പധനനാ-
ണെന്നാകിലും സേവ്യനാം;
ധാരാളം ലവണാംബു ചേൎന്ന കടൽ വി-
ട്ടൊട്ടേറെയില്ലെങ്കിലും
ചാരു സ്വാദുരസം കിണററിലിയലും
വെള്ളം കുടിക്കും ജനം.

൯൬. വിഘ്നം വന്നിടുമെന്നതോൎത്തധമരാ-
രംഭിപ്പതില്ലൊന്നുമേ;
വിഘ്നംകൊണ്ടിഹ മധ്യരായവർ മട-
ങ്ങീടും തുടങ്ങീട്ടുടൻ;
വിഘ്നം വേണ്ടതുപോലെ വന്നിടുകിലും
പ്രാരബ്ധകൎമ്മങ്ങളാം നിൎ-
വിഘ്നം തന്നെ നടത്തുമുത്തമജനം
ശുശ്രൂഷ കൈക്കൊണ്ടു താൻ.

൯൭. ദാനം പാരം മറച്ചാ-മതിഥി വരികവേ
സംഭ്രമാൽ സൽക്കരിക്കും;
മാനം സമ്മാനത്തിൽ വച്ചീല്ലി;- തരകഥ ദൂഷി-
ക്കില്ല;-ഭീഷ്മതെ നല്കി
മൌനം പൂണ്ടിടു;-മോതുംസഭയതിലുപകാ-
രത്തെ;- യാസകരിയേവം
ന്യൂനം രൊസ്സുതി;-ലേവം ഗുണഗണമെവനു-
ണ്ടായവൻ താൻ കുലീനൻ.

൯൮. സൽകീൎത്തിക്കായ് വലഞ്ഞും പലപല വലുതാം
ജോലിയാൎന്നും മഹാന്മാർ
വാഴ്കും ലോകാപവാദാൽ ഭയമൊടുമനിശം
പാൎത്തിടുന്നാൎത്തിയോടേ;
സൽകൎമ്മം ദുഷ്കൎമ്മം ദ്വയമിതിലിളകീ-
ടാതെയും ബോധമെന്യേ
ദുഷ്കാൎയ്യകാൎയ്യങ്ങളോൎക്കാതെയുമമതമൊാ-

പ്രാകൃതൻ തന്നെ ധന്യൻ.

൧൬൭. ചാരിക്കൽ ശ്രേഷ്ഠരായുള്ളവരുടെ ചരിതം
ചിന്തചെയ്യാൽ, മഹത്താം
നേരേ നമ്മൾക്കമെത്തുന്നതിന്നു കഴിവതാ-
ണൊന്നു, മീ ലോകവാസം
തീരുമ്പോളിങ്ങു പിൻപേ നിജസമയമതാ-
യുള്ള പന്ഥാവതന്നിൽ
ചാരുശ്രീപാദചിഹ്നങ്ങളെ വടിവൊടു ചേ-
ർക്കാവതാണെന്നുമോർക്കാം. (ഇം. ത.)

൧൬൮. നല്ലതാതാലുയർന്നും, പരഗുണമതുമി-
ത്തൻഗുണത്തെത്തെളിച്ചും,
നന്നായന്യാർത്ഥമായിട്ടധികതരമല-
ഞ്ഞാത്മകാര്യം വഹിച്ചും,
ഒന്നും മിണ്ടാതെ, നിന്ദിപ്പോരു ചെലരിൽ മഹാ-
പീഡ ചേർത്തും വിചിത്രം
മിന്നും കീർത്ത്യാ വസിക്കും സുജനതതിയെയാ-
രിങ്ങു പൂജിച്ചിടാത്തു?

സന്തോഷം.

൧൬൯. ഗർഭവാസത്തിലും വൃത്തി നൽകി മേ ജഗതീശ്വരൻ;
ശേഷവൃത്തിയെ നൽകാഞ്ഞാനവൻ ഹാ! മൃതനായിതോ?

൧൭൦. സന്തോഷമുള്ളവന്നെന്നാൽ സമ്പത്തുണ്ടെത്ര ദിക്കിലും;
പാദേ പാദുകയുള്ളോന്നു പാരെല്ലാം ചർമ്മസംവൃതം.

൧൭൧. യാചിക്കുമ്പോൾ ദൈന്യം;
കിട്ടുമ്പോൾ ഗർവമൊന്നു സന്തോഷം;
പോകുമ്പോളതിദുഃഖം;
നിഷ്കാമന്നു സർവകാലവും സൌഖ്യം.

സന്മാൎഗ്ഗം.

൩൮൦. അന്യന്റെ ദാരങ്ങളെ മാതൃതുല്യം-
മന്യന്റെ വിത്തങ്ങളെ ലോഷ്ടതുല്യം,
മററുള്ള ഭൂതങ്ങളെയാത്മതുല്യം
കാണുന്ന പാണ്ഡിത്യമെഴുന്ന ധീമാൻ.

൩൮൧. വിദ്യാഭ്യാസമതിങ്കലങ്ങിടവിടാ-
തെറുന്നൊരുത്സാഹവും,
വിദ്വാന്മാരുടെ വേഴ്ച്ചയും,പരവധൂ-
വൃന്ദത്തിൽ വൈമുഖ്യവും,
സത്യശ്രീ, സകലേശഭക്തി, രിപുവിൽ
പോലും ഗുണധ്യാനവും
മത്തോടേ "മമ സംഭവിക്കണമതി-
ന്നുമ്മത്താരിലത്യാഗ്രഹം."

൩൮൨. ചെമ്മേ സന്തതമീശപാദസ്മരണവും
മററുള്ള ഭൂതങ്ങളിൽ
സമ്മോദം പര, മാത്മതുല്യമിവ ര-
ണ്ടുണ്ടാകിലെല്ലാവരും
സമ്മാനിച്ചിടുമെന്നുമല്ല ശുഭവും
മെന്മേൽ വരുന്നി;- ത്തരം
സന്മാൎഗ്ഗത്തിൽ വസിപ്പവൎക്കു ദുരിതം
തട്ടുന്നതില്ലൊട്ടുമേ. (സു.)

൩൮൩. സത്യം നല്ലൊരഹിംസയും കരുണയും
സന്തോഷവും ദാനവും
നിത്യം നീതിയുമന്യദീയധനദാ-
രാദ്യത്തിൽ വൈമുഖ്യവും
ഇത്ഥം ചാരുഗുണങ്ങൾ പൂണ്ടു ചിതമായ്
കാലം കഴിക്കുന്നതാ-
ണോൎത്താലീശപദങ്ങൾ പാരകൃപയു-
ണ്ടാകുവാൻ കാരണം. (ല. ക.)

൩൮൪. പാരാതെപ്പരിചോടു പാത്തു പരിപാ-

ല്പിശമം മഹാശോകരിയി-
ങ്ങാരായാലുമമന്ദപാപനിര ചെ-
യ്യുന്നാൽ സഹിക്കാ ദുഃഖം,
നേരായിങ്ങനെ കണ്ടറിഞ്ഞിഹ സദാ-
ചാരത്തിൽ വർത്തിച്ചിടും
ധീരന്മാരുടെ "ചിത്തകാമ്പിനനിശം
ചെയ്യുന്നു ഞാൻ വന്ദനം."

നൃപതി. വീണ്ടും ലോകങ്ങളേലുമൊന്നായ കൊടിയ തമ-
സ്സൊക്കെ നീക്കുന്ന ഭാഗ്യം
വേണ്ടുംപോൽ പൂണ്ട ഗോസംഖ്യയൊടുമിഹ സ-
ർവ്വജ്ഞനേത്രത്വമാർന്നും
കൊണ്ടാടേണ്ടും പ്രഭാവത്തൊടു വിലസുകിലും
ഹാ! തമസ്സംക്രമത്താ-
"ലുണ്ടാകും ചെറുരാഗം ചിലസമയമഹോ!
സൽപഥേ നില്പവർക്കും.„

൱൰൯. ഭാര്യാ, ഭോജ്യം, സുതന്മാർ, ശയന, മണിമണീ-
ഭൂഷണം, വസ്ത്രമെന്നീ-
യോരോന്നും മർത്ത്യനിച്ഛിച്ചിടുവതി;- തരമെ-
ന്നാരഹോ! ചൊല്ലിടുന്നു?;
എന്നാലിച്ചൊന്നവയ്ക്കുണ്ടിഹ നിയമമതോ-
രൊന്നു;- തിന്നും വിരോധം
തോന്നീടുന്നെന്നുവന്നാലതിനു ചുമതല-
ക്കാരനക്കാലനത്രേ. (ശാ. വി.)

സംസൃഷ്ടം.

൱൨൰. സംസാരവിഷവൃക്ഷത്തിൽ സ്വാദേറും കനി രണ്ടു താൻ,
കാവ്യാമൃതരസാസ്വാദം, സജ്ജനത്തോടു സംഗവും.

൱൨൰൧. മണിയാൽ വളയും, വളയാൽ മണിയും,
വിലസുന്നിവയാലധികം കരവും;
കവിയാൽ വിളവും, വിളവാൽ കവിയും,
വിലസുന്നിവരാലധികം സഭയും.

൧൮൪. ശശിയാൽ നിശയും, നിശയാൽ ശശിയും,
വിലസുന്നിവയാൽ പരമംബരവും;
സലിലാൽ കമലം,കമലാൽ സലിലം,
വിലസുന്നിവയാൽ കമലാകരവും.

൧൮൫. രാമൽപ്രേമരസം കലൎന്നരികിൽ വ-
ന്നെത്തുന്ന സത്തുക്കളാം
ശ്രീമാന്മാരില,മപ്രകാരമധികം
ജൃംഭിച്ച ഡംഭത്തൊടേ
കാമം മത്സരമാൎന്നു തന്നോടു കയ-
ൎത്തീടും ഖലന്മാരിലും
ധീമാൻ നല്ല വിവേകസാരമൊരുപോ-
ലേകുന്നിതാകുന്നപോൽ. (സു.)

൧൮൬. ബുദ്ധിക്കുള്ളൊരു ജാഡ്യമൊക്കെയകലും,
സത്യം സദാ ചൊല്ലിടും,
സിദ്ധിക്കും ബഹുമാന,മേറാ ദുരിത-
ക്കൂട്ടങ്ങളും നഷ്ടങ്ങളാം,
വൎദ്ധിക്കും വലുതായ കീൎത്തി വഴിപോൽ,
നന്നാണു പാരം മന-
ശ്ശുദ്ധിക്കും, ബുധരോടു ചേരുകിൽ വരാ-
തെന്തുള്ളു ചിന്തിക്കിലോ?

൧൮൭. ദുഷ്ടന്മാർ സുജനങ്ങളോടണയുകിൽ
സാധുക്കളായ്ത്തീൎന്നിടും;
ദുഷ്ടന്മാരുടെ സംഗമാൽ സുജനമോ
ദൌഷ്ട്യം ഗ്രഹിക്കാ ദൃഢം;
മട്ടോലുംമലരിൻമണം മഹിതമ-
ണ്ണിന്നിൽ പതിഞ്ഞീടിലും
തിട്ടം മണ്ണിനെഴുന്ന ഗന്ധമലരിൽ
തട്ടുന്നതില്ലൊട്ടുമേ.

൧൮൮. വല്ലാതുള്ളൊരു മൌഢ്യം കലരുമവരാമ-
സ്സുജനരോടൊത്തുവെന്നാൽ
തെല്ലജ്ഞാനമൊട്ടൊഴിയുമകതളിരിൽ

കില്ലതിന്നില്ല ചാരത്താൽ;
ചൊല്ലാന്നീടുന്ന മല്ലത്തറയിലമരുമ-
ക്കല്ലിലും നല്ലസൌര-
ഭ്യോല്ലാസം ചൊറതിൻപൂമ്പൊടികളണകയാൽ
ചെല്ലുമാറില്ലയോവാൻ? (സ.ച.)

സ്വൈരം.

൩൯൪. സ്വാതന്ത്ര്യം, പൂർണ്ണമാകും സ്വഭരണ,മഥ ദുർ-
ഭിതിയില്ലായ്ക,യെന്ന-
ല്ലാതങ്കം ദുസ്സഹം വന്നിടുകിലുമിളകാ-
തുള്ള നൽശാന്തഭാവം,
ചേതസ്സന്തൃപ്തിയെന്നല്ലിതുകളിൽ നിവസി-
ക്കുന്ന സൌഖ്യം;നിനയ്ക്കിൽ
സ്ത്രീതം ദ്രവ്യം പ്രതാപം ബലമിതുകളില-
ല്ലായതിന്നുള്ള വാസം. (ഇം.ത.)

സുഭാഷിതം.

൩൯൫. സുഭാഷിതമയദ്രവ്യം സംഭരിക്കാത്ത പുരുഷൻ
പ്രസംഗയാഗകാലത്തിലെന്തു ദക്ഷിണ നൽകിടും?

൩൯൬. പാരിൽ മൂന്നാണു രത്നങ്ങൾ സൂക്തി പാനീയമന്നവും;
മൂഢന്മാരശ്മഖണ്ഡത്തെ രത്നമെന്നായതുന്നിതേ.

൩൯൭. അവസരമതിലുരചെയ്യാ-
നറിയ സുഭാഷിതമറിഞ്ഞിടാത്ത പുമാൻ
പടുബുധരികളുടെയിടയിൽ
പടമെന്നതുപോലെ തന്നെ ശോഭിക്കും.

സ്ത്രീവിദ്യാഭ്യാസം.

൩൯൮. കുട്ടിക്കു ബാല്യമതിൽ വേണ്ട വിവേകമേകി-

പ്പുഷ്ടിപ്പെടുത്തുവതിനും, ദയിതന്റെ കാൎയ്യം
ഇഷ്ടാനുസാരമഖിലം നിറവേറുവാനും
മട്ടാൎന്നവാണികളിൽ വിദ്യ വിശേഷഹേതു. (സ.)

൩൪൯. ഉണ്ടാകുന്ന സുതൎക്കു ബാല്യമതിലേ-
യോരോ പദാൎത്ഥം മുദാ
ചൂണ്ടിക്കാട്ടിയതിന്റെ തത്വമഖിലം
നന്നായറിഞ്ഞീടുവാൻ
വേണ്ടുംവണ്ണമുരസ്സതിന്നു പകരം
മൂഢാംഗനാ സന്തതം
വേണ്ടാതുള്ളൊരു ദുൎവചസ്സു കുടവും
ദുൎബ്ബോധവും ചേൎത്തിടും. (ല.ക.)

൩൫൦. പ്രാണാന്തത്തോളമെന്നും സുഖവുമസുഖവും
പങ്കുകൊണ്ടന്തരിക്കും
പ്രാണപ്രേമം കലൎന്നങ്ങനെ വരസഖിയായ്
വ്യാധിയെന്താതത ദിക്കിൽ
വേണംപോൽ വല്ലഭന്നായ് വിനയമൊടുപദേ-
ശങ്ങളും ചൊല്ലി പ്രമാവാൾ
വാണീടാനല്ല ഭാൎയ്യാഗൃഹിണികളതിലി-
ല്ലെങ്കിലെന്തൊന്നു സൌഖ്യം? (ല.ക.)

സ്വഭാവം.

൩൫൧. ഒരുവൻതന്റെ ദുഷ്കൎമ്മം കണ്ടു ചെയ്യുമതന്യനും;
പോയവൻപിറകേ പോകും ജനം തത്വം ഗ്രഹിച്ചിടാ.

൩൫൨. ഇല്ലൊന്നുമേ സുന്ദരമോ, സ്വഭാവാൽ
വിരൂപമോ പാൎക്ക ജഗത്തിലെങ്ങും;
ഏതേവനാളുന്നതിലിണങ്ങിടുന്നി-
തവന്നതേ സുന്ദരമായ വസ്തു.

൩൫൩. ആലോചിയാത്തു ജനനസ്ഥലഭേദമേതും;-
മാലോചനാവിഷയമാവതു ശീലമത്രേ;
പാലാഴി ചൊറ വിഷമല്ലിഹ പങ്കജാതം

ചേലാൎന്നിടും കമലമാണതിനുദാഹരണീയം.

സ്വാമിഭക്തി.

൨൦൭. മാനവേന്ദ്രൻ പ്രസാദിച്ചാൽ മാനം ഭൃത്യന്നു നല്കിടും;
പ്രാണനെക്കൂടിയും ഭൃത്യൻ കളയും സ്വാമിരക്ഷയിൽ.

൨൦൮. പ്രഭുവിൻവാക്കു കേൾക്കാത്ത ഭൃത്യൻ ഭൃത്യാധമൻ ധ്രുവം;
അവന്റെ ജീവനം വ്യൎത്ഥമാട്ടിൻഗളകുചങ്ങൾപോൽ.

൨൦൯. ആണായിട്ടുള്ളവൻതന്നുടെ പടുതമവി-
ജ്ഞതതിലുൽകൃതനെന്നാൽ
പ്രാണാന്തത്തെയുമോൎക്കാതമലതരമഹാ-
കീൎത്തിയെക്കാത്തിടേണം;
വേണാട്ടീശന്റെ രക്ഷയ്ക്കൊരു ധരണിസുരൻ
സ്വാമിഭക്തൻ പുരാ തൻ-
പ്രാണാപായം ഗണിക്കാതരിപടലിയിൽ നി-
ശ്ചഞ്ചലം നെഞ്ചുകാട്ടി. (സ്വ.)

സ്തുതികൾ.

പ്രഭാതസ്തുതി.

൨൧൦. ലോകാധീശ! ഭവാന്റെ നല്ല കൃപയാൽ
സൌഖ്യേന ഞാൻ നിദ്രചെ-
യ്തേകാന്തം ശയനത്തിൽനിന്നുമെഴുനേ-
റ്റീടുന്നിതിപ്പോൾ വിഭോ!;
പാകം പോൽ ശുഭയായ ബുദ്ധി സതതം
സൎവ്വത്തിലും തോന്നുവാൻ
നീ കാരുണ്യമോടേയനുഗ്രഹമെനി-
ക്കേകുന്നതിന്നായ് തൊഴാം. (൨൭൦. സ്തോ.)

നിദ്രാരംഭകാലസ്തുതി.

൩൦൯. ശംഭോ! നിൻകൃപകൊണ്ടു വേണ്ടവിധമാ-
പത്തൊന്നുമെത്താതെയി-
ന്നീ ശയ്യാതലമാർന്നു രാത്രിയിലുറ-
ങ്ങീടാൻ തുടങ്ങുന്നു ഞാൻ;
ഏതും മൂഢതകൊണ്ടു വല്ല ദുരിതം
ഞാൻ ചെയ്തുപോയെങ്കിലും
നീ ശിക്ഷയ്ക്കു വിധിച്ചിടാതതു പൊറു-
ത്തീടാൻ വണങ്ങുന്നിതാ! (൩൦. സ്തോ.)

സാമാന്യസ്തുതി.

൩൧൦. എനിക്കു ഹിതമെന്തെന്നറിയുന്നില്ല ഞാൻ വിഭോ!;
ശംഭോ! നീ തന്നെ ചിന്തിച്ചിട്ടെനിക്കു ഹിതമേകണം.

൩൧൧, അത്യന്തസൂക്ഷ്മതരമാകിയ ബുദ്ധികൊണ്ടും
ശ്രുത്യന്തവർണ്ണിതമഹാവചനങ്ങൾകൊണ്ടും
നിത്യന്തിരഞ്ഞിടുകിലും തെരിയാതെ മേവു-
മാദ്യന്തഹീനപരവസ്തുവിനെത്തൊഴുന്നേൻ. (സ്വ.)

൩൧൨. സദാ സൌഖ്യത്തോടേ ജഗതിയിൽ വസി-
ക്കേണമെന്നാകിലെന്നും
സദാചാരം സാരം സകലമതിലും
സ്വീകരിച്ചീടവേണം;
സദാചാരത്തിന്നുള്ളൊരു വലിയ മൂ-
ലം സമസ്തേശപാദങ്ങൾ
സദാ വർദ്ധിച്ചീടുന്നൊരു ഭയ;- മതി-
ങ്ങാദരാലുണ്ടാകവേണം. (൩൦. സ്തോ.)

൩൧൩. സൂക്ഷിച്ചുള്ള നിരീക്ഷണത്തിലിഹ നാം
നിസ്സാരമായ് സന്തതം
വീക്ഷിക്കും കൃശമായിടുന്ന തൃണവും
പെട്ടെന്നു കാട്ടും വിധം
സാക്ഷാൽ സർവ്വചരാചരത്തിലറിയാ-
വല്ലാതെഴും നൈപുണീ-

ഭിക്ഷാനന്ദമിയന്നു തിങ്ങിന പരൻ
ദുഃഖങ്ങളും പോക്കീടണം. (കാ.യാ.)

൨൬൨. ശില്പികളെന്നമന്യദുഃഖമനാരോ-
ചിക്കുന്നതിനും കനി-
ഞ്ഞാലോകിച്ചിടമന്യദോഷമൊളിവായ്
വയ്ക്കാനുമെന്നെ പ്രഭോ!;
ചാലേയന്യജനങ്ങളിൽ സതതമി
ത്താനിങ്ങു കാണിച്ചിടും-
പോലുള്ളോരലിവെന്നിലും വിശദമായ്
കാണിക്കവേണം ഭവാൻ. (ഇം.ത.)

൨൬൩. അസ്മദ്ദേഹത്തിലോരോ ഹൃദയമൊടു വസി-
ക്കുന്ന ജന്തുക്കളൊട്ട-
ല്ല;-സ്മദ്ദേഹത്തിലും ചേർന്നോരു ഹൃദയമിതി-
ലുന്നതുണ്ടെ;ന്നവണ്ണം
അസ്മദ്ദേഹാദിവസ്തുപ്രജമഖിലമട-
ങ്ങുന്ന ലോകങ്ങളും ചേർന്നോ-
രസ്മൽബ്രഹ്മാണ്ഡദേഹത്തിന്നു ഹൃദയമതാ-
മീശനെക്കൈതൊഴുന്നേൻ. (സ്വ.)

൨൬൪. യാതൊന്നില്ലെന്നുവന്നാൽ ഭുവനമഖിലമി
മട്ടിൽ നിൽക്കില്ല;-യെന്നാ-
ല്ലാതക്കം സൌഭ്രാത്രമെന്നുള്ളതുമിഹ സമമായ്
കാണുവാനും പ്രയാസം;
ഭ്രാതാക്കൾക്കൊക്കെയുള്ളിൽ ബഹിരപി വിലസീ-
ടുന്നതായിന്നപോലെ-
ന്നോതാവല്ലാതൊരുൾക്കലിയെയഹമനിശം
ഭക്തിപൂർവ്വം തൊഴുന്നേൻ. (൫൦, ന്യാ.)

സുഭാഷിതരത്നാകരം.

പരിശിഷ്ടം.

സംഖ്യാപരിച്ഛിന്നസജാതീയപദാർത്ഥങ്ങൾ.

ഒന്ന്.

ബ്രഹ്മം.

൧. അദ്വിതീയമതായുള്ള ബ്രഹ്മം കേവലമൊന്നു താൻ;
രണ്ടുമൂന്നാദിയായ് സർവ്വം വികല്പവ്യവഹാരമാം.

രണ്ട്.

ഗുണദോഷാദി.

൨. ഗുണം ദോഷം, സുഖം ദുഃഖം, സ്ത്രീ പുമാൻ, പ്രിയമപ്രിയം
ഇവയിരണ്ടു ഭേദങ്ങൾ കാണാം സർവ്വത്ര നോക്കിയാൽ.

മൂന്ന്.

അഗ്നിത്രയം.

൩. ദക്ഷിണാഗ്നിയതും ഗാർഹപത്യമാഹവനീയവും
ഇവയഗ്നികൾ മൂന്നെന്നു ചൊല്ലീടുന്നു ബുധാവലി.

അവസ്ഥാത്രയം.

൪. ജാഗരം സ്വപ്നവും പിന്നെസ്സുഷുപ്തിയുമവസ്ഥകൾ;
ഉത്തമാ മദ്ധ്യമാ പിന്നെയധമാ മൂന്നവസ്ഥകൾ.

ഋണത്രയം.

൫. ഋഷികൾക്കും സുരന്മാർക്കും പിതൃക്കൾക്കുമെഴും കടം
തീർക്കണം ബ്രഹ്മചാരിത്വം യാഗം പുത്രനിവറ്റിനാൽ.

കൎമ്മത്രയം.

൯. സൃഷ്ടിയും സ്ഥിതിയും പാൎക്ക സംഹാരം പുനരിമ്മൂന്നു
ത്രിമൂൎത്തികൾ ക്രമത്താലേ നടത്തീടുന്ന കൎമ്മമാം.

കാരണത്രയം.

൰. ഒന്നാമതു സമവായി
രണ്ടാമതു പിന്നെയസമവായിയതും
മൂന്നാമതഥ നിമിത്തം
കാരണമീവണ്ണമാണു മൂന്നറിക.

കാലത്രയം.

൰൧. വൎത്തമാനം ഭാവിയതും ഭൂതവും മൂന്നു കാലമാം.

ഗുണത്രയം.

സത്വവും രജസ്സതും പിന്നെത്തമസ്സും താൻ ഗുണത്രയം.

തപസ്ത്രയം.

൰൨. മാനസം വാചികം പിന്നെക്കായികം താൻ തപസ്സുകൾ.

താപത്രയം.

ആദ്ധ്യാത്മികമതും പിന്നെയാധിദൈവികവും തഥാ
൰൩. ആധിഭൗതികമെന്നേവം താപത്രയമുദാഹൃതം.

ത്രയീ.

ഋക്കും യജുസ്സതും സാമമേവം വേദത്രയം സ്മൃതം.

ത്രിദോഷം.

൰൪. വായുവും പിത്തവും ശ്ലേഷ്മമിവ ദോഷത്രയം മതം.

ത്രിവൎഗ്ഗം.

ധൎമ്മാൎത്ഥകാമങ്ങൾ മൂന്നാം ത്രിവൎഗ്ഗം സൂരിസമ്മതം.
൰൫. ക്ഷയവും സ്ഥാനവും വൃദ്ധി രാജനീതിത്രിവൎഗ്ഗമാം.

ത്രിസന്ധ്യം.

പ്രഭാതം സായവും കാൺക മദ്ധ്യാഹ്നമിവ സന്ധ്യകൾ.

ദോഷത്രയം.

൮൩. അവ്യാപ്തിയതിവ്യാപ്തിയസംഭവവുമിങ്ങനെ
ലക്ഷണാകൃതിയിലുള്ളോരു മൂന്നു ദോഷങ്ങളോർക്കണം.

൮൪. ലക്ഷ്യൈകദേശത്തിൽ മാത്രം ലക്ഷണം ചേർന്നിരിക്കിൽ
അവ്യാപ്തി വന്നിടും; ഗോവിൻലക്ഷണം ശ്യാമമാം നിറം.

൮൫. അലക്ഷ്യത്തിങ്കലും കൂടി ലക്ഷണം ചേർന്നുവെങ്കിലോ
അതിവ്യാപ്തി ഭവിച്ചീടും; ശൃംഗിത്വം പശുലക്ഷണം.

൮൬. ലക്ഷ്യത്തിലൊട്ടുമില്ലാത്ത ലക്ഷണമതായുവെങ്കിൽ
അസംഭവമിതാ;—ഒറ്റക്കുളമ്പു പശുലക്ഷണം.

മധുത്രയം.

൮൭. നെയ്യ് പഞ്ചസാരയും തേനുമിവയത്രേ മധുത്രയം.

മൂർത്തിത്രയം.

ബ്രഹ്മാവും വിഷ്ണുവും പിന്നെശ്ശിവനേവം ത്രിമൂർത്തികൾ.

രീതിത്രയം.

൮൮. വൈദർഭീ ഗൌഡിയും കേൾക്ക പാഞ്ചാലി മൂന്നു രീതികൾ.

ലോകത്രയം.

പാതാളം ഭൂമിയും സ്വർഗ്ഗമിവ ലോകത്രയം മതം.

വൃത്തിത്രയം.

൮൯. അഭിധാ ലക്ഷണാ പിന്നെ വ്യഞ്ജനാ മൂന്നു വൃത്തികൾ.

ശക്തിത്രയം.

പ്രഭുശക്ത്യുത്സാഹശക്തിമന്ത്രശക്തികൾ മൂന്നിവ.

ശരീരത്രയം.

൯൦. സ്ഥൂലവും സൂക്ഷ്മവും പാർക്ക കാരണം മൂന്നു ദേഹമാം.

സ്വരത്രയം.

ഹ്രസ്വവും ദീർഘവും കാൺക പ്ലുതവും സ്വരഭേദമാം.

൯൧. ഉദാത്തമനുദാത്തം കേൾ സ്വരിതം താനമിത്ഥിധാം
വേദങ്ങളുച്ചരിക്കുമ്പോൾ മുഖ്യമായറിയേണ്ടവ.

നാല്.

കവിചതുഷ്ടയം.

൨൦. ഉദാത്തനുദ്ധതൻ പ്രൌഢൻ വിനീതൻ പുനരിങ്ങനെ
കവികൾക്കിഹ ഭേദങ്ങൾ നാലുണ്ടെന്നു ധരിക്കണം.

൨൧. ഗുണശാലിമാരെയാകവി പറയുന്നോനുദാത്തനാം;
ഉദ്ധതൻ കേൾ പരന്മാരെയാക്ഷേപിച്ചാത്മനെപ്പുകഴ്ത്തുവോൻ.

൨൨. യഥോചിതം നിജോൽകർഷം കഥിപ്പോൻ പ്രൌഢനാമയം;
തന്നെ നിന്ദിച്ചു വിനയം കൊണ്ടിടുന്നോൻ വിനീതനാം.

ചതുരാശ്രമങ്ങൾ.

൨൩. ബ്രഹ്മചര്യാശ്രമം പിന്നെഗ്ഗൃഹസ്ഥാശ്രമവും തഥാ
വാനപ്രസ്ഥാശ്രമം സന്യാസാശ്രമം കാൺക നാലിവ.

ചതുരുപവേദങ്ങൾ.

൨൪. ആയുർവ്വേദം ധനുർവ്വേദമഥ ഗാന്ധർവ്വവേദവും
അർത്ഥശാസ്ത്രമിതി വിജ്ഞരുപവേദചതുഷ്ടയം.

ചതുരുപായങ്ങൾ.

൨൫. സാമം ദാനം ഭേദം
ദണ്ഡവുമിവ നാലുപായമറിയണം.

ചതുരംഗങ്ങൾ.

൨൬. ആന തേരശ്വവും പിന്നെക്കാലാളുമെന്നു നാലിവ.

ചതുര്യുഗം.

കൃതവും ത്രേതയും പിന്നെ ദ്വാപരം കലിയിങ്ങനെ
൨൭. കാലത്തിന്റെ വിഭാഗങ്ങൾ നാലാകുന്നു ചതുര്യുഗം.

ചതുർവ്വർഗ്ഗം. (പുരുഷാർത്ഥം.)

൨൮. ധർമ്മവുമർത്ഥം കാമം
മോക്ഷമതും നാലിതാം ചതുർവ്വർഗ്ഗം.

ചതുർവ്വർണ്ണങ്ങൾ.

൨൯. ബ്രാഹ്മണൻ ക്ഷത്രിയൻ താനും വൈശ്യൻ ശൂദ്രനുമിങ്ങനെ
൩൦. നാലുജാതികളെച്ചൊല്ലും ചതുർവ്വർണ്ണങ്ങളെന്നു കേൾ.

ചതുർവ്വേദങ്ങൾ.

ഋക്കും യജുസ്സും സാമമഥർവ്വം നാലു വേദമാം.

വിദ്യാവസ്ഥാചതുഷ്ടയം.

൩൪. പഠിക്ക ബോധിക്ക പിന്നെയാചരിച്ചു നടക്കുക
പ്രചരിപ്പിക്കയെന്നേവം നാലവസ്ഥകൾ വിദ്യയിൽ.

വൃദ്ധചതുഷ്ടയം.

൩൫. വൈരാഗ്യവൃദ്ധനും ജ്ഞാനവൃദ്ധനും ധർമ്മവൃദ്ധനും
വയോവൃദ്ധനുമെന്നേവം വൃദ്ധന്മാർ നാലു മാതിരി.

സാധനചതുഷ്ടയം.

൩൬. നിത്യാനിത്യവിവേകവു-
മിഹപരസുഖസഞ്ചയത്തിൽ വൈരാഗ്യം
ശമദമമാദിയും മോക്ഷ
വാഞ്ഛയുമിഹ സാധനങ്ങൾ നാലത്രേ.

മോക്ഷചതുഷ്ടയം.

൩൭. സാലോക്യം സാമീപ്യം
സാരൂപ്യം പിന്നെയഥ സായൂജ്യം
ഇങ്ങനെ നാലാകുന്നു
മംഗലകരമായ മോക്ഷമറിയേണം.

അഞ്ച്.

ഉപാസനാപഞ്ചാംഗം.

൩൮. ജപവും ഹോമം തർപ്പണ-
മഭിഷേകം വിപ്രഭോജനം പാർത്താൽ
പഞ്ചാംഗമുപാസനയിലു-
ള്ളതും ശ്രദ്ധേയമെന്നു സൂരിമതം.

ജ്യോതിഷപഞ്ചാംഗം.

൩൯. നക്ഷത്രം തിഥിയും വാരം യോഗം കരണമിങ്ങനെ
അഞ്ചംഗങ്ങളുള്ള ഗ്രന്ഥത്തെ പഞ്ചാംഗമോർക്കണം.

പഞ്ചകർമ്മേന്ദ്രിയങ്ങൾ.

൩൭. വാക്ക് പാദം പാണിയും
പായുവുപസ്ഥം ധരിക്ക കർമ്മത്തിൽ.

പഞ്ചകർമ്മേന്ദ്രിയവിഷയങ്ങൾ.

വചനം ഗമനം ദാനം
വിസർഗ്ഗമാനന്ദമിതുകൾ വിഷയങ്ങൾ.

പഞ്ചകോശങ്ങൾ.

൩൮. അന്നപ്രാണമനോവി-
ജ്ഞാനാനന്ദാത്മകങ്ങൾ കോശങ്ങൾ.

പഞ്ചഗവ്യം.

പാലും തൈരും നെയ്യും
ഗോമൂത്രം ഗോമയം നിനച്ചുമിവ
൩൯. അഞ്ചിനെയൊന്നായാൽ പേർ
വിശുദ്ധമാക്കും പഞ്ചഗവ്യമെന്നത്രേ.

പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ.

ചെവി തൊലി കണ്ണും നാവും
മൂക്കിവ ബോധേന്ദ്രിയങ്ങളഞ്ചത്രേ.

പഞ്ചജ്ഞാനേന്ദ്രിയങ്ങൾ.

൪൦. ശബ്ദം സ്പർശം രൂപം
രസവും പിന്നീട് ഗന്ധമെന്നിതുകൾ
അവയാലറിയപ്പെട്ടീ-
ടുന്നൊരു വിഷയങ്ങളെന്നു കരുതേണം.

പഞ്ചപാതകം.

൪൧. വധം, പരസ്ത്രീഗമന,-മസത്യവാക്യങ്ങൾ ചൊല്ലുക,
മോഷണം, മദ്യപാനം താനിവ കേൾ പഞ്ചപാതകം

പഞ്ചപിതാക്കൾ.

൪൨. പിതാ, പതിപിതാ, വിദ്യ പഠിപ്പിക്കുന്ന പുരുഷൻ,
അന്നദാതാ, ഭയത്രാതാ, പിതാക്കളിവരഞ്ചുപേർ,

പഞ്ചപ്രാണങ്ങൾ.

൪൨. പ്രാണാപാനസമാനോ-
ദാനവ്യാനാഖ്യങ്ങൾ വായുക്കൾ
ഹൃദയാദിസ്ഥാനങ്ങളി-
ലോരോരോ വൃത്തിയോടിരിക്കുന്നു.

പഞ്ചബാണങ്ങൾ.

൪൩. ഉന്മാദനം താപനവും ശോഷണം സ്തംഭനം തഥാ
സമ്മോഹനവുമോർക്കണം മന്മഥന്റെ ശരങ്ങളായ്.

൪൪. അരവിന്ദമശോകം താൻ ചൂതവും നവമാലിക
നീലോല്പലവുമാകുന്നിതവയെന്നു മതാന്തരം.

പഞ്ചഭൂതങ്ങൾ.

൪൫. ഭൂമി ജലം തേജസ്സും
വായുവുമാകാശമഞ്ചു ഭൂതങ്ങൾ.

പഞ്ചമഹായജ്ഞങ്ങൾ.

൪൬. പാഠവും ഹോമമതിഥിപൂജയും തർപ്പണം ബലി
ഇവയഞ്ചും മഹായജ്ഞനാമധേയങ്ങളോർക്കണം.

പഞ്ചമാതാക്കൾ.

൪൭. മാതാവും ധാത്രിയും ഭ്രാതൃഭാര്യയും ഗുരുഭാര്യയും
രാജാവിൻഭാര്യയും പാർക്ക മാതാക്കളിവരഞ്ചു പേർ.

പഞ്ചമൂലം.

൪൮. കമിഴ് കൂവളവും പിന്നെപ്പപ്പാതിരിയതായതും
പലകപ്പയ്യാന മുഞ്ഞ പഞ്ചമൂലമിതാസ്മൃതം.

പഞ്ചരത്നം.

൪൯. വിദ്രുമം ഹീരവും നീലം മൌക്തികം പത്മരാഗവും
ഇവയ്ക്കൊന്നായ പേരത്രേ പഞ്ചരത്നം ഗ്രഹിക്കണം.

പഞ്ചലോഹം.

൫൦. സ്വർണ്ണവും വെള്ളിയും ചെമ്പും വെള്ളീയം നാഗമിങ്ങനെ
അഞ്ചു വസ്തുക്കൾ ചേരുമ്പോൾ പഞ്ചലോഹമതാസ്മൃതം.

പഞ്ചാമൃതം.

൫൭. തേനും തൈരും പാലും
നെയ്യും നൽപഞ്ചസാരയുമെന്നേവം
അഞ്ചിനുമൊന്നായൊരു പേർ
പഞ്ചാമൃതമെന്നു ചൊല്ലിടുന്നറിക.

വൈദ്യകപഞ്ചാംഗം.

൫൮. തൊലിയില പൂവും കായും
വേരിവ തരുവിന്നെഴുന്ന പഞ്ചാംഗം.

സ്നാനപഞ്ചാംഗം.

൫൯. സങ്കല്പം സൂക്തപഠനമഘമർഷണവും തഥാ
ദേവാദിതർപ്പണം പിന്നെ മാർജ്ജനം സ്നാനമഞ്ചിവ.

ആറ്.

വേദാംഗഷൾകം.

൬൦. ശിക്ഷാ കല്പം വ്യാകരണം നിരുക്തം ജ്യോതിഷം തഥാ
ഛന്ദോവിചിതിയെന്നേവമാറു വേദാംഗമോർക്കണം.

ശമാദിഷൾകം.

൬൧. ശമവും ദമമുപരതിയും
തിതിക്ഷ പിന്നെസ്സമാധിയും ശ്രദ്ധ
ഇവയാറാണോർക്കണം
ശമാദിഷൾകം മുനീന്ദ്രസംപ്രോക്തം.

ഷഡാധാരങ്ങൾ.

൬൨. മൂലാധാരം സ്വാധി-
ഷ്ഠാനം മണിപൂരമനാഹതവും
പിന്നെ വിശുദ്ധിയുമാജ്ഞയു-
മാകുന്നാധാരമാറുമറിയേണം.

ഷഡീതികൾ.

൬൩. അതിവൃഷ്ടിയനാവൃഷ്ടിയെലിയും ശലഭം കിളി
അത്യാസന്നനൃപന്മാരീയാറീതികളാം കേൾ.

ഷഡൂർമ്മികൾ.

൫൮. വിശപ്പും ദാഹവും ശോകം മോഹവും ജരയും തഥാ
മൃതിയെന്നിവയാകുന്ന ഷഡൂർമ്മികൾ ധരിക്കണം.

ഷഡൃതുക്കൾ.

൫൯. വസന്തം ഗ്രീഷ്മവും വർഷം ശരത്തെന്നതുമങ്ങനെ
ഹേമന്തവും ശിശിരവും കേളൃതുക്കളിവയാറുമാം.

ഷൾകർമ്മങ്ങൾ.

൬൦. ദാനം പ്രതിഗ്രഹം പിന്നെ യജനം യാജനം തഥാ
പഠിക്ക പഠിപ്പിക്കയിവ ദ്വിജവൃത്തികൾ.

ഷൾഗുണങ്ങൾ.

൬൧. സന്ധിയും വിഗ്രഹം യാനമാസനം ദ്വൈധമാശ്രയം
മഹീപാലർ ധരിക്കേണ്ടും ഗുണമാറിവയോർക്കണം.

ഷഡ്രസങ്ങൾ.

൬൨. മധുരം ലവണം പിന്നെക്കൈപ്പും തിക്തവും തഥാ
അമ്ലം കഷായമെന്നേവമോർക്കയാറു രസങ്ങളും.

ഷഡ്വർഗ്ഗം.

൬൩. കാമവും ക്രോധവും ലോഭം മോഹവും മദവും തഥാ
മാത്സര്യമിവയാറത്രേ ഷഡ്വർഗ്ഗം ബുധസമ്മതം.

ഏഴ്.

സപ്തദ്വീപങ്ങൾ.

൬൪. ജംബുവും പ്ലക്ഷവും ക്രൗഞ്ചം ശാല്മലം കുശവും തഥാ
ശാകം പുഷ്കരമെന്നേവം ദ്വീപമേഴെന്നതോർക്കണം.

സപ്തധാതുക്കൾ.

൬൫. രസവും രക്തവും മാംസം മേദസ്സസ്ഥിയുമങ്ങനെ
മജ്ജാ ശുക്ലവുമെന്നേവമേഴു ധാതുക്കളോർക്കണം.

സപ്തനദികൾ.

൬൬. ഗംഗയും യമുനാ ഗോദാവരി പിന്നെസ്സരസ്വതീ
നർമ്മദാ സിന്ധു കാവേരി നിനയ്ക്കു നദിയേഴിവ.

സപ്തപദാർത്ഥങ്ങൾ.

൩൭. ദ്രവ്യവും ഗുണവും കർമ്മം സാമാന്യം താൻ വിശേഷവും
സമവായമഭാവം കേളേവയേഴു പദാർത്ഥമാം.

സപ്തപർവ്വതങ്ങൾ.

൩൮. മഹേന്ദ്രം മലയം സഹ്യൻ ശുക്തിമാനൃക്ഷപർവ്വതം
വിന്ധ്യനും പാരിയാത്രം താനേഴേവം കുലപർവ്വതം.

സപ്തമാതൃക്കൾ.

൩൯. ബ്രാഹ്മീ മാഹേശ്വരീ പിന്നെക്കൗമാരീ വൈഷ്ണവീ തഥാ
വാരാഹീ പുനരിന്ദ്രാണീ ചാമുണ്ഡയിവരമ്മമാർ.

സപ്തർഷികൾ.

൪൦. മരീചിയംഗിരസ്സത്രി പുലസ്ത്യൻ പുലഹൻ ക്രതു
വസിഷ്ഠനിവരാകുന്ന സപ്തർഷികൾ ധരിക്കണം.

സപ്തവ്യസനങ്ങൾ.

൪൧. സ്ത്രീസേവ ചൂതുകളി കേളിയ മദ്യപാനം
നായാട്ടു നിഷ്ഠുരതരങ്ങളിയുന്ന വാക്യം
കാഠിന്യമേറെയുമെഴുന്നൊരു ശിക്ഷ പിന്നെ-
യർത്ഥദൂഷണവുമാം വ്യസനം നൃപങ്കൽ.

സപ്തസമുദ്രങ്ങൾ.

൪൨. ഉപ്പുവെള്ളം കരിമ്പിൻനീർ മദ്യം നെയ്യ് തൈര് പാലതും
ശുദ്ധമാം ജലമെന്നേവമേഴു പോലാഴിയോർക്കണം.

സപ്തസ്വരങ്ങൾ.

൪൩. നിഷാദമൃഷഭം പിന്നെഗ്ഗാന്ധാരം ഷഡ്ജവും തഥാ
മദ്ധ്യമം ധൈവതം പാർക്ക പഞ്ചമം സ്വരമേഴിവ.

സപ്താംഗങ്ങൾ.

൪൪. രാജാവും മന്ത്രിയും ബന്ധു ഭണ്ഡാരം നാട്ടുമങ്ങനെ
കോട്ടയും സൈന്യവും പാർക്ക രാജ്യാംഗങ്ങളിതേഴുതാൻ.

എട്ട്.

അഷ്ടദിക്കുകൾ.

൩൯. കിഴക്കതൊട്ടുള്ള നാലും കോണും ദിക്കുകളെട്ടിവ.

അഷ്ടദിക്പാലന്മാർ.

ഇന്ദ്രനും വഹ്നിയും പിന്നെക്കാലൻ നിരൃതിയും തഥാ
൪൦. വരുണൻ വായു വിത്തേശനീശൻ ദിക്പാലരെട്ടിവർ.

അഷ്ടദിഗ്ഗജങ്ങൾ.

ഐരാവതം പുണ്ഡരീകം വാമനം കുമുദം തഥാ
൪൧. അഞ്ജനം പുഷ്പദന്തം താൻ സാർവ്വഭൗമവുമങ്ങനെ
സുപ്രതീകവുമെന്നേവം ദിഗ്ഗജങ്ങളനുക്രമം.

അഷ്ടബുദ്ധിഗുണങ്ങൾ.

൪൨. ശുശ്രൂഷയും ശ്രവണവും ഗ്രഹണം ധാരണം തഥാ
ഊഹാപോഹങ്ങളും പിന്നെയർത്ഥവിജ്ഞാനമെന്നതും
൪൩. തത്വജ്ഞാനമതും പാർക്ക ബുദ്ധിക്കുള്ള ഗുണങ്ങളാം.

അഷ്ടമൂർത്തികൾ.

൪൪. ക്ഷിതിയും ജലവും തേജസ്സനിലൻ വ്യോമമർക്കനും
ചന്ദ്രൻ ഹോതാവുമീശന്റെയഷ്ടമൂർത്തികളോർക്കണം.

അഷ്ടവസുക്കൾ.

൪൫. ധരനും ധ്രുവനും സോമൻ പ്രത്യൂഷനനിലൻ തഥാ
ആപൻ പ്രഭാസനനലനെന്നേവമഷ്ടവസുക്കളാം.

അഷ്ടവിവാഹങ്ങൾ.

൪൬. ബ്രാഹ്മം ദൈവവുമാർഷം
പ്രാജാപത്യം നിനച്ചു ഗാന്ധർവ്വം
ആസുരവും രാക്ഷസവും
പൈശാചവുമാം വിവാഹമെട്ടേവം.

അഷ്ടൈശ്വര്യങ്ങൾ.

൪൭. അണിമാ മഹിമാ പിന്നെ ലഘിമാ ഗരിമാവതും
൪൮. ഈശിത്വവും വശിത്വം കേൾ പ്രാപ്തി പ്രാകാമ്യമിങ്ങനെ
എട്ടുവസ്തുക്കളാകുന്നിതൈശ്വര്യം ധരിക്കണം.

യോഗാഷ്ടാംഗങ്ങൾ.

൪൯. യമവും നിയമം പിന്നിട്ടങ്ങാസനവും തഥാ
പ്രാണായാമമതും പ്രത്യാഹാരം ധാരണ പിന്നെയും

൭൫. ധ്യാനം സമാധിയെന്നേവം യോഗാംഗങ്ങളിതെട്ടമാം,
അഹിംസാ സത്യവും പിന്നെയസ്തേയം ബ്രഹ്മചര്യവും

൭൬. അപരിഗ്രഹമെന്നേവം യമമഞ്ചു പ്രകാരമാം.
ആസനങ്ങൾ നിനച്ചീടിലെണ്ണവില്ലാതെയുണ്ടിഹ;

൭൭. ഏതിലും മൂന്നു മുഖ്യങ്ങൾ വീരാസനമിതും തഥാ
പത്മാസനവുമോർക്കേണം സ്വസ്തികാസനവും മതം

സാഷ്ടാംഗനമസ്കാരം.

൭൮. ഉരസ്സും മനവും കണ്ണും ശിരസ്സും കാൽകരങ്ങളും
വചസ്സും ച മലും ചേർന്ന നതിരഷ്ടാംഗയാസ്ത്രതം.

ഒൻപത്.

നവഗ്രഹങ്ങൾ.

൭൯. ആദിത്യൻ ചന്ദ്രനും ചൊവ്വാ ബുധനും ഗുരുവും തഥാ
ശുക്രനും ശനിയും രാഹു കേതുവും ചേർന്നു ഗ്രഹങ്ങളാം.

നവദ്രവ്യങ്ങൾ.

൮൦. ഭൂമിയും ജലവും തേജസ്സനിലൻ വ്യോമവും തഥാ
കാലവും ദിക്കുമാത്മാവും മനസ്സും ദ്രവ്യമൊൻപതാം.

നവദ്വാരങ്ങൾ.

൮൧. ശ്രോത്രങ്ങളും ലോചനങ്ങൾ ഘ്രാണങ്ങളും വക്ത്രവും
പായൂപസ്ഥങ്ങളും പാർക്ക നവദ്വാരങ്ങൾ മെയ്യതിൽ.

നവനിധികൾ.

൮൨. നിധികൾ മഹാപത്മമും
പത്മം പിന്നീടു ശംഖമകരങ്ങൾ
കച്ഛപമോടു മുകുന്ദം
കുന്ദം നീലം ഖർവ്വിക ചൊല്ലുവമാം.

നവരത്നങ്ങൾ.

൮൩. മാണിക്യം മുത്തു വൈഡൂര്യം ഗോമേദം വൈരവും തഥാ
പുഷ്യരാഗം മരതകം പവിഴം പിന്നെ നീലവും
൮൪. ഒന്നൊന്നോടൊൻപതീവറ്റും ചേരുമ്പോൾ നവരത്നമാം.

നവരസങ്ങൾ.

ശൃംഗാരം വീരവും പിന്നെക്കരുണം പുനരത്ഭുതം
൯൫. ഹാസ്യം ഭയാനകം പാൎക്കിൽ ബീഭത്സം രൌദ്രവും തഥാ
ശാന്തമെന്നിവയാകുന്ന രസങ്ങളൊൻപതു സമ്മതം.

പത്തു്.

ദശപാപങ്ങൾ.

൯൬. ഹിംസ മോഷണവും പിന്നെയന്യവിഷയാഗ്രഹം
പൈശുന്യം പരുഷം വ്യാജമസംബന്ധപ്രലാപവും
൯൭. ദ്രോഹചിന്താ പരദ്രവ്യസ്പൃഹാ നാസ്തികബുദ്ധിയും
പാപകൎമ്മങ്ങൾ പത്തെണ്ണം സൎവ്വഥാ സന്ത്യജിക്കണം.

ദശമൂലം.

൯൮. കുമിഴും കൂവളവും മുഞ്ഞയും
പലകപ്പയ്യാനയും പാതിരി
ഓരില മൂവില ചെറുവഴുതിനയും
പുള്ള ഞെരിഞ്ഞിലുമാം ദശമൂലം.

ദശരൂപകങ്ങൾ.

൯൯. നാടകം കേൾ പ്രകരണം ഭാണം പ്രഹസനം ഡിമം
വ്യായോഗം സമവാകാരം വീഥിയും പിന്നെയങ്കവും
൧൦൦. ഈഹാമൃഗവുമാൎന്നിട്ടു ദശരൂപകസംജ്ഞകൾ.

ദശാവതാരങ്ങൾ.

മത്സ്യം കൂൎമ്മം വരാഹം താൻ നരകേസരി വാമനൻ
൧൦൧. ഭാൎഗ്ഗവൻ രാഘവൻ രാമകൃഷ്ണന്മാർ കല്ക്കിയിവിധം
ഭുവനത്രാണനത്തിനായ് കമലാവല്ലഭൻ പരൻ
൧൦൨. സ്വയം സ്വീകരിച്ചുള്ളോരവതാരങ്ങൾ പത്തു കേൾ.

ദശോപനിഷത്തുകൾ.

ഈശം കേനം കഠം പ്രശ്നം മുണ്ഡം മാണ്ഡൂക്യവും തഥാ
൧൦൩. ഛാന്ദോഗ്യം തൈത്തിരീയം ഐതരേയവുമങ്ങനെ
ബൃഹദാരണ്യമെന്നിവ പത്താണുപനിഷത്തുകൾ

പതിനൊന്ന്.

ഏകാദശരുദ്രന്മാർ.

൧൦൪. അജൈകപാത്തഹിർബുധ്ന്യൻ വിരൂപാക്ഷൻ സുരേശ്വരൻ
ജയന്തൻ ബഹുരൂപൻ താനപരാജിതനും തഥാ

൧൦൫. സാവിത്രൻ ത്ര്യംബകൻ വൈവസ്വതനും ഹരനിങ്ങനെ
രുദ്രന്മാർ പതിനൊന്നെന്നു പൌരാണികസുധാശയം.

പന്തിരണ്ട്.

ദ്വാദശചാന്ദ്രമാസങ്ങൾ.

൧൦൬. മാഘം ഫാല്ഗുനവും ചൈത്രം വൈശാഖം ജ്യേഷ്ഠവും തഥാ
ആഷാഢം ശ്രാവണം പ്രൌഷ്ഠപദമാശ്വിനമെന്നതും

൧൦൭. കാർത്തികം മാർഗ്ഗശീർഷം കേൾ പൌഷമെന്നിവ മാസമാം;
മകരേ ശുക്ലപക്ഷാദിമുതൽ മാഘം തുടങ്ങിടും.

൧൦൮. മാഘാദിയീരണ്ടു മാസം ശിശിരാദികളായ് വരും;
ശിശിരാദികൾ മൂന്നാകുന്നുത്തരായണമാർന്നതാം.

൧൦൯. വർഷാദി മൂന്നൃതുക്കൾക്കു ദക്ഷിണായനമെന്നു പേർ.

ദ്വാദശരാശികൾ.

മേടമൊടിടവം പിന്നെ മിഥുനം കർക്കടം തഥാ
൧൧൦. ചിങ്ങം കന്നി തുലാം പാർക്ക വൃശ്ചികം ധനുവും പുനഃ
മകരം കുംഭവും മീനമിവ പന്ത്രണ്ടു രാശികൾ.

പതിന്നാല്.

ചതുർദശമനുക്കൾ.

൧൧൧. ഉത്തമൻ താപസൻ സൃഷ്ടൻ സ്വായംഭുവനുമങ്ങനെ
സ്വാരോചിഷൻ രൈവതനും ചാക്ഷുഷൻ രൌച്യനും തഥാ

൧൧൨. രൌച്യൻ വൈവസ്വതൻ ബ്രഹ്മ ക്ഷേത്രം ധർമ്മനും പുനഃ
രുദ്രനെന്നിവരോർക്കണം പതിന്നാലു മനുക്കളാം.

ചതുർദ്ദശലോകങ്ങൾ.

൧൧൩. അതലം വിതലം കീഴിൽ നിതലം സുതലം തഥാ
തലാതലം പാർക്ക മഹാതലം പിന്നെ രസാതലം

൧൧൪. ഭൂലോകവും ഭുവർല്ലോകം സ്വർല്ലോകം പുനരങ്ങനെ
മഹർല്ലോകം ജനർല്ലോകം തപസ്സും സത്യവും തഥാ

൧൧൫. പതിനാലായ ലോകങ്ങളേവമെന്നു ധരിക്കണം.

ചതുർദ്ദശലോകസാക്ഷികൾ.

ആദിത്യചന്ദ്രന്മാരഗ്നി വായുവാകാശവും മഹീ

൧൧൬. ജലവും ഹൃദയം കാലൻ പകലും രാത്രിയും തഥാ
രണ്ടു സന്ധ്യകളും ധർമ്മദേവനാം ലോകസാക്ഷികൾ.

ചതുർദ്ദശവിദ്യകൾ.

൧൧൭. അംഗങ്ങളാറും വേദങ്ങൾ നാലും മീമാംസയെന്നതും
ന്യായശാസ്ത്രം പുരാണം കേൾ ധർമ്മശാസ്ത്രങ്ങൾ വിദ്യകൾ.

ചതുർദ്ദശാർത്ഥബോധനങ്ങൾ.

൧൧൮. സംയോഗവും വിപ്രയോഗം സാഹചര്യം വിരോധിതാ
അർത്ഥം പ്രകരണം ലിംഗം ശബ്ദാന്തരസമാഗമം

൧൧൯. സാമർത്ഥ്യമൌചിതീ ദേശം കാലം വ്യക്തി സ്വരാദിയും
ശബ്ദാർത്ഥം പലതാകുമ്പോൾ വിശേഷസ്മൃതിഹേതുവാം.

൧൨൦. വാക്യൈകനിഷ്ഠമായീടുമർത്ഥാന്തരസമാഗമം
സംയോഗമാം; ശംഖചക്രധരൻ ഹരി ജ്ഞേയനാം.

൧൨൧. സംയോഗാഭാവമാകുന്നു വിപ്രയോഗം ധരിക്കണം;
അശംഖചക്രനായീടും ഹരിയത്രേ ഭവാൻ വിഭോ!

൧൨൨. വാക്യൈകവസ്തുവോടുള്ള സഹചാരിതമായിടും
സാഹചര്യം; തൊഴുന്നേൻ ഞാൻ രാമലക്ഷ്മണരെസ്സദാ.

൧൨൩. ചേർന്നിരിക്കായ്ക ശത്രുത്വമിവയത്രേ വിരോധിതാ;
രാമൻ രാവണനോടേറ്റ പകലും നിശയിങ്കലും.

൧൨൪. പ്രയോജനമതായീടുമർത്ഥമെന്നു ധരിക്കണം;
സ്ഥാണുവെബ്ഭജിക്കേണമിന്നേൻ സംസാരത്തെയകറ്റുവാൻ.

൧൨൫. വക്താവിന്റെയുമപ്പോലെ ശ്രോതാവായുള്ളവന്റെയും
ബുദ്ധിയോടുള്ള സംബന്ധമത്രേ പ്രകരണം മതം.

൧൬൬. ശ്രീരാമനീ ജഗത്തിങ്കൽ വീരാഗ്ര്യൻ തന്നെ നിശ്ചയം;
എന്നാൽ നമ്മുടെ ഉർവ്വശ്യാൽ ദേവനോക്കുന്നതില്ലിഹ.

൧൬൭. വാച്യാന്തരാഭാവത്തിൽനിന്നും വ്യാവൃത്താം ധർമ്മമായിട്ടും
ലിംഗം; മഹീന്ദ്രനോരതിക്രോധം കലർന്നിതേ.

൧൬൮. "നിയതാർത്ഥതയാണിട്ടും ശബ്ദത്തിന്റെയപ്പുറമേ
ശബ്ദാന്തരത്തിൻസാന്നിദ്ധ്യം; ഇണ ദേവൻ പുരാന്തകൻ.

൧൬൯. സാമർത്ഥ്യം കരണത്വം താൻ; മധുവാൽ കയിൽ മത്തമായ്.
ഔചിത്യമായ്ഭാഗ്യതയെന്നു ചൊല്ലുന്നു സൂരികൾ;

൧൭൦. പ്രേയസീവദനം നിന്നെസ്സുഖിപ്പിക്കണമേറ്റവും.
ദേശം പുരാരിയാ;—ഭീശൻ നഗരേ വിലസുന്നിഹ.

൧൭൧. കാലം നിശായാം;—മല്ലിൽ ചിത്രഭാനു വിളങ്ങിടും.
പുല്ലിംഗാദികളാകുന്നു വ്യക്തിയെന്നു ധരിക്കണം;

൧൭൨. മിത്രനും മിത്രവും പാരമേറ്റു ശോഭിച്ചിടുന്നെടോ!
സ്വരം പ്ലുതാദിയാം; രാമാ! പോയീടൊല്ല വനത്തിൽ നീ.

പതിനെട്ട്.

അഷ്ടാദശപുരാണങ്ങൾ.

൧൭൩. വൈഷ്ണവം നാരദീയം ഭാഗവതം ഗാരുഡം തഥാ
പാദ്മം വാരാഹമിത്യേവം വൈഷ്ണവങ്ങൾ ധരിക്കണം.

൧൭൪. മാത്സ്യം കൌർമ്മമതും ലൈംഗം വായവ്യം സ്കാന്ദമായതും
ആഗ്നേയമിവ ശൈവങ്ങളാം പുരാണങ്ങളായിടും.

൧൭൫. ബ്രഹ്മാണ്ഡം ബ്രഹ്മവൈവർത്തം മാർക്കണ്ഡേയമനന്തരം
ഭവിഷ്യവാമനം ബ്രാഹ്മമേവം ബ്രാഹ്മങ്ങളോർക്കണം.

അഷ്ടാദശസ്മൃതികർത്താക്കന്മാർ.

൧൭൬. മനു, ത്രി, വിഷ്ണു, ഹാരീത, യാജ്ഞവല്ക്യ, മതനെ
ഉശനസ്സും, ഗിരസ്സും, കേർ യമം, പസ്തംബത്തും, പുനഃ

൧൭൭. സാംവർത്തനം, തഥാ കാത്യായനനോക്ക്, ബൃഹസ്പതി,
ശ്രീപരാശരനും, വ്യാസൻ, ശംഖൻ, ലിഖിതനും, തഥാ

൧൭൮. ദക്ഷൻ, ഗൌതമനെന്നിവരതിവിഖ്യാതരായിട്ടും
സ്മൃതികർത്താക്കളായുള്ള പതിനെട്ടു മഹർഷികൾ.

തൊണ്ണൂററാറു്.

ഷണ്ണവതിതത്വങ്ങൾ.

൧൩൯. ഭൂമ്യാദിപഞ്ചഭൂതങ്ങൾ പിന്നെപ്പത്തിന്ദ്രിയങ്ങളും
വിഷയങ്ങളുമ്പത്തും തഥാ പ്രാണങ്ങളും പുനഃ

൧൪൦. ആറാധാരങ്ങളെട്ടാകും രാഗങ്ങൾ കരണങ്ങളും
വിഷയങ്ങളുമെട്ടേവം ധാതുവേഴഥ നാഡിയും

൧൪൧. മണ്ഡലം മൂന്നും പിന്നെയേഷണം മൂന്നും തഥാ
ഭാവനാത്രീഗുണം താപമിവയെൺകൂട്ടമങ്ങനെ

൧൪൨. നാലു കോശങ്ങളും മൂന്നു ശരീരങ്ങളുമീവിധം
തൊണ്ണൂററാറെണ്ണമാകുന്ന തത്വമെന്നു ധരിക്കണം.

ഉപസംഹാരം.

“ലോകം തിണ്ടതി„ ലാര വിട്ടു “ഹരിനാ-
ണേ„ വിട്ടു വിദ്വത്സദ-
സ്സേകം “രാസനയാണു„ കൊണ്ടു “വിധി ഭേ„-
ദിക്കാതനഷ്ടിക്കുവാൻ
ആകാംക്ഷിച്ചു “കലേശവാര„ സരസ-
വ്യാഹാരസാരങ്ങളാ ലേ-
ത്താകംപോലെ രചിച്ചു ഞാനിതി മുദാ
സൽഗ്രന്ഥകിരത്നാകരം.

ശുഭം.

സുഭാഷിതരത്നാകരം.

വ്യാഖ്യാനം.

ഒന്നാം പ്രകരണം.

൪—൧൦ ശ്ലോകം. പൌലസ്ത്യൻ = രാവണൻ. ഹതൻ = കൊല്ലപ്പെട്ടവൻ.

൧൧. അത്യാസന്നപതനാഭ്യാസം = പിന്നാമ്പുറം പിന്നാലെയുള്ള അഭ്യാസം.
അതിസരളകല്പം = (ക്രിയാവിശേഷണം) വളരെ എളുപ്പത്തിൽ ചെയ്യപ്പെടുവാൻ കഴിവു് എന്നുള്ള നിലയിൽ.

൧൪. പാംസു = പാംസിനെ. (ദ്വിതീയ)

൧൯. അരുക് = രുക്കോടു (രോഗത്തോടു) കൂടാത്തവൻ.
ആശ = ആഗ്രഹം. ഇവിടെ ദുരാഗ്രഹം എന്നർത്ഥം.

൨൦. മേഘാഗമനകാലത്തിങ്കൽ കുടകപ്പാല പൂക്കുമെന്നു പ്രസിദ്ധമാകുന്നു.

൨൧. മന്ദൻ = മൂഢൻ.

൨൨. സശിരഃകമ്പം = ശിരഃകമ്പത്തോടു (തലയിളക്കലോടു) കൂടി.
അതീവ = ഏറ്റവും. ഗർവ്വിഷ്ഠൻ = അഹംകാരമുള്ളവൻ.

൨൩. ആത്മസംയമനം = ആത്മാവിനെ വഴിപോലെ അടക്കുക.
മഹൽ = ശ്രേഷ്ഠം.

൨൯. അവിദ്വാൻ = വിദ്യയില്ലാത്തവൻ. അമിത്രൻ = ബന്ധുവില്ലാത്തവൻ.

൩൧. അദ്ധ്യയനം = പഠിത്തം.

൩൨. ഉരുനൈപുണി = വലുതായ സാമർത്ഥ്യം. മാന്ദ്യമുടയ ജനം = മടിയന്മാരായ ആളുകൾ.

൩൩. അത്യുൽക്കടക്ലേശം = വലുതായ ക്ലേശം. വിദ്യാഭ്യാസം ചെയ്വാൻ മടിയുള്ള ആളുകൾ കാലക്ഷേപത്തിനു വേണ്ടി മാടു പൂട്ടുക മുതലായ വേലകൾ ചെയ്തു കഷ്ടപ്പെടുന്നു.

൩൬. തൃഷ്ണ = ആശ.

൩൮. മക്ഷികൌഘം = ഈച്ചകളുടെ കൂട്ടം. രണം = കലഹം. ശമം = സമാധാനം

൪൦. കമലാലയാ = ലക്ഷ്മീദേവി; സമ്പത്തു്. കമലാഗ്രജാ = കമലയുടെ (ലക്ഷ്മീദേവിയുടെ) അഗ്രജാ = പൂർവജാ ജ്യേഷ്ഠാദേവി; ദാരിദ്ര്യം.

൪൧. അശക്യം = കഴിയാത്തതു്.

൪൭. ഏകാഗ്രത = ഒന്നിൽ തന്നെ താൽപൎയ്യത്തോടു കൂടി ഇരിക്കുക. ഗണനീയം = ഗണിക്കത്തക്കതു്. ഉൽകൎഷം = വലിപ്പം.

൪൮. പൌരുഷം = പുരുഷപ്രയത്നം. ദുരിദൈവം = ദുഷ്ടമായ ദൈവം. അതു് = പൌരുഷം,

൪൯. കൌരവൻ = ധൃതരാഷ്ട്രൻ. പുരാ = പണ്ടു്.

൫൦. ഭൂരി = വളരെ, കാൎയ്യസാധകം = കാൎയ്യത്തെ സാധിക്കുന്നതു്. (ആയിഭവിക്കുന്നു.)

൫൧. ഭോജ്യോപാർജനപ്രയത്നം = ഭക്ഷണസാധനത്തെ സമ്പാദിക്കുന്നതിനുള്ള പ്രയത്നം.

൫൨. കൈവല്യം = മോക്ഷം. ആദ്യം = ആദിയിലുള്ളതു്– പരോപകാരം എന്നൎത്ഥം.

൫൩. ദാതാവു് = ദാനംചെയ്യുന്നവൻ.

൫൪. ആബാല്യാൽ = ബാല്യംമുതൽ.

൫൫. തൊലി (ദ്വിതീയ) = തൊലിയെ.

൫൬. സംഗ്രഹണീയം = സംഗ്രഹിക്കത്തക്കതു്.

൫൭. ദത്തം = കൊടുക്കപ്പെട്ടതു്.

൫൮. സൂക്തി = നല്ലതായ വാക്കു്.

൫൯. ഗുണി = ഗുണമുള്ളവൻ. പലതുമുണ്ടു = ഉപകാരമുള്ളതായിട്ടു്.

൬൦. ഗുണഗ്രാഹികൾ = ഗുണത്തെ ഗ്രഹിക്കുന്നവർ. ഗുണം = ഞാൺ– കയറെന്നും. ഗ്രഹിക്ക = അറിയുക– പിടിക്ക എന്നും. പുഷ്പകം കയറോടുകൂടിയിരുന്നാലും അതിൽ പിടിക്കുന്നതിനു ആളില്ലാത്ത പക്ഷം കിണറ്റിൽ മുഴുകിപ്പോകുന്നു; അതുപോലെ മനുഷ്യൻ ഗുണവാനായാലും ഗുണഗ്രാഹിയില്ലെങ്കിൽ ക്ലേശിക്കുന്നു എന്നു സാരം.

൬൧. ഗുരുവിന്റെ ഭക്തി = ഗുരുവിനെ അറിവുള്ളവൻ ചെയ്യുന്ന ഭക്ഷണം.

൬൨. തമോനിരോധകം = തമസ്സിനെ (അന്ധകാരത്തെ) നിരോധിക്ക (തടുക്ക) ന്നതു.

൬൩. ദേശികൻ = ഗുരു.

൬൪. അൎത്ഥം = പ്രയോജനം. ഇഷ്ടശബ്ദം = ഇഷ്ടപ്രകാരമായിട്ടുള്ളതായ ശബ്ദം. ഒന്നിന്റെ പേരു പറവാനായി സ്വേച്ഛകൊണ്ടു നിൎമ്മിച്ചതായ ഒരു അൎത്ഥമില്ലാത്ത ശബ്ദം.

൬൫. ജീവനം = ഉപജീവനം– ജലം എന്നും. ഘടീയന്ത്രം = വെള്ളം കോരുന്നതിനുള്ള ഒരു മാതിരി യന്ത്രം. ഇതു വെള്ളത്തിനായി താഴുകയും അതിനെ ഗ്രഹിച്ചാൽ ഉടൻ ഉയരുകയും ചെയ്യുന്നതുപോലെ; ദുൎജ്ജനം അപ്രകാരം തന്റെ കാൎയ്യം സാധിക്കുന്നതിനായി വളരെ വണക്കം കാണിക്കയും, സാധിച്ചുകഴിഞ്ഞാൽ അത്യന്തം അഹംകാരിയായിത്തീരുകയും ചെയ്യുന്നു എന്നു താൽപൎയ്യം.

൯൦. കടിഞ്ഞാണ്കൎണ്ണത്തിൽ = ഒരുവന്റെ ചെവിയിൽ അന്യന്റെ ദൂഷണം പറയുന്നു. അഞ്ജസാ = ഉടനെ.

൯൧. ബാലലോകം = ബാലജനം— സ്ത്രീജനം എന്നും. അളകങ്ങൾ = കുറുനിരകൾ. ഖലൌഘം = ദുഷ്ടസമൂഹം. സൽകൃതി = സൽകാരം. കൌടില്യം = ദുഷ്ടഭാവം— വളവെന്നും.

൯൨. മധുരം = മധുരമായ വസ്തു— മധുരമായ വചനം എന്നും. ക്രൂരം = ക്രൂരമായ(എരിവുള്ള) വസ്തു— ക്രൂരവചനമെന്നും.

൯൪. സദ്വംശജന്മം = നല്ല വംശത്തിലുള്ള ജനനം— നല്ലമുളകൊണ്ടുള്ള ജനനം എന്നും. ഗുണം = ജ്ഞാനാദി— ഞാണെന്നും. പരഹൃത്ത് = അന്യന്മാരുടെ മനസ്സ്— ശത്രുക്കളുടെ നെഞ്ചെന്നും.

൧൦൦. ഖലം = കല്ല്. ജന്മനാ = സ്വഭാവേന. കുടിലം = ദുഷ്ടഭാവമുള്ളത്— വളവുള്ളതെന്നും. തന്മുഖാക്ഷേപം = അതിന്റെ മുഖംകൊണ്ടുള്ള ആക്ഷേപം. അസത് = ദുർജ്ജനം— ശരം എന്നും. മുഖം = വായ്— അഗ്രഭാഗം എന്നും. ആക്ഷേപം = നിന്ദ— ഇളക്കൽ എന്നും. ക്ഷമ = ക്ഷാന്തി— ഭൂമി എന്നും.

൧൦൧. സ്നേഹം = പ്രേമം— എണ്ണ എന്നും. സന്താപം = ദുഃഖം— ചൂടെന്നും.

൧൦൨. ലഭ്യം = ലഭിക്കപ്പെടുവാൻ യോഗ്യം.

൧൦൪. ഗുണം = ജ്ഞാനാദി— നൂൽ എന്നും. തീക്ഷ്ണത്വം = ക്രൂരത— മൂൎച്ച എന്നും. ഖലവാണി = ദുഷ്ടന്റെ വാക്ക്.

൧൦൫. പദം = സ്ഥാനം.

൧൦൭. ആപത്ത് = മുട്ട്.

൧൨൦. ധൎമ്മം ഇല്ലാതിരുന്നാൽ അഗ്നി, രാജാവ്, ചോരൻ ഇവരെക്കൊണ്ടു ധനനാശം സംഭവിക്കും എന്നു സാരം.

൧൨൧. ആയം = [illegible]. സഹജാതൻ = അനുജൻ.

൧൨൩. അശക്തനിന്ദ = അശക്തനെക്കുറിച്ചുള്ള നിന്ദ.

൧൨൪. സാവധാനത = സാവധാനൻ എന്നുള്ള ഭാവം. സാവധാനൻ = അവധാനത്തോടു കൂടിയവൻ. അവധാനം = മനസ്സിരുത്തൽ.

൧൨൭. നന്നായി സൂക്ഷിച്ചു നോക്കി ക്ഷേമസാധനത്തെ പരിശോധിച്ചു സാവധാനമായും, ധനസൌഖ്യത്തിനായി നല്ലവണ്ണം [illegible] ഉദ്യമിക്കണം എന്നു സാരം.

൧൩൦. അതിഭക്ഷണം മരണത്തെ ഉണ്ടാക്കുന്നു എന്നു സാരം.

൧൩൧. മിതപഥ്യാശനശീലം = മിതമായും പഥ്യമായും ഭക്ഷിക്കുന്ന ശീലം.

൧൩൫. മധുപാവലി = മധുപന്മാരുടെ ആവലി. മധുപന്മാർ = മദ്യപാനം ചെയ്യുന്നവർ—മധുപങ്ങളുടെ ആവലി എന്നും. മധുപങ്ങൾ = വണ്ടുകൾ. ആവലി = സമൂഹം. വംശം = കുലം— മുള എന്നും.

൧൩൬. മതിച്ചുണ്ണാം = ത്യജിച്ചുണ്ണം. അനുകമ്പ = കൃപ.

൧൩൭. ബന്ധുക്കളിൽവെച്ച് ഒരാൾക്കുള്ളകുന്ന സ്വാതന്ത്ര്യങ്ങൾ മററുള്ളവർക്കും തുല്യമായി ഉണ്ടായിരിക്കും എന്നു സാരം.

൧൩൮. പാശി = വരുണൻ.

൧൩൯. ദ്രവിപ്പിക്ക = അലിയിക്ക.

൧൪൦. സമീരൻ = വായു. ആത്ത് = വാനി.

൧൪൧. ഖഗങ്ങൾ = പക്ഷികൾ. ശരത്തിങ്കൽ = ശരൽകാലത്തിങ്കൽ.

൧൪൨. ഖലമൈത്രി = ദുഷ്ടന്മാരുടെ സ്നേഹം.

൧൪൩. സമ്പത്ത്, നൻമഴയെന്നതുപോലെ, വിചാരപൂർവം പ്രവർത്തിക്കുന്ന പുരുഷനെ സ്വയമേവ പ്രാപിക്കുന്നു. അവൻ സമ്പന്നനാകുന്നു എന്നു താൽപര്യം.

൧൪൪. ശാസ്ത്രം പഠിച്ചാൽ മാത്രം പോരാ; അതിനെ അനുഷ്ഠിക്കുന്നതിൽ ഔചിത്യം കൂടി വേണ്ടതാകുന്നു. സദാചാരവാക്യങ്ങളിൽ തന്നെയും അർത്ഥം മാത്രം നോക്കിയാൽ പരസ്പരവിരോധം പലേടത്തും കണ്ടേക്കാം. അങ്ങനെ വരുമ്പോൾ പ്രകരണത്തെ അനുസരിച്ചു വക്താവിന്റെ ഉദ്ദേശ്യം അറിഞ്ഞ് ഔചിത്യം പോലെ പ്രവർത്തിക്കേണ്ടതാകുന്നു; അല്ലെങ്കിൽ "ഉ[illegible]" എന്നുള്ള സദാചാരവാക്യത്തെ ആധാരമാക്കി [illegible]ന്റെ മുതുകിൽ കയറിയിരുന്ന യുവാവിനെപ്പോലെ പരിഹാസപാത്രമായിത്തീരും എന്നു സാരം.

൧൪൫. ദ്യോവു = സ്വർഗ്ഗം.

൧൪൬. ഗുരുദ്വിജസമീപം = ഗുരുഭക്തന്മാരായിരിക്കുന്ന ദ്വിജന്മാരുടെ (ബ്രാഹ്മണരുടെ) സമീപം — ഗുരുക്കളായിരിക്കുന്ന ദ്വിജങ്ങളുടെ (മന്ത്രങ്ങളുടെ) സമീപം എന്നും. അധ്വരേ = അധ്വരത്തിൽ. അധ്വരൻ = അധ്വമൻ. അധ്വരേ = അധ്വരത്തിൽ എന്നും. രാഗം = വിഷയാഭിലാഷം — ചുവപ്പ് എന്നും.

൧൪൭. കന്ധം = ദോഷം — കരി എന്നും. നീചപ്രവണത്വം = നീചന്മാരിൽ ഉള്ള സ്നേഹം — നീചത്തിലേയ്ക്കുള്ള (താണ സ്ഥലത്തേയ്ക്കുള്ള) ചാച്ച് എന്നും. പങ്കനിദാനം = പങ്കത്തിനു നിദാനം. പങ്കം = പാപം, ചളി എന്നും. നിദാനം = കാരണം. ജഡസാന്നിധ്യം = മൂഢന്റെ അടുപ്പം — ജലത്തിന്റെ അടുപ്പം എന്നും.

൧൪൮. ഇന്ദ്രിയസാമർത്ഥ്യം = ഇന്ദ്രിയങ്ങളുടെ യോഗ്യത.

൧൪൯. മഹിതസദസ്സ് = ശ്രേഷ്ഠസഭ.

൧൫൦. ചോറ് = മൂർഖന്മാരുടെ അഭിപ്രായത്തോടു ചേർന്ന്.

൧൫൧. മല്ല് = യുദ്ധം.

൧൫൨. വപുസ്സ് = ദേഹം.

൧൫൩. ബീജം = കാരണം.

൧൫൪. കോടികോടിദ്രവ്യം — അനേകം എന്നും. ലക്ഷം = ലക്ഷം ദ്രവ്യം—ലക്ഷ[illegible]

ന്നം, നമിക = നമസ്കരിക്ക—വണങ്ങുക എന്നും.

൧൮൮. മാനിതാം = മാനശീലതാം.

൧൮൯. അത്യാശാവിവശൻ = അത്യാഗ്രഹംകൊണ്ടു പരവശൻ. ആശാ = സംഗ്രഹം, സ്വപരഹാനി = തന്റെയും അന്യന്റെയും ഹാനി.

൧൯൦. വാഗ്മി = വാക്സാമർത്ഥ്യമുള്ളവൻ വല്ഗിതം = ശബ്ദപ്രയോഗത്തിനുള്ള പാടവ്.

൧൯൧. അന്യായാൽ = ന്യായത്തെ ആശ്രയിക്കാതെ—ന്യായരഹിതമായിട്ടെന്നർത്ഥം,

൧൯൨. ഹിതം = പഥ്യം—ന്യായത്തെ അനുസരിച്ചതു്. മിതം = അല്പാക്ഷരം. പ്രസന്നം = മന്ദഹാസത്തോടു കൂടിയതു.

൧൯൩. മഞ്ജുളാ = മനോഹരാ. അസമയോക്താ = അയോഗ്യമായ സമയത്തിൽപറയപ്പെട്ടതു്.

൧൯൪. കലാ = വിദ്യാ. കലാവാൻ = വിദ്യയുള്ളവൻ—ചന്ദ്രൻ എന്നും ധൃതൻ = ധരിക്കപ്പെട്ടവൻ,

൧൯൫. ശസ്ത്രം = ആയുധം—ആയുധവിദ്യ എന്നു സാരം.

൧൯൬. അഹാര്യതാം = അഹാര്യം എന്നുള്ള ഭാവം, അഹാര്യം = ഹാര്യമല്ലാത്തതു്. ഹാര്യം = ഹരിക്കപ്പെടുവാൻ ശക്യം. ഹരിക്ക = അപഹരിക്ക. അനർഘതാം = അനർഘം എന്നുള്ളഭാവം. അനർഘം = അർഘത്തോടു (വിലയോടു)കൂടാത്തതു്—വില നിശ്ചയിക്കാൻ പാടില്ലാത്തതു എന്നു താൽപര്യം.

൧൯൭. ലോകപാദ്ധതികൾ = ലോകങ്ങളുടെ സമ്പത്തുകൾ.

൧൯൮. പരിപാവനം = പരിശുദ്ധം. വിദ്വാന്മാരുടെ സംസൎഗ്ഗമില്ലാത്ത വചനം വനത്തിനു തുല്യമാകുന്നു എന്നർത്ഥം.

൧൯൯. പാദങ്ങൾ = കാലുകൾ—രശ്മികൾ എന്നും. ശാരദാഗമം = ശാരദയുടെ (സരസ്വതിയുടെ) ആഗമം = പ്രാപ്തി ശാരദാഗമം = ശാരദമായിരിക്കുന്ന ആഗമം എന്നും, ശാരദം = ശരത്തിനെ (ശരൽകാലത്തെ) സംബന്ധിച്ചതു്. കലാവാൻ = വിദ്വാൻ—ചന്ദ്രൻ എന്നും. വിദ്വൽപക്ഷത്തിൽ 'പാദങ്ങൾകൊണ്ടു' എന്നതിനു പാദസഞ്ചാരംകൊണ്ടു എന്നർത്ഥം.

൨൦൦. അർത്ഥാഹരണസാമർത്ഥ്യം = അർത്ഥങ്ങളെ സമ്പാദിക്കുന്നതിൽ ഉള്ള സാമർത്ഥ്യം. അവ്യയഭാവം = അവ്യയന്മാരുടെ ഭാവം, അവ്യയന്മാർ = വ്യയമില്ലാത്തവർ—ലുബ്ധന്മാർ. ഭാവം = സത്ത്വം—അവ്യയങ്ങളുടെ ഭാവം എന്നും. അവ്യയങ്ങൾ = അവ്യയശബ്ദങ്ങൾ. അർത്ഥം = ധനം—പൊരുൾ എന്നും

൨൦൧. തന്ത്രം = വിധിയെയും പ്രയത്നത്തെയും.

൨൦൨. ഗുപ്തൻ = ഗോപനംചെയ്തു (രക്ഷിക്ക)പ്പെട്ടവൻ.

൨൦൩. വിദ്വൽപ്രണാമം = വിദ്വാന്മാരിലുള്ള വണക്കം.

൨൦൪. ശബ്ദഡംബരം = ശബ്ദകോലാഹലം. അറിവില്ലാത്തവർക്കു് ഭയപ്രദാനം ചെയ്യുന്നതെന്നു താൽപര്യം.

വ.൧൦. "വാൎദ്ധക്യ....വിചാരണാ" = വാൎദ്ധക്യാവസ്ഥയിലും മരണാവസ്ഥയിലും ഉള്ള പലവിധമായ ഭയങ്ങളെക്കുറിച്ചുള്ള വിചാരം. ജനയിത്രി = മാതാവ്.

വ.൧൧. വിസൎജ്ജനവിഷയം = നിന്ദാപാത്രം.

വ.൧൨. ഹൃദ്യൻ = പ്രിയൻ. അജസ്രം = എല്ലായ്പോഴും.

വ.൧൩. ഘനങ്ങൾ = മേഘങ്ങൾ.

വ.൧൪. ബാധാവകരം = ഉൾരോഗങ്ങളെ ക്ഷയിപ്പിച്ചു ശരീരത്തിന്നു കനക്കുറവിനെ ഉണ്ടാക്കുന്നത്. ലാഘവകരം = അവമാനത്തെ ഉണ്ടാക്കുന്നത്. വ്യായാമം ലാഘവകരമാണെങ്കിലും ലാഘവകരമല്ല എന്നു പറയുമ്പോൾ അൎത്ഥത്തിൽ വിരോധവും, പിന്നീട് ആ വാക്കിന് വേറെ അൎത്ഥത്തെ കല്പിക്കുമ്പോൾ ആ വിരോധത്തിന്നു പരിഹാരവും ഉണ്ട്. ഇങ്ങനെ വരുന്ന ഘട്ടങ്ങളിൽ "വിരോധാഭാസം" എന്ന അലങ്കാരമാകുന്നു.

വ.൨൦. "സന്തോഷാബ്ധി..... സഖാക്കൾ" = അബ്ധിപോലെ സുഖകരമായ സന്തോഷംകൊണ്ടു വഴിയെപോലെ തൃപ്തിപ്പെട്ടതായും ശാന്തമായും ഇരിക്കുന്ന മനസ്സോടു കൂടിയവർ.

വ.൨൧. തന്നേക്കാൾ താണനിലയിൽ ഇരിക്കുന്നവരുടെ അവസ്ഥയെ വിചാരിച്ചു താൻ തൃപ്തിപ്പെട്ടുകൊള്ളണം എന്നു സാരം.

വ.൨൨. പൌരുഷം ധൎമ്മസാരം = പുരുഷന്റെ മുഖ്യമായ ധൎമ്മം.

വ.൨൩. ചന്ദനങ്ങൾ = ചന്ദനവൃക്ഷങ്ങൾ.

വ.൨൪. സജ്ജനങ്ങളോടു വേർപിരിയുന്നതു അത്യന്തം വ്യസനകരമാകുന്നു എന്നല്ലാതെ സജ്ജനസംസൎഗ്ഗം ചാടില്ലെന്നല്ല ഇതിന്റെ താല്പൎയ്യം. ഒരിക്കലും വേർപിരിയാൻ ഇച്ഛ തോന്നാതിരിക്കത്തക്കവണ്ണം അത്ര വളരെ ഗുണമുള്ളവരാണ് സജ്ജനങ്ങൾ എന്നു സാരം.

വ.൨൫. മഹാധനം = മഹാന്മാരുടെ ധനം.

വ.൨൬. ദശനൻ = ദശവാല്ലവൻ. ക്ഷതി = ആപത്ത്.

വ.൨൭. സാധുവൃത്തർ = നല്ല ചരിത്രമുള്ളവർ— സജ്ജനങ്ങൾ— നല്ല വൃത്താകാരമുള്ളവ എന്നും.

വ.൨൮. ബഡവാഗ്നി = സമുദ്രമദ്ധ്യത്തിൽ കിടന്നു് എരിയുന്നതും പാരമ്യ പൊക്കത്തോടു കൂടി ജ്വലിക്കുന്ന ഒരു വക അഗ്നി.

വ.൨൯. ഒരുവൻ, താൻ അവനോടു യാതൊരുപകാരവും ചെയ്യാതെ ഇരുന്നിട്ടും, ഇങ്ങോട്ടുപകാരം ചെയ്യുന്ന മറ്റൊരുത്തനോടു പശ്ചാത്താപത്തോടും ലജ്ജയോടും കൂടി പറയുന്ന വാക്കിനെ ഇതു സൂചിപ്പിക്കുന്നു. സജ്ജനങ്ങൾ എല്ലാവൎക്കും ഒരുപോലെ ഉപകാരം ചെയ്ക ശീലമായിട്ടുള്ളവരാകുന്നു എന്നു സാരം.

വ.൩൦. ബാണൻ = ബാണാസുരൻ. സുമബാണപിതാവ് = ശ്രീകൃഷ്ണൻ.

വ.൩൦. ഉഗ്രശക്തി = സംഹാരശക്തി.

വ.൩൧. സനാതനം = നിത്യം.

വ.൩൨. ഉദയം = തോഷം.

൨൬൫. പിപീലികാ = എറുമ്പു. തൃണതുല്യം = തൃണത്തോടുതുല്യം.

൨൬൬. ഹൃൽഗതം = മനോഭാവം. പരാരാധനതല്പരൻ = അന്യന്മാരെ സന്തോഷിപ്പിക്കാൻ സാമർത്ഥ്യമുള്ളവൻ.

൨൬൭. ദേഹമനോവാഗ്ദമം = ദേഹത്തിന്റെയും മനസ്സിന്റെയും വാക്കിന്റെയും ദമം. ദമം = നിഗ്രഹം— അകൃത്യത്തിങ്കൽ പ്രവർത്തിപ്പാൻ അയയ്ക്കായ്ക എന്നർത്ഥം. വ്രതം = ആചാരം.

൨൬൮. വിജിതേന്ദ്രിയൻ = ഇന്ദ്രിയങ്ങളെ ജയിച്ചിരിക്കുന്നവൻ.

൨൬൯. ഗുരുസന്തോഷം = വലുതായ സന്തോഷം. സഹസാ = അറിയാതെ.

൨൭൦. ഉന്മീലിതം = നശിപ്പിക്കപ്പെട്ടതു.

൨൭൧. ഹരിണം = മാൻ. ദാവം = കാട്ടുതീ. സൌശീല്യശാഖി = സൌശീല്യം (സുശീലത്വം). ആകുന്ന ശാഖി = വൃക്ഷം; ഉന്മത്തദന്തി = മദിച്ച ആന. സമാഗമം = സംസർഗ്ഗം.

൨൭൨. പ്രതിബന്ധം = വിഘ്നം.

൨൭൩. ഉണ്ണാളം = താമരവളയം. ഉൽപലം = ചെങ്ങഴിനീർപ്പൂവു്.

രണ്ടാം പ്രകരണം.

൧. മൃഗനാഭി = കസ്തൂരി. വാണിജൻ = കച്ചവടക്കാരൻ.

൨. മാനം = ബഹുമാനം. വിത്തം = വരുത്തം.

൩. ഇഷ്ടാഹാരവിഹാരസേവ = ഇഷ്ടങ്ങളായിരിക്കുന്ന ആഹാരവിഹാരങ്ങളുടെ സേവ. ഇഷ്ടങ്ങൾ = ഹിതങ്ങൾ. ആഹാരവിഹാരങ്ങൾ = ആഹാരവും വിഹാരവും. ആഹാരം = ഭക്ഷണം. വിഹാരം = ദേഹമനോവ്യാപാരം. ചേഷ്ടാ = പ്രവൃത്തി. പ്രസക്തി = താൽപര്യം. സർവ്വാർത്ഥദാ = എല്ലാ അർത്ഥങ്ങളേയും ദാനം ചെയ്യുന്നതു്.

൪. ഗദം = രോഗം. അസ്വാസ്ഥ്യം = സൌഖ്യം കൂടാതെ.

൫. കീലം = ആണി. അതിരയം = അതിവേഗം. അഗത്യന്തരം = ഗത്യന്തരമില്ലാതെ. ഗത്യന്തരം = അന്യഗതി. ആലോലം = ഇളകിയതു്— ദോഷവിനിമിത്തം പരിഭ്രമിതന്മാരായ ആളുകളോടു കൂടിയതെന്നർത്ഥം. സകലമിതിന്മൂലം = സകലമായിരിക്കുന്ന ഇതിന്റെ കാരണം. (സാധ്യമായ രോഗത്തേയും നിസ്സാരമെന്നു കരുതി ചികിത്സിക്കാതിരിക്കരുതെന്നു സാരം.)

൬. സ്ത്രീതാപാങ്കുരിതാരം = വർദ്ധിച്ചിരിക്കുന്ന വലുതായ അഹങ്കാരം. താരുണ്യം = യൌവനം. വീതാശങ്കം = ശങ്ക കൂടാതെ.

൭. മലിനാംബരം = മലിനമായിരിക്കുന്ന അംബരത്തോടു കൂടിയതു്. മലിനം = അഴുക്കുള്ളതു്— കറുത്ത നിറമുള്ളതെന്നും. അംബരം = വസ്ത്രം— ആ

കാരണമെന്നും. സൂര്യാലോകനം = സൂരികളുടെ = (വിദ്വാന്മാരുടെ) ആലോകനം = ദർശനം— സൂക്ഷ്മദൃഷ്ടി എന്നർത്ഥം.

൧൦. നിജഗുണവിസ്ഫുരണം = തന്റെ ഗുണങ്ങളെ വെളിപ്പെടുത്തുക— തന്റെ സ്വഭാവത്തെ നിവൎത്തിക്ക എന്നും അതു = നിജഗുണവിസ്ഫുരണം. ഉന്നതമാംപദം ശ്രേഷ്ഠമായ സ്ഥാനം, ഉയൎന്നസ്ഥലം എന്നും.

൧൨. ഉൗഴിയകം = ഭൂമിയിലുള്ളതു് 'ക്ഷോണീതലസ്ഥിതജലത്തെ, എന്നു പാഠാന്തരം. മേഴ്സകം = ദുഃഖിതം.

൧൫. ഹരിതവൎണ്ണം = പച്ചനിറം. കല്യാണശില്പരചിതത്വം = കല്യാണ (ശ്രേഷ്ഠ) മായിരിക്കുന്ന ശില്പത്തിന്റെ (സൃഷ്ടിയുടെ) രചിതത്വം—നിൎമ്മാണം.

൧൯. യാമിനി = രാത്രി.

൨൦. സന്മാൎഗ്ഗത്തിൽ = ശരിയായ ഗുണത്തിൽ.

൨൧. അതിസഹസ്രകവാസരം = ആയിരത്തിലധികം വാസരം. താരം = നക്ഷത്രം. വിഹായസി = ആകാശത്തിൽ.

൨൩. പ്രപഞ്ചവാസനാശ = പ്രപഞ്ചത്തിൽ ഇരിക്കുന്നതിനുള്ള ആഗ്രഹം.

൨൪. ഉദരംഭരി = വയറ്റിനു കൂറു്, തൽപ്രണയം = അതിലുള്ള (പ്രജയിൽ) ഉള്ള വാത്സല്യം.

൨൮. ശൃംഗാരയോനികഥ = കാമദേവന്റെ കഥ.

൨൫. സ്ത്രീപുംസസംഗതി = സ്ത്രീപുരുഷസമ്മേളനം. അപത്യം = പ്രജ. ഗൎഭധാരണത്തിനു യോഗ്യമായ കാലത്തിൽമാത്രമാണു പക്ഷിമൃഗാദികളിൽ പ്രായേണ സ്ത്രീപുരുഷസമ്മേളനം ഉണ്ടാകാറുള്ളതു്.

൩൧. ജനനത്തിനു തക്കവണ്ണം നാശവും ഉണ്ടായിരുന്നില്ലെങ്കിൽ ജന്തുക്കൾ ക്രമത്തിലധികം വൎദ്ധിക്കുന്നതിനും അവയ്ക്കു നിവസിപ്പാൻ ഒരു ഭൂഗോളം മതിയാകാതെ വരുന്നതിനും ഇടയാകുമായിരുന്നു.

൩൩. അല്പമാത്രമായും കലൎന്ന = മനസ്സിരുത്തലോടു കൂടി. സ്വയം ഏവ = സ്വസ്ഥമായിട്ടു തന്നെ.

൩൫. കിമൎത്ഥം = എന്തിനായിക്കൊണ്ടു്, വിഫലത = സാഫല്യമില്ലായ്മ.

൩൩ മുതൽ ൪൦ വരെയുള്ള ശ്ലോകങ്ങൾ ഒരു "നാസ്തിക"ന്റെ ചോദ്യങ്ങൾക്കു കൊടുത്ത മറുപടിയിൽ ഉൾപ്പെട്ടവയാകുന്നു.

൪൦. പടുധിഷണാഗ്രങ്ങൾ = സാമൎത്ഥ്യമുള്ള ബുദ്ധിയുടെ മുനകൾ.

൪൧. നരവിഗ്രഹാന്തരം = മനുഷ്യദേഹത്തിന്റെ അന്തൎഭാഗം= ഭൂമിഗോളത്തിന്റെ പരിമാണം എന്തു— അതിന്റെ നില എങ്ങനെ ഇത്യാദിയെക്കുറിച്ചുള്ള അറിവു് ഒരു മനുഷ്യന്റെ ദേഹത്തിനുള്ളിൽ വസിക്കുന്ന അണുപ്രാണിക്കു് എങ്ങനെ അല്പമായിരിക്കുന്നുവോ അപ്രകാരം ഈശ്വരനെക്കുറിച്ചുള്ള പൂൎണ്ണമായ അറിവു് മനുഷ്യനും അല്പമായിരിക്കയേ ഉള്ളൂ. എന്നു താൽപൎയ്യം.

൪൫. നിശ്രേയസം = മോക്ഷം.

൪൬. ഹരിവൎണ്ണം = പച്ചനിറം. മാനം = അളവു്. ദിവ്യപ്രഭു = ഈശ്വരൻ.

൪൮. ആലസ്യം = മടി.

മഹത്തമൻമാർകൾ = ഏറ്റവും മഹാൻമാർ.

ഉദാഹൃതാഘം = സ്നേഹിതൻമാരുടെ സമൂഹം. അല്പ = രാത്രി. രാത്രിയിൽ തങ്ങളുടെ സ്നേഹിതൻമാർ സുഖമായി ഉറങ്ങിക്കൊണ്ടിരിക്കുമ്പോഴും നിദ്രാസുഖത്തെ ഉപേക്ഷിച്ചു ശുശ്രൂഷിയോടു കൂടി വായിക്കയും എഴുതുകയും മററും ചെയ്യാണ്ടാരോതാൻ മഹാൻമാർ എന്ന സ്ഥാനത്തെ ലഭിച്ചിട്ടുള്ളു എന്നഭിപ്രായം.

കൃതകവൃഷ്ടി = കൃത്രിമവർഷം. അകാലത്തിൽ മഴ പെയ്യിക്കുന്ന സൂത്രവും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ജലദസ്തോമം = മേഘങ്ങൾമാരുടെ സമൂഹം.

ദുർനിവാരം = തടുക്കാൻ പാടില്ലാത്തത്.

മാതാവു നീചനായിരുന്നാലും സേവ്യനാകുന്നു എന്നർത്ഥം.

യുദ്ധത്തിൽ തോറോടിയവർക്കു ഒളിച്ചിരിക്കാൻ പുസ്തകങ്ങൾ ഉതകുന്നതല്ലോ.

തണ്ടാർ = താമര. സംഗ്രാമം = യുദ്ധം.

കാളം = മുകിൽ — മേഘം.

താജൻ = ആചാര്യൻ.

പരൻ = അന്യൻ — ശത്രു എന്നും. ഹൃദയം = മനസ്സ് — നെഞ്ചെന്നും. ശിരഃകമ്പം = തലകുലുക്കൽ. ധനുഷ്ഖശരം = വില്ലാളിയുടെ ബാണം.

പുരോഭാഗിത = പുരോഭാഗി എന്നുള്ള ഭാവം. പുരോഭാഗി = ദോഷങ്ങളെ മാത്രം കാണുന്നവൻ. ശോച്യ = ശോചിക്കത്തക്കത്.

സർവദാ = എല്ലായ്പോഴും. നവസൗന്ദര്യദാ = നവമായ സൌന്ദര്യത്തെ ദാനംചെയ്യുന്നത് — സർവ്വാനവസൗന്ദര്യദാ = എല്ലാ മാനവ(മനുഷ്യ)ൻമാർക്കും സൌന്ദര്യത്തെ ദാനംചെയ്യുന്നതെന്നും. കാവ്യവിദ്യാ = കവിതാ. കാവ്യൻറ(ശുക്രൻറ) വിദ്യ = സഞ്ജീവനിവിദ്യ എന്നും. ശുക്രൻറ സഞ്ജീവനിവിദ്യ മൃതൻമാരെ ജീവിപ്പിക്കുന്നതാണല്ലോ; അപ്രകാരം കവിതയും മൃതപ്രായൻമാർ (മതിഭ്രമിതൻമാർ) ആയിരിക്കുന്നവർക്കും ഉൻമേഷത്തെ കൊടുക്കുന്നതാകുന്നു എന്നർത്ഥം.

പ്രതിഭാജലം = പ്രതിഭയാകുന്ന ജലം. പ്രതിഭാ = നല്ലബുദ്ധിയുള്ള തോന്നൽ. കവിമാനസം = കവികളുടെ മാനസമാകുന്ന മാനസസരസ്സ്.

ചന്ദ്രാശ്മം = ചന്ദ്രകാന്തക്കല്ല്.

സൈകതം = പൊറ്റ്. അമരസിന്ധു = ഗംഗാനദി.

മാലതീ = പിച്ചകപ്പൂവ്.

വരകലഭം = ശ്രേഷ്ഠമായ ആനക്കുട്ടി. കിരി = പന്നി.

ഭാഷാസ്വരൂപസുവർണ്ണം = ഭാഷയ്ക്കു ചേർച്ചയുള്ള നല്ലഅക്ഷരം — നല്ല ഭാഷയിൽ ഉള്ള (നല്ല ആകൃതിയിൽ ഉള്ള) സുവർണ്ണം = സ്വർണ്ണം എന്നും. ദോഷാദർശനപരൻ = കാവ്യദോഷങ്ങളെ അന്വേഷിക്കുന്നതി

ൽ താൽപര്യമുള്ളവൻ- ദോഷാ (അവ്യയം) = രാത്രിയിൽ- രാത്രിയിലുള്ള അന്വേഷണത്തിൽ താൽപര്യമുള്ളവൻ എന്നം.

൯൭. സമേതൻ = ഭാര്യയോടു കൂടിയവൻ. അപത്യം = കുട്ടി. ഗതാമയൻ= രോഗം തീൎന്നവൻ.

൯൮. ജീവനം = ജലം.

൯൯. ജിതം = ജയിക്കപ്പെട്ടതു്. അനുപദം = കൂടക്കൂടെ.

൧൦൦. നികരം = സമൂഹം.

൧൦൧. വസനാദി = വസ്ത്രംമുതലായതു്.

൧൦൨. ഭീ = ഭയം, ആൎത്തി = ദുഃഖം. ധീ = ബുദ്ധി.

൧൦൩. അത്യംഗനസൌന്ദൎയ്യം = അംഗനസൌന്ദൎയ്യത്തെകവിഞ്ഞു്. അതിദൃഷ്ടി = നല്ല വണ്ണമുള്ള നോട്ടം. അത്യംഗം = എണ്ണത്തെയ്യ്പ്പ. സതിമാർ = ഉത്തമസ്ത്രീകൾ. യുക്തിമത്തുകൾ = യുക്തിയോടു കൂടിയവ.

൧൦൪. പ്രസൂതി = പ്രസവം. കോഷ്ഠം = അന്തൎഭാഗം (ഉദരമെന്നു്) യഥാവിധി = വിധിപോലെ.

൧൦൫. പ്രസന്നത=സന്തോഷം. ശമം = അടക്കം.

൧൦൬. ഭവൻ = ഭഗവാൻ, വിബുധതതി = ദേവസമൂഹം. മന്ദാചലം= മന്ദരമായിത്തീൎന്ന പൎവ്വതം---മന്ദരപൎവ്വതം. അനിമിഷങ്ങൾ = മത്സ്യങ്ങൾ. ഗ്രാഹങ്ങൾ = മുതലകൾ, പ്രചാരം = സഞ്ചാരം. ഭാഗ്യം = യോഗം, വണിക്കു് = കച്ചവടക്കാരൻ. ഉദധി = സമുദ്രം.

൧൦൭. മഹിമാനം (ദ്വിതീയ) = മഹിമാവിനെ—മാഹാത്മ്യത്തെ.

൧൦൮. സവിസ്മയം = സന്തോഷേന.

൧൦൯. ആരാൽ = ദൂരത്തിലുള്ള.

൧൧൦. പ്രണയം = സ്നേഹം. തല്പം = കട്ടിൽ. സമ്പദാകുലത = സന്തോഷചാപല്യം.

൧൧൧. ശാണോപലം = തേച്ചു മിനുക്കുന്ന കല്ലു്.

൧൧൨. ഇതു്, സീതയെ രാവണൻ മോഷ്ടിച്ചു കൊണ്ടുപോയതിന്റെ ശേഷം ശ്രീരാമലക്ഷ്മണന്മാർ വനത്തിൽ തിരഞ്ഞു നടക്കുമ്പോൾ സീതയുടെ കാൽച്ചിലമ്പു് അവിടെ ഒരിടത്തു കിടന്നു കണ്ടുകിട്ടിയ സന്ദൎഭത്തിൽ ശ്രീരാമൻ ലക്ഷ്മണനോടു പറയുന്ന വാക്കാകുന്നു. ഭൂഷാ = ആഭരണം.

൧൧൩. ഇതു ലക്ഷണങ്ങളുടെ മാതൃകയാകുന്നു- ഇതിൽനിന്നു ഗ്രന്ഥകാരൻ്റെയോടു അഭിപ്രായമെന്തു് ഇന്ന പ്രകാരമാണെന്നു മനോഹരമാകുംവണ്ണം തെളിയുന്നതു്.

൧൧൪. ആഗന്തുകമിത്രം = ആഗന്തുകന്മാർ (അതിഥികൾ) മിത്രമായുള്ളവൻ.

൧൧൫. രജനീശൻ =ചന്ദ്രൻ. സ്ത്രീകൾക്കു കോപമുണ്ടാകുമ്പോൾ മുഖത്തിനെനിറം മാറും എന്നു പ്രസിദ്ധമാണല്ലൊ. അതുപോലെ ഉഷസ്സായപ്പോൾ ചന്ദ്രന്റെ നിറം മാറി എന്നു സാരം. ചന്ദ്രനു സ്വയം പ്രകാശം ഇല്ല. സൂൎയ്യ

ന്റെ രശ്മി ചന്ദ്രനിൽ പ്രതിഫലിക്കുന്നതുകൊണ്ടാണ് ചന്ദ്രൻ പ്രകാശിക്കുന്നത്. ചിലപ്പോൾ സൂര്യന്റെയും ചന്ദ്രന്റെയും നേരെ മദ്ധ്യത്തിൽ ഭൂഗോളം വരും. അപ്പോൾ സൂര്യരശ്മി ചന്ദ്രനിൽ പ്രതിഫലിക്കാതിരിക്കുകയും ഭൂമിയുടെ ഛായ ചന്ദ്രനെ മറയ്ക്കും. ഇതാണ് ചന്ദ്രഗ്രഹണം എന്നു പറയപ്പെടുന്നത്.

൧൨൪. ചിലപ്പോൾ സൂര്യന്റെയും ഭൂമിയുടെയും മദ്ധ്യത്തിൽ ചന്ദ്രൻ വന്നിട്ട സൂര്യനെ മറയ്ക്കും. ഇതാണ് സൂര്യഗ്രഹണം.

൧൨൫. അല്ലാതെയില്ലൊരുമെ = അല്ലാതെ യാതൊരു ഫലവുമില്ല എന്നർത്ഥം.

൧൨൬. സതി = പതിവ്രതാ.

൧൨൭. അപരാത്രി = അന്ത്യയാമം.

൧൨൮. ദരിദ്രത (ദ്വിതീയാ) = ദാരിദ്ര്യത്തെ.

൧൨൯ ദക്ഷിണാംശ = തെക്കേകിഴക്ക് — ദക്ഷിണ കിരണങ്ങളോടുകൂടിയവൻ എന്നും. കരം = രശ്മി—കരമെന്നും.

൧൩൦. പ്രവാസി = പരദേശവാസി.

൧൩൧. ഉൽക്കണ്ഠാ = കൗതുകം.

൧൩൨. കിംശുകം = മുരിക്കിൻപൂവ്.

൧൩൩. ഛായം = സൗന്ദര്യം.

൧൩൪. പ്രതികൂലം = വിപരീതം— കൂല (തീര) ത്തിലേക്കു എന്നും. ദ്രോണി = തോണി (വള്ളം.) ലോകപ്രതാരണം = ജനവഞ്ചന— ജനങ്ങളെ കടത്തുക എന്നും. ദാരണം = ഭേദങ്ങളുണ്ടാക്കുന്നത്— ദാവ (തടി) കൊണ്ടെന്നും. അപ്പോൾ ശ്രുതിയാവിശേഷിയാകുന്നു.

൧൩൫. മിത്രാന്തികം = സൂര്യസമീപം— സ്നേഹിതസമീപമെന്നും. ദോഷാകരൻ = ദോഷങ്ങൾക്കിരിപ്പിടമായുള്ളവൻ— ചന്ദ്രനെന്നും. മലിനാശയൻ = ദുഷ്ടമാനസൻ— കറുത്തിരിക്കുന്ന ഉൾഭാഗം കൂടിയവനെന്നും.

൧൩൬. വിശിഖശബ്ദത്തിന്റെയും വ്യാലശബ്ദത്തിന്റെയും ഒടുവിലത്തെ അക്ഷരങ്ങൾ ചേർക്കുമ്പോൾ ഖലൻ വിശിഖാവലി (ശരാളി) യുടെയും വ്യാല (സർപ്പ) ത്തിന്റെയും പ്രവൃത്തിയായ പരപ്രാണഹരണം ചെയ്യുന്നതു ഖലനെന്നഭിപ്രായം. ഖലൻ = ദുഷ്ടൻ.

൧൩൭. നവവസ്ത്രങ്ങൾ = ഗർഭപാതകങ്ങൾ. പുതിയതായ അംബരങ്ങൾ മാത്രം എന്നർത്ഥം.

൧൩൮. പാത്രം = യോഗ്യനായ പുരുഷനെ— ഭാജനത്തെ എന്നും. അപാത്രമതാക്കം = അയോഗ്യനാക്കം— ഓട്ടയുള്ളതാക്കം എന്നും. സ്നേഹഗുണങ്ങൾ = സ്നേഹവും ഗുണവും. സ്നേഹം = പ്രേമം— എണ്ണ എന്നും. ഗുണം = ശ്രേഷ്ഠമായ ഗുണം— തിരിയെന്നും. മലം = പാപം— അഴുക്കെന്നും.

൧൩൯. ബുദ്ധ്യാ = ബുദ്ധിപ്രകാരം, അന്യധനം = അന്യദ്രവ്യം. ശുദ്ധധാന്യധനം = ശുദ്ധങ്ങളായിരിക്കുന്ന ധാന്യങ്ങളുടെ വർധനമെന്നും. മുസലം = ഉലക്ക.

൧൪൫. മട്ടാർകുഴൽ = സ്ത്രീകളുടെ തലമുടി.

൧൪൬. അല്ലിടൽ = രാത്രിയിൽ. അർക്കമണികൾ = അർക്കനും മണിയും.

൧൪൭. കാസരം = പോത്ത്.

൧൪൮. ശീലക്ഷേപം = ശീലത്തെസ്സംബന്ധിച്ചുള്ള നിന്ദ.

൧൪൯. തുഷ്ടം = ഇഷ്ടം. കൈവൎത്തൻ = മുക്കുവൻ.

൧൫൦. മരിജീവർ = മുത്തണിക്കാർ— സസ്ത്രീജനങ്ങളെന്നും.

൧൫൧. ധാമം = തേജസ്സ്.

൧൫൨. ഗന്ധം = പഴുപ്പ്— ഗോത്രമെന്നും. തുല്യഗ്രാമജന്മാർ = തുല്യന്മാരെന്നു സാരം.

൧൫൩. ഈശ്ലോകത്തിനും ഒന്നാം പ്രകരണത്തിലെ ൯൦൦ാംശ്ലോകത്തിനും അൎത്ഥം ഒന്നു തന്നെ. ശബ്ദഭംഗിയിലുള്ള താല്പൎയ്യം നിമിത്തം ഒരേ അൎത്ഥത്തിൽ ഒന്നിലധികം ശ്ലോകം ചിലപ്പോൾ എഴുതുന്നതു കവിസമ്പ്രദായമാകുന്നു. മന്ദാക്ഷം = ലജ്ജ.

൧൫൪. ആരാൽ = സമീപത്തിങ്കൽ.

൧൫൫. ബോധലവഗൎവ്വം = അല്പജ്ഞാനംകൊണ്ടുണ്ടാകുന്ന ഗൎവ്വം.

൧൫൬. ദഹിക്ക = ഭസ്മമാകുക.

൧൬൦. മുളകളിൽനിന്നുണ്ടാകുന്നതായ കാട്ടുതീ ആ മുളകളെത്തന്നെ ഭസ്മമാക്കുന്നതുപോലെ ദുഷ്ടനായ പുത്രൻ തന്റെ പിതാവിനു മനോവ്യസനത്തെ ഉണ്ടാക്കുന്നു എന്നു സാരം.

൧൬൨. തമസ്സ് = ഇരുട്ട്— അജ്ഞാനമെന്നും. സ്വൎല്ലോകം = സ്വൎഗ്ഗം— സ്വൎഗ്ഗസ്ത്രീകളുടെ വചനം എന്നും. ദുർവ്വചോമലം = മലംപോലെയുള്ള ദുർവ്വചനം. ഉത്തിഷ്ടം = പുറപ്പെട്ടവിഷം. പക്ഷപാതം = ചിറകുകളുടെ പതനം— സ്നേഹം എന്നും. അവലംബം വിട്ട മാൎഗ്ഗം = ആകാശമാൎഗ്ഗം— അസാധുവായ മാൎഗ്ഗമെന്നും. അധഃ = അധോഭൂവം— വാക്കിന്റെ ക്രൂരതയെന്നും.

൧൬൩. സാമ്യത്തോടും = സഭ്യലോകരിൽ സമഭാവനയോടുകൂടി എന്നൎത്ഥം.

൧൬൪. ഈ ശ്ലോകം ചോദ്യോത്തരരൂപമാകുന്നു. അദ്രി = സിംഹാദിയാകും മൃഗകുലം.

൧൬൫. ജനന്നിരാസം = ജനങ്ങളുടെ വിരോധം— ജനനിയുടെ ദ്വേഷമെന്നും. ബഹുലാലാപൻ = ബഹുലം (ബഹു) ആയിരിക്കുന്ന ആലാപത്തോടു കൂടിയവൻ— ഭേദത്തിലധികം പറയുന്നവൻ— ബഹുവായിരിക്കുന്ന ലാലയെ (വായ്നീരിനെ) പാനംചെയ്യുന്നവൻ എന്നും.

൧൭൦. മൈത്രി = പക്ഷങ്ങളുടെ അന്യോന്യമൈത്രി— (പക്ഷങ്ങളുടെ ചേൎച്ച)— മൈത്രി എന്നും.

൧൭൨. പ്രതിഭാ = മനോധൎമ്മം. ശ്ലോകം = കീൎത്തി. നിർവിദ്യർ = വിദ്യയില്ലാത്തവർ.

൧൭൪. കമർത്ത്യർ = നിസ്സ്വന്മാരായ മനുഷ്യർ.

൧൭൫. പ്രമദാജനം = സ്ത്രീജനം.

൧൭൬. ഈഷൽ = അല്പം. നടപ്പോന്റെ കാൽമാററം = നടക്കുന്നവർ ചിലപ്പോൾ കാലിടറിപ്പോകുന്നതു സഹജമാണല്ലോ. അതു് ആക്ഷേപയോഗ്യമല്ല എന്നു സാരം.

൧൭൭. ഇതു് = നിജമോക്ഷപ്രബോധം.

൧൮൦. ഗുണം = ജ്ഞാനാദി— കയറെന്നും. ജ്ഞാനാദിഗുണമുള്ളവർ പ്രായേണ ധനം കുറഞ്ഞിരിക്കുന്നതു പതിവാണല്ലോ.

൧൮൧. ഗോനസന്മാർ = പെരുമ്പാമ്പന്മാർ— ഭുജഗന്മാർ.

൧൮൨. ധീവരന്മാർ = മുക്കുവർ— വിദ്വാന്മാരെന്നും. ജഡധരം = ജലപ്രവാഹം— മൂഢന്മാരുടെ സമൂഹം എന്നും.

൧൮൪. ധനവാന്മാരിൽ പലരും സാധുജനങ്ങളെ കണ്ടാലും കാണാത്ത ഭാവത്തെയും, അവരുടെ വാക്കുകളെ കേട്ടാലും കേൾക്കാത്ത ഭാവത്തെയും നടിക്കുന്നതും, അവരോടു സംസാരിക്കാതിരിക്കുന്നതും പതിവാണല്ലോ. പാലാഴി മഥിച്ചപ്പോൾ അതിൽനിന്നു വിഷവും ലക്ഷ്മിയും ഉണ്ടായതായി പൌരാണികന്മാർ പറഞ്ഞിരിക്കുന്നതിനാൽ ലക്ഷ്മിയെ വിഷസോദരി എന്നു നിർദ്ദേശിച്ചിരിക്കുന്നു.

൧൮൫. ശ്വശ്രു = ഭർത്താവിന്റെ അമ്മ. വധു = പുത്രന്റെ ഭാര്യ. ബ്രഹ്മാവു വിഷ്ണുവിന്റെ പുത്രനാകകൊണ്ടു് ലക്ഷ്മീദേവിയും സരസ്വതീദേവിയും പരസ്പരം ശ്വശ്രുവും വധുവുമാകുന്നു.

൧൮൬. വിദ്യയണയുന്നു = വിദ്യയെ അഭ്യസിക്കുന്നു.

൧൮൭. ഇതു് ചോദ്യോത്തരരൂപമാകുന്നു.

൧൯൧. ധർമ്മാശയില്ലാത്തവന്റെ ബലവും ധനവും പാണ്ഡിത്യവും നിഷ്ഫലം ആകുന്നു.

൧൯൨. പൃഥു = വലുതായ.

൧൯൫. മതിൻമഹിമ = ബുദ്ധിയുടെ മഹിമ. ആതങ്കക്കൂട്ടം = ആപത്തിനെ എല്ലാം.

൧൯൬. പഥ്യം സർവ്വദാ പ്രധാനമായിട്ടുള്ളതാകുന്നു എന്നുസാരം.

൧൯൮. "താലത്രേ.........ക്ഷണം." കാകൻ വന്നു; ഉടൻ തന്നെ പനമ്പഴം വീണു; കാകൻ അതിനെ ഭക്ഷിക്കയുംചെയ്തു. ഇതുപോലെ ഒരു പുഴു ഒരു വൃക്ഷത്തിൻമേലോ മറേറാ കരണ്ടു; അതു് അക്ഷരത്തിന്റെ ആകൃതിയിലായി. ഈ രണ്ടു സംഭവങ്ങളും യാദൃച്ഛികങ്ങളാകുന്നു. ഇപ്രകാരം പഥ്യത്തെ ആചരിക്കാത്ത മനുഷ്യൻ ദീർഘായുസ്സായിരിക്കുന്നതും ദുഷ്ടൻ ഐശ്വര്യവാനായിരിക്കുന്നതും യാദൃച്ഛികസംഭവങ്ങളെ ആകുന്നുള്ളു. അപഥ്യവാന്റെ അല്പായുസ്സും ദുഷ്ടന്റെ അധഃപതനവും അവന്നു് സംഭാവ്യമായിട്ടുള്ളതു് എന്നഭിപ്രായം. താലം = പനമ്പഴം. ഘുണം = പുഴു.

൧൪൩. താപം = ദുഃഖം — ചൂടെന്നും. സ്വവംശജാതം = നല്ലവംശത്തിൽ ജനിച്ചത് — നല്ല മുളകൊണ്ടുണ്ടാക്കപ്പെട്ടതെന്നും.

൧൪൪. അദ്രിസരിത്തു = മലയിൽനിന്നു പുറപ്പെടുന്ന നദി. സിന്ധുക്കൾ = നദികൾ. സമുദ്രം ഭർത്താവായിട്ടും നദികൾ ഭാര്യമാരായിട്ടും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നദികൾ പരസ്പരം സപത്നിമാരാകുന്നു. സപത്നിമാർ=ഒരേ ഭർത്താവുള്ള സ്ത്രീകൾ.

൧൫൧. നാരികേളം = തെങ്ങ്.

൧൫൨. അന്യകാര്യഘാതനം = അന്യന്റെ കാര്യത്തെ നശിപ്പിക്കുക. വ്യർത്ഥം = നിഷ്ഫലമായിട്ട്. പരാർത്ഥനാശകൻ = അന്യകാര്യത്തെ നശിപ്പിക്കുന്നവൻ.

൧൫൫. വിതതി = സമൂഹം. ശാഖാമൃഗങ്ങൾ = വാനരന്മാർ. ഉർവീരുഹ് = വൃക്ഷം. ഭൂതി = ഐശ്വര്യം.

൧൫൯. ആതങ്കാപഹം = ദുഃഖത്തെ നശിപ്പിക്കുന്നതു.

൧൬൦. ചാതുരീസാരഭൂതികഗുണം = നല്ലതായ സാമർത്ഥ്യംകൊണ്ടു വർദ്ധിച്ചിരിക്കുന്ന ഗുണങ്ങളോടുകൂടിയ കൂട്ടം.

൧൬൨. ക്ഷീണാർത്ഥൻ = ധനം ക്ഷയിച്ചവൻ. അഘം = ദുഃഖം. ആപ്തവാണി = ഉത്തമന്മാരുടെ വാക്ക്.

൧൬൫. അളീകം = നേരി.

൧൬൬. ധൂളി = മൺപൊടി — ചൂർണ്ണം. ദിഗംബരൻ = നഗ്നൻ — ദിക്കുകളാകുന്ന വസ്ത്രത്തോടു കൂടിയവനെന്നും.

൧൭൦. ദ്രവ്യവ്യസനം = ദ്രവ്യത്തിന്റെ അവസാനം. ദ്രവ്യം = ധനം — ഏതെങ്കിലുമെന്നും. സദ്വംശസഞ്ജാ = നല്ലവംശമാകുന്ന മുള, വല്ലഭൻ = പ്രിയൻ.

൧൭൧. ജനതാ = ജനസമൂഹം. പൂർവ്വജന്മ് = പൂർവ്വജന്മം.

൧൭൩. പെട്ടില്ലം = വലിയില്ലതായ. ചെയ്തി = കർമ്മം. ജനി=ജന്മം.

൧൭൪. കായ്ക്കുംകാലം = ജനിക്കുന്നതായ സമയം. ഔചിത്യം = ഉചിതത്വം — വൈദ്യശാസ്ത്രത്താൽ വിധിക്കപ്പെട്ട ശരിയായ കാലത്തിലുള്ള ഔഷധം എന്നസാരം. തായ്ക്കും = തള്ളയ്ക്കും.

൧൭൬. ശാല്യാദി = ശാലിമുതലായത്. ശാലി = ഒരുവക നെല്ല്. (ഉമി മാറ്റിപ്പോയാൽ ഉള്ളിൽ വെളുപ്പുനിറം കാണുന്ന നെല്ലിനു ശാലി എന്നു പേരാകുന്നു.)

൧൭൮. പഴുത്തു = മോക്ഷം.

൧൭൯. മർത്ത്യാളി = മനുഷ്യസമൂഹം. പേറിടുന്ന = ധരിക്കുന്ന.

൧൮൦. സ്വമാഹാത്മ്യജന്മാർ = തന്റെ മാഹാത്മ്യത്താൽ ജനിച്ച മനുഷ്യാദികൾ. അനാദ്യന്തപദം = ആദ്യന്തമില്ലാത്ത സ്ഥാനമായിട്ടുള്ള ദുഃഖം. അനാദ്യ

യതാപം=ആശ്രയമില്ലായ്ക—മരിച്ചുകഴിഞ്ഞാൽ പിന്നെ യാതൊരാശ്രയവു മില്ലായ്ക എന്നർത്ഥം.

൧൪൮. ഉത്തുംഗരസാഹിത്യം = വലുതായ തൃപ്തി.

൧൪൯. സരസവിരസൻ = മുൻപിൽ സരസത്വവും പിന്നെ ക്രമേണ വിരസത്വവും ഉള്ളവൻ. വിരസസരസാദിശബ്ദങ്ങൾക്കും ഈ രീതിയിൽ അർത്ഥം ഗ്രഹിക്കണം.

൧൫൦. പൂർത്യാ വിശീർണ്ണരൂപൻ = മലകൃത്യങ്ങൾ നല്ലവണ്ണം പോയിട്ട്. അമലം = നിർമ്മലം— ദോഷവാതാദിരഹിതം എന്നർത്ഥം. ദോഷം = വാതാദി. സ്വാസ്ഥ്യം = സ്വാസ്ഥാനത്തെ ആശ്രയിച്ചതു്. പവനൻ = സമാനവായു. ആനുകൂല്യ = ആനുകൂല്യമായി ഗമിക്ക. ഉഷ്ണത്തി = ജാഠരാഗ്നി. വിശദകരണം = വിശദങ്ങളായിരിക്കുന്ന കരണങ്ങളോടു കൂടിയതു് വിശദങ്ങൾ = സ്വവിഷയഗ്രഹണസമർത്ഥങ്ങൾ. കരണങ്ങൾ = ഇന്ദ്രിയങ്ങൾ. വിധിനിയമിതം = വിധിയാൽ നിയമിതം. വിധി = ശാസ്ത്രവിധി. നിയമിതം = നിയമിക്കപ്പെട്ടതു്. ഇഷ്ടം = വിഹിതം.

൧൫൧. ആലുപ്തവീര്യൻ = ശക്തികളറ്റവൻ.

൧൫൨. നമ്മുടെ പശ്ചിമദിക്കിൽനിന്നാണു നമുക്കു മഴപെയ്യുന്ന മാരുതവുമനവധിക സൂര്യാസ്തമയം ഉണ്ടാകുന്നതു്.

൧൫൩. ശ്രമം = സമൂഹം. ഭൂമിക്കു ചുറ്റും ൧൪൦ നാഴികയോളം വിസ്താരത്തിൽ വായുവുണ്ടെന്നു ശാസ്ത്രജ്ഞന്മാർ തീർച്ചപ്പെടുത്തിയിട്ടുണ്ടു്; എന്നാൽ ൧൪൦ നാഴിക വിസ്താരം വരെയുള്ള വായുവിന്നു അവർ പ്രാധാന്യം കല്പിക്കുന്നു.

൧൫൪. മഹത്തരം = ഏറ്റവും വലുതു്.

൧൫൫. തിഗ്മം = വേഗത്തിൽ. നണ്ണുക = വിചാരിക്കുക.

൧൫൬. ഉത്ഥാനസ്ഥാനം = ഉൽഭവസ്ഥാനം. പ്രാലേയം = മഞ്ഞു്.

൧൫൭. അഹഹ (അവ്യയം) = കഷ്ടം.

൧൫൮. ഒരു മാറ്റമായതു = ആയതു ഒരു മാറ്റം (അവസ്ഥാന്തരപ്രാപ്തി) ആകുന്നു. നശ്ചീടുന്നൊരീ ജീവിതം = നശ്വരമായ ഒരു ജീവിതം. ദിവ്യ സൌഖ്യവസതി = മോക്ഷസ്ഥാനം. ആസന്നം = അടുത്തിരിക്കുന്ന പ്രദേശം. അതിൽ = മോക്ഷസ്ഥാനത്തിൽ. മാറ്റം = മാറ്റത്തെ—വരുത്തിന്നു— എന്നർത്ഥം.

൧൫൯. ആയുഷ്ടർമം = ആയുസ്സാകുന്ന വൃക്ഷം. അന്തകദണ്ഡധാരിത = അന്തകൻ എന്നും ദണ്ഡധാരി എന്നും ഉള്ള അവസ്ഥ. അന്തകൻ = അന്തത്തെ വരുത്തുന്നവൻ. ദണ്ഡധാരി = ദണ്ഡത്തെ (ശിക്ഷയെ) ധരിക്കുന്നവൻ.

൧൬൦. താരേശൻ = ചന്ദ്രൻ. അധഃകരിക്ക = താഴ്ത്തുക.

൧൬൧. നിരന്ധ്രം = തിങ്ങിയിരിക്കുന്നതു്.

൮൪. സമുദ്രം പാനംചെയ്തതു് അഗസ്ത്യൻ. എതിരായി സ്വൎഗ്ഗമുണ്ടാക്കിയതു വിശ്വാമിത്രൻ. ഒരു വടിയാൽ ശസ്ത്രാദികളെ നശിപ്പിച്ചതു് വസിഷ്ഠൻ.

൮൫. വംശോന്നതിഘ്നതി = വംശത്തിന്റെ വലിപ്പംകൊണ്ടുള്ള പ്രശംസ. നീക്കാവതല്ലാത്ത ദശ = മരണാവസ്ഥ.

൮൮. ഐശ്വൎയ്യം = സ്നേഹം.

൯൦. കഞ്ജസന്തതി = താമരക്കൂട്ടം.

൯൧. വാചാലൻ = വളരെപ്പറയുന്നവൻ.

൯൨. അശ്മകോണ് = കല്ലിന്റെ അറ്റം.

൯൪. മുക്താ = മുത്തുമണി.

൯൫. ഈ ശ്ലോകം കൈകേകയുടെയും അനന്തരത്തിന്റെയും സംഭാഷണമാകുന്നു. യദി = എങ്കിൽ.

൯൬. നിബദ്ധതരാ = അധികം ഉറപ്പിക്കപ്പെട്ടതു്. മുഷ്ടി = പിടി— ചുരുട്ടിപ്പിടിച്ച കരം എന്നും. കോശം = ഉറ— ധനഗൃഹം എന്നും. കൃപാണപാണൻമാർ = ഖഡ്ഗയുദ്ധത്തിൽ മുമ്പൻമാർ. ആകാരം = ആകൃതി— ആ എന്ന അക്ഷരമെന്നും.

൯൭. ഇള = ഭൂമി.

൯൮. സംസ്കാരം = ശുദ്ധി. സരഘം = സമൂഹം.

൯൯. യൎമ്മദ്ധ്യഗതം = യാഗശാലകളുടെ (സൂക്തികളുടെ) മദ്ധ്യഗതം. നീചകാചം = നീചനാകുന്ന കണ്ണാടിക്കല്ലു്.

൧൦൦. സുമനസ്സുകൾ = വിദ്വാൻമാർ— പുഷ്പങ്ങളെന്നും.

൧൦൧. ഹയാദി = കുതിരമുതലായ ജന്തുക്കൾ.

൧൦൨. കരടപടലി = കാകസമൂഹം. ജളജനത = മൂഢജനസംഘം.

൧൦൩. അവിരളം = സമൃദ്ധം. ഏവൻചിത്തം = ഏവന്റെ മനസ്സ്.

൧൦൪. ശമികൾ = മുനിമാർ.

൧൦൫. ശബ്ദാനുശാസനം = ശബ്ദശാസ്ത്രം.

൧൦൬. ആയസയന്ത്രം = ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ട യന്ത്രം. ദുർഭേദം = പിളക്കാൻ കഴിയാത്തതു്.

൧൦൭. മഹാസത്വചരാ = വലുതായ ധൈൎയ്യത്തോടുകൂടിയവൻ എന്ന അൎത്ഥം, വലിപ്പമുള്ള പ്രാണികളോടുകൂടിയതു് എന്ന അൎത്ഥമെന്നും. സാധു = സൽപുരുഷൻ. സരിദീശൻ = സമുദ്രം. ഗോത്രസ്ഥിതി = കുലമൎയ്യാദ— പൎവ്വതങ്ങളുടെ നില എന്നും.

൧൦൮. സുമനസ്സുകൾ = വിദ്വാൻമാർ— പുഷ്പങ്ങൾ എന്നും. പാരമാൎത്ഥികന്മാരുടെ വിരോധിയിലും അനുകൂലനിലും ഭേദമില്ലാത്തതു്— ഇടത്തേതിലും വലത്തേതിലും ഭേദമില്ലാത്തതെന്നും.

൧൦൯. നയനായനം നേത്രമാൎഗ്ഗം.

൩൬൯. കരണം = ചെയ്യാം. പരോപകരണം = പരോപകാരം ചെയ്യുന്നത്. പാരമ്യം = ശ്രേഷ്ഠത്വം.

൩൭൦. ഗുണം = ക്ഷമാദി—നാരെന്നും. വംശം = കുലം—മുളയെന്നും. നമിക്ക = താഴ്മയോടു കൂടിയിരിക്ക—വളയുക എന്നും.

൩൭൧. രന്ധ്രം = ദോഷം—പഴുതെന്നും. ഗുണം = ക്ഷമാദി—നൂലെന്നും. മറയ്ക്കം = രന്ധ്രത്തെ മറയ്ക്കം എന്നതും.

൩൭൨. മാനം = അഹങ്കാരം. ഇതരകഥ = അന്യന്റെ കഥയെ. അഭീഷ്ടത്തെ നൽകി മൌനം പൂണ്ടിടും = മറ്റുള്ളവരുടെ അഭീഷ്ടം സാധിപ്പിച്ചുകൊടുത്താൽ ആ സംഗതിയെ പിന്നെ ആരോടും പ്രസ്താവിക്കയില്ല. ഉപകാരത്തെ = അന്യൻ തനിക്കു ചെയ്ത ഉപകാരത്തെ.

൩൭൩. ദാരങ്ങളെ = ഭാര്യയെ. ലോഷ്ടം = മൺകട്ട. ഭൂതങ്ങൾ = പ്രാണികൾ,

൩൭൪. ലോകങ്ങൾ = ജനങ്ങൾ—ഭുവനങ്ങളെന്നും. തമസ്സ് = അജ്ഞാനം—ഇരുട്ടെന്നും. മാഹാത്മ്യം = സാമർത്ഥ്യം. ഗോസഞ്ചയം = വാക്സമൂഹം—രശ്മിസമൂഹമെന്നും. സർവ്വജ്ഞനേത്രത്വം സർവ്വജ്ഞന്മാരുടെ (പണ്ഡിതന്മാരുടെ) നേതൃത്വംഎന്നുള്ള അവസ്ഥ. അവരുടെ വലുതായ പ്രേമത്തിന് ഇരിപ്പിടമായിരിക്ക എന്നതും. സർവ്വജ്ഞന്റെ (ശിവന്റെ) നേത്രമായ എന്ന അവസ്ഥ എന്നും. തമസ്സംക്രമം = അജ്ഞാനസംബന്ധം—രാഹുവിന്റെ ആക്രമണം എന്നും. സൽപഥേ = സന്മാർഗ്ഗത്തിൽ—ആകാശത്തിലെന്നും. സൽപഥേ നില്പവർ = സദാചാരസഹിതന്മാർ—സൂര്യചന്ദ്രന്മാരെന്നും.

൩൭൫. അണിമണിഭൂഷണം = അണിയുന്ന രത്നഭൂഷണം.

൩൭൬. മലർ = പൂവ്. അലർ = പൂവ്.

൩൭൭. "വേണാട്ടീശന്റെ.........കാട്ടി" തിരുവിതാംകൂറിൽ കൊല്ലവർഷം ൯൦൪ മുതൽ ൯൩൩ വരെ രാജ്യഭാരം ചെയ്തിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് തനിക്കു രാജ്യഭാരം കിട്ടുന്നതിനുമുമ്പിൽ ശത്രുക്കളെ ഭയപ്പെട്ടു വേഷപ്രച്ഛന്നനായി കുറേക്കാലം നടന്നിരുന്നു. ആയിടയ്ക്ക് ഒരിക്കൽ അവിടുന്ന് ഒരു ക്ഷേത്രത്തിൽ ഒളിച്ചിരിക്കുന്ന വിവരം അറിഞ്ഞ് എട്ടുവീട്ടിൽപിള്ളമാരുടേയും മാടമ്പിമാരുടേയും ആളുകൾ ചെന്ന് ആ ക്ഷേത്രത്തെ വളഞ്ഞു. അപ്പോൾ അവിടത്തെ ശാന്തിക്കാരൻ പോററി, താൻ രാജവേഷം ധരിക്കയും, രാജാവിനെ തന്റെ വേഷം ധരിപ്പിക്കയും ചെയ്തിട്ട് അവിടത്തെ കയ്യിൽ നൈവേദ്യച്ചോറുള്ള ഉരുളികൊടുത്ത് മന്ത്രോച്ചാരണാദിയും നടിച്ചു പുറത്തു കടന്നുകൊള്ളുന്നതിനും, ആ സമയം രാജാവ് അകത്തു മറഞ്ഞിരിക്കുന്നതായി അവരോടു പറയുന്നതിനും പറഞ്ഞയച്ചു. ഈ കൌശലത്താൽ മഹാരാജാവു രക്ഷപ്പെടുകയും, ഉണ്ണിയായ പോററി അവരുടെ കയ്യിൽ പെട്ടു മ

തീർക്കയും ചെയ്തു! ശോകകഥയെയാണ് ഈ ശ്ലോകത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു്.

ഉപസംഹാരം.

ലോകം = ജനം. തിഷ്ഠതു് = ചിന്തയായതു്. തിഷ്ഠതിലംഘവിട്ട = ദുഷ്ടവൃത്തിയിലുള്ള അനുഗ്രഹത്തെ വിട്ടു്. ഹരിം = ഹരിയെ (വിഷ്ണുവിനെ) ആസേവിച്ചു് = നല്ലവണ്ണം സേവിച്ചു്. വിമതസംഘം = വിമതസംഘം. ഏകം = കൂടുന്ന. ശാസന = നിയോഗം, ആരോപ്യകൊണ്ടു് = അനുസരിച്ചുകൊണ്ടു്. വിധി = ശാസ്ത്രവിധിയെ. കലേശവാരസരസവ്യാഹാരസാരങ്ങൾ = കലേശവാരത്തിന്റെ സരസവ്യാഹാരങ്ങളുടെ സാരങ്ങൾ. കലേശവാരം = കലേശന്മാരുടെ (ശാസ്ത്രജ്ഞന്മാരുടെ) വാരം = സമൂഹം. സരസവ്യാഹാരങ്ങൾ = സരസങ്ങളായിരിക്കുന്ന വ്യാഹാരങ്ങൾ = വാക്കുകൾ. ഈ ശ്ലോകത്തിൽ പ്രകൃതാർത്ഥത്തിനു പുറമേ ഈ പുസ്തകം ഉണ്ടാക്കിത്തീർന്ന തിയ്യതി, മാസം, ആണ്ടു്, നക്ഷത്രം, ആഴ്ച ഇവയെല്ലാം കടപയാദിപ്രകാരം സൂചിപ്പിച്ചിരിക്കുന്നു. ലോകംതിഷ്ഠതി = ൧൩-ാം തിയ്യതി. ഹരിമാസേ = ചിങ്ങമാസത്തിൽ. ശാസനയാണ്ടു = ൧൦൭൫-ാമാണ്ടു വിധൗ = രോഹിണീനക്ഷത്രത്തിൽ. കലേശവാരം = തിങ്കളാഴ്ച.

ശുഭം.

കേരള സാഹിത്യ അക്കാദമി